# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 ജൂൺ 2, ബുധൻ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

17/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

I **അടിയന്തരപ്രമേയം**

കോവിഡ് രോഗവ്യാപനം

—ഡോ. എം. കെ. മുനീർ

(അവതരണാനുമതി നിഷേധിച്ചു) .. 1

II **ശ്രദ്ധ ക്ഷണിക്കൽ**

(1) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം

—ശ്രീ. സി. എച്ച്. കുഞ്ഞമ്പു .. 19

(2) തീരദേശ പരിപാലന പദ്ധതികൾ

—ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) .. 22

III **സബ്മിഷൻ**

(1) റെഗുലേറ്റർ-കം-ബ്രിഡ്ജ്

—ശ്രീ. സി. സി. മുകുന്ദൻ .. 25

(2) ശമ്പള പരിഷ്കരണം

—ശ്രീ. എം. രാജഗോപാലൻ .. 27

(3) റോഡുകളുടെ പുനർനിർമ്മാണം

—ശ്രീ. കെ. ഡി. പ്രസേനൻ .. 28

(4) സീ പോർട്ട്-എയർപോർട്ട് റോഡ്

—ശ്രീ. അൻവർ സാദത്ത് .. 29

(5) മലയോര ഹൈവേ

—ശ്രീ. ഒ. ആർ. കേളു .. 30

(6) ഈരാറ്റുപേട്ട - വാഗമൺ റോഡ് പുനർനിർമ്മാണം

—ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ .. 31

(7) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് വികസനം

—ശ്രീ. ടി. ജെ. വിനോദ് .. 32

(8) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാച്ചെലവ്

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 34

*പേജ്*

**IV ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

കോവിഡ് വാക്സിൻ .. 35

**V ക്രമപ്രശ്നം**

ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

—പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 44

**VI ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)** .. 46

**അനുബന്ധം I & II** .. 120

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 2, ബുധൻ*

| വാല്യം 184] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 6 |
|---|---|---|

നിയമസഭ 2021 ജൂൺ മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ........ ഓർഡർ.......

## I അടിയന്തരപ്രമേയം

### കോവിഡ് രോഗവ്യാപനം

മി. സ്പീക്കർ: കോവിഡിന്റെ രണ്ടാം തരംഗത്തിൽ അനിയന്ത്രിതമായ രീതിയിലുണ്ടായ രോഗവ്യാപനവും മരണസംഖ്യ ഉയരുന്ന സാഹചര്യവും വാക്സിൻ ലഭ്യതയുടെ അപര്യാപ്തതയുംമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന കടുത്ത ആശങ്കയും പ്രതിസന്ധിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഇന്ത്യയിൽ കേരളത്തിലാണ് 2020 ജനുവരി മാസം 30-ാം തീയതി കോവിഡ്-19 പകർച്ചവ്യാധിയുടെ ആദ്യ കേസ് റിപ്പോർട്ട് ചെയ്തത്. ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ കോവിഡ്-19 ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിക്കുന്നതിന് വളരെമുമ്പുതന്നെ കേരളത്തിൽ അതിനെ ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. അന്നുമുതൽ ഇന്നുവരെ കേരളത്തിൽ 2526579 കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കോവിഡിന്റെ ഒന്നാം തരംഗത്തിലും രണ്ടാം

തരംഗത്തിലും ഇന്ത്യയിലെ കേസ് ഫറ്റാലിറ്റി റേറ്റ് 1.18 ശതമാനമായിരിക്കുമ്പോൾ കേരളത്തിൽ അത് 0.35 ശതമാനമാണ്. കോവിഡ് പ്രതിരോധത്തിനുവേണ്ടി കേരളം ഒറ്റക്കെട്ടായി പ്രവർത്തിച്ചു. സംസ്ഥാന സർക്കാരിന്റെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വകുപ്പുകളുടെ ഏകോപനത്തിലൂടെയും ആരോഗ്യ വകുപ്പിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ശക്തമായ ഇടപെടലിലൂടെയും സഹകരണത്തിലൂടെയും മികച്ച രീതിയിൽ, ലോകത്തിനുതന്നെ മാതൃകയായ പ്രതിരോധ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടത്തിയിട്ടുള്ളതെന്നത് നമുക്കെല്ലാം അഭിമാനിക്കാവുന്ന കാര്യമാണ്. ശ്രേണീകൃത വ്യവസ്ഥിതിയിൽ അഞ്ച് ഘട്ടങ്ങളിലായാണ് പിന്നീടുണ്ടായ സാമൂഹിക വ്യാപനത്തെ നാം നേരിട്ടത്. ക്വാറന്റൈനുൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ കേരളം വിജയിച്ചുവെന്നത് ഈ ഘട്ടത്തിൽ എടുത്തുപറയേണ്ടതാണ്. വീടുകളിലെ ക്വാറന്റൈൻ, ഡൊമിസിലിയറി കെയർ സെന്ററുകൾ, ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, സർക്കാർ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവ കൂടാതെ രണ്ടാം തരംഗത്തിന്റെ ഘട്ടത്തിൽ സ്വകാര്യ ആശുപത്രികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ സുരക്ഷാ പദ്ധതികളുടെ കീഴിൽവരുന്ന എല്ലാ വിഭാഗം ആളുകൾക്കും സൗജന്യ ചികിത്സ ലഭിക്കത്തക്കരീതിയിലുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയത്. സർക്കാർ ആദ്യംമുതൽ തുടർന്ന സ്ട്രാറ്റജി 'delaying the peak' എന്നുള്ളതായിരുന്നു. വളരെ പെട്ടെന്ന് പീക്കിലേയ്ക്ക് പോകാതെ സാവധാനത്തിൽ അതിനെ പിടിച്ചുനിർത്തിക്കൊണ്ട് മെഡിക്കൽ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള സംയോജിത പ്രവർത്തനങ്ങളാണ് കേരളത്തിൽ നടത്തിയത്. അതിന്റെ ഫലമായാണ് ആഗോളതലത്തിലും ദേശീയതലത്തിലും മരണനിരക്ക് ഇത്രയുമധികം കുറച്ചു നിർത്താൻ സാധിച്ചത്. ദേശീയതലത്തിൽ 22 പോസിറ്റീവ് കേസുകളിൽ ഒരു കേസ് മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നതെന്നത് നാം കാണേണ്ട ഒരു വസ്തുതയാണ്. കർണ്ണാടകയുൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിലെ ജനങ്ങളിൽ ആന്റിബോഡി ടെസ്റ്റ് നടത്തി മൂന്ന് കോടി കോവിഡ് പോസിറ്റീവ് കേസുകൾ കണ്ടുപിടിച്ചപ്പോൾ അല്ലെങ്കിൽ അത്രയും രോഗികളുണ്ടായപ്പോൾ വെറും പത്ത് ലക്ഷം പേരുടെ കണക്ക് മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളത്തിൽ മൂന്ന് പോസിറ്റീവ് കേസുകളിൽ ഒരെണ്ണം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. അത്തരത്തിൽ കോവിഡ് ചികിത്സയുമായും പ്രതിരോധ പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട് മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കേരളത്തിന് സാധിച്ചുവെന്നുള്ളത് വസ്തുതയാണ്. നിയമസഭാംഗങ്ങളുൾപ്പെടെ എല്ലാവരും അവരവരുടെ മണ്ഡലങ്ങളിൽ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഒറ്റക്കെട്ടായിനിന്നുവെന്നുള്ളത് നാം ഈ അവസരത്തിൽ കാണേണ്ടതാണ്.

ഇവിടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളിൽ ഏറ്റവും പ്രധാനം മരണനിരക്കുമായി ബന്ധപ്പെട്ടതാണ്. ദേശീയതലത്തിൽ കേസ് ഫറ്റാലിറ്റി റേറ്റ് 1.18 ശതമാനമായിരിക്കെ കേരളത്തിൽ അത് 0.35 ശതമാനം മാത്രമാണെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞു. 2020 ജനുവരി മുതൽ ഇന്നലെവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ 9009 മരണങ്ങളാണ് കേരളത്തിലുണ്ടായിരിക്കുന്നതെന്ന് കാണാൻ കഴിയും. കോവിഡ് പ്രതിരോധത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം വാക്സിനേഷനാണെന്നത് നമ്മൾ അംഗീകരിച്ച കാര്യമാണ്. 45 വയസ്സിന് മുകളിലുള്ളവർക്കുമാത്രം വാക്സിൻ നൽകുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. എന്നാൽ അതിന് ബദലായി സാർവ്വത്രികമായും സൗജന്യമായും എല്ലാവർക്കും വാക്സിൻ നൽകണമെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് വാക്സിൻ വാങ്ങി 18 മുതൽ 44 വയസ്സുവരെയുള്ളവർക്ക് നൽകുന്നതിനുള്ള ശ്രമം ആരംഭിച്ചു. അതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 32 വിഭാഗങ്ങളെയും തുടർന്ന് 11 വിഭാഗങ്ങളെയും മുൻഗണനാപ്പട്ടികയിലുൾപ്പെടുത്തി വാക്സിൻ നൽകുന്നതിന് ശ്രമിച്ചു. അതിൽ നമ്മൾ നേരിട്ട പ്രധാന പ്രശ്നം പ്രവാസികളുമായി ബന്ധപ്പെട്ടായിരുന്നു. കേരളത്തിൽ ധാരാളം പ്രവാസികളുണ്ട്. വിദേശ രാജ്യങ്ങളിൽനിന്ന് അവധിക്കും മറ്റും നാട്ടിലേയ്ക്ക് വരുന്നവർക്ക് വാക്സിനെടുക്കാതെ തിരിച്ചുപോകാൻ കഴിയാത്ത സാഹചര്യവും തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിയുമുണ്ടായി. അത്തരമൊരു സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ട് 45 വയസ്സിനുമുകളിലുള്ള എല്ലാവർക്കും വാക്സിൻ നൽകുന്നതിനൊപ്പംതന്നെ 18 മുതൽ 44 വയസ്സുവരെയുള്ള മുൻഗണനാ വിഭാഗങ്ങൾക്കൊപ്പം പ്രവാസികളെക്കൂടി ഉൾപ്പെടുത്തി വാക്സിൻ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തത്. അതിൽ ശ്രദ്ധയിൽപ്പെട്ട മറ്റൊരുകാര്യം പല വിദേശ രാജ്യങ്ങളും സംസ്ഥാനം നൽകുന്ന കോവിഷീൽഡ് വാക്സിൻ ആ നാമത്തിൽ അംഗീകരിക്കുന്നില്ലെന്നതാണ്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്തയ ച്ചെങ്കിലും അനുകൂല മറുപടിയുണ്ടാകാത്ത സാഹചര്യത്തിൽ ഇതിനുപകരമായി ഒരു സർട്ടിഫിക്കറ്റ് നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. കോവിഷീൽഡ് എന്നുള്ളത് മറ്റ് രാജ്യങ്ങളിൽ പറയുന്നതുപോലെ, അല്ലെങ്കിൽ അവർ അംഗീകരിച്ചിരിക്കുന്ന AstraZeneca എന്ന മെഡിസിനാണെന്നുള്ളതിന് ഒരു പ്രത്യേക സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചു. കേന്ദ്രസർക്കാരിന്റെ പോർട്ടലിൽ ആധാർ നമ്പർ രേഖപ്പെടുത്തിയാണ് രജിസ്ട്രേഷൻ നടത്തുന്നതെങ്കിൽ കേരളത്തിലെ പ്രവാസികൾ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന അസൗകര്യം ഒഴിവാക്കുന്നതിനുവേണ്ടി പാസ്പോർട്ട് നമ്പർകൂടി രേഖപ്പെടുത്തി ക്കൊണ്ടുള്ള സർട്ടിഫിക്കറ്റ് നൽകാനും സർക്കാർ തീരുമാനിച്ചു. കേന്ദ്ര

സർക്കാരിന്റെ തെറ്റായ വാക്സിൻ നയത്തിനെതിരെ ഇടപെടുന്നതിന് സംസ്ഥാന സർക്കാർ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അതുപോലെ വീടുകളിൽ കഴിയുന്ന കിടപ്പു രോഗികൾക്ക് വാക്സിൻ നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ചു കൊണ്ട് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകളെയും പാലിയേറ്റീവ് കെയർ യൂണിറ്റുകളെയും സഹകരിപ്പിച്ചുകൊണ്ട് വാക്സിൻ നൽകുന്നതിന് തീരുമാനമെടുക്കുകയും കഴിഞ്ഞദിവസം സംസ്ഥാന സർക്കാർ അതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുമുണ്ടായി.

ഇതുവരെ സംസ്ഥാനമാകെ 9114730 കോവിഷീൽഡ് വാക്സിനാണ് നൽകിയിട്ടുള്ളത്. ഇതിൽ സംസ്ഥാന സർക്കാർ വാങ്ങിയത് 746710 ഡോസും കേന്ദ്രസർക്കാർ നൽകിയത് 8368020 ഡോസ് വാക്സിനുമാണ്. 45 വയസ്സിന് മുകളിലുള്ളവർക്ക് കേന്ദ്രസർക്കാരാണ് വാക്സിൻ നൽകുന്നത്. അതേസമയം, സംസ്ഥാനം വാങ്ങിയ കൊവാക്സിൻ 768620 ഡോസും കേന്ദ്രസർക്കാർ നൽകിയത് 137580 ഡോസുമാണ്. ആകെ 906200 ഡോസ് കൊവാക്സിനാണ് നൽകിയത്. അങ്ങനെ സംസ്ഥാനത്തിന് ആകെ ലഭ്യമാക്കിയ വാക്സിന്റെ അളവ് 10020930 ഡോസാണ്. ഇവിടെ ഉന്നയിച്ചിരിക്കുന്ന ഒരു പ്രശ്നം പല ജില്ലകൾക്കും പലതായി വാക്സിൻ നൽകുന്നുവെന്നുള്ളതാണ്. ജനസംഖ്യാനുപാതികമായാണ് എല്ലാ ജില്ലകൾക്കും ആദ്യംതന്നെ വാക്സിൻ നൽകിയത്. അതാത് ജില്ലകളുടെ ഉപഭോഗം അനുസരിച്ചാണ് തുടർ ഡോസുകൾ നൽകിയത്. കേരളത്തിൽ നൽകിയ വാക്സിന്റെയും ഉപയോഗിച്ച വാക്സിന്റെയും അളവ് പരിശോധിച്ചാൽ ജനസംഖ്യാനുപാതികമായാണ് വാക്സിൻ നൽകിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇത്തരത്തിൽ കോവിഡ്-19 പ്രതിരോധവും ചികിത്സയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളത്. ഈ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. പ്രതിപക്ഷം ഉയർത്തുന്ന രീതിയിലുള്ള ആശങ്ക ഈ വിഷയവുമായി ബന്ധപ്പെട്ടില്ല.

ഡോ. എം. കെ. മുനീർ: സർ, കേരള സർക്കാരിന്റെ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളുടെ അകമഴിഞ്ഞ പിന്തുണയുണ്ടാകുമെന്നാണ് ആദ്യമായി എനിക്ക് പറയാനുള്ളത്. പ്രതിപക്ഷം പോരായ്മകൾ ചൂണ്ടിക്കാണിക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമ്പോഴും സംശയങ്ങൾ ദൂരീകരിക്കാൻ ശ്രമിക്കുമ്പോഴും അതിനെയെല്ലാം മറ്റൊരുതരത്തിൽ കാണരുതെന്നും അതെല്ലാം സർക്കാരിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാനാണെന്നുള്ള വിശ്വാസം ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. കോവിഡിന്റെ ഒന്നാം വരവിൽനിന്നും വ്യത്യസ്തമാണ് രണ്ടാം വരവ്. കോവിഡിന്റെ

ഒന്നാം വരവിനെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്ത സമയത്ത് ആരും മാസ്ക് ധരിച്ചിരുന്നില്ല. കാരണം, രോഗമുള്ളവരും രോഗികളെ പരിപാലിക്കുന്നവരും മാത്രം മാസ്ക് ധരിക്കുന്നതാണ് ഉത്തമമെന്നാണ് അന്ന് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചത്. എന്നാൽ കമ്മ്യൂണിറ്റി സ്പ്രെഡ് വന്നപ്പോൾ എല്ലാവരും മാസ്ക് ധരിക്കേണ്ടതായും സോഷ്യൽ ഡിസ്റ്റൻസിന് വിധേയരാകേണ്ടതായും സാനിറ്റൈസേഷനിലേയ്ക്ക് പോകേണ്ടതായും വന്നു. അങ്ങനെയാണ് ബ്രേക്ക് ദി ചെയിനിലേയ്ക്ക് വരുന്നത്. രണ്ടാം തരംഗത്തിൽ വന്നിരിക്കുന്ന വേരിയന്റ് വളരെ അപകടകരമായിട്ടുള്ളതാണ്. യു.കെ. വേരിയന്റ്, സൗത്ത് ആഫ്രിക്കൻ വേരിയന്റ്, ബ്രസീൽ വേരിയന്റ്, ഇന്ത്യൻ വേരിയന്റ് എന്നിങ്ങനെ ഇന്ത്യയിൽ മൂന്നുനാല് തരം വേരിയന്റുകളുണ്ട്. തുടക്കത്തിൽ ഇന്ത്യൻ വേരിയന്റ് ഡബിൾ മ്യൂട്ടേഷനുള്ള 'ബി.1.617' സ്ട്രെയിനായിരുന്നു. അതിലെ ഡബിൾ മ്യൂട്ടേഷൻ സാവധാനം മാറി ഇപ്പോൾ സിംഗിൾ മ്യൂട്ടേഷനായി. അത് വളരെ ഇൻഫെക്ഷ്യസും നേരെ ശ്വാസകോശത്തിൽ പ്രവേശിച്ച് ശ്വാസകോശത്തെ ഫൈബ്രോസ്ഡാക്കുകയും ശ്വാസതടസ്സംമൂലം അവസാനം രോഗി മരിക്കുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്യുന്നു. മാസ്ക് ആവശ്യമുള്ളവർ ധരിച്ചാൽ മതിയെന്ന് ആദ്യം പറഞ്ഞു. രണ്ടാമത് എല്ലാവരും മാസ്ക് ധരിക്കണമെന്ന് പറഞ്ഞു. ഇപ്പോൾ മുഖ്യമന്ത്രിയടക്കം പറഞ്ഞിട്ടുള്ളത് ഒരു മാസ്ക് പോരാ രണ്ടെണ്ണം ധരിക്കണമെന്നാണ്. സന്ദർഭത്തിനനുസരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ധാരാളം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. സൗത്ത് ആഫ്രിക്കൻ വേരിയന്റ് കൂടുതൽ അപകടകാരിയും വാക്സിനെപ്പോലും മറികടക്കാൻ കഴിവുള്ളതുമാണെന്നാണ് പറയുന്നത്. എന്നാൽ അത് കേരളത്തിൽ അധികമായിട്ടില്ല; ഇന്ത്യൻ വേരിയന്റാണ് കൂടുതലുള്ളത്. അതുകൊണ്ട് മരണം സംഭവിക്കുന്നത് ഏത് വേരിയന്റ് കാരണമാണെന്നത് സംബന്ധിച്ച റിസർച്ച് നടക്കുന്നുണ്ടോ എന്ന് അറിയാൻ താത്പര്യമുണ്ട്. കാരണം സൗത്ത് ആഫ്രിക്കയിൽ തേർഡ് വേവ് വന്നുകഴിഞ്ഞു. നമുക്ക് അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാമെങ്കിലും തേർഡ് വേവ് ഏതുസമയവും വരാമെന്നുള്ള മുൻകരുതലോടും ജാഗ്രതയോടുംകൂടി നിൽക്കണം. സെക്കൻഡ് വേവ് ഏത് പ്രായക്കാരെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നതെന്ന് മരണ വിവരങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. 9009 മരണങ്ങളിൽ 1991 എണ്ണവും 41-50 വയസ്സിന് ഇടയിലുള്ള പ്രായക്കാരിലാണ് നടന്നിരിക്കുന്നത്. 60 വയസ്സുള്ളവരെ വിട്ട് അത് ചെറുപ്പക്കാരിലേയ്ക്ക് കടന്നിരിക്കുന്നു. തേർഡ് വേവ് കുട്ടികളെ ബാധിക്കുമെന്നതാണ് ഭയപ്പെടുത്തുന്ന ഏറ്റവും വലിയ പ്രശ്നം. കോവിഡ് ബാധമൂലം കുട്ടികളിലുണ്ടാകാൻ സാധ്യതയുള്ള വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചാണ് ഏറ്റവുമധികം ശ്രദ്ധിക്കേണ്ടത്. അവർക്ക്

ബ്ലീഡിംഗ് ഡിസീസസ്സും കാർഡിയാക് അറസ്റ്റും വരാനുള്ള സാധ്യതയുണ്ട്. അതിനാൽ ഇപ്പോൾത്തന്നെ പീഡിയാട്രിക് ഐ.സി.യു.-വും പീഡിയാട്രിക് വെന്റിലേറ്ററുകളും തയ്യാറാക്കി വയ്ക്കണം. അല്ലെങ്കിൽ രണ്ടാം തരംഗം വന്നപ്പോൾ ഓക്സിജനും വെന്റിലേറ്ററും ലഭിക്കാതെ നമ്മൾ ഓടി നടന്നതുപോലുള്ള സ്ഥിതിയുണ്ടാകും. അതുപോലെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ രോഗികളെ കിടത്താൻ മാത്രമെ സാധിക്കുകയുള്ളൂ. സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ഫീൽഡ് ഹോസ്പിറ്റലുകളും റൂമുകളും ഇല്ലാത്തതിന്റെ പേരിൽ നാം ഒരുപാട് ബുദ്ധിമുട്ടനുഭവിച്ചിട്ടുണ്ട്. പ്രൈവറ്റ് ഹോസ്പിറ്റലുകളിൽപ്പോലും രോഗികളെ കിടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. മാത്രമല്ല, മെഡിക്കൽ കോളേജുകൾ ടെറിഷ്യറി സെന്ററുകളാണ്. കോവിഡ് രോഗികൾ മാത്രമല്ല അവിടെ വരുന്ന കോവിഡ് ഇതര രോഗികളും ഇതുകാരണം വലിയ ബുദ്ധിമുട്ടിലായി. നോൺ കോവിഡ് കേസ്സുകളെ എന്ത് ചെയ്യണമെന്നറിയില്ലെന്നാണ് മഞ്ചേരി ആശുപത്രിയിലെ ഡോക്ടർമാർ പറഞ്ഞത്. ഡോക്ടർമാരുടെ കുറവ് കാരണം നിലവിലുള്ളവരെ ഷിഫ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റിട്ടയർ ചെയ്ത ഡോക്ടർമാരെയും നഴ്സുമാരെയും നിയമിച്ച് ആരോഗ്യ വകുപ്പിനെ എൻഫോഴ്സ് ചെയ്യേണ്ട സമയമാണിതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ ഭരണപക്ഷം പറയുന്ന ഏത് കാര്യവും കർമ്മനിരതമായി, കർമ്മോത്സുകരായി ചെയ്യാൻ ഞങ്ങൾ കൂടെയുണ്ടാകുമെന്ന് അറിയിക്കുന്നു. കാരണം അത്രയും ഭയപ്പാടുണ്ട്. എനിക്കും നിങ്ങൾക്കുമൊക്കെ സംഭവിക്കാവുന്ന കാര്യമാണ്. ഞാൻ കൊവാക്സിന്റെ ഫസ്റ്റ് ഡോസ് എടുത്തു, സെക്കൻഡ് ഡോസ് എവിടെനിന്നും എടുക്കണമെന്നറിയില്ല. ഫസ്റ്റ് ഡോസ് എടുത്ത ഹോസ്പിറ്റലിൽ ചോദിച്ചപ്പോൾ കൊവാക്സിൻ ഇല്ല, വേറെ എവിടെയെങ്കിലും അന്വേഷിക്കണ മെന്നാണ് പറഞ്ഞത്. ഇപ്പോൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്താൽ കൊടുവള്ളിയിലെ ആളുകൾക്ക് വടകരവരെ പോയി വാക്സിൻ സ്വീകരിക്കേണ്ടി വരുന്നു. സത്യത്തിൽ നമ്മൾ വാക്സിൻ അലോട്ട് ചെയ്തത് കേസിനനുസരിച്ചല്ല. ജനസംഖ്യാനുപാതികമായിട്ടല്ല പകരം ഏറ്റവും കൂടുതൽ കേസ്സുകൾ എവിടെയാണെന്ന് നോക്കി വാക്സിൻ നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ട്രിപ്പിൾ ലോക്ക് ചെയ്തിട്ടുള്ള ജില്ലകൾക്ക് പ്രയോറിറ്റി നൽകണം. എന്നാൽ പത്തനംതിട്ട ജില്ലയ്ക്ക് ലഭിക്കുന്ന പ്രയോറിറ്റി എറണാകുളം ജില്ലയ്ക്ക് ലഭിക്കുന്നില്ല, എറണാകുളത്തിന് ലഭിക്കുന്ന പ്രയോറിറ്റി മലപ്പുറം ജില്ലയ്ക്ക് ലഭിക്കുന്നില്ല. ഇക്കാര്യം പരിശോധിക്കണം. നമുക്ക് ലഭിക്കുന്ന വാക്സിൻ ഓരോ ജില്ലയിലെയും രോഗികളുടെ എണ്ണത്തിനനുസരിച്ച് സന്തുലിതമായി വിതരണം ചെയ്യാൻ സാധിക്കണം. കോവിഡ് വാക്സിൻ

ലഭ്യമാക്കണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം ആരോഗ്യ വകുപ്പുമന്ത്രി ഇന്ന് അവതരിപ്പിക്കുന്നുണ്ട്. നൂറ് ശതമാനവും സത്യസന്ധമായ ആ പ്രമേയത്തെ ഐകകണ്ഠ്യേന പിന്തുണയ്ക്കുമെന്ന് പ്രതിപക്ഷനേതാവും ഉപനേതാവുമൊക്കെ പറഞ്ഞ സ്ഥിതിക്ക് ആ സമയത്ത് സംസാരിക്കാൻ സാധിക്കാത്തതുകൊണ്ട് ഇപ്പോൾ ഞാൻ അതിനെ പിന്തുണയ്ക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്യുകൊണ്ടിരിക്കുന്നത്; ഇപ്പോൾ വീണ വായിക്കാൻ ഇവർക്ക് എങ്ങനെയാണ് സാധിക്കുന്നത്; രാജ്യം മുഴുവൻ കത്തിയെരിയുമ്പോൾ പ്രധാനമന്ത്രി വീണ വായിക്കുകയാണ്. നമുക്ക് സൗജന്യമായി വാക്സിൻ ലഭിക്കേണ്ടതാണ്. രണ്ട് പ്രധാനപ്പെട്ട കമ്പനികളെ രക്ഷിക്കുന്നതിനുവേണ്ടിയാണ് കേന്ദ്രഗവൺമെന്റ് ഈയൊരു നിലപാട് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്താണ് ഞാൻ കുറച്ചധികം സമയമെടുക്കുന്നത്.

<u>മി. സ്പീക്കർ</u>: അങ്ങ് നന്നായി വിഷയം അവതരിപ്പിച്ചു. ഇനി പ്രസംഗം ചുരുക്കണം.

<u>ഡോ. എം. കെ. മുനീർ</u>: സർ, പ്രധാനപ്പെട്ടൊരു കാര്യം പറയാനുണ്ട്. പൂനെ സിറം ഇൻസ്റ്റിറ്റ്യൂട്ട്, ഹൈദരബാദ് ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ ഞാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഞാൻ കക്ഷി ചേർന്നിട്ടുമുണ്ട്. എന്തിനുവേണ്ടി? കേരള സർക്കാരിന് സൗജന്യമായി വാക്സിൻ ലഭിക്കുന്നതിനും ട്രഷറി ബഞ്ചിന് സൗകര്യങ്ങൾ കിട്ടുന്നതിനുംവേണ്ടി ഞാനും കക്ഷി ചേർന്നിട്ടുണ്ടെന്ന കാര്യം ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നു. നമുക്ക് വാക്സിൻ സൗജന്യമായി കിട്ടിയേ തീരൂ. എല്ലാവരെയും വാക്സിനേറ്റ് ചെയ്യുക എന്നുള്ളതല്ലാതെ മറ്റൊരു മാർഗ്ഗവും ഇക്കാര്യത്തിലില്ല. കുട്ടികൾക്കും വാക്സിൻ നൽകേണ്ടതുണ്ട്. മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി പ്രവാസികൾക്ക് വാക്സിൻ നൽകുന്നതിൽ വലിയ സന്തോഷമുണ്ട്. കാരണം പ്രവാസികൾക്ക് തിരിച്ചുപോകാൻ സാധിക്കാതെ ജോലി നഷ്ടപ്പെടുകയാണ്. അങ്ങനെയൊരു സാഹചര്യം വരുമ്പോഴുണ്ടാകുന്ന അപകടം വളരെ വലുതാണ്. മാത്രമല്ല ഇപ്പോൾ Mucormycosis എന്ന ഫംഗസുണ്ടാക്കുന്ന ബ്ലാക്ക് ഫംഗസ് രോഗം വന്നിരിക്കുകയാണ്. അതിന്റെ മരുന്നായ Amphotericin B-യ്ക്ക് 15 ലക്ഷം രൂപയാണ് വില. ഇപ്പോൾ കോഴിക്കോട് ജില്ലയിൽ ഒരാൾ മരിച്ചു. ധാരാളം ആളുകൾ മരിക്കുന്നു. അല്ലെങ്കിൽ ചിലപ്പോൾ സർജറി ചെയ്ത് കണ്ണുകൾ നീക്കേണ്ടി വരുന്ന സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് എത്രയും പെട്ടെന്ന് Amphotericin-B മരുന്ന് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ള കാര്യങ്ങളോടൊന്നും ഞാൻ വിയോജിപ്പ്

പ്രകടിപ്പിക്കുന്നില്ല, പക്ഷേ കോവിഡ് മരണ നിരക്ക് കൃത്യമായിരിക്കണം. മരണം റിപ്പോർട്ട് ചെയ്യേണ്ടത് മെഡിക്കൽ പ്രാക്ടീഷണറാണ്. പത്തനംതിട്ടയിലെ കളക്ടർ പറയുന്ന കണക്കല്ല, ഇവിടെ വരുമ്പോൾ ഓഡിറ്റ് കമ്മിറ്റി പറയുന്നത്. ഓഡിറ്റ് കമ്മിറ്റി രോഗിയെ കാണുന്നില്ല. അങ്ങനെയുള്ള ഓഡിറ്റ് കമ്മിറ്റിയാണ് ഇത് പോസിറ്റീവാണ് അല്ലെങ്കിൽ നെഗറ്റീവാണ് എന്നുപറയുന്നത്. അത് ഇവിടെയിരുന്ന് തീരുമാനിക്കേണ്ടതല്ല. മരണ നിരക്ക് കുറച്ച് കാണിക്കുന്നതിനു വേണ്ടി ഇങ്ങനെയൊരു സാഹസമെടുക്കരുത്. കേരളം കോവിഡ് പ്രതിരോധത്തിൽ മുന്നിലാണെന്ന് പറയുന്നതിൽ സന്തോഷമേയുള്ളൂ. പക്ഷേ മരണനിരക്ക് കുറച്ച് കാണിച്ചുകൊണ്ട് കേരളം മുന്നിലാണെന്ന് പറയാൻ ഒരിക്കലും തയ്യാറാകരുത്. കേരള മോഡൽ ഹെൽത്ത് എന്നുപറയുമ്പോൾ തിളയ്ക്കണം ചോര ഞരമ്പുകളിൽ എന്ന് പറയുന്നത് ശരിയാണ്. ഞങ്ങൾക്കും ചോര തിളയ്ക്കണം.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ, ദയവായി അവസാനിപ്പിക്കൂ.

ഡോ. എം. കെ. മുനീർ: സർ, മുഴുവൻ മരണങ്ങളും സത്യസന്ധമായി റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സിസ്റ്റമുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ കൊടുവള്ളി അംഗം ഒരു ഡോക്ടർ കൂടിയാണ്. അദ്ദേഹം സെക്കൻഡ് ഡോസ് വാക്സിൻ എടുത്തില്ലെങ്കിൽ ഇവിടെ അതിനുള്ള സൗകര്യമുണ്ടെന്ന് അറിയിക്കുകയാണ്. ഇതുസംബന്ധിച്ച് ഇന്നലെ സർക്കുലറുണ്ടായിരുന്നു. കേരളത്തിലെ ജനങ്ങൾക്ക് വാക്സിൻ നൽകുന്നതിനുള്ള ക്രമീകരണങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെ, ജില്ലകൾക്ക് വാക്സിൻ നൽകിയതിന്റെ ഡോക്യുമെന്റ് അവയിലബിളാണ്. അത് രഹസ്യ ഡോക്യുമെന്റല്ല. പത്തനംതിട്ട ജില്ലയ്ക്ക് കൊടുക്കുന്ന പരിഗണന മറ്റ് ജില്ലകൾക്ക് കൊടുക്കുന്നില്ലെന്ന് പറയുന്നു. ഞാൻ പത്തനംതിട്ട ജില്ലയിൽ നിന്നുള്ളതായതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞതെന്നാണ് കരുതുന്നത്. പക്ഷേ അതല്ല വാസ്തവം. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ സഭയിൽ പറഞ്ഞതാണ്. കേരളത്തിലെ എല്ലാ ജില്ലകൾക്കും ജനസംഖ്യാനുപാതികമായാണ് വാക്സിൻ ഡോസുകൾ നൽകിയത്. പക്ഷേ അവരുടെ ഉപഭോഗമനുസരിച്ചാണ് പിന്നീടുള്ള ഡോസുകൾ നൽകിയത്. ഇപ്പോൾ രണ്ടാമത്തെ ഡോസ് എത്തി. സമയക്കുറവുമൂലം ഫസ്റ്റ് ഡോസും സെക്കൻഡ് ഡോസും എടുത്തതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഞാൻ ഇവിടെ അവതരിപ്പിക്കുന്നില്ല. ഇത് എല്ലാവർക്കും അവയിലബിളായ ഡാറ്റയാണ് (ഒരു

ഡോക്യുമെന്റ് ഉയർത്തിക്കാട്ടി). ബഹുമാനപ്പെട്ട സ്പീക്കർ സമയം അനുവദിക്കാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. നന്ദകുമാർ ഇന്നലെ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി സംസാരിച്ചത് ഞാൻ കേട്ടിരുന്നു. ഈ ഡോക്യുമെന്റ് വേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. ഇത് ഓരോ ദിവസവും മാറിക്കൊണ്ടിരിക്കുന്നതാണ്. പബ്ലിക് ഡോക്യുമെന്റായതിനാൽ എല്ലാവർക്കും ലഭ്യമാണ്.

രണ്ടാം തരംഗത്തിൽ നമ്മൾ ഓടി നടന്നുവെന്നാണ് ബഹുമാന്യനായ ഡോ. എം. കെ. മുനീർ പറഞ്ഞത്. വാസ്തവത്തിൽ 2020 ജനുവരി 30-ാം തീയതി ആദ്യ കേസ് റിപ്പോർട്ട് ചെയ്തപ്പോൾ മുതൽ നമ്മൾ ചെയ്തതെന്താണ്? ഇവിടെയുള്ള അംഗങ്ങൾ നിയമസഭാംഗങ്ങളോ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളോ പൊതുപ്രവർത്തകരോ ആയിരുന്നവരാണ്. മെഡിക്കൽ കപ്പാസിറ്റി വർദ്ധിപ്പിക്കാനാണ് നമ്മൾ ശ്രമിച്ചത്. ഐ.സി.യു. ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ ബെഡ്ഡുകൾ തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചു. ഈ കഴിഞ്ഞ കാലയളവിൽ അതിന് ശ്രമിച്ചില്ലായിരുന്നെങ്കിൽ എന്തായിരിക്കും കേരളത്തിന്റെ സ്ഥിതിയെന്ന് ആലോചിക്കണം. മാർച്ച് മാസം പകുതിയോടു കൂടിയാണ് ഇന്ത്യയിൽ രണ്ടാം തരംഗമുണ്ടാകുന്നത്. കേരളത്തിലുണ്ടാകുന്നത് ഏപ്രിൽ മാസം പകുതിയോടുകൂടിയാണ്. ഈയൊരു പീക്ക് ഡിലേ ചെയ്യിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചത്. എന്തിനാണ് അങ്ങനെ ചെയ്തത്? കോവിഡ് പോസിറ്റീവാകുന്ന ആളുകളെ നമ്മൾ കാറ്റഗറൈസ് ചെയ്തു. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (സി.എഫ്.എൽ.ടി.സി.), സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ (എസ്.എൽ.ടി.സി.), ഡൊമിസിലിയറി കെയർ സെന്ററുകൾ (ഡി.സി.സി.) എന്നിവ കൂടുതൽ ആരംഭിച്ചു. ആദ്യഘട്ടത്തിൽ കൊറോണ കെയർ സെന്ററുകളായിരുന്നു ഉണ്ടായിരുന്നത്. ജില്ല-താലൂക്ക്-ജനറൽ ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും കപ്പാസിറ്റി വർദ്ധിപ്പിച്ചു. അതൊരു യാഥാർത്ഥ്യമാണ്. അതങ്ങനെയല്ലെന്ന് കാണരുത്. കൂടാതെ സർവ്വീസിലുള്ള ഡോക്ടർമാരെയും നഴ്സുമാരെയും ആരോഗ്യ പ്രവർത്തകരെയും സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ളവരും റിട്ടയർ ചെയ്തവരുമായ പ്രൊഫഷണൽസിനെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി കോവിഡ് ബ്രിഗേഡ് രൂപീകരിച്ചു. എത്രയോ ലക്ഷം ആളുകളാണ് അതിന്റെ ഭാഗമായത്. അവരെല്ലാം ഈ പ്രവർത്തനത്തിൽ പങ്കാളികളാകുന്നുണ്ട്. കഴിഞ്ഞ ഒന്നരവർഷമായി കേരളത്തിലെ ആരോഗ്യ പ്രവർത്തകരുൾപ്പെടെയുള്ളവർ ഇക്കാര്യത്തിൽ തീവ്രമായി പരിശ്രമിക്കുകയാണ്. അതിനെ ഇകഴ്ത്തിക്കാണിക്കാൻ ദയവായി ശ്രമിക്കരുതെന്നാണ് പ്രതിപക്ഷാംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യം .....(ബഹളം)..... പറയാനുള്ളത് കേൾക്കൂ, എനിക്ക് മറുപടി പറയാൻ അവസരം നൽകണ്ടേ .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇവിടെ വളരെ ഗുരുതരമായ ഒരു വിഷയം ഉന്നയിച്ചു. ….. (ബഹളം)……

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ. അങ്ങ് ഉന്നയിച്ച കാര്യത്തിന് മറുപടി പറയുകയാണ്. ….. (ബഹളം)……

ശ്രീമതി വീണാ ജോർജ്ജ്: സർ, മറുപടി കേൾക്കൂ. എനിക്ക് മറുപടി പറയണ്ടേ; ദയവായി കേൾക്കൂ. കേരളത്തിൽ മരണനിരക്ക് അല്ലെങ്കിൽ മരണങ്ങളുടെ എണ്ണം രഹസ്യമായി വയ്ക്കുന്നുവെന്ന ഗുരുതരവും അടിസ്ഥാനരഹിതവും വാസ്തവവിരുദ്ധവുമായ ഒരു കാര്യം ഇവിടെ ഉന്നയിച്ചു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോവിഡുമായി ബന്ധപ്പെട്ട വിഷയം വിവാദമാക്കാൻ ഞങ്ങൾ ഒരു കാരണവശാലും ആഗ്രഹിക്കുന്നില്ല. ഗവൺമെന്റ് ചെയ്യുന്ന എല്ലാ നടപടികൾക്കും ഞങ്ങൾ പൂർണ്ണ പിന്തുണ നൽകും. വിമർശിക്കുകയല്ല, ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുമാണ് പ്രതിപക്ഷം ചെയ്യുന്നത്. അത്തരമൊരു ധർമ്മം ഞങ്ങൾക്കുണ്ട്. സർക്കാരിനെ ഇകഴ്ത്തിക്കാണിക്കുകയാണെന്ന് അതിനെ ഒരുകാരണവശാലും വ്യാഖ്യാനിക്കേണ്ടതില്ല. അത്തരമൊരു പ്രകോപനം ഭരണപക്ഷത്തുനിന്ന് ഉണ്ടാകാൻ പാടില്ലായിരുന്നു. ഈ വിഷയം അവതരിപ്പിച്ച് സംസാരിച്ച ഡോ. എം. കെ. മുനീർ ഇതൊരു ആരോഗ്യ പ്രശ്നമാണെന്ന് വളരെ വ്യക്തമായി പറഞ്ഞു. അതുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. അതൊരിക്കലും സർക്കാരിനെ ഇകഴ്ത്തിക്കാണിക്കാനോ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ മോശമാക്കി കാണിക്കാനോ അല്ല. ആരോഗ്യപ്രവർത്തകരെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കരുതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അങ്ങനെ എന്തെങ്കിലുമൊരു വാചകം ഡോ. എം. കെ. മുനീറിന്റെ പ്രസംഗത്തിലുണ്ടായിരുന്നോ? അങ്ങ് ദയവ് ചെയ്ത് ആ വാക്ക് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇവിടെ ആരോഗ്യപ്രവർത്തകരെല്ലാം നെട്ടോട്ടമോടിയെന്ന് അദ്ദേഹം പറഞ്ഞത് വാസ്തവ വിരുദ്ധമാണ്. …..(ബഹളം)….. ഞാൻ മറുപടി പറയട്ടെ. നിങ്ങൾക്ക് പറയാൻ അവസരമുണ്ടല്ലോ. ഞാൻ പറയട്ടെ. ……(ബഹളം)……

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കൂ, പരസ്പരം സംസാരിക്കേണ്ടതില്ല.

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരളത്തിലെ കോവിഡ് മരണങ്ങളുമായി ബന്ധപ്പെട്ട് വാസ്തവവിരുദ്ധവും അടിസ്ഥാനരഹിതവും വളരെ ഗുരുതരവുമായ കാര്യമാണ് ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നും അവിടെയോ ഇവിടെയോ ഇരുന്നുകൊണ്ട് ഇത് കോവിഡാണ് അല്ലെങ്കിൽ നോൺ കോവിഡാണെന്ന് അശാസ്ത്രീയമായി പറയുകയാണെന്നുമാണ് അദ്ദേഹം ഉന്നയിച്ചത്. കേരളം ഈ കാലയളവിൽ വിദ്യാഭ്യാസ-പൊതുജനാരോഗ്യ മേഖലകളിലുണ്ടാക്കിയ മുന്നേറ്റത്തിലൂടെ ആർജ്ജിച്ച പൊതുബോധത്തെ ഇല്ലാതാക്കുന്നൊരു സ്റ്റേറ്റ്മെന്റാണത്. അതാണ് പിൻവലിക്കേണ്ടത്. ......(ബഹളം)......

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കോവിഡ് ഡെത്ത് റിപ്പോർട്ട് ചെയ്യേണ്ടത് എങ്ങനെയാണെന്നത് സംബന്ധിച്ച ലോകാരോഗ്യ സംഘടനയുടെ രേഖയാണ് എന്റെ കയ്യിലുള്ളത്. (ഒരു പേപ്പർ ഉയർത്തിക്കാട്ടി). കോവിഡ് ഡെത്ത് റിപ്പോർട്ട് ചെയ്യാൻ നമ്മൾ ഫോളോ ചെയ്യുന്നത് ലോകാരോഗ്യ സംഘടനയുടെ ഈ രേഖയാണ്. ....(ബഹളം).... ഇവർ എന്നെ സംസാരിക്കാൻ അനുവദിക്കുന്നില്ല. ഈ പറയുന്ന സത്യം ലോകം കേൾക്കുമെന്നുള്ളതുകൊണ്ടാണ്. .......(ബഹളം)... ഞാൻ പറയട്ടെ.

മി. സ്പീക്കർ: മറുപടി പറഞ്ഞവസാനിപ്പിക്കൂ. ബഹുമാനപ്പെട്ട അംഗങ്ങളിരിക്കൂ. മന്ത്രി മറുപടി പറയുകയാണ്, മറുപടി അവസാനിക്കട്ടെ. ....... (ബഹളം).......

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇതെന്താണ്; ഇതാണോ നിങ്ങൾ കോവിഡിന് നൽകുന്ന പിന്തുണ; കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നൽകുന്ന പിന്തുണയാണോ ഈ ഫ്ലോറിൽ കാണുന്നത്; അൽപ്പം മുൻപ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ പിന്തുണ ഇതാണോ? .....(ബഹളം)... എനിക്ക് പറയാനുള്ള അവസരംപോലും ഇവർ നിഷേധിക്കുകയാണ്. ജോലിക്ക് പോകുന്ന ഒരാൾ ആക്സിഡന്റിൽ മരിക്കുന്നു. അയാളുടെ ബോഡി ആശുപത്രിയിലെത്തിക്കുമ്പോൾ ഇപ്പോഴത്തെ സാഹചര്യത്തിൽ കോവിഡ് ടെസ്റ്റ് നടത്തും. പോസിറ്റീവ് ആയാൽ മരണകാരണം എന്തായിരിക്കും? അത് കോവിഡ് മരണമല്ല, ആക്സിഡന്റാണ്. ഇത് പറയുന്നത് സഖാവ് പിണറായി വിജയൻ സർക്കാരല്ല. കോവിഡ് ഡെത്ത് റിപ്പോർട്ട് ചെയ്യുന്നതിന് ലോകാരോഗ്യ സംഘടന പറഞ്ഞിട്ടുള്ള കാര്യമാണ്. ഇത്തരത്തിൽ പല കാരണങ്ങളുണ്ട്. കുറച്ചുനാൾ മുമ്പ് ഒരാൾ തലയിൽ ചക്ക വീണ് മരിച്ചു. ടെസ്റ്റ് ചെയ്തപ്പോൾ അയാൾ കോവിഡ്

പോസിറ്റീവ് ആയിരുന്നു. അപ്പോൾ അയാളുടെ മരണകാരണം എന്താണ്? അത് കോവിഡ് കാരണമല്ല, മറിച്ച് അദ്ദേഹത്തിന്റെ തലയിൽ ചക്ക വീണുവെന്നതാണ്. ഒരു ഹോസ്പിറ്റലിൽ കോവിഡ് മരണമുണ്ടായാൽ പ്രൊസീഡ്യുവർ അനുസരിച്ച് അവിടെയുള്ള മെഡിക്കൽ ബോർഡ്/ഡോക്ടർ അത് റിപ്പോർട്ട് ചെയ്യണം. അതു സംബന്ധിച്ച് മെഡിക്കൽ ബുള്ളറ്റിൻ പുറപ്പെടുവിച്ച് സംസ്ഥാന തലത്തിലേയ്ക്കയയ്ക്കും. അവിടെയുള്ള ബോർഡ് ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങളനുസരിച്ച് അത് തീരുമാനിക്കും. അല്ലാതെ അവർക്ക് തോന്നുന്നതുപോലെയല്ല ചെയ്യുന്നത്. കേരളത്തിൽ 100 ശതമാനം മരണങ്ങളും ജനനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്, ഇല്ലെന്ന് പറയാൻ സാധിക്കുമോ? എക്സസ് ഡെത്ത് അനാലിസിസ് നടത്തുന്നുണ്ട്. 2019-ലെയും 2020-ലെയും മരണങ്ങൾ താരതമ്യം ചെയ്തപ്പോൾ കേരളത്തിൽ 2020-ലെ മരണങ്ങൾ വളരെ കുറവായിരുന്നു. ഇനിയെങ്കിലും അസത്യം പ്രചരിപ്പിക്കുന്നത് നിങ്ങൾ അവസാനിപ്പിക്കണം. അദ്ദേഹം age group-നെ സംബന്ധിച്ച് പറഞ്ഞ കാര്യത്തെക്കുറിച്ചുകൂടി പറയാനുണ്ട്. അതിലൊരു പ്രശ്നമുണ്ട്: ഏറ്റവുമധികം മരണം ഉണ്ടായിരിക്കുന്നത് 70-80 വയസ് പ്രായമുള്ളവരിലാണ്. ആകെ 9009 പേർ മരിച്ചതിൽ ഈ age group-ലുള്ള 2286 പേരാണ് മരിച്ചത്. അതിന്റെ ഡീറ്റെയിൽസ് ഞാൻ വായിക്കുന്നില്ല. ഇന്ത്യയിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ കേവലം 430 ആണെങ്കിൽ കേരളത്തിൽ അത് 860 ആണ്, ഇരട്ടിയാണ്. അതുപോലെ കേരളത്തിലെ സീനിയർ സിറ്റിസൺസ് 14 ശതമാനമാണ്. എന്നാൽ ഇന്ത്യയിൽ ഇവർ 9 ശതമാനമേയുള്ളൂ. ഇന്ത്യയുടെ പ്രമേഹ തലസ്ഥാനമെന്ന് അറിയപ്പെടുന്നത് കേരളമാണ്. ഡയബറ്റിക്സും അതുപോലെയുള്ള ജീവിതശൈലീ രോഗങ്ങളുമുണ്ട്. ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലാണ് നമ്മൾ കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതെന്നുള്ളത് മനസ്സിലാക്കണം.

മി. സ്പീക്കർ: പ്ലീസ്..... കൺക്ലൂഡ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, മ്യൂക്കർമൈക്കോസിസുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ കാര്യത്തിനു കൂടി മറുപടി പറയാനുണ്ട്. .... (ബഹളം)....

മി. സ്പീക്കർ: പ്രധാനപ്പെട്ടൊരു മറുപടിയാണ്, ദയവായി കേൾക്കൂ.....

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരളത്തിൽ ബ്ലാക്ക് ഫംഗസ് (മ്യൂക്കർമൈക്കോസിസ്) രോഗത്തിനുള്ള മരുന്നിന് ദൗർലഭ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. എന്തുകൊണ്ടാണ് ദൗർലഭ്യമുള്ളത്? കേന്ദ്ര സർക്കാർ കമ്പനികളിൽ നിന്ന് മരുന്ന് നേരിട്ട് വാങ്ങിക്കുകയാണ്. ആർക്ക് മരുന്ന് കൊടുക്കണമെന്ന് കേന്ദ്ര സർക്കാരാണ് തീരുമാനിക്കുന്നത്. കേരളത്തിൽ

ഏകദേശം 60 മ്യൂക്കർമൈക്കോസിസ് കേസ്സുകൾ മാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. പക്ഷേ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അത് മൂവായിരത്തിലധികമാണ്. അതുകൊണ്ടാണ് കേന്ദ്ര സർക്കാർ മറ്റ് സംസ്ഥാനങ്ങൾക്ക് കൂടുതൽ അലോട്ട്മെന്റ് നൽകുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലോകത്തിന്റെ അംഗീകാരം വാങ്ങിയ ഈ സർക്കാർ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ടാണത് ചെയ്തത്. അവരിലൊരാൾപോലും പട്ടിണി കിടക്കരുതെന്നുള്ള ലക്ഷ്യത്തോടെ പ്രവർത്തിച്ചുകൊണ്ടാണത് സാധ്യമാക്കിയത്. അതിനാൽ ഒന്നിച്ച് നിൽക്കണമെന്നുമാത്രം അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇത് വളരെ ഖേദകരമാണ്. ബഹുമാനപ്പെട്ട എം. കെ. മുനീർ ഒരു ഡോക്ടറെന്ന നിലയിൽ.........

<u>മി. സ്പീക്കർ</u>: അത് നേരത്തെ ഉന്നയിച്ചല്ലോ.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ അതൊന്ന് പറയട്ടെ. ബഹുമാനപ്പെട്ട മന്ത്രി എത്രയോ സമയമെടുത്തു... മെമ്പർമാർക്ക് സംസാരിക്കാൻ അവകാശമില്ലേ? ഡോ. എം. കെ. മുനീർ ഒരു ഡോക്ടറെന്ന നിലയിൽ ലോകത്തുള്ള വിവിധ വേരിയന്റുകളെക്കുറിച്ചും അവസാനം ഓക്സിജൻ കിട്ടാതായാലുള്ള ഓടിനടത്തത്തെക്കുറിച്ചും ഹൃദയസ്പൃക്കായി പറഞ്ഞുകൊണ്ട് പ്രൊഫഷണലായി ആ വിഷയത്തെ അവതരിപ്പിക്കുകയാണ് ചെയ്തത്. അദ്ദേഹം പിന്നീട് പറഞ്ഞത് മുഴുവൻ സഹകരണത്തെക്കുറിച്ചാണ്, അല്ലാതെയൊന്നും പറഞ്ഞിട്ടില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കം ഞങ്ങളെല്ലാവരും കൂടിയാലോചിച്ച് വാക്കൗട്ട്പോലും നടത്തേണ്ടതില്ല, സർക്കാരിന് പൂർണ്ണ പിന്തുണകൊടുത്ത് ഒപ്പം നിൽക്കാമെന്ന സ്പിരിറ്റിലാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. പക്ഷേ മന്ത്രി അതിന് വില കല്പിച്ചില്ല. ഞങ്ങളുടെ സഹകരണമൊന്നും വേണ്ടെന്ന നിലപാട് സ്വീകരിക്കുന്നത് ശരിയാണോ? ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത് ബഹുമാനപ്പെട്ട മന്ത്രിയും അതിന് മറുപടി പറഞ്ഞത് ഡോ. എം. കെ. മുനീറുമാണെന്ന് തോന്നും. സഹകരണം വേണ്ട എന്നാണോ? ഇത് വളരെ മോശമായ നിലപാടാണ്. എന്തായാലും കോവിഡിന്റെ ഗൗരവം പരിഗണിച്ച് ഞങ്ങൾ സഹകരിച്ച് തന്നെ പോകും. അത് ജനങ്ങളെക്കരുതിയാണ്, നിങ്ങളെക്കരുതിയല്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് unconditional support ആണ് പ്രതിപക്ഷം നൽകുന്നതെന്ന് ഞാൻ ആദ്യംതന്നെ വ്യക്തമാക്കിയതാണ്. സർക്കാരിന് വീഴ്ച സംഭവിച്ചാലോ എന്ന് മാധ്യമ പ്രവർത്തകർ ചോദിച്ചപ്പോൾ സർക്കാരിനെ വിമർശിക്കുമെന്നല്ല, സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരും, അത് ചൂണ്ടിക്കാണിക്കുമെന്നാണ് പറഞ്ഞത്. കാരണം, ഒരുമിച്ചൊരുകാര്യം ചെയ്യുമ്പോൾ വിമർശിക്കുകയല്ല വേണ്ടത്. കേരളത്തിലെ ജനങ്ങൾ മുഴുവൻ പാനിക് ആണ്. നമുക്ക് പരിചയമുള്ള എത്രയോ ആളുകൾ കഴിഞ്ഞ ദിവസങ്ങളിൽ മരിച്ചു; എത്രയോ പേർ സീരിയസ്സായി ആശുപത്രികളിൽ കിടക്കുന്നു, ചുറ്റും സങ്കടങ്ങളാണ്. ഇവിടെയുള്ള 140 എം.എൽ.എ.-മാരിൽ ഒരു ബെഡ്ഡിനുവേണ്ടി ആശുപത്രിയിൽ വിളിക്കാത്ത ആരെങ്കിലുമുണ്ടോ? ഒരു ബെഡ് കൊടുക്കാൻ നമുക്ക് സാധിക്കുന്നില്ല. എം.എൽ.എ.-മാരും എം.പി.-മാരും മാറിമാറി വിളിച്ചിട്ടും ധാരാളം ആശുപത്രികളുള്ള എറണാകുളം നഗരത്തിൽപ്പോലും ഒരു വെന്റിലേറ്ററോ ഐ.സി.യു. ബെഡ്ഡോ ലഭിക്കാത്ത സ്ഥിതിവന്നു. നിങ്ങളുടെ കുഴപ്പമാണെന്നല്ല പറയുന്നത്; ഇതാണ് സാഹചര്യം. നമുക്ക് രോഗം വന്നാൽ ബന്ധുക്കൾക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും വരുമോ എന്ന പേടിയാണ്, എല്ലാവരും പാനിക് ആകുകയാണ്. ഈ സമയത്ത് നമ്മൾ തമ്മിലടിച്ചാൽ രാഷ്ട്രീയക്കാരോട് ജനങ്ങൾക്ക് പുച്ഛം തോന്നുകയും അരാഷ്ട്രീയവാദം കേരളത്തിൽ വളരുകയും ചെയ്യും. അതുകൊണ്ടാണ് ഒരുമിച്ചുനിന്ന് ഇതിനെ നേരിടാൻ ഞങ്ങൾ തീരുമാനിച്ചത്.

രണ്ട് കാര്യങ്ങളാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഒന്ന്, ബഹുമാനപ്പെട്ട എം.എൽ.എ.-മാർ വിളിച്ചിട്ടും ഓക്സിജൻ ബെഡ്ഡോ ഐ.സി.യു. ബെഡ്ഡോ വെന്റിലേറ്ററോ കിട്ടാത്ത സ്ഥലങ്ങളുണ്ട്. അങ്ങനെ കിട്ടാത്തവർ എന്തുചെയ്യും? ഞാൻ വിളിച്ചിട്ടും ബെഡ്ഡ് കിട്ടാത്തൊരാൾ 48 മണിക്കൂറിനകം മരിച്ചിട്ടുണ്ട്. സൗകര്യങ്ങളില്ലാതെ പോയതുകൊണ്ടാണ് അയാൾ മരിച്ചത്. അങ്ങനെയുള്ള ഒന്നോ അതിലധികമോ കേസ്സുകൾ നിങ്ങൾക്കെല്ലാവർക്കും പറയാൻ സാധിക്കും.

മി. സ്പീക്കർ: ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോവിഡ് 19-നെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ മാസ്ക് ധരിച്ച് സംസാരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് രണ്ട് പ്രാവശ്യം കോവിഡ് വന്നിട്ടുണ്ട്. ബ്രീത്തിംഗ് പ്രോബ്ലമുള്ളതുകൊണ്ടും സംസാരിക്കാനുള്ള പ്രശ്നമുള്ളതുകൊണ്ടുമാണ് ഞാനത് മാറ്റിവച്ചത്. മാസ്ക് വച്ച് സംസാരിക്കാം (മാസ്ക് ധരിച്ചു).

ഇങ്ങനെ എത്രപേർ മരിക്കുന്നുണ്ട്; എന്തുകൊണ്ടാണ്? നമ്മുടെ സൗകര്യങ്ങൾ അപര്യാപ്തമാണ്. കേന്ദ്ര ഗവൺമെന്റ് രണ്ടാം തരംഗത്തെക്കുറിച്ച് കൃത്യമായ മുന്നറിയിപ്പ് നൽകിയില്ലെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ, മാർച്ച് മാസത്തിൽ ദേശീയതലത്തിൽ രണ്ടാം തരംഗമുണ്ടായി. കേരളത്തിൽ ഏപ്രിൽ മാസത്തിലാണ് തുടങ്ങിയത്. നമുക്ക് കുറച്ചുകൂടി സമയമുണ്ടായിരുന്നു. 70 മുതൽ 80 ശതമാനം വരെ ആളുകൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന നാടാണ് കേരളം. മഹാരാഷ്ട്ര ഉൾപ്പെടെ പല സംസ്ഥാനങ്ങളും സ്വകാര്യ ആശുപത്രികളെ ടേക്ക് ഓവർ ചെയ്യുകയോ അല്ലെങ്കിൽ സ്വകാര്യ ആശുപത്രികളുടെ സംവിധാനങ്ങൾ വർദ്ധിപ്പിക്കുകയോ ചെയ്തു. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കണം. മൂന്നാം തരംഗം വരാൻ പോകുകയാണെന്ന് എല്ലാവരും പറയുന്നു. ഡോ. എം. കെ. മുനീറും അക്കാര്യം ഇവിടെ സൂചിപ്പിച്ചു. കുട്ടികളെ അത് ബാധിക്കുമെന്നുള്ളതാണ് ഏറ്റവും ഭയപ്പെടുത്തുന്ന കാര്യം. ഓക്സിജൻ ബെഡ്ഡോ ഐ.സി.യു. ബെഡ്ഡോ വെന്റിലേറ്ററോ ലഭിക്കാതെ ആളുകൾ മരിക്കുന്നതുപോലൊരു സാഹചര്യം ഏതെങ്കിലുമൊരു കുട്ടിക്ക് കേരളത്തിലുണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് മൂന്നാം വരവിനെ നേരിടാനുള്ള എല്ലാ സംവിധാനങ്ങളും സൗകര്യങ്ങളും നമുക്കൊരുമിച്ചുനിന്ന് ചെയ്യാമെന്ന് പറയുന്നത്. കേരളത്തിൽ കോവിഡ് രോഗികളുടെ എണ്ണം കുറവാണെന്നതിൽ ആദ്യം അഭിമാനം കൊണ്ടു, പിന്നീടത് മാറി; ഇന്ത്യയിൽ രണ്ടാം സ്ഥാനത്തും മൂന്നാം സ്ഥാനത്തുമൊക്കെ കേരളം വന്നു. ഒരുപക്ഷേ ഇവിടത്തെ ഡെൻസിറ്റി ഓഫ് പോപ്പുലേഷൻ അതിന് കാരണമായിരിക്കാം. പക്ഷേ, മരണ നിരക്ക് നമ്മൾ പിടിച്ചു നിർത്തിയെന്നാണ് ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞത്. ഡോക്ടർമാരുടെ സംഘടനകളും പ്രധാനപ്പെട്ട ആരോഗ്യ വിദഗ്ദ്ധരുമെല്ലാം മരണ നിരക്കിനെക്കുറിച്ച് ധാരാളം സംശയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മരണനിരക്ക് കൂട്ടി, കേരളത്തിൽ ഒരുപാട് ആളുകൾ മരിക്കുന്നുണ്ടെന്ന് വരുത്തിത്തീർത്ത് സർക്കാരിനെ അപമാനിക്കാനൊന്നും ഞങ്ങൾ ശ്രമിക്കുന്നില്ല. എന്നാൽ ഒന്നുരണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. യഥാർത്ഥത്തിൽ കോവിഡ്-19 കാരണം മരിക്കുന്നവരുടെ എണ്ണം കുറച്ചുകാണിച്ചാൽ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കാതെ പോകില്ലേ? രണ്ടാമത്തെ കാര്യം, ഇത് ഇപ്പോഴും കൺക്ലൂസീവല്ല, തീരുമാനമൊന്നും ഫൈനലല്ല. ഒരു പ്രോട്ടോക്കോൾ അനുസരിച്ച് ചികിത്സിക്കുകയാണ്. അപ്പോൾ മരിക്കുന്നവർ എത്രയെന്ന് കൃത്യമായി നമ്മൾ അറിയണ്ടേ? മരിച്ചവരുടെ target group എത്രയാണ്, പ്രായമുള്ളവർ, ചെറുപ്പക്കാർ, കുഞ്ഞുങ്ങൾ എന്നിവർ മരിക്കുന്നുണ്ടോ എന്നറിയണ്ടേ? മരണനിരക്ക് അണ്ടർറേറ്റിംഗ് ആയാൽ ഇത് നമ്മുടെ കൈവിട്ടുപോകും. കോവിഡ്-19 നെ

സംബന്ധിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിലുള്ള ഒരു റിസർച്ച് വിംഗ് ആരംഭിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം, എന്നാൽ മാത്രമെ നമുക്കിതിനെ നേരിടാൻ സാധിക്കുകയുള്ളൂ. WHO-യുടെ International Guidelines for Certification and Classification of Covid-19 ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉയർത്തിക്കാണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഐ.സി.എം.ആർ. തയ്യാറാക്കിയ Guidance for Appropriate Recording of Covid-19 അനുസരിച്ചാണോ മരണം നിശ്ചയിക്കുന്നതെന്ന് ഞാൻ വിനയപൂർവ്വം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്. സാംക്രമിക രോഗങ്ങൾ കൊണ്ടുണ്ടാകുന്ന മരണം നിശ്ചയിക്കേണ്ടത് ഒരു ഡോക്ടറാണ്. എന്നാൽ 24 മണിക്കൂറായി തന്റെ ചികിത്സയിൽ കഴിയുന്ന ഒരാളുടെ കാര്യം മാത്രമെ ആ ഡോക്ടർക്ക് നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. രോഗി മരിക്കാനുള്ള കാരണം കണ്ടെത്തേണ്ടത് രോഗിയെ കാണാത്ത ഒരു മാനേജിംഗ് കമ്മിറ്റിയല്ല. അതുകൊണ്ടാണ് brought dead കേസ്സുകൾക്ക് സാധാരണയായി പോസ്റ്റ്മോർട്ടം വേണമെന്ന് പറയുന്നത്. സാംക്രമിക രോഗങ്ങളാലുണ്ടാകുന്ന മരണം ഡോക്ടർ തന്നെയാണ് ഫൈനലൈസ് ചെയ്യേണ്ടത്. ഇവിടെ എത്രയോ രോഗികൾ സീരിയസ്സായി മരിക്കുന്നു. പക്ഷേ രോഗാവസ്ഥയ്ക്കിടയിൽ ആന്റിജൻ ടെസ്റ്റ് നടത്തി നെഗറ്റീവായ രോഗി പിന്നീട് ആശുപത്രിയിൽ കിടന്ന് മരിച്ചാൽപ്പോലും കോവിഡ്-19 മരണത്തിലുൾപ്പെടുത്തുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സത്യമാണ്, തലയിൽ ചക്ക വീണോ ആക്സിഡന്റിലോ ഒരാൾ മരിച്ചാൽ മരണകാരണം അതുതന്നെയാണ്. കോവിഡ് രോഗിയായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തൊരാൾ ഇടയ്ക്കെപ്പോഴോ ആന്റിജൻ ടെസ്റ്റിൽ നെഗറ്റീവ് ആയി, പിന്നീടയാൾ മരിച്ചാൽ അത് കോവിഡ് മരണമായി കണക്കാക്കേണ്ടതല്ലേ? ഇപ്പോൾ കോവിഡ്-19 പ്രോട്ടോക്കോൾ മാറ്റിയതിനാൽ രോഗികൾ വീണ്ടും ടെസ്റ്റ് ചെയ്യേണ്ടതില്ല, 17 ദിവസം കഴിഞ്ഞ് മറ്റ് അസുഖമൊന്നുമില്ലെങ്കിൽ വീട്ടിൽ പോകാം. ആന്റിജൻ ടെസ്റ്റ് ചെയ്ത് നെഗറ്റീവായതും എനിക്കറിയാവുന്നതുമായ എത്രയോ പേർ കഴിഞ്ഞയാഴ്ച മരിച്ചു. DYFI നേതാവായിരുന്ന പി. ബിജുവിന്റെ കേസ്സും അങ്ങനെയാണ്. പി. ബിജുവിന്റെ കേസ് സംബന്ധിച്ച് 'The Hindu' പത്രം റിപ്പോർട്ട് ചെയ്തതെന്താണ്: 'He had tested positive for Covid-19 on October 20 and was under treatment at the Government Medical College, Thiruvananthapuram. Though he had later tested negative last week, he developed post-covid health complications. He was put on ventilator after his condition worsened. The death happened due to cardiac arrest on Wednesday morning.' പി. ബിജുവിന്റെ കേസ് കോവിഡ് മരണങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എനിക്ക് വളരെ ഇഷ്ടമുള്ള സുഹൃത്തായിരുന്ന, നമ്മുടെയെല്ലാം

കൂടെയുണ്ടായിരുന്ന നല്ലൊരു പൊതുപ്രവർത്തകനും യുവജന പ്രവർത്തകനുമായിരുന്ന പി. ബിജു. അദ്ദേഹത്തിന്റെ മരണം വേറെ അസുഖമുണ്ടായിട്ടല്ല, ചക്ക വീണിട്ടല്ല അദ്ദേഹം മരിച്ചത്; ഞാൻ കളിയാക്കി പറഞ്ഞതല്ല. അദ്ദേഹത്തിന് കോവിഡ് നെഗറ്റീവായെങ്കിലും പിന്നീട് ആരോഗ്യ പ്രശ്നങ്ങൾ ഡെവലപ് ചെയ്ത് മരിക്കുകയാണുണ്ടായത്. പോസ്റ്റ് കോവിഡ് ഡിസീസസ് വർദ്ധിക്കുകയാണ്. ബ്ലാക്ക് ഫംഗസ് രോഗംമൂലം ആളുകൾ മരിക്കുന്നു. കോവിഡ് നെഗറ്റീവായ ആളുകൾക്കാണ് ബ്ലാക്ക് ഫംഗസ് വരുന്നത്. ഇതെല്ലാം ഐ.സി.എം.ആർ. ഗൈഡ്‌ലൈനിൽ കൃത്യമായി പറയുന്നുണ്ട്. ഐ.സി.എം.ആർ. ഗൈഡ്‌ലൈൻസിനെതിരായിട്ടാണ് സംസ്ഥാനത്തെ ഓഡിറ്റ് കമ്മിറ്റി കോവിഡ് മരണം നിശ്ചയിക്കുന്നത്. കാൻസർ, കിഡ്നി-ഹൃദയ രോഗങ്ങൾ, സ്ട്രോക്ക് എന്നിവ ബാധിച്ചിരുന്ന രോഗികൾ കോവിഡ് വന്ന് മരിച്ചാൽ മരണകാരണം കോവിഡ്-19 ആണ്. അല്ലെങ്കിൽ അവർ കുറച്ചുനാൾകൂടി ജീവിക്കുമായിരുന്നു. അതുകൊണ്ട് അങ്ങനെയുള്ള മരണങ്ങൾ കോവിഡ് മരണത്തിലുൾപ്പെടുത്തണം. ഇപ്പോൾ അതൊന്നും ഉൾപ്പെടുത്തുന്നില്ല. കാൻസർ, കിഡ്നി രോഗികളുടെ മരണകാരണം ബന്ധപ്പെട്ട രോഗംമൂലമാണെന്ന് പറയുന്നത് ഐ.സി.എം.ആർ. ഗൈഡ്‌ലൈൻസിന് എതിരാണ്. കോവിഡ് വന്ന് മരിച്ചവരുടെ, brought dead ആയവരുടെ കോവിഡ് ടെസ്റ്റ് പോസിറ്റീവായാൽ പിന്നെ എന്തിനാണ് ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് വീണ്ടും അയയ്ക്കുന്നത്? അതിന്റെ ആവശ്യമില്ല. ഒരിക്കൽ പോസിറ്റീവായി കേസ് ലൈവാണെങ്കിൽ മരണ കാരണം കോവിഡാണ്, വേറെ ഒരു കാരണവുമില്ല. കുഴഞ്ഞുവീണ് മരിച്ചവരെ കോവിഡ് പോസിറ്റീവായിരുന്നിട്ടും ലിസ്റ്റിലുൾപ്പെടുത്തുന്നില്ല. ഹാർട്ട് അറ്റാക്ക്, സ്ട്രോക്ക്, മൈക്രോകാർഡിയൽ ഇഷ്യൂസ് തുടങ്ങിയവയെല്ലാം കോവിഡ് ബാധയെ തുടർന്നുണ്ടാകാറുണ്ട്. കോവിഡ് കാരണം ബ്രെയിനിൽ സ്ട്രോക്ക് വരാം. അത്തരം കേസ്സുകളെ കോവിഡ് മരണത്തിൽ നിന്ന് മാറ്റിനിർത്തുകയാണ്. അതുപോലെ രക്തം ഛർദ്ദിച്ചും ബ്രെയിൻ ബ്ലീഡിംഗും കാരണം മരിച്ചവരെയും കോവിഡ് മരണത്തിൽ നിന്ന് മാറ്റി നിർത്തുകയാണ്. എന്റെ കയ്യിൽ ഇതുപോലുള്ള സിംഗിൾ കേസ്സുകൾ ഒരുപാടുണ്ട്. സമയക്കുറവുമൂലം അതിലേയ്ക്കൊന്നും പോകുന്നില്ല.

മി. സ്പീക്കർ: അങ്ങ് സമയം പാലിക്കുന്നതിൽ മാതൃക കാണിക്കുന്ന ആളാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു പോയിന്റ് കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഡോക്ടറായിരുന്ന ഡോ. ബാബുക്കുട്ടി കോവിഡ് ബാധിച്ച് പതിനൊന്നാം ദിവസം നെഗറ്റീവ് ആകുകയും നാൽപ്പതാമത്തെ ദിവസം മരിക്കുകയും ചെയ്തു. ഡോക്ടർമാരുടെ സംഘടന പ്രതിഷേധിച്ചതിനെത്തുടർന്നാണ് അത് കോവിഡ് മരണത്തിൽ ഉൾപ്പെടുത്തിയത്.

അതുകൊണ്ട് death confirmation protocol മാറ്റണമെന്നുള്ളതാണ് ഞങ്ങളുടെ റിക്വസ്റ്റ്. ചികിത്സിക്കുന്ന ഡോക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഐ.സി.എം.ആർ. ഗൈഡ്‌ലൈൻസ് അനുസരിച്ച് മരണകാരണം തീരുമാനിക്കണം. രോഗിയെ കാണാതെ ഇവിടെയിരിക്കുന്ന ഒരു ഓഡിറ്റ് കമ്മിറ്റി അത് തീരുമാനിക്കേണ്ട. അത് ഐ.സി.എം.ആർ. ഗൈഡ്‌ലൈൻസിന് എതിരാണ്; അത് തെറ്റാണെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അതുപോലെ ഫ്യൂണറൽ പ്രോട്ടോക്കോൾ സംബന്ധിച്ച് ആദ്യം കൺഫ്യൂഷനുണ്ടായി. ഞാൻ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല, എബോള പ്രോട്ടോക്കോൾ അനുസരിച്ചാണ് ഇപ്പോൾ ചെയ്യുന്നത്. അതുകൊണ്ടാണ് ഡെഡ് ബോഡിയിൽ നിന്ന് സ്വാബ് എടുത്തയയ്ക്കുന്നത്. എബോള പ്രോട്ടോക്കോൾ അല്ല, കോവിഡ് പ്രോട്ടോക്കോളാണ് ലോകത്തെല്ലായിടത്തും പാലിക്കുന്നത്.

ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. മാർച്ച് 18-ാം തീയതിവരെ തിരുവനന്തപുരത്ത് റിപ്പോർട്ടുചെയ്ത കോവിഡ് കേസ്സുകൾ 123000-ഉം മലപ്പുറത്ത് റിപ്പോർട്ട് ചെയ്തത് 141000 കേസ്സുകളുമാണ്. മലപ്പുറത്ത് 18000 കേസ് കൂടുതലായിരുന്നു. എന്നാൽ മലപ്പുറത്ത് റിപ്പോർട്ട് ചെയ്ത മരണം 114-ഉം തിരുവനന്തപുരത്ത് 585-ഉം ആയിരുന്നു. മലപ്പുറത്തുണ്ടായ മരണത്തിന്റെ അഞ്ചിരട്ടി തിരുവനന്തപുരത്തുണ്ടായി എന്നാണ് മരണനിരക്ക് കാണിക്കുന്നത്. തിരുവനന്തപുരത്ത് ധാരാളം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ, മലപ്പുറം പോലുള്ള റൂറൽ ജില്ലകളിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. മലപ്പുറത്ത് ആളുകൾ മരിക്കുന്നില്ലെന്ന് വ്യാഖ്യാനിക്കരുത്. 141000 രോഗികളുള്ള സ്ഥലത്ത് 114 പേർ മരിച്ചതായി റിപ്പോർട്ട് ചെയ്തപ്പോൾ, അതിനെക്കാൾ 18000 കുറവുള്ള തിരുവനന്തപുരത്ത് അതിന്റെ അഞ്ചിരട്ടി മരണം റിപ്പോർട്ട് ചെയ്തു. മരണം റിപ്പോർട്ട് ചെയ്യുന്നതിൽ അപാകതകളുണ്ടെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. വാക്സിനുമായി ബന്ധപ്പെട്ട് വണ്ടൂർ എം.എൽ.എ. ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച കാര്യം ഗൗരവമായി പരിശോധിക്കണം. കോവിഡ് പ്രതിരോധത്തിനുവേണ്ടി ഞങ്ങളിത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഗവൺമെന്റ് ആരോഗ്യ വിദഗ്ദ്ധരുടെ ഒരു കമ്മിറ്റിയെ നിയോഗിച്ച് ഡെത്ത് പ്രോട്ടോക്കോൾ ശരിയായി പാലിക്കുന്നുണ്ടോയെന്ന് ഓഡിറ്റ് ചെയ്തശേഷം മരണകാരണം തീരുമാനിക്കണം. പാവപ്പെട്ടവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നത് ഇല്ലാതാക്കുന്നത് എന്തിനാണ്? മാതാപിതാക്കൾ മരിച്ച് അനാഥരായ കുട്ടികൾക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ കൂലിപ്പണിചെയ്ത് കുടുംബം നടത്തിയിരുന്ന വീട്ടിലെ earning member മരിച്ചാൽ അയാളുടെ കുട്ടികൾ എന്ത്

ചെയ്യും; ഭാര്യ എന്ത് ചെയ്യും? വീട്ടിലെ earning member ആയ ഭാര്യ/ഭർത്താവ് മരിച്ചാൽ ആ കുടുംബം അനാഥമാവുകയാണ്. അവർക്കുകൂടി ആനുകൂല്യം നൽകണം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട, സോഷ്യലി ആൻഡ് ഇക്കണോമിക്കലി ബാക്ക്‌വേഡായിട്ടുള്ള ആളുകളുടെ സ്ഥിതി വളരെ പരിതാപകരമാണ്. സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപിക്കാൻ പോകുകയാണ്. കോവിഡിന്റെ socio-economic impact ഗൗരവമായി പഠിച്ച് മാർക്കറ്റ് സ്റ്റിമുലേറ്റ് ചെയ്യാനും ആളുകളെ സഹായിക്കാനുമുള്ള പദ്ധതികൾ നമ്മുടെ ബഡ്ജറ്റിൽ വേണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ഒരിക്കൽക്കൂടി കോവിഡ് പ്രതിരോധത്തിന് സർക്കാരിന് നിരുപാധിക പിന്തുണ നൽകിക്കൊണ്ട് വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ഇന്നലെ ബഹുമാനപ്പെട്ട അംഗങ്ങൾ പലരും സഭയിൽ മാസ്ക് താഴ്ത്തിവച്ച് ചർച്ച ചെയ്തത് ധാരാളംപേർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സഭയിലെ നടപടിക്രമങ്ങൾ ആളുകൾ വീക്ഷിക്കുന്നുണ്ടെന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.

## II ശ്രദ്ധ ക്ഷണിക്കൽ

### (1) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിയന്ത്രണം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, പെട്രോളിയം ഉൽപ്പന്നങ്ങൾക്കുമേൽ ഏർപ്പെടുത്തിയ നികുതി കുറയ്ക്കുകയോ വില നിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുകയാണ്. അവസാനമായി പെട്രോളിന്റെ വില വർദ്ധിപ്പിച്ചത് ഇന്നലെയാണ്. ഇന്ന് ഒരു ലിറ്റർ പെട്രോളിന്റെ വില 96.47 രൂപയും ഡീസലിന് 91.74 രൂപയുമാണ്. പല സംസ്ഥാനങ്ങളിലും വില 100 രൂപയിൽ അധികമായിട്ടുണ്ട്. മേയ് മാസത്തിൽ മാത്രം 16 പ്രാവശ്യമാണ് വില വർദ്ധിപ്പിച്ചത്. ഇന്നലെ മുതൽ ജൂൺ മാസത്തിലെ വില വർദ്ധന തുടങ്ങി. പാചക വാതകത്തിന്റെ വില 800-900 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൽ ഇരട്ടി വർദ്ധനവാണുണ്ടായിരിക്കുന്നത്. നേരത്തെ കേന്ദ്ര സർക്കാരാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിച്ചിരുന്നത്. ഇപ്പോൾ എണ്ണക്കമ്പനികൾക്ക് അതിനുള്ള അധികാരം നൽകിയിരിക്കുകയാണ്. വില നിശ്ചയിക്കുന്നതിൽ സർക്കാർ ഇടപെടാൻ പാടില്ലെന്നും വിപണിയാണ് വില നിശ്ചയിക്കേണ്ടതെന്നുമുള്ള നവ ഉദാരവത്കരണ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്തത്. വൻകിട കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങി രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 2010 ജൂൺ 25-ന് പെട്രോളിന്റെ വില നിയന്ത്രണം

അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് സർക്കാരിൽനിന്നും എടുത്തുകളഞ്ഞു. 2010-ഓടെയാണ് റിലയൻസ്, എസ്സാർ (Essar) എന്നീ കമ്പനികൾ പെട്രോളിയം ചില്ലറ വില്പന രംഗത്തേയ്ക്ക് കടന്നുവന്നത്. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം 2014 ഒക്ടോബറിൽ ഡീസലിന്റെ വിലനിർണ്ണയംകൂടി വിപണിക്ക് തുറന്നുകൊടുത്തു. നേരത്തെ ഡോ. മൻമോഹൻ സിംഗിന്റെ നടപടിയെ എതിർത്തവരായിരുന്നു ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും. ഇങ്ങനെ തുറന്നു കിട്ടിയ പുതിയ മേച്ചിൽപ്പുറങ്ങളാണ് കോർപ്പറേറ്റുകളുടെ ലാഭം വൻതോതിൽ വർദ്ധിപ്പിച്ചത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ ഇവിടെ പെട്രോളിയം ഉൽപ്പന്നത്തിന്റെ വില കുറയുമെന്നും അവിടെ കൂടിയാൽ മാത്രമെ ഇവിടെ കൂടുകയുള്ളൂവെന്നുമാണ് പ്രചരിപ്പിച്ചത്. പക്ഷേ സംഭവിച്ചത് എന്താണ്? അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുന്നതിനനുസരിച്ച് ഇവിടെ കുറയുന്നില്ല. ഓരോ ദിവസവും വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുകയും കുത്തകകൾ തടിച്ചുകൊഴുക്കുകയും ചെയ്യുന്നു. അവർക്കൊപ്പം കേന്ദ്ര സർക്കാരും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുകയാണ്. ലോക മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില വൻതോതിലിടിഞ്ഞപ്പോൾ ഒരാനുകൂല്യവും നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ലഭിച്ചില്ല. മോദി സർക്കാർ 11 തവണയാണ് നികുതി വർദ്ധിപ്പിച്ചത്. ഇപ്പോൾ പെട്രോളിന് 32.90 രൂപയും ഡീസലിന് 31.80 രൂപയുമാണ് നികുതി. സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റ് സെസ്സ്, റോഡ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഡെവലപ്മെന്റ് സെസ്സ് എന്നിങ്ങനെ കേന്ദ്ര സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ നികുതികളെല്ലാം ഉപയോഗിക്കുന്നത്. നമുക്ക് ലഭിക്കുന്ന അടിസ്ഥാന നികുതി വളരെ തുച്ഛമാണ്. ഒരു കേന്ദ്രമന്ത്രിയും മോദി ഭക്തൻമാരും നികുതി വരുമാനത്തിൽനിന്നും വലിയൊരു തുക സംസ്ഥാനത്തിന് കിട്ടുന്നുവെന്ന കള്ളപ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ ബേസിക് എക്സൈസ് ഡ്യൂട്ടിയുടെ 42 ശതമാനം മാത്രമെ സംസ്ഥാനത്തിന് ലഭിക്കുന്നുള്ളൂ. ഒരു ലിറ്റർ പെട്രോളിൽനിന്ന് ഒരു പൈസയാണ് (0.8%) കേരളത്തിന് ലഭിക്കുന്നത്. 2014-15-ൽ പെട്രോളിയം ഉൽപ്പന്നങ്ങളിൽനിന്നും കേന്ദ്ര സർക്കാരിന് 74,158 കോടി രൂപ ലഭിച്ചിരുന്നു. അത് 2020-21-ൽ 2.95 ലക്ഷം കോടി രൂപയായി. ഇപ്പോൾ 3.01 ലക്ഷം കോടി രൂപയാണ്. നികുതി വർദ്ധനവ് 459 ശതമാനമാണ്. കോർപ്പറേറ്റുകളും കേന്ദ്ര സർക്കാരും ചേർന്ന് ഈ മഹാമാരിക്കാലത്ത് ജനങ്ങളെ കൊള്ളയടിക്കുന്നു. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വരുമ്പോൾ പെട്രോൾ നികുതി 9.48 രൂപയായിരുന്നത് ഇപ്പോൾ 32.95 രൂപയാണ്, 275 ശതമാനം വർദ്ധനവാണുണ്ടായിരിക്കുന്നത്. ഡീസലിന്റെ നികുതി 3.86 രൂപയായിരുന്നത്

31.81 രൂപയായി, 255 ശതമാനം വർദ്ധനവാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് വില കുറയുമ്പോഴെല്ലാം ഇവിടെ നികുതി കൂട്ടി. ലോകത്ത് ഏറ്റവും കൂടുതൽ ഇന്ധന നികുതി ഇന്ത്യയിലാണ്, 69 ശതമാനം. ഏറ്റവും കുറവ് കോർപ്പറേറ്റ് നികുതിയും ഇന്ത്യയിലാണ്, 15 ശതമാനം. ആരുടെ കൂടെയാണ് കേന്ദ്ര സർക്കാർ നിൽക്കുന്നത്?

10.00 A.M.]

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇതിനുള്ള മറുപടിയുടെ ഏകദേശവും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തന്നെയുണ്ട്. കേന്ദ്ര സർക്കാർ 2010-ലും 2014-ലും പെട്രോൾ, ഡീസൽ വിലനിയന്ത്രണം എടുത്തുമാറ്റിയശേഷം ഇന്ധനവില ക്രമാനുഗതമായി ഉയരുന്ന സ്ഥിതിവിശേഷമാണുണ്ടായത്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിലിന്റെ വില താഴുമ്പോൾ അതിന്റെ നേട്ടം രാജ്യത്തെ ഉപഭോക്താക്കൾക്ക് ലഭിക്കുമെന്ന് ഉയർത്തിയ അവകാശവാദത്തിന് വസ്തുതകളുടെ പിൻബലമില്ലാതായിരിക്കുകയാണ്. അന്താരാഷ്ട്ര കമ്പോളത്തിൽ വില താഴുമ്പോൾ അതിനനുസൃതമായി കേന്ദ്ര സർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിച്ച് വില താഴാതെ പിടിച്ചുനിർത്തുകയും പലപ്പോഴും ഉയർത്തുകയും ചെയ്യുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കഴിഞ്ഞ ആറ് വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ പെട്രോളിന്റെയും ഡീസലിന്റെയും കേന്ദ്രനികുതി 307 ശതമാനം വർദ്ധിച്ചതായി കാണാം. 2021-ൽ ഇതിനകംതന്നെ പെട്രോൾ, ഡീസൽ വില 19 തവണ വർദ്ധിക്കുന്ന സ്ഥിതിയുണ്ടായി. കേന്ദ്ര സർക്കാർ ചുമത്തുന്ന എക്സൈസ് തീരുവയിൽ ബേസിക് എക്സൈസ് തീരുവ, സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, കൃഷി പശ്ചാത്തല സൗകര്യ വികസന സെസ്സ്, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, റോഡ് പശ്ചാത്തല സൗകര്യ വികസന സെസ്സ് എന്നിങ്ങനെ നാലിനങ്ങളുണ്ട്. ഇതിൽ ബേസിക് എക്സൈസ് തീരുവ ഒഴികെയുള്ള ഒന്നുംതന്നെ സംസ്ഥാനങ്ങളുമായി പങ്കിടേണ്ടവയല്ല. കേന്ദ്ര സർക്കാർ പങ്കിടേണ്ടാത്ത തീരുവകളിലാണ് എല്ലാ വിലവർദ്ധനയും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2021 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച കണക്കുപ്രകാരം പെട്രോളിന്മേൽ ചുമത്തിയിരുന്ന എക്സൈസ് തീരുവയായ 67 രൂപയിൽ വെറും നാല് രൂപ മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ബേസിക് എക്സൈസ് തീരുവ. ഈ അവസ്ഥ നിലനിൽക്കവേയാണ് സംസ്ഥാന സർക്കാർ നികുതി കുറയ്ക്കണമെന്ന വിചിത്രവാദം ഉയർത്തുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കാതിരിക്കണമെങ്കിൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില കുറയുമ്പോൾ കേന്ദ്ര സർക്കാർ എക്സൈസ് തീരുവ വർദ്ധിപ്പിക്കുന്ന രീതി അവസാനിപ്പിക്കണം. കേന്ദ്ര സർക്കാർ അടിക്കടി

ഇന്ധനവില ഉയർത്തുന്നതു കാരണമുണ്ടാകുന്ന വിലക്കയറ്റം ഉപഭോഗത്തിന്റെ ശക്തിപ്പെടുത്തലിനെ തടസ്സപ്പെടുത്തുന്നതുവഴി സാമ്പത്തിക വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കും. ഇന്ധന വിലവർദ്ധനവ് കാരണമുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ വിലക്കയറ്റം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കും. അനിയന്ത്രിതമായി ഇന്ധന വില വർദ്ധിപ്പിക്കുന്ന നിലപാടിൽനിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, പെട്രോളിയം ഉൽപ്പന്നത്തിന്റെ വിലവർദ്ധനവിന്റെ ഫലമായി കേരളത്തിന് കൂടുതൽ വരുമാനം ലഭിക്കുന്നുവെന്നൊരു പ്രചരണം നടക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന് ലഭിക്കുന്ന തുകയ്ക്ക് ആനുപാതികമായി കേരളത്തിന് നികുതി വരുമാനം ലഭിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഞാൻ നേരത്തെ വിശദീകരിച്ചത്. എക്സൈസ് തീരുവയിൽ നാലിനങ്ങളുണ്ട്. പെട്രോളിന്മേൽ ചുമത്തിയിരുന്ന എക്സൈസ് തീരുവയായ 67 രൂപയിൽ വെറും നാല് രൂപ മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ബേസിക് എക്സൈസ് തീരുവ. ഈ ഇനം മാത്രമെ സംസ്ഥാനവുമായി പങ്കുവയ്ക്കേണ്ടതുള്ളൂ. മറ്റ് മൂന്നിനങ്ങളും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ല. അതിലെ നികുതി വിഹിതം മുഴുവൻ കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് നികുതി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്.

(2) തീരദേശ പരിപാലന പദ്ധതികൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും കായൽ ദ്വീപുകൾക്കും വേമ്പനാട് കായലിനും വേണ്ടിയുള്ള പ്രത്യേക സമഗ്ര പരിപാലന പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന് സുസ്ഥിര വികസനം കൈവരിക്കുന്നതിനുമുള്ള ആദ്യപടിയായാണ് കേന്ദ്ര സർക്കാർ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി 1991-ൽ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം പുറപ്പെടുവിച്ചത്. പിന്നീട് 2011-ൽ പരിഷ്കരിച്ച് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. തീരദേശവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്തതിനാൽ പ്രസ്തുത വിജ്ഞാപനത്തിൽ മാറ്റം വരുത്തണമെന്ന് അന്നത്തെ യു.ഡി.എഫ്. സർക്കാരും മറ്റ് സംസ്ഥാനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് ഡോ. ശൈലേഷ് നായക് കമ്മിറ്റി പഠനം നടത്തി കേരളം അടക്കമുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ട കുറേ

കാര്യങ്ങളുൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുകയും 2019 ജനുവരി 18-ാം തീയതി കേന്ദ്ര സർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഈ വിജ്ഞാപനം നടപ്പാക്കുന്നതിന് പുതുക്കിയ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം തേടേണ്ടതുണ്ട്. തീരദേശ പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതുവരെ 2019-ലെ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പാക്കാൻ സാധിക്കില്ലെന്നുള്ളതും ഈ വിജ്ഞാപനത്തിലെ പ്രത്യേകതയാണ്. ഇതോടൊപ്പം കേരളത്തിലെ കായൽ ദ്വീപുകൾക്കും കടലിനോട് ചേർന്നുകിടക്കുന്ന ദ്വീപുകൾക്കും തീരദേശ നിയന്ത്രണ മേഖല 20 മീറ്ററാക്കി ചുരുക്കിയിരുന്നു. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനും ഓരോ ദ്വീപിനും പ്രത്യേക പരിപാലന പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി തേടണം. നിലവിലെ ദൂരപരിധി 50 മീറ്ററാണ്. ധർമ്മടമുൾപ്പെടെ നാലായിരം ദ്വീപുകളാണ് കേരളത്തിലുള്ളത്. അതുപോലെ കാറ്റഗറി II-ലെ ചട്ടങ്ങൾ നിലനിർത്തി ചില പ്രദേശങ്ങളെ ദ്വീപായി പ്രഖ്യാപിക്കണമെന്നുള്ള ആവശ്യവുമുണ്ട്. മരട് നഗരസഭ ഇങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടുണ്ട്. 1991-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിൽ നിന്നും വളരെ വ്യത്യസ്തമായി, പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ള വേമ്പനാട് കായൽ അതീവ ഗുരുതരമായ ആപത്ത് ഭീഷണിയുള്ള മേഖലയാണെന്ന് 2019-ലെ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രദേശത്തിന്റെ സംരക്ഷണത്തിനായി ഒരു സമഗ്ര പരിപാലന പദ്ധതി തയ്യാറാക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ മാത്രമെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാവൂ എന്നും അത്തരമൊരു സമഗ്ര പരിപാലന പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുംവരെ പരമ്പരാഗത നിവാസികളുടെ ആവശ്യം അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും സംസ്ഥാന തീരദേശ സംരക്ഷണ അതോറിറ്റിയുടെ അനുമതിയോടുകൂടി മാത്രമെ ചെയ്യാവൂ എന്നും വിജ്ഞാപനത്തിലുണ്ട്. 2019-ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും പ്രത്യേക സമഗ്ര ദ്വീപ് പരിപാലന പദ്ധതികളും പൂർത്തീകരിക്കേണ്ട ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതോടൊപ്പം പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ കാലാവധി കഴിഞ്ഞ മാസം 30-ാം തീയതി അവസാനിച്ചിരിക്കുകയാണ്. ഈ സന്ദർഭത്തിൽ ഒരു കാര്യം കൂടി ഓർമ്മിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭയിൽ 1:4000 തോതിൽ കഡാസ്ട്രൽ മാപ്പ് കൊടുക്കാമെന്ന് ഉറപ്പ് നൽകിയതായാണ് ഞാൻ മനസ്സിലാക്കുന്നത്. അന്ന് ഞാൻ സഭയിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ നൽകിയത് 1:25000-ൽ ആണ്. അത് 1:4000-ൽ നൽകിയാൽ വലിയ ഭൂപടം കിട്ടുകയും ജനങ്ങൾക്ക് മനസ്സിലാക്കാൻ അവസരമുണ്ടാകുകയും ചെയ്യും. അതുകൂടി പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സമയം കൂടുതലെടുക്കേണ്ടി വരുമെന്നതുകൊണ്ട് മറുപടി മേശപ്പുറത്ത് വയ്ക്കാം*. അതോടൊപ്പം ചില കാര്യങ്ങൾ പറയാനുണ്ട്. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സംബന്ധിച്ച് ഗൗരവമായ ഇടപെടൽ നടത്തണമെന്നത് പൂർണ്ണമായും ശരിയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ 19-1-1991-ൽ ആദ്യം CRZ നോട്ടിഫിക്കേഷൻ വന്നു. പിന്നീട് 18-1-2019-ൽ ഇന്ത്യാ ഗവൺമെന്റ് മറ്റൊരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. നല്ലൊരവസരമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഇപ്പോൾ ഒരു കരട് പ്ലാൻ തയ്യാറായിട്ടുണ്ട്. എറണാകുളം ജില്ലയിൽ മാത്രമായി 1074 ദ്വീപുകൾ ഉണ്ടെന്നാണ് പറയുന്നത്. ഇത്തരം വികസിത പഞ്ചായത്തുകൾ സാധാരണഗതിയിൽ ഏതിൽ ഉൾപ്പെടുത്തണമെന്ന വിഷയമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ കുറവാണ്. ഇതും നാം ഗൗരവമായി അഭിമുഖീകരിക്കേണ്ട ഒരു പ്രശ്നമാണ്. അതുപോലെ കേരളത്തിൽ ഭൂമിക്ക് വലിയ ക്ഷാമമാണ്. തീരദേശത്തെ ജനസാന്ദ്രത യഥാർത്ഥത്തിൽ പല നഗരങ്ങളിലുമുള്ളതിനെക്കാൾ കൂടുതലാണ്. കടലിന് അഭിമുഖമായി നിൽക്കുന്ന പഞ്ചായത്തുകളും നഗരപ്രദേശങ്ങളും ചേർത്താൽ 1998 ചതുരശ്ര കിലോമീറ്ററുണ്ട്. അതിലെ ജനസാന്ദ്രത നഗരങ്ങളെക്കാളും കൂടുതലാണ്. ഇതെല്ലാം നമുക്ക് അനുകൂല ഘടകങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടണം. യഥാർത്ഥത്തിൽ നമ്മുടെ പഞ്ചായത്തുകൾ CRZ കാറ്റഗറി II-ൽ വരേണ്ടതാണെന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. ഇപ്പോൾ CRZ III-യിലാണ് ഉൾപ്പെട്ടിരിക്കുന്നത്. 2018-ൽ 136 തീരദേശ ടൗൺ പ്രദേശങ്ങളെ CRZ II-ലുൾപ്പെടുത്തിക്കൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗവൺമെന്റിന് കത്തയച്ചുവെങ്കിലും ഇതുവരെ പരിഗണിച്ചിട്ടില്ല. അതുപോലെ പൊക്കാളി കൃഷി ചെയ്യുന്ന സ്ഥലം സംബന്ധിച്ച് ഒരു പ്രശ്നം നിലനിൽക്കുകയാണ്. പ്രസ്തുത സ്ഥലം യഥാർത്ഥത്തിൽ filtration pond ആയാണ് ചിത്രീകരിച്ചിരിക്കുന്നത്. അത് റവന്യൂ റെക്കോർഡിലുള്ള ഭൂമിയാണ്. സാധാരണഗതിയിൽ അത്തരം ഭൂമി തരം മാറ്റാൻ സാധിക്കില്ല. അത് റവന്യൂ റെക്കോർഡ് അനുസരിച്ചുതന്നെ കണക്കാക്കേണ്ടതാണ്. ആകാശത്ത് നിന്നെടുക്കുന്ന ചിത്രത്തിന്റെ ഭാഗമായി ഇതിനെ മറ്റൊരു തരത്തിൽ ചിത്രീകരിക്കാൻ സാധിക്കില്ല. മനുഷ്യശ്രമത്തിന്റെ ഭാഗമായാണ് പൊക്കാളി കൃഷിസ്ഥലത്ത് വെള്ളമെത്തുന്നതും ഇറങ്ങുന്നതും. ഇത്തരത്തിൽ തരംമാറ്റിയാൽ അതിന്റെ അടുത്തുള്ള ഭൂമിയിൽ കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകും. യഥാർത്ഥത്തിൽ പൊക്കാളി കൃഷി ചെയ്യുന്ന ഭൂമിയെ ഒരു വാട്ടർ

---

* അനുബന്ധമായി ചേർക്കുന്നു.

ബോഡിയായി കണക്കാക്കേണ്ടതില്ല. അതൊരു കൃഷി ഭൂമിയാണ്. റവന്യൂ റെക്കോർഡ് അനുസരിച്ചുള്ള ഭൂമിയാണ്. അപ്പോൾ റവന്യൂ റെക്കോർഡാണ് നിലനിൽക്കുക. നേരത്തെ പല തർക്കങ്ങളും നടന്നിട്ടും അത് നിയമപരമായി തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഈ അവസരം ശരിയായ രീതിയിൽ ഉപയോഗിക്കണമെന്നു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞ ചില പ്രശ്നങ്ങളുമുണ്ട്. അതെല്ലാം പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം ലഭിക്കണമെങ്കിൽ ചില നടപടിക്രമങ്ങൾ പൂർത്തിയാക്കണം. പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ നടത്തണം. അതെല്ലാം ചെയ്ത് കേന്ദ്ര ഗവൺമെന്റിന് എന്നത്തേയ്ക്ക് പുതുക്കിയ പ്ലാൻ സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, അതിവേഗതയിൽ തന്നെ അക്കാര്യങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. തീയതി ഇപ്പോൾ പറയുന്നില്ല. അതിവേഗത്തിൽത്തന്നെ പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്.

## III സബ്മിഷൻ

മി. സ്പീക്കർ: സബ്മിഷൻ ഉന്നയിക്കുന്ന അംഗങ്ങൾ വളരെ ചുരുക്കി അവതരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാരും വളരെ ചുരുക്കി മറുപടി പറയണം.

### (1) റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. സി. സി. മുകുന്ദൻ: സർ, തൃശ്ശൂർ ജില്ലയിലെ കോൾ പാടങ്ങളെ ഉപ്പുവെള്ള ഭീഷണിയിൽനിന്ന് സംരക്ഷിക്കുന്നതിനും കരുവന്നൂർ പുഴയിൽ ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പദ്ധതിയാണ് കരുവന്നൂർ പുഴയ്ക്ക് കുറുകെ 82 മീറ്റർ നീളത്തിൽ വിഭാവനം ചെയ്തിരിക്കുന്ന മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ്. പ്രസ്തുത പ്രവൃത്തിക്കായി നബാർഡ് - ആർ.ഐ.ഡി.എഫ്. XXI സ്കീമിൽ ഉൾപ്പെടുത്തി 24 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രധാന പ്രവൃത്തിക്കനുബന്ധമായുള്ള നദിയുടെ സംരക്ഷണഭിത്തിയുടെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും കൾവർട്ടിന്റെയും ഡിസൈൻ തയ്യാറാക്കുന്നതിന് ആവശ്യമായ അപേക്ഷയും ഡാറ്റയും നൽകുന്നതിന് വർഷങ്ങളായിട്ടും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II)-ന് സാധിച്ചിട്ടില്ല. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുള്ള ഒന്നരക്കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടില്ല. ഓരോ വർഷവും

താൽക്കാലിക ബണ്ട് നിർമ്മാണത്തിനായി നൂറ് കണക്കിന് ലോഡ് ചുവന്ന മണ്ണ് ആവശ്യമായിവരുന്നുണ്ട്. ഈ ഇനത്തിൽ ലക്ഷക്കണക്കിന് രൂപയാണ് സർക്കാരിന് നഷ്ടം സംഭവിക്കുന്നത്. പലപ്പോഴും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുകയുമില്ല. മഴക്കാലത്തിനുമുമ്പ് ബണ്ട് പൊട്ടിച്ചില്ലെങ്കിൽ വെള്ളപ്പൊക്കമുണ്ടാകും. ചില ഉദ്യോഗസ്ഥരുടെ കൃത്യവിലോപമാണ് സർക്കാരിന്റെ അഭിമാന പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈനും അപ്രോച്ച് റോഡിനുള്ള ഭരണാനുമതിയും നൽകി പദ്ധതി അടിയന്തരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, കരുവന്നൂർ പുഴയ്ക്ക് കുറുകെ തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തെയും ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തെയും ബന്ധിപ്പിച്ചാണ് 80 മീറ്റർ നീളത്തിൽ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തിക്കായി നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമിലുൾപ്പെടുത്തി 3-1-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 24 കോടി രൂപയുടെ ഭരണാനുമതിയും 22.593 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സിവിൽ പ്രവൃത്തികൾക്കായി 14.04 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 22-2-2020-ൽ കരാറിലേർപ്പെടുകയും 18 മാസത്തെ പൂർത്തീകരണ കാലാവധിയോടുകൂടി പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തികൾക്കായി 28-2-2020-ൽ മെക്കാനിക്കൽ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറി. എന്നാൽ കോവിഡ്-19 മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ക്ഡൗൺ കാരണം ലക്ഷ്യമിട്ട രീതിയിൽ നിർമ്മാണം നടത്താൻ കഴിഞ്ഞില്ല. പ്രസ്തുത പ്രവൃത്തികൾക്കായി റോഡിനുവേണ്ടി 0.2243 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് ലാൻഡ് പ്ലാൻ തയ്യാറാക്കുകയും 16-10-2020-ന് തൃശ്ശൂർ ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന യോഗത്തിൽ സ്ഥലം കൈമാറാൻ സമ്മതപത്രം നല്കിയ വസ്തു ഉടമകളിലെ ഒരാൾ തന്റെ ബാക്കിയുള്ള വസ്തുവിലേയ്ക്ക് ആർ.സി.ബി. (റെഗുലേറ്റർ-കം-ബ്രിഡ്ജ്) നിർമ്മാണംമൂലം പ്രവേശനം ഇല്ലാതാകുമെന്ന കാരണത്താൽ പ്രസ്തുത സ്ഥലം കൂടി ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ലാൻഡ് പ്ലാൻ തയ്യാറാക്കുന്നതിന് 29-1-2021-ന് സർവ്വേ നടത്തിയിരുന്നു. പുതുക്കിയ സ്ഥലമെടുപ്പിനായി ചീഫ് എഞ്ചിനീയർ (പദ്ധതി വിഭാഗം-II) 1-6-2021-ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. സ്ഥല മെടുപ്പിനായുള്ള വിജ്ഞാപനത്തിനുശേഷം സാമൂഹികാഘാത പഠനത്തിനായി

കളമശ്ശേരി കോളേജ് ഓഫ് സയൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലാൻഡ് പ്ലാൻ തയ്യാറാക്കുന്നതിൽ ഭൂമി കൂടുതലായി ഉൾപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിനുശേഷമുണ്ടായ ജലനിരപ്പ് കണക്കാക്കി അധികമായി ഒഴുകിവരുന്ന ജലംകൂടി കടത്തിവിടാനായി തയ്യാറാക്കിയ 3.95 മീറ്റർ പാതയോടുകൂടിയ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതിയ ഡിസൈനിന് 2020 നവംബർ മാസത്തിൽ ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) അംഗീകാരം നൽകിയിട്ടുണ്ട്. പ്രധാന പ്രവൃത്തിക്കനുബന്ധമായുള്ള നദിയുടെ സംരക്ഷണഭിത്തി നിർമ്മാണത്തിന്റെയും അപ്രോച്ച് റോഡിന്റെയും പാർശ്വഭിത്തിയുടെയും ഡിസൈൻ തയ്യാറാക്കിവരുന്നു. ആയവ ലഭ്യമാകുന്ന മുറയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിനുള്ള അംഗീകാരം നൽകി 2021 ഒക്ടോബർ മാസം പ്രവൃത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (2) ശമ്പള പരിഷ്കരണം

ശ്രീ. എം. രാജഗോപാലൻ: സർ, മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളകുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. ആചാരസ്ഥാനികളുടെയും കോലധാരികളുടെയുമെല്ലാം ധനസഹായം വർദ്ധിപ്പിച്ച സർക്കാരാണിത്. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 2019 ജനുവരി മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചത്. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ഏഴായിരത്തോളം ജീവനക്കാരിൽ സർക്കാർ സഹായത്തോടെ ശമ്പളം നൽകുന്നത് 75% പേർക്കാണ്. 25% ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നുമാണ് ശമ്പളം നൽകിവരുന്നത്. സമൂഹത്തിൽ ഏറെ അവഗണിക്കപ്പെടുന്നവരും എന്നാൽ ഈ സർക്കാരിൽ ഏറെ പ്രതീക്ഷയുള്ളവരുമാണ് ഈ വിഭാഗം. ജീവിതം തന്നെ ആചാരാനുഷ്ഠാനങ്ങൾക്കും ക്ഷേത്ര സംരക്ഷണത്തിനും വേണ്ടി മാറ്റിവച്ചവരാണിവർ. കോവിഡ് കാലത്തെ പ്രതിസന്ധികൂടി വന്നതോടെ ഇവരുടെ ജീവിതക്ലേശം വർദ്ധിച്ചിരിക്കുകയാണ്. ആയതിനാൽ ക്ഷേത്ര ജീവനക്കാർക്ക് പുതിയ ശമ്പളം നല്കാനും കോവിഡ് കാലത്തെ പ്രതിസന്ധി പരിഹരിക്കാനുമാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം 12-2-2021-ലെ

G.O.(Ms) No.57/2021/RD പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഫിക്സേഷൻ റൂൾ, ഡി.എ. എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തി നൽകണമെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. എത്രയുംവേഗം മറുപടി ലഭിക്കുമെന്നാണ് കരുതുന്നത്. മറുപടി ലഭിച്ചാലുടൻതന്നെ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നതാണ്.

### (3) റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇത്തരമൊരു സബ്മിഷൻ അവതരിപ്പിക്കേണ്ടി വന്നതിൽ എനിക്ക് വിഷമമുണ്ട്. ഇവിടെ നല്ല പ്രകടനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ വീഴ്ചയാണ് ഇതിലേയ്ക്ക് നയിച്ചത്. വണ്ടാഴി പഞ്ചായത്തിലെ മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡും കിഴക്കഞ്ചേരി പഞ്ചായത്തിലെ മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡും തകർന്നിട്ട് മൂന്ന് വർഷമായി. നൂറുകണക്കിന് വീടുകളും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളുമുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. 2017-18-ൽ അർജന്റ് പാച്ച് വർക്കുകളിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡുകൾക്കായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 2019-ലാണ് ടെണ്ടർ നടപടിയിലേയ്ക്ക് വന്നത്. ഏഴുതവണ ടെണ്ടർ ചെയ്തിട്ടും ആരും കരാർ ഏറ്റെടുത്തില്ല. അവസാനം ഏറ്റെടുത്ത കരാറുകാരൻ 10 ലക്ഷം രൂപ വകുപ്പിന് നൽകാമെന്നും തന്നെ പ്രസ്തുത ടെണ്ടറിൽ നിന്ന് ഒഴിവാക്കണമെന്നുമാണ് ആവശ്യപ്പെട്ടത്. എസ്റ്റിമേറ്റിൽ അത്രയധികം ഗുരുതരമായ തെറ്റാണ് സംഭവിച്ചിരിക്കുന്നത്. അത് പരിഹരിക്കാൻ ഇന്നുവരെ ശ്രമിച്ചിട്ടില്ല. പ്രസ്തുത എസ്റ്റിമേറ്റ് റദ്ദാക്കി പുതിയത് തയ്യാറാക്കണമെന്ന് നിരവധി തവണ ഞാൻ ആവശ്യപ്പെട്ടതാണ്. റോഡുകൾ പൂർണ്ണമായും തകർന്നിരിക്കുകയാണ്. അതുകൊണ്ട് റോഡ് പുനർനിർമ്മിക്കുന്നതിന് എത്രയുംവേഗം നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലത്തൂർ മണ്ഡലത്തിലെ രണ്ട് റോഡുകളാണ് മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡും മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡും. ഇതിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 12 ലക്ഷം രൂപ വകയിരുത്തി പാലക്കാട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 19-2-2019-ൽ സാങ്കേതികാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി

2020 ആഗസ്റ്റ് 21 വരെ ഏഴ് തവണ ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ വർക്ക് ഏറ്റെടുക്കാൻ തയ്യാറാകാത്തതുകൊണ്ട് വകുപ്പിന് പ്രവൃത്തി നടപ്പാക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായത്. സമാന സ്വഭാവമുള്ള എസ്റ്റിമേറ്റുകളുള്ള പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുള്ളതും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് ടെണ്ടർ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്തത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതമൂലമല്ലെന്ന് മനസ്സിലാകും. വണ്ടാഴി ഗ്രാമപഞ്ചായത്ത് പരിധിയിലൂടെ കടന്നുപോകുന്നതും ടെണ്ടർ ചെയ്യാൻ കഴിയാതെ വന്നതുമായ മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡ് നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. എം.എൽ.എ. ഫണ്ട് മുഖാന്തരം നടപ്പാക്കുന്ന പ്രസ്തുത റോഡിന്റെ പ്രവൃത്തി തദ്ദേശ റോഡ് വികസന പദ്ധതിയിലൂടെയായതിനാൽ അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. മംഗലം ഡാം-വീട്ടിക്കൽ കടവ് റോഡിന്റെയും മമ്പാട്-പൂവ്വത്തിങ്കലട്ടി റോഡിന്റെയും അറ്റകുറ്റപ്പണികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി; രണ്ട് മഴക്കാലം കഴിഞ്ഞ സാഹചര്യത്തിൽ നിലവിലെ റോഡിന്റെ സ്ഥിതിയിൽ നടത്തേണ്ടതായ അറ്റകുറ്റപ്പണികൾക്ക് ഇപ്പോഴുള്ള എസ്റ്റിമേറ്റ് അപര്യാപ്തമാണ്. ആയതിനാൽ ഈ രണ്ട് റോഡുകൾക്കും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## (4) സീ പോർട്ട് - എയർപോർട്ട് റോഡ്

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട റോഡാണ് സീ പോർട്ട്-എയർപോർട്ട് റോഡ്. സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായിട്ടാണ് ഇതിനെ കാണുന്നത്. സീ പോർട്ട് - എയർപോർട്ട് റോഡിനായി എൻ.എ.ഡി. (നേവൽ ആർമമെന്റ് ഡിപ്പോ) മുതൽ മഹിളാലയം വരെയുള്ള ഏകദേശം ആറ് കിലോമീറ്റർ സ്ഥലം, അതായത് എഴുപത്തിയഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടിവരും. ഈ ഭാഗത്തിന്റെ നിർമ്മാണത്തിനും സ്ഥലം ഏറ്റെടുക്കുന്നതിനുംവേണ്ടി കഴിഞ്ഞ സർക്കാർ കിഫ്ബിയിൽനിന്നും 432 കോടി രൂപ അനുവദിച്ചിരുന്നു. പക്ഷേ നാളിതുവരെ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനോ നിർമ്മാണ പ്രവൃത്തികൾക്കോ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ സ്ഥലത്തെ അലൈൻമെന്റ് തീരുമാനിച്ചിട്ട് വർഷങ്ങളായി. അതിന്റെ ഭാഗമായി പ്രദേശവാസികൾ സ്വാഭാവികമായും വലിയ പ്രതിസന്ധിയിലാണ്. പക്ഷേ സർക്കാർ ഈ ഭൂമി ഏറ്റെടുക്കുന്നതുമില്ല, മറ്റൊരാൾക്ക് വിൽക്കാൻ കഴിയുന്നുമില്ല. ഇവർ വിവരാവകാശ നിയമപ്രകാരം അന്വേഷിച്ചപ്പോൾ വിൽക്കുന്നതിന് സാങ്കേതിക പ്രശ്നമില്ലെന്നാണ് അറിഞ്ഞത്. എന്നാൽ അലൈൻമെന്റുള്ള സ്ഥലം വാങ്ങുന്നതിനോ വിൽക്കുന്നതിനോ സാധിക്കുന്നില്ല. മക്കളുടെ കല്യാണത്തിനോ അല്ലെങ്കിൽ മറ്റ്

ആവശ്യങ്ങൾക്കോവേണ്ടി സ്ഥലം വിൽക്കാനോ മറ്റും ചെയ്യാൻ സാധിക്കാത്ത ധർമ്മസങ്കടത്തിലാണ് പ്രദേശവാസികൾ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരന്തരമായി ഫോളോ അപ് നടത്തിയെങ്കിലും ഭൂമി ഏറ്റെടുക്കുന്ന നടപടിയിലേയ്ക്ക് പോയിട്ടില്ല. നാട്ടിൻപുറത്ത് പറയുന്നതുപോലെ ചെകുത്താനും കടലിനും ഇടയിലാണ് അവിടത്തെ ജനങ്ങൾ. അതുകൊണ്ട് എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രി ഇതിൽ ഇടപെട്ട് ഭൂമി ഏറ്റെടുത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും പദ്ധതി പൂർത്തിയാക്കുകയും ചെയ്താൽ അത് മഹത്തായ കാര്യമായിരിക്കും. കൂടാതെ ചൊവ്വര മുതൽ എയർപോർട്ട് വരെയുള്ള ഭൂമിയും ഏറ്റെടുക്കാനുണ്ട്. നാല് കിലോമീറ്ററോളം വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ഏകദേശം 230 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. അതിനാവശ്യമായ തുകയും അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. സൂചിപ്പിച്ച സീ പോർട്ട് - എയർപോർട്ട് റോഡ് രണ്ടാം ഘട്ടത്തിലെ കളമശ്ശേരി എച്ച്.എം.ടി. റോഡ് മുതൽ എൻ.എ.ഡി. വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം നടന്നുവരുന്നു. എച്ച്.എം.ടി.-യുടെയും എൻ.എ.ഡി.-യുടെയും ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.എ.ഡി. മുതൽ മഹിളാലയം വരെയുള്ള പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകുകയും 437.28 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠന റിപ്പോർട്ട് പരിശോധിച്ച സമിതിയുടെ അവലോകന റിപ്പോർട്ട് ജില്ലാ കളക്ടർ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിച്ച് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. മഹിളാലയം മുതൽ ചൊവ്വര വരെയുള്ള രണ്ട് പാലങ്ങളുൾപ്പെടെയുള്ള ഭാഗം 2017-ൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള ഭാഗത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(5) മലയോര ഹൈവേ

ശ്രീ. ഒ. ആർ. കേളു: സർ, മാനന്തവാടിയിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റും എസ്റ്റിമേറ്റും സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിനുശേഷം അലൈൻമെന്റിലും എസ്റ്റിമേറ്റിലും ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെന്ന് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യും ചീഫ് എഞ്ചിനീയറും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്തി വീണ്ടും സമർപ്പിച്ചെങ്കിലും പദ്ധതി ടെണ്ടർ ചെയ്യാനോ തുടർ നടപടികളിലേയ്ക്ക് പോകാനോ സാധിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ ത്വരിതപ്പെടുത്തി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-7-2017-ൽ ഭരണാനുമതി നൽകിയ മലയോര ഹൈവേയെക്കുറിച്ചാണ് പറഞ്ഞത്. മലയോര ഹൈവേയിൽ വയനാട് ജില്ലയിലെ മലയോര ഹൈവേയുടെ ഒന്നാംഘട്ടം ഉൾപ്പെട്ടിരുന്നു. മൂന്ന് റീച്ചുകളായുള്ള പ്രവൃത്തിക്ക് 11-2-2020-ൽ 114.12 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചതാണ്. 31-12-2020-ലെ 70-ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചെങ്കിലും എസ്റ്റിമേറ്റ് പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കുകയാണുണ്ടായത്. 30-3-2021-ൽ പുനഃസമർപ്പിച്ച എസ്റ്റിമേറ്റ് മൂന്ന് ഭാഗങ്ങളായി ഓരോ റീച്ചിനും ഓരോ എസ്റ്റിമേറ്റായാണ് നൽകിയിരുന്നത്. ഒറ്റ സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തിയായതിനാൽ ഒരുമിച്ച് സാങ്കേതികാനുമതി നൽകേണ്ടതുണ്ട്. അതനുസരിച്ച് മൂന്ന് റീച്ചുകളുടെയും എസ്റ്റിമേറ്റ് ചേർത്ത് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ആയത് ഉടൻ ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതും കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതുമാണ്.

### (6) ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് 24 കിലോമീറ്റർ ദൈർഘ്യമുള്ള ഈരാറ്റുപേട്ട-വാഗമൺ റോഡ്. മാത്രമല്ല കേരളത്തിന്റെ ടൂറിസം മാപ്പിൽ ഏറ്റവും പ്രസക്തിയുള്ള വാഗമണ്ണിലേയ്ക്കുള്ള പ്രധാനപ്പെട്ട റോഡും കൂടിയാണിത്. 1961-ൽ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി യശഃശരീരനായ ഡി. ദാമോദരൻ പോറ്റിയാണ് പ്രസ്തുത റോഡ് ഉദ്ഘാടനം ചെയ്തത്. അതിനുശേഷം കുഴിയടയ്ക്കൽ തുടങ്ങിയ അറ്റകുറ്റപ്പണികൾ ഒഴികെ ഒരു ഇംപ്രൂവ്മെന്റും ആ റോഡിനുണ്ടായിട്ടില്ല. ഇപ്പോൾ അത് ഒരു നിലയിലും ഗതാഗതയോഗ്യമല്ലാതെ അങ്ങേയറ്റം ദുഷ്കരമായ സ്ഥിതിയിലാണ്. കൊറോണ വൈറസ് വരുന്നതിനുമുമ്പ് ടൂറിസം സീസണിൽ ഒരു മിനിട്ടിൽ ഒരു വാഹനം വീതം ആ റോഡുവഴി സഞ്ചരിച്ചിരുന്നതാണ്. മൂന്നുനാല് മണിക്കൂറുകൾ കൊണ്ടാണ് ഇരുപത്തിനാല് കിലോമീറ്റർ ദൈർഘ്യമുള്ള ഈ റോഡിലൂടെ സഞ്ചരിക്കാൻ കഴിയുന്നത്. അത്രയേറെ ട്രാഫിക് ബ്ലോക്കുള്ള ഒരു റോഡാണിത്. അതിലുപരി ഈ റോഡ് തീക്കോയ് ഗ്രാമപഞ്ചായത്തിന്റെ ഏക ഗതാഗത മാർഗ്ഗംകൂടിയാണ്. വാഗമൺ ടൗണിന്റെ ബോർഡർവരെ തീക്കോയ് ഗ്രാമപഞ്ചായത്താണ്. ആ പഞ്ചായത്തിലെ ജനങ്ങൾക്ക് ബാഹ്യ ലോകവുമായി ബന്ധപ്പെടാനുള്ള ഏക മാർഗ്ഗം തീക്കോയ്-ലൂടെ കടന്നുപോകുന്ന വാഗമൺ റോഡാണ്. ഈ റോഡിന് 2017-ൽ കിഫ്ബി മുഖാന്തരം 63.99 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നാണ് അറിയുന്നത്. തുടർന്ന് RICK (Road Infrastructure

Company Kerala Limited)-നെ ഈ റോഡിന്റെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുമുണ്ട്. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണം ആരംഭിക്കാൻ സാധിച്ചില്ല. സാങ്കേതിക തടസ്സങ്ങളാൽ ഒരു നാടിന്റെ വികസനമാകെ തടസ്സപ്പെട്ടിരിക്കുന്ന ദുരവസ്ഥയാണുള്ളത്. അതുകൊണ്ട് അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് ആ റോഡിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ. ഉന്നയിച്ച ഈരാറ്റുപേട്ട - വാഗമൺ റോഡ് ബി.എം. ആൻഡ് ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 63.99 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 85.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 4.458 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. RICK എന്ന സ്ഥാപനമാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നത്. സ്ഥലമേറ്റെടുക്കുന്നതിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 25-8-2020-ന് റവന്യൂ വകുപ്പിന് ഫൈനൽ അലൈൻമെന്റും സ്കെച്ചും നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. റോഡ് വികസനത്തിനുള്ള സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കാവുന്നതാണ്.

(7) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് വികസനം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. എറണാകുളത്തിന്റെ മുഖമാണ് എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ്. 1968 നവംബർ മാസം ഒന്നാം തീയതി അന്നത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഇ. കെ. ഇമ്പിച്ചി ബാവയും കൂടി ഉദ്ഘാടനം ചെയ്ത ബസ് സ്റ്റാൻഡ് കെട്ടിടമാണ് ഇന്ന് എറണാകുളത്തുള്ളത്. ആ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ ശോചനീയമാണ്. ചെറിയൊരു മഴ പെയ്താൽപ്പോലും ബസ് സ്റ്റാൻഡിനകത്ത് നിൽക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഗ്യാരേജിനെക്കാൾ താഴ്ന്നാണ് ബസ് സ്റ്റാൻഡ് കെട്ടിടം നിൽക്കുന്നത്. കഴിഞ്ഞ മാസം 15-ാം തീയതിയുണ്ടായ മഴയിൽ ആ പ്രദേശത്ത് മുഴുവൻ പ്രളയമായിരുന്നു. അടിയന്തരമായി അക്കാര്യത്തിൽ ഇടപെടണം. നിലവിലുള്ള കെട്ടിടം ഏതുസമയത്തും നിലംപൊത്താമെന്ന അവസ്ഥയിൽ നിൽക്കുകയാണ്. ഗ്യാരേജും ബസ് സ്റ്റാൻഡും സ്ഥിതി ചെയ്യുന്ന 4.77 ഏക്കറും അതിനോട് ചേർന്ന് കാരിക്കാമുറി പ്രദേശത്തായി 3.46 ഏക്കറുമുൾപ്പെടെ ആകെ 8.23 ഏക്കർ സ്ഥലമാണുള്ളത്. എറണാകുളം

പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഏറ്റവും വിലപിടിപ്പുള്ള സ്ഥലത്ത് നിലനിൽക്കുന്ന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ അവസ്ഥ ദയനീയമാണ്. അവിടെ നിന്നും കെ.എസ്.ആർ.ടി.സി. ഒരു ദിവസം 89 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയും 471-ഓളം ബസ്സുകൾ വന്നുപോകുകയും 940-ഓളം ട്രിപ്പുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഏകദേശം ഇരുപത്തയ്യായിരത്തിനും മുപ്പതിനായിരത്തിനും ഇടയ്ക്കുള്ള യാത്രക്കാർ ഈ ബസ് സ്റ്റാൻഡ് ഉപയോഗിക്കുന്നു. പ്രസ്തുത സ്റ്റാൻഡിന്റെ ജീർണ്ണാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ വികസനത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട എറണാകുളം എം.എൽ.എ. ഉന്നയിച്ചത്. എറണാകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡ് സ്ഥിതി ചെയ്യുന്നത് 4.77 ഏക്കർ സ്ഥലത്താണ്. അതിനോട് ചേർന്നുള്ള കാരിക്കാമുറിയിൽ 3.46 ഏക്കർ സ്ഥലവുമുണ്ട്. ഈ രണ്ട് സ്ഥലങ്ങൾക്കും മധ്യേയാണ് മുല്ലശ്ശേരി കനാൽ കടന്നുപോകുന്നത്. ബസ് സ്റ്റാൻഡിന് ചുറ്റുമുള്ള കാനയിലേയ്ക്ക് വെള്ളം പോകാത്തതിനാൽ മഴക്കാലത്ത് വെള്ളക്കെട്ടുമൂലമുള്ള പ്രശ്നങ്ങളുണ്ടാകാറുണ്ട്. കൂടാതെ ബസ് സ്റ്റാൻഡ് കെട്ടിടം യാർഡിനെക്കാളും താഴ്ന്നിരിക്കുന്നതിനാൽ മഴക്കാലത്ത് ഇതിനുള്ളിലെത്തുന്ന വെള്ളം പുറത്തുപോകാതെ കെട്ടിനിൽക്കുന്നുമുണ്ട്. ഇത് യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നത് വസ്തുതയാണ്. എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ ഓപ്പറേഷൻ ബ്രേക്ത്രൂ പദ്ധതി നടപ്പാക്കിയാൽ മാത്രമെ ഇവിടത്തെ വെള്ളക്കെട്ട് പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. 2021 ജനുവരിയിൽ ബഹുമാന്യനായ മുൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷത്തിൽ എറണാകുളം ബസ് സ്റ്റാൻഡിൽ വാണിജ്യാടിസ്ഥാനത്തിലുള്ള പുനരുദ്ധാരണം നടത്തുമെന്ന് പരാമർശിച്ചിട്ടുണ്ട്. കാരിക്കാമുറിയിൽ ആധുനിക സൗകര്യങ്ങളുള്ള ബസ് സ്റ്റാൻഡ് സ്ഥാപിച്ച് നിലവിലുള്ള ബസ് സ്റ്റാൻഡും ഗ്യാരേജും അങ്ങോട്ടുമാറ്റി ഇപ്പോൾ ബസ്സ്റ്റാൻഡ് നിൽക്കുന്ന സ്ഥലത്ത് വാണിജ്യ സമുച്ചയം സ്ഥാപിക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്. കിഫ്ബി മുഖാന്തരമുള്ള ധനസഹായം, മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭം എന്നീ മാർഗ്ഗങ്ങളിലൂടെ പദ്ധതി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ബസ് സ്റ്റാൻഡ് കാരിക്കാമുറിയിലേയ്ക്ക് മാറ്റുന്നതിലൂടെ റെയിൽവേ, മെട്രോ റെയിൽ, ബസ് സ്റ്റാൻഡ് എന്നിവ ഒരു ഹബ്ബ് പോലെ പ്രവർത്തിക്കുന്നതിന് വളരെ സൗകര്യപ്രദമായിരിക്കും. എറണാകുളം സൗത്ത് - എറണാകുളം നോർത്ത് കോറിഡോറിന്റെ ഭാഗമായി റെയിൽവേ

സ്റ്റേഷനിൽനിന്ന് ബസ് സ്റ്റാൻഡിലേയ്ക്കുള്ള റോഡ് വികസിപ്പിക്കുന്നത് യാത്ര കൂടുതൽ സുഗമമാക്കും. ഇതിന് ജില്ലാ ഭരണകൂടം, കൊച്ചി കോർപ്പറേഷൻ, റെയിൽവേ എന്നിവയുടെയും റവന്യൂ, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളുടെയും ഏകോപനം ആവശ്യമാണ്.

(8) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാച്ചെലവ്

മി. സ്പീക്കർ: ഇത് നേരത്തെ ചർച്ച ചെയ്ത വിഷയമായതിനാൽ അങ്ങയുടെ ആവശ്യം മാത്രം സ്പെസിഫിക്കായി ഉന്നയിക്കണം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കോവിഡ് മഹാമാരിക്കെതിരെ പൊരുതുന്ന കേരളത്തിലെ ആരോഗ്യ പ്രവർത്തകരെ സല്യൂട്ട് ചെയ്തുകൊണ്ട് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുകയാണ്. സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചെലവ് സർക്കാർ വഹിക്കണമെന്നത് സംബന്ധിച്ചാണ് ഞാൻ സബ്മിഷൻ നോട്ടീസ് നൽകിയത്. പക്ഷേ ഇപ്പോൾ എഴുതിയിട്ടുള്ളത് 'കോവിഡ് ആശുപത്രികളിലെ ചികിത്സാ ചെലവ് എന്ന് മാത്രമാണ്. സർക്കാർ ആശുപത്രികളിലെ സംവിധാനങ്ങൾ മതിയാകാതെ വരുമ്പോഴാണ് പാവപ്പെട്ട രോഗികൾ സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകുന്നത്. സ്വകാര്യ ആശുപത്രികളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക: ജനറൽ വാർഡ്-2,910 രൂപ, എച്ച്.ഡി.യു.-4,175 രൂപ, ഐ.സി.യു.-8,580 രൂപ, ഐ.സി.യു. വിത്ത് വെന്റിലേറ്റർ 15,180 രൂപ എന്നിങ്ങനെയാണ്. ഇത് ഒരു മാസത്തേയ്ക്കുള്ളതല്ല, ഒരു ദിവസത്തെ ചെലവാണ്. ഒരു ദിവസത്തെ ചെലവായ 15,000 രൂപ പാവപ്പെട്ട രോഗി വഹിക്കുന്നത് എങ്ങനെയാണ്? കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും കോവിഡ് ചികിത്സയ്ക്ക് വേണ്ടത്ര സംവിധാനമില്ലാത്തതിനാൽ മംഗലാപുരത്തെ ആശുപത്രികളെയാണ് ജനങ്ങൾക്ക് ആശ്രയിക്കേണ്ടിവരുന്നത്. അവിടെ ഒരു ദിവസം 20,000 രൂപയാണ് ചെലവഴിക്കേണ്ടിവരുന്നത്. പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം ഈ ചെലവ് താങ്ങാൻ പറ്റുന്നതല്ല. കോവിഡ് മാറിക്കഴിയുമ്പോൾ കേരളത്തിൽ വീടും പറമ്പുമില്ലാത്ത കുറേ ആളുകളായിരിക്കും നമ്മുടെ മുന്നിലേയ്ക്ക് വരുന്നതെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ടുതന്നെ സർക്കാർ ഈ ചെലവ് വഹിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, മറുപടി വളരെ ദീർഘമായതിനാൽ മേശപ്പുറത്ത് വയ്ക്കുകയാണ് *. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. കോവിഡ് ബാധിതരായ മുഴുവൻ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ആദ്യകാലങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമായിരുന്നു കോവിഡ് ചികിത്സയുണ്ടായിരുന്നത്. എന്നാൽ രോഗികളുടെ എണ്ണം കൂടുമെന്നുള്ള വിദഗ്ദ്ധരുടെ അഭിപ്രായത്തെത്തുടർന്ന് സ്വകാര്യ മേഖലയിലെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്താൻ ശ്രമിച്ചു. അതിന്റെ ഫലമായി 6-7-2020-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന കാസ്പ് (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) ആനുകൂല്യത്തിന് അർഹരായവരും സർക്കാർ റഫർ ചെയ്യുന്നതുമായ കോവിഡ് രോഗികൾക്ക് ചികിത്സയ്ക്കായി ഒരു നിരക്ക് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഇരുന്നൂറ്റി അറുപത്തിമൂന്നോളം സ്വകാര്യ ആശുപത്രികളെയാണ് എംപാനൽ ചെയ്തത്. സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുന്ന കോവിഡ് രോഗികൾക്കുവേണ്ടി ഇതുവരെ 132.61 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളത്. സർക്കാർ മുഖേനയല്ലാതെ സ്വകാര്യ ആശുപത്രികളിലെത്തുന്ന രോഗികളുടെ ചികിത്സാനിരക്ക് നിജപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ചികിത്സ തേടുന്നവർക്ക് ചികിത്സാനിരക്ക് സംബന്ധിച്ച പരാതി നൽകാനായി പരാതി പരിഹാര സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. അതുകൂടാതെ ഒരു സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അവിടെയും പരാതിപ്പെടാവുന്നതാണ്.

## IV ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### കോവിഡ് വാക്സിൻ

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, "കഴിഞ്ഞ ഒന്നരവർഷക്കാലമായി ലോകരാഷ്ട്രങ്ങളെ പിടിച്ചുകുലുക്കുന്ന മഹാമാരിയായ കോവിഡ് 19-നെ പ്രതിരോധിക്കാൻ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ വിവിധ തരത്തിലുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ ആദ്യ ഘട്ടത്തിൽ ലോക് ഡൗൺ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടിവന്നതിനാൽ ദുർബ്ബലമായ സമ്പദ്ഘടനയെ അത് കൂടുതൽ പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്.

കോവിഡിന്റെ ഒന്നാം തരംഗംതന്നെ സമ്പദ്ഘടനയെ പ്രതിസന്ധിയിൽ എത്തിച്ച ഘട്ടത്തിലാണ് ഈ മഹാമാരിയുടെ രണ്ടാം തരംഗം ഉണ്ടായിരിക്കുന്നത്. കോവിഡ്-19 മഹാമാരിയെ ഉന്മൂലനം ചെയ്യുന്ന ലക്ഷ്യത്തിന് എല്ലാ തലത്തിലുമുള്ള

സർക്കാരുകളും പരമപ്രാധാന്യത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. ഇതിനായുള്ള ഏറ്റവും നല്ല മാർഗ്ഗം സാമൂഹ്യതലത്തിൽ കോവിഡ്-19 മഹാമാരിക്കെതിരെയുള്ള പ്രതിരോധ നിർമ്മിതിയാണ്. ഇതിന് ഏറ്റവും പ്രധാനമായത് സാർവ്വത്രികമായ വാക്സിനേഷനാണ്. അത് എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ വാക്സിൻ സൗജന്യവും സാർവ്വത്രികവുമായി നൽകാൻ കഴിയണം. അതിലൂടെ വാക്സിനേഷൻ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുക എന്നതാണ് ഇപ്പോൾ നമുക്ക് മുന്നിലുള്ള അടിയന്തരമായ കടമ.

വാക്സിൻ ഉൽപ്പാദനത്തിലെ കുറവും വാക്സിന് ലോകത്താകെയുള്ള ആവശ്യക്കാരുടെ എണ്ണവും മുതലെടുത്ത് പരമാവധി സാമ്പത്തിക ചൂഷണം നടത്താനാണ് വാക്സിൻ ഉൽപ്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്. ഈ സാഹചര്യത്തിൽ സർക്കാർ ഉടമസ്ഥതയിലെ പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ നിർബന്ധിത ലൈസൻസിംഗ് വ്യവസ്ഥ ഉപയോഗപ്പെടുത്തി വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്. വാക്സിനേഷനുമായി ബന്ധപ്പെട്ട് സർക്കാർ ചെലവഴിക്കുന്ന തുക വൃഥാവിലാണെന്ന കാഴ്ചപ്പാടല്ല വേണ്ടത്. ജനജീവിതം സാധാരണ നിലയിലാവുകയും വാണിജ്യ വ്യാപാര സേവനരംഗങ്ങൾ സ്വാഭാവികത വീണ്ടെടുക്കുകയും ചെയ്യുന്നതിലൂടെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും രാജ്യത്തെ കൈപിടിച്ചുയർത്താൻ കഴിയും. ഈ യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കേന്ദ്ര സർക്കാരിന് കഴിയണം.

മുൻകാലങ്ങളിൽ മഹാമാരിയെ പ്രതിരോധിക്കാനുള്ള വാക്സിനുകൾ സൗജന്യമായി നൽകുക എന്നത് ഒരു നയമായി നമ്മുടെ രാജ്യം സ്വീകരിച്ചിരുന്നു. എന്നാൽ, അതിൽനിന്നും വ്യത്യസ്തമായ നടപടികളാണ് ഇപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടാകുന്നത്. കേന്ദ്ര സർക്കാർ വാക്സിൻ സൗജന്യമായി നൽകുന്നതിനു പകരം സംസ്ഥാനങ്ങളോട് കമ്പോളങ്ങളിൽ മത്സരിക്കാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. സംസ്ഥാനങ്ങൾ പ്രത്യേകമായി വാക്സിൻ വാങ്ങുന്നതിനു പകരം കേന്ദ്ര സർക്കാർ ആഗോള ടെണ്ടറിലൂടെ രാജ്യത്തിനാകെ വാക്സിൻ വാങ്ങാൻ നടപടി യെടുത്താൽ അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭം ചെറുതായിരിക്കില്ല. കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ നൽകാനുള്ള കാര്യക്ഷമമായ സംവിധാനം നിലവിലുണ്ട്. അതിനാൽ വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും നമുക്കു കഴിയും.

വർത്തമാന കാലത്ത് കോവിഡ് പ്രതിരോധത്തിന് അത്യന്താപേക്ഷിതമായ വാക്സിൻ കേന്ദ്ര സർക്കാർ സമയബന്ധിതവും സൗജന്യവുമായി ലഭ്യമാക്കണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് എല്ലാ പിന്തുണയും നേതാക്കൾ അറിയിച്ചതാണ്. അതുകൊണ്ടുതന്നെ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഈ പ്രമേയത്തെ ശക്തിപ്പെടുത്താനുള്ള ചില ഭേദഗതികളാണ് നിർദ്ദേശിക്കുന്നത്. ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ ഒൻപതാം വരിയിൽ,

"പരിഗണിക്കേണ്ടതാണ്" എന്നതിനുപകരം "സ്വീകരിക്കണം" എന്ന് ചേർക്കുക.

അതായത് '......വാക്സിൻ നിർമ്മാണം ആരംഭിക്കാനുള്ള നടപടി കേന്ദ്ര സർക്കാർ പരിഗണിക്കേണ്ടതാണ്' എന്നാണ് പ്രമേയത്തിലുള്ളത്. അത് സ്പെസിഫിക്കായി പറയണം; ഒരു സ്പഷ്ടത വേണം. അതിന് 'പരിഗണിക്കേണ്ടതാണ്' ' എന്നല്ല 'സ്വീകരിക്കണം' എന്ന് മാറ്റം വരുത്തണം.

2. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ പതിനേഴാം വരിയിൽ,

"കേന്ദ്രസർക്കാറിന് കഴിയണം" എന്നതിനുശേഷം താഴെപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ലോകരാഷ്ട്രങ്ങൾ പലതും ഈ ദിശയിൽ ഏറെ മുന്നേറി എങ്കിലും, നമ്മൾ വളരെ പുറകിലാണ്. ലോകത്തെ പല രാജ്യങ്ങളും ഇതിനകം സമ്പൂർണ്ണ വാക്സിനേഷൻ പൂർത്തീകരിച്ചിട്ടുണ്ട്."

നമ്മൾ എന്നതുകൊണ്ട് ഉദ്ദേശിച്ചത് ഇന്ത്യയെ ആണ്. പ്രമേയത്തിന്റെ സമഗ്രതയ്ക്കായി ഇങ്ങനെ മാറ്റം വരുത്തണം.

3. പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാലാം വരിയിലെ,

"ആവശ്യക്കാർക്ക്" എന്നതിനുപകരം "പൊതുജനങ്ങൾക്ക്" എന്ന് ചേർക്കുക.

ഇത് ആവശ്യക്കാർക്ക് കൊടുക്കുന്ന സാധനമല്ല. "...കേരളത്തിൽ കോവിഡ് വാക്സിൻ ആവശ്യക്കാർക്ക് ഫലപ്രദമായ രീതിയിൽ..." എന്നാണ് പറഞ്ഞിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി കോളനികളിലേയ്ക്ക് വാക്സിനുമായി ചെന്നപ്പോൾ അവരത് സ്വീകരിക്കാൻ തയ്യാറാകുന്നില്ല. ഇതുസംബന്ധിച്ച് അവരെ ബോധ്യപ്പെടുത്തണം. ആവശ്യക്കാർക്കല്ല, കേരളത്തിലെ മുഴുവൻ ജനങ്ങൾക്കുമാണ് നമ്മൾ വാക്സിൻ നൽകേണ്ടത്.

4. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ,</u>

"അതിനാൽ" എന്നതിന് ശേഷം "കേരളം ആവശ്യപ്പെടുന്ന" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

5. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനേഴാം വരിയിൽ,</u>

"തീർച്ചയായും" എന്നതിന് ശേഷം വരുന്ന "നമുക്ക്" എന്നതിനുപകരം "കേരളത്തിനു" എന്ന വാക്ക് ചേർക്കുക.

അതായത് "അതിനാൽ കേരളം ആവശ്യപ്പെടുന്ന വാക്സിൻ ലഭ്യമായാൽ ഈ രോഗത്തെ പ്രതിരോധിക്കാൻ തീർച്ചയായും കേരളത്തിനു കഴിയും" എന്നാക്കണം. 'നമുക്കു കഴിയും' എന്നാണ് പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത്. നമ്മൾ പറയുമ്പോൾ 'നമുക്ക് കഴിയും' എന്നുപറയാം. എന്നാൽ ഈ പ്രമേയം കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുമ്പോൾ അവിടെ കുറേക്കൂടി ഉചിതമായ വാക്ക് "കേരളത്തിനു കഴിയും" എന്നുള്ളതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഈ പ്രമേയത്തെ സ്വാഗതം ചെയ്യുന്നതോടൊപ്പം ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

6. <u>പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ,</u>

"കോവിഡ്-19 നെ പ്രതിരോധിക്കാൻ" എന്നതിന് പകരം "കോവിഡ് - 19 ന്റെ രണ്ടാം തരംഗത്തിന്റെ വ്യാപനം തടയുന്നതിനും ഇനി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുന്ന മൂന്നാം തരംഗത്തെ പ്രതിരോധിക്കാനും" എന്ന് ചേർക്കുക.

7. <u>പ്രമേയത്തിലെ ഒന്നാം ഖണ്ഡികയിലെ,</u>

"ദുർബലമായ സമ്പദ്ഘടനയെ" എന്നതിന് പകരം "സംസ്ഥാനത്തിന്റെ ദുർബലമായ സമ്പദ്ഘടനയെ" എന്ന് ചേർക്കുക.

ദുർബലമായ സമ്പദ്ഘടന കേന്ദ്രത്തിന്റെയാണോ സംസ്ഥാനത്തിന്റേതാണോ തദ്ദേശഭരണ സ്ഥാപനങ്ങളുടേതാണോ എന്നുള്ള സംശയം ഉണ്ടാകാൻ പാടില്ല.

8. <u>പ്രമേയത്തിലെ രണ്ടാം ഖണ്ഡികയിലെ,</u>

"പരമപ്രാധാന്യത്തോടെ" എന്നതിനുശേഷം "ഒത്തൊരുമിച്ച്" എന്ന് കൂട്ടി ചേർക്കുക.

ഇവിടെ ഇന്ന് രാവിലെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും വന്ന പൊതുവികാരം കണക്കിലെടുത്ത് 'ഒത്തൊരുമിച്ച് ' എന്നുള്ള വാക്ക് നിർബന്ധമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിനിടയ്ക്ക് അത് നഷ്ടപ്പെട്ടുപോകുകയും ചെയ്തു.

9. <u>പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,</u>

"ഉത്പാദന കമ്പനികൾ ലക്ഷ്യമിടുന്നത്" എന്നതിനുശേഷം "കൂടാതെ ആദ്യഘട്ടത്തിൽ രാജ്യത്തെ ജനങ്ങൾക്ക് വാക്സിൻ നൽകാതെ വാക്സിനുകൾ വിദേശത്തേക്ക് കയറ്റുമതി ചെയ്ത കേന്ദ്ര നടപടിയും രാജ്യത്തെ ഇപ്പോഴത്തെ വാക്സിൻ ദൗർലഭ്യതയ്ക്ക് കാരണമായി" എന്ന് ചേർക്കുക.

കാരണം, നമ്മുടെ ജനങ്ങളുടെ കാര്യം നോക്കാതെ വിദേശത്തേയ്ക്ക് വാക്സിൻ കയറ്റിയയച്ച് മേനിനടിക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുകയാണ് ചെയ്തത്.

10. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ,</u>

"ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്" എന്നതിന് ശേഷം "കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ടിലായ സംസ്ഥാനത്തെ കേന്ദ്രസർക്കാരിന്റെ ഈ നടപടി കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലാക്കും" എന്ന് ചേർക്കുക.

എന്റെ ഈ ഭേദഗതികളെല്ലാം അംഗീകരിക്കാവുന്നതാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സർക്കാർ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. സാർവ്വത്രികമായ വാക്സിനേഷൻ പരാജയപ്പെടാനിടയാക്കിയ മൂന്ന് പ്രധാനപ്പെട്ട കാരണങ്ങൾകൂടി പ്രമേയത്തിൽ കൃത്യമായും എഴുതിച്ചേർക്കണമെന്ന് ആവശ്യപ്പെടുകയാണ്. പ്രമേയത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

സ്വന്തം ആവശ്യത്തിന് നീക്കിവയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് വാക്സിൻ കയറ്റി അയച്ചു. AstraZeneca കമ്പനി പണം ചെലവഴിച്ച് Oxford University വികസിപ്പിച്ചെടുത്ത ChAdOx-1 എന്ന Chimpanzee Adenovirus Oxford-1 വാക്സിൻ സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയെ മാത്രം ഏൽപ്പിച്ചു. എന്നിട്ട് അവർ ഉൽപ്പാദിപ്പിക്കുന്ന കോവിഷീൽഡ് വാക്സിൻ രാജ്യത്തെ ജനതയ്ക്ക് നൽകാതെ കയറ്റി അയച്ചു. ലോകരാജ്യങ്ങൾ മുഴുവൻ വാക്സിനുകൾ വാങ്ങിക്കൂട്ടുമ്പോൾ ഇന്ത്യൻ പൊതുമേഖലാ സ്ഥാപനമായ Indian Council of Medical Research (ICMR) പരീക്ഷണം നടത്തി, ഭാരത് ബയോടെക് നിർമ്മിച്ച കൊവാക്സിൻ ഇന്ത്യയിൽ ലഭ്യമാക്കുന്നതോടൊപ്പം അവർ വിദേശത്തേയ്ക്കും കയറ്റി അയച്ചു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ടി. സിദ്ദിഖ്, പ്രസംഗമല്ല നടത്തേണ്ടത്. അങ്ങയുടെ ഭേദഗതി മാത്രം അവതരിപ്പിക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, അതിലേയ്ക്കാണ് വരുന്നത്. സ്വന്തം ആവശ്യത്തിന് വാക്സിൻ നീക്കിവയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചു. രണ്ടാമത്തെ കാര്യം, വാക്സിൻ നിർമ്മാണം ഒറ്റക്കമ്പനിയെ മാത്രം ഏൽപ്പിച്ചു. ലോകവിപണിയിലുള്ള നല്ല വാക്സിനുകൾ ഇന്ത്യയിൽ ലഭ്യമാക്കാതെ കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനമാണ് സാർവ്വത്രിക വാക്സിനേഷൻ പരാജയപ്പെടുന്നതിനിടയാക്കിയ പ്രധാന കാരണം. ...(ബഹളം)...

മി. സ്പീക്കർ: അദ്ദേഹം പുതിയ അംഗമാണ്. ശ്രീ. ടി. സിദ്ദിഖ്, മറ്റ് അംഗങ്ങൾ അവതരിപ്പിച്ചതുപോലെ ഭേദഗതി മാത്രം അവതരിപ്പിക്കുക. അതാണ് നടപടിക്രമം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

11. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

"വാക്സിൻ ഉത്പാദനത്തിലെ കുറവും" എന്നതിനുശേഷം "ഇന്ത്യയിൽ നിർമ്മിക്കുന്ന വാക്സിനുകൾ സ്വന്തം ആവശ്യത്തിന് നീക്കി വയ്ക്കാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ചതും, വാക്സിൻ നിർമ്മാണം ഒറ്റകമ്പനിയെ മാത്രം ഏൽപ്പിച്ചതും ലോക വിപണിയിൽ ലഭ്യമായ നല്ല വാക്സിനുകൾ ഇന്ത്യയിൽ ലഭ്യമാക്കാതെയും കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനമാണ് സാർവ്വത്രിക വാക്സിനേഷൻ പരാജയപ്പെടുന്നതിലെ പ്രധാന കാരണം" എന്ന് കൂട്ടിച്ചേർക്കുക.

12. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

"പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിൽ" എന്നതിന് പകരം ഇനി പറയുന്നവ കൂട്ടിച്ചേർക്കുക.

"പൊതുമേഖലയിലുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനികളിലും സർക്കാർ നിയന്ത്രണ വിധേയമായി സ്വകാര്യ മേഖലയിലും"

13. പ്രമേയത്തിലെ മൂന്നാം ഖണ്ഡികയിലെ,

രണ്ടാം വാചകത്തിന് ശേഷം "കേരളത്തിൽ കെ.എസ്.ഡി.പി. ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയും നിലവിലുള്ളതും പുതിയതുമായ ഫാർമാപാർക്കുകൾ ഉപയോഗിച്ചും വാക്സിൻ നിർമ്മാണം ത്വരിതപ്പെടുത്തുകയും വാക്സിൻ കയറ്റുമതി നിരോധിച്ച് വാക്സിൻ ഇവിടെ ലഭ്യമാക്കിയും വാക്സിൻ ലഭ്യത ഉറപ്പു വരുത്തേണ്ട നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കേണ്ടതാണ്."എന്ന വാചകം കൂട്ടിചേർക്കുക.

14. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയുടെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.</u>

"പൗരന്റെ ആരോഗ്യ സംരക്ഷണ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുന്ന സമീപനവും അതിന്റെ ഭാഗമായി വാക്സിൻ വാങ്ങേണ്ട മുഴുവൻ ഉത്തരവാദിത്വവും സംസ്ഥാനങ്ങൾക്ക് മാത്രമാണെന്ന കേന്ദ്ര സർക്കാർ തീരുമാനവും മാറ്റേണ്ടതുണ്ട്."

15. <u>പ്രമേയത്തിലെ മൂന്നാം ഖണ്ഡികയ്ക്കുശേഷം ഇനിപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക.</u>

"കേന്ദ്ര സർക്കാർ വാക്സിനായി മാറ്റിവെച്ച മുപ്പതിനായിരം കോടി രൂപ ഉപയോഗിച്ച് ഇന്ത്യയിലും സംസ്ഥാന സർക്കാർ മാറ്റിവെച്ച ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജിൽ നിന്നും കേരളത്തിന് വേണ്ടി പണം ചെലവഴിച്ചും വാക്സിൻ ജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം."

16. <u>പ്രമേയത്തിലെ നാലാം ഖണ്ഡികയ്ക്കുശേഷം ഇനിപ്പറയുന്ന പുതിയ ഖണ്ഡിക കൂട്ടിച്ചേർക്കുക.</u>

"അത് രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ലാഭത്തിലുപരി ജനങ്ങളുടെ ജീവന് ഈ മഹാമാരിക്കാലത്ത് രാജ്യം കാണിക്കേണ്ട വലിയ ഉത്തരവാദിത്ത്വവുമാണ്."

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. അനൂപ് ജേക്കബ് എന്നിവർ പ്രമേയത്തിന് നൽകിയ ഭേദഗതികൾ വൈകിയാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിച്ചത് എന്നതിനാൽ അവ സർക്കുലേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അതിനാൽ അവ അവതരിപ്പിക്കാനാകില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇവിടെ അംഗീകരിക്കാൻ പോകുന്ന ഭേദഗതികളോടുകൂടിയ പ്രമേയത്തെ ഞങ്ങൾ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയത്തെ ബഹുമാനപ്പെട്ട സുപ്രീംകോടതിയും അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയും യു.ഡി.എഫ്.-ഉം രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. ജനങ്ങൾക്കെല്ലാം സൗജന്യമായി വാക്സിൻ എത്തിച്ചുകൊടുത്ത് ഒരു പ്രതിരോധശേഷി നമ്മുടെ രാജ്യത്തുണ്ടാക്കി ഈ മഹാമാരിയെ തടുത്തുനിർത്താനുള്ള പൂർണ്ണ ഉത്തരവാദിത്വം കേന്ദ്ര സർക്കാരിനാണെന്നത് വിസ്മരിച്ചുകൊണ്ടാണ് അവർ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. രണ്ട് കുത്തകകൾക്ക് പൂർണ്ണമായി വാക്സിൻ നിർമ്മാണത്തിനുള്ള അവസരം നൽകിയിരിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ മരുന്ന് ഉൽപ്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. ആവശ്യമായ മരുന്നും വാക്സിനും

ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന ഫാർമസ്യൂട്ടിക്കൽ കമ്പനികൾ സ്വകാര്യ മേഖലയിലും സർക്കാർ മേഖലയിലുമുള്ള രാജ്യമാണ് ഇന്ത്യ. കൂടാതെ മൂന്നാം ലോക രാജ്യങ്ങളിലേയ്ക്ക് മരുന്ന് കയറ്റിയയ്ക്കുന്ന ഏറ്റവും വലിയ മരുന്ന് എക്സ്പോർട്ടറാണ് ഇന്ത്യ. ഈ രാജ്യത്തുള്ള ഇത്തരം സംവിധാനങ്ങളെ പ്രയോജനപ്പെടുത്താതെ രണ്ട് സ്ഥാപനങ്ങൾക്ക് മാത്രം വാക്സിൻ നിർമ്മിക്കാനും വില നിശ്ചയിക്കാനുമുള്ള അനുവാദം നൽകികൊണ്ട് കേന്ദ്ര സർക്കാർ ഈ രാജ്യത്തെ ജനങ്ങളെ വഞ്ചിച്ചിരിക്കുകയാണ്. മറ്റ് ഫാർമസ്യൂട്ടിക്കൽ കമ്പനികൾക്ക് വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള അവകാശം നൽകുകയും അവർ ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ പൂർണ്ണമായും കേന്ദ്ര സർക്കാർ ഏറ്റെടുക്കുകയും വിലനിർണ്ണയിക്കുകയും ചെയ്യണം. ഇന്ത്യയിൽ ഇന്ന് നിർമ്മിക്കുന്ന എല്ലാ മരുന്നുകളുടെയും വില നിർണ്ണയിക്കാനുള്ള അവകാശം കേന്ദ്ര സർക്കാർ നിയമിച്ച ഒരു കമ്മിറ്റിക്കാണ്. രാജ്യത്ത് നിലനിൽക്കുന്ന ആ സംവിധാനത്തെ മറികടന്നുകൊണ്ടാണ് വില നിശ്ചയിക്കാനുള്ള അധികാരം കമ്പനികൾക്ക് നൽകിയിരിക്കുന്നത്. വാക്സിൻ ഉൽപ്പാദകരായ കുത്തകക്കാരുടെ ലാഭേച്ഛ കാരണം നമുക്ക് വേറെ മരുന്ന് ലഭിക്കാതെ വരികയും ഈ രണ്ട് കമ്പനികളെ മാത്രം സംസ്ഥാന ഗവൺമെന്റുകൾ ആശ്രയിക്കേണ്ടിവരികയും ചെയ്യും. വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിനും വില നിശ്ചയിക്കുന്നതിനും രണ്ട് കമ്പനികൾക്ക് അവകാശം നൽകിയത് ഈ രാജ്യം ഇന്നുവരെ പുലർത്തിപ്പോന്ന നയത്തിന് പൂർണ്ണമായും എതിരാണ്. ഏത് മരുന്നാണെങ്കിലും വില നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും നൽകേണ്ട വാക്സിന്റെ വില നിശ്ചയിക്കാനുള്ള അധികാരം കമ്പനികൾക്ക് നൽകിയത് ഏറ്റവും ഗുരുതരമായ തെറ്റാണ്. കൂടാതെ വാക്സിൻ സൗജന്യമായി നൽകുമെന്ന് കേന്ദ്ര സർക്കാർ ആദ്യം അവകാശപ്പെടുകയും അതിനുള്ള പണം നീക്കിവയ്ക്കുകയും ചെയ്തശേഷം പിന്നീട് സംസ്ഥാന സർക്കാരുകളോട് അതിനുള്ള പണം കേന്ദ്രത്തിന് കൊടുക്കണമെന്ന് നിർദ്ദേശിക്കുകയാണ്. കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാന സർക്കാരുകളും അതിശക്തമായി ഈ സമീപനത്തെ എതിർത്തിട്ടുണ്ടെന്നുകൂടി പ്രത്യേകമായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ രാജ്യത്തെ ആദ്യത്തെ വാക്സിനേഷനല്ല ഇത്. നമ്മുടെ രാജ്യത്തുനിന്നും സ്മോൾപോക്സ്, പോളിയോ തുടങ്ങിയ അസുഖങ്ങളെ ഉന്മൂലനം ചെയ്തിട്ടുണ്ട്. ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്ക് ഇന്നും വാക്സിനുകൾ നൽകുന്നുണ്ട്. കുഞ്ഞ് ജനിക്കുമ്പോൾ തന്നെ വാക്സിനേഷന്റെ വിവരങ്ങൾ സംബന്ധിച്ച ഒരു കാർഡ് നൽകുന്നുണ്ട്. ഇത്രയും സാമ്പത്തികസ്ഥിതി ഇല്ലാതിരുന്ന, രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ദുർബ്ബലമായിരുന്നൊരു കാലഘട്ടത്തിൽപ്പോലും വാക്സിനുകളെല്ലാം സൗജന്യമായി നൽകാൻ ഇതിനുമുൻപ് ഇവിടെ ഭരിച്ചിരുന്ന കോൺഗ്രസ് ഗവൺമെന്റുകൾ തയ്യാറായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് എല്ലാ വാക്സിനുകളും സൗജന്യമായാണ് നൽകിയിരുന്നത്. ഇന്നും ഈ രാജ്യത്ത് ജനിച്ചുവീഴുന്ന ഓരോ കുട്ടിക്കും വാക്സിനുകൾ സൗജന്യമായി നൽകുമ്പോൾ

കേന്ദ്ര ഗവൺമെന്റ് കോവിഡ് മഹാമാരിക്കെതിരെയുള്ള വാക്സിൻ സൗജന്യമായി നൽകില്ലെന്ന തീരുമാനമെടുത്തത് എന്തുകൊണ്ടാണ്. മാത്രമല്ല, സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിന് നൽകുന്ന വാക്സിന് ഒരു വിലയും സംസ്ഥാന ഗവൺമെന്റുകൾക്ക് നൽകുന്ന വാക്സിന് മറ്റൊരു വിലയുമാണ്. കേന്ദ്രഗവൺമെന്റ് എന്തൊരു വിവേചനമാണ് കാണിക്കുന്നത്? സ്വകാര്യ കമ്പനികൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങളുടെ അടിയിൽ കയ്യൊപ്പ് ചാർത്താനാണോ കേന്ദ്ര സർക്കാർ ഇരിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളോടുള്ള പ്രതികാര നടപടിപോലെയാണ് ജനങ്ങൾക്ക് സഹായകമാകേണ്ട കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. അതുകൊണ്ട് ഈ പ്രമേയത്തിന്റെ സ്പിരിറ്റിനോട് ഞങ്ങൾ പൂർണ്ണമായും യോജിക്കുന്നു. ഇതിനോട് എതിർപ്പുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ഒരുമിപ്പിച്ച് നിർത്തിക്കൊണ്ടുതന്നെ കേന്ദ്ര സർക്കാരിന്റെ വാക്സിൻ നയം തിരുത്തിയെഴുതാനുള്ള പോരാട്ടം നമ്മൾ ഒരുമിച്ച് നടത്തണം. ഈ രാജ്യത്തെ ജനങ്ങളുടെ പിന്തുണ അതിനുണ്ടാകുമെന്ന് ഞങ്ങൾക്ക് പൂർണ്ണമായും ഉറപ്പുണ്ട്. അതിനുവേണ്ടിയുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നതായി അറിയിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ എൻ. ഷംസുദ്ദീൻ എം.എൽ.എ. അവതരിപ്പിച്ച പ്രമേയത്തിലെ നാലാം ഖണ്ഡികയിലെ പതിനാറാം വരിയിലെ, 'അതിനാൽ' എന്നതിനുശേഷം 'കേരളം ആവശ്യപ്പെടുന്ന' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക എന്ന നാലാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റെല്ലാ ഭേദഗതികളുടെയും ആശയവും അന്തഃസത്തയും ഈ പ്രമേയത്തിൽ അന്തർലീനമാണ്.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 4-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച ഭേദഗതികൾ സഭ നിരാകരിച്ചു.

ബഹുമാനപ്പെട്ട ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

# V ക്രമപ്രശ്നം

## ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ദേവികുളം എം.എൽ.എ. 24-5-2021-ൽ ഭരണഘടനയുടെ ആർട്ടിക്കിൾ 188 പ്രകാരം പ്രോടെം സ്പീക്കർ മുൻപാകെ നടത്തിയ പ്രതിജ്ഞ, നമ്മുടെ ഭരണഘടനയുടെ മൂന്നാം ഷെഡ്യൂളിൽ അനുശാസിക്കുന്ന പ്രകാരമുള്ളതായിരുന്നില്ലെന്ന് കണ്ടതിനാൽ നിയമ വകുപ്പിന്റെ ഉപദേശംകൂടി തേടി ഇന്ന് അദ്ദേഹം വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻപാകെ ക്രമപ്രകാരം ദൃഢപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തിരിക്കുകയാണ്. നമ്മുടെ സഭയിൽ ക്രമപ്രകാരമല്ലാതെ പ്രതിജ്ഞ ചെയ്തതിന്റെ പേരിൽ ഇത് മൂന്നാം തവണയാണ് അംഗങ്ങൾ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടി വരുന്നത്. ആദ്യം 1960 മേയ് 12-ന് ശ്രീ. ആർ. സുഗതൻ 'ജനസാക്ഷിയാക്കി നിർത്തി' എന്നുപറഞ്ഞ് തെറ്റായി സത്യപ്രതിജ്ഞ ചെയ്തു. പക്ഷേ അതേദിവസം തന്നെ അത് തിരുത്തി, അദ്ദേഹത്തെക്കൊണ്ട് വീണ്ടും സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചു. രണ്ടാമത്, പതിനൊന്നാം കേരള നിയമസഭയുടെ കാലയളവിൽ 2001 ജൂൺ 5-ാം തീയതി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ഉമേഷ് ചള്ളിയിൽ, ദൈവനാമത്തിനുപകരം ശ്രീനാരായണഗുരുദേവന്റെ പേരിലാണ് പ്രതിജ്ഞ ചെയ്തത്. പ്രസ്തുത സത്യപ്രതിജ്ഞ ഭരണഘടനാ വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതിയിൽ കേസ്സുണ്ടാകുകയും (Haridasan Palayil Vs Speaker of 11th Kerala Legislative Assembly) പ്രസ്തുത സത്യപ്രതിജ്ഞ ഭരണഘടനയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ദൈവനാമത്തിൽ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ മാത്രം നിർവ്വഹിക്കുന്നതിനാണ് ഭരണഘടന നിഷ്കർഷിക്കുന്നതെന്നും കണ്ടെത്തിയ ഹൈക്കോടതി ശ്രീ. ഉമേഷ് ചള്ളിയിലിന്റെ സത്യപ്രതിജ്ഞ റദ്ദാക്കി വീണ്ടും സത്യപ്രതിജ്ഞ ചെയ്യാൻ ഉത്തരവായി. പ്രസ്തുത ഉത്തരവ് പ്രകാരം 17-3-2003-ൽ സ്പീക്കർ മുൻപാകെ അദ്ദേഹം വീണ്ടും സത്യപ്രതിജ്ഞ ചെയ്തു. ആർട്ടിക്കിൾ 188 പ്രകാരമുള്ള സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യുന്നതിനുമുമ്പോ യോഗ്യതയില്ലാതിരിക്കുമ്പോഴോ അയോഗ്യനായിരിക്കുമ്പോഴോ സഭയിൽ ഉപവേശിക്കുന്നതിനും വോട്ട് ചെയ്യുന്നതിനുമുള്ള ശിക്ഷ സംബന്ധിച്ച് ഭരണഘടനയുടെ 193-ാം അനുച്ഛേദത്തിൽ പറയുന്നുണ്ട്. ആർട്ടിക്കിൾ 188-നോട് കണക്ക് ചെയ്തിട്ടാണ് ആർട്ടിക്കിൾ 193 നോക്കേണ്ടത്.

11.00 A.M.]

Article 193 - "Penalty for sitting and voting before making oath or affirmation under Article 188 or when not qualified or when disqualified - If a person sits or votes as a member of the Legislative Assembly or the Legislative Council of a State before he has complied with the requirements of Article 188, or when he knows that he is not qualified or that he is disqualified for membership thereof, or that he is prohibited from so doing by the provisions of any law made by Parliament or the legislature of the State, he shall be liable in respect of each day on which he so sits or votes to a penalty of five hundred rupees to be recovered as a debt due to the State Powers, Privileges and Immunities of State Legislatures and their Members."

ഇവിടെ ദേവികുളം അംഗം ഭരണഘടനാനുസൃതമല്ലാത്ത രീതിയിൽ പ്രതിജ്ഞ ചെയ്ത് 24-5-2021 മുതൽ ഇന്നലെ വരെ 5 ദിവസം സഭയിലിരുന്നിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം ഭരണഘടനയുടെ 193-ാം അനുച്ഛേദപ്രകാരമുള്ള ശിക്ഷയ്ക്ക് അർഹനാണ്. ശ്രീ. ഉമേഷ് ചള്ളിയിൽ ക്രമപ്രകാരമല്ലാതെ സത്യപ്രതിജ്ഞ ചെയ്ത് സഭയിലിരുന്ന 83 ദിവസത്തേയ്ക്ക് 41,500 രൂപ കോടതിവിധി പ്രകാരം അദ്ദേഹത്തിൽനിന്നും ഈടാക്കിയിരുന്നു. ഇതിനെതിരെ അദ്ദേഹം സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും 2013-ൽ കേസ് തള്ളുകയാണുണ്ടായത്. വേറൊരു വിഷയംകൂടി ഇതിനകത്ത് ഉദിക്കുന്നുണ്ട്. 25-5-2021-ൽ നടന്ന സ്പീക്കർ തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട ദേവികുളം മെമ്പർ വോട്ട് ചെയ്തിരുന്നു. നിയമസഭയുടെ Rules of Procedure-ലെ റൂൾ 7(4) പ്രകാരം സത്യപ്രതിജ്ഞ ചെയ്യാത്ത അംഗത്തിന് വോട്ടവകാശം വിനിയോഗിക്കാൻ സാധിക്കുകയില്ല. 1984-ലെ Pashupati Nath Sukul കേസ്സിലെ സുപ്രീംകോടതി വിധി പ്രകാരം പ്രതിജ്ഞയെടുക്കാത്ത അംഗം സഭയുടെ ബിസിനസ്സിൽ പങ്കെടുക്കുന്നതും വോട്ട് ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ രണ്ട് കാര്യങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒന്ന്, ഭരണഘടന അനുശാസിക്കുന്ന വിധത്തിലല്ലാതെ തെറ്റായ രീതിയിൽ പ്രതിജ്ഞയെടുത്ത് അഞ്ച് ദിവസം അംഗമായി സഭയിലിരുന്ന ദേവികുളം അംഗം അപ്രകാരം ഇരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴയടയ്ക്കാൻ ബാദ്ധ്യസ്ഥനാണോ? രണ്ട്, ക്രമപ്രകാരം അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട്

സാധുവാണോ; അല്ലെങ്കിൽ 25-5-2021-ൽ അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് റദ്ദ് ചെയ്യേണ്ടതുണ്ടോ? ഈ രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട അങ്ങയുടെയും സഭയുടെയും മുമ്പാകെ അവതരിപ്പിക്കുന്നു. ഈ രണ്ട് കാര്യങ്ങളിലും അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിലെ ഭരണഘടനാപരവും നിയമപരവുമായ പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച് പിന്നീട് റൂളിംഗ് നൽകുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ചട്ടം 288 അനുസരിച്ച് വ്യക്തിപരമായ വിശദീകരണം ....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ കത്ത് ലഭിച്ചിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറയുമ്പോൾ അങ്ങയെ സംബന്ധിച്ച് വ്യക്തിപരമായിട്ടുള്ള ആക്ഷേപങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. അതുകൊണ്ട് ഇത് ചട്ടം 288-ന്റെ പരിധിയിൽ വരുന്നതല്ല.

## VI ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ. സി. മൊയ്തീൻ: സർ, ഗവർണറുടെ നയപ്രഖ്യാപനത്തിന് ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ വികസനക്ഷേമ മേഖലകളിലെ പ്രവർത്തനങ്ങൾക്കും നയങ്ങൾക്കും ലഭിച്ച അത്യുജ്ജ്വലമായ അംഗീകാരമായിരുന്നു ഈ തെരഞ്ഞെടുപ്പുഫലം. രാജ്യത്തിന് മാതൃകയായി സാമ്പത്തിക നയങ്ങളിലും സാമൂഹ്യക്ഷേമ മേഖലകളിലും മതനിരപേക്ഷ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ലഭിച്ച അംഗീകാരം കൂടിയാണ് ഈ തെരഞ്ഞെടുപ്പുഫലം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഏത് ആപത്ഘട്ടങ്ങളിലും കരുത്തും കരുതലുമായി ഒപ്പം നിൽക്കുന്ന ഒരു സർക്കാരാണിതെന്നും ജനങ്ങളിൽനിന്ന് വേറിട്ടല്ല ഈ സർക്കാർ പ്രവർത്തിക്കുന്നതെന്നുമുള്ള ജനവിശ്വാസമാണ് ഈ അംഗീകാരത്തിന്റെ അടിസ്ഥാനം. മറ്റൊരു വലിയ ഉത്തരവാദിത്വംകൂടി ജനങ്ങൾ രണ്ടാം പിണറായി സർക്കാരിനെ ഏൽപ്പിക്കുന്നുണ്ട്. ഭാവി വികസനത്തിന്റെ ശരിയും സ്ഥായിയുമായ പാത സൃഷ്ടിക്കലാണത്. ആ ലക്ഷ്യമാണ് ഈ നയപ്രഖ്യാപനത്തിലൂടെ

പ്രകടമാകുന്നത്. രാജ്യവും നമ്മുടെ കേരളവും കഴിഞ്ഞ അഞ്ച് വർഷക്കാലം സങ്കീർണ്ണമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോയത്. കേന്ദ്രഗവൺമെന്റ് അടിച്ചേൽപ്പിച്ച നോട്ട് നിരോധനവും ജി.എസ്.ടി. നടപ്പാക്കലും പ്രകൃതി ദുരന്തങ്ങളും പ്രളയവും കോവിഡ് മഹാമാരിയും സാമ്പത്തിക രംഗത്തും സാമൂഹ്യജീവിതത്തിലും പ്രതിസന്ധിയും പ്രയാസങ്ങളും സൃഷ്ടിച്ചെന്ന് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. ഇവയെ അതിജീവിക്കുന്നതിന് സർക്കാരിന്റെ മാതൃകാപരമായ ഇടപെടലുകൾ എല്ലാ മേഖലകളിലുമുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുന്ന പ്രവാസി മലയാളികളുടെ വരുമാനം ഈ പ്രതിസന്ധികൾക്കിടയിൽ കുറഞ്ഞുപോയത് പ്രശ്നം കുറെക്കൂടി സങ്കീർണ്ണമാക്കി. ഈ പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ അഞ്ച് വർഷക്കാലം പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുക മാത്രമല്ല, അതിനപ്പുറത്ത് ഈ പ്രതിസന്ധികളെ അതിജീവിക്കാൻ കഴിഞ്ഞൊരു ഗവൺമെന്റുകൂടിയാണിത്. കാര്യങ്ങളൊന്നും നടക്കുന്നില്ല എന്ന ബോദ്ധ്യത്തിൽനിന്നും കാര്യങ്ങൾ നടക്കുന്നുവെന്ന കാഴ്ചപ്പാട് നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ട അഞ്ച് വർഷക്കാലമാണ് കഴിഞ്ഞുപോയത്. ഇവിടെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടക്കില്ലെന്ന് കരുതിയിരുന്ന സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി ഭൂമി ഏറ്റെടുക്കുന്നതിനായി കിഫ്ബി വഴി എൻ.എച്ച്.എ.ഐ.-യ്ക്കുള്ള പണം നൽകാൻ കഴിഞ്ഞത്. മലയോര-തീരദേശ ഹൈവേകളും ജലപാതയും യാഥാർത്ഥ്യമായി. സംസ്ഥാനത്തിന്റെ മികച്ച ആരോഗ്യ സംവിധാനത്തെക്കുറിച്ച് ഈ അവസരത്തിൽ അഭിമാനത്തോടുകൂടി ഓർക്കുകയാണ്. സംസ്ഥാനത്ത് രൂപീകരിച്ച ആർദ്രം മിഷൻ പദ്ധതിയിലൂടെ കോവിഡ് മഹാമാരിയെ നേരിടാൻ കഴിഞ്ഞത് നമ്മുടെ ആരോഗ്യമേഖലയ്ക്ക് അഭിമാനമാണ്. ഈ നേട്ടങ്ങളാകെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ നാട്ടിലെ പള്ളിക്കൂടങ്ങൾ ഏറ്റവും മികച്ചതായതിൽ നാം ഓരോരുത്തരും അഭിമാനിക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നവർ, പ്രതിപക്ഷത്തുള്ളവരുൾപ്പെടെ തങ്ങളുടെ മണ്ഡലത്തിൽ നടന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി സോഷ്യൽ മീഡിയയിലൂടെയും ഫ്ലക്സ് വച്ചുമൊക്കെ പ്രചരിപ്പിച്ചുകൊണ്ടാണ് വോട്ട് ചോദിച്ചത്. പ്രതിപക്ഷത്തുള്ളവർ അങ്ങനെ പറയുന്നതിൽ ഞാൻ കുറ്റപ്പെടുത്തിയതോ കളിയാക്കിയതോ അല്ല. നിങ്ങളുംകൂടി അക്കാര്യം പറഞ്ഞിട്ടുണ്ടെന്ന് ഓർമ്മപ്പെടുത്തിയതാണ്. കേരളത്തിൽ വികസനം നടന്നിട്ടുണ്ടെന്ന് കാണിക്കാൻവേണ്ടി സൂചിപ്പിച്ചതാണ്. കാർഷിക മേഖലയിൽ വലിയ വളർച്ചയുണ്ടായൊരു കാലഘട്ടമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം

നടന്നുവെന്നുമാത്രമല്ല കിഫ്ബി സഹായത്തോടുകൂടി കെ.എസ്.ഇ.ബി.എൽ.-ന്റെ ട്രാൻസ്ഗ്രിഡ് പദ്ധതിയും 'ദ്യുതി' പദ്ധതിയും കേരളത്തിന്റെ വൈദ്യുതി മേഖലയിൽ പുതിയ മാറ്റങ്ങളുണ്ടാക്കി. ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവന നിർമ്മാണ മേഖലയിൽ കുതിച്ചുചാട്ടമാണുണ്ടായത്. 262697 വീടുകൾ പൂർത്തീകരിച്ചു. 8993 കോടി രൂപയുടെ ഭവന നിർമ്മാണ പദ്ധതിയാണ് കേരളത്തിൽ നടപ്പാക്കിയത്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പദ്ധതി പിരിച്ചുവിടുമെന്നാണ് അവർ പറഞ്ഞിരുന്നത്. ഇപ്പോഴും യു.ഡി.എഫ്. അതേ നിലപാടാണോ സ്വീകരിക്കുന്നതെന്ന് അറിഞ്ഞാൽകൊള്ളാം. ശ്രീ. എം. എം. ഹസ്സൻ ഉൾപ്പെടെയുള്ള കെ.പി.സി.സി.-യുടെ നേതാക്കൾ പറഞ്ഞത് അവർ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പിരിച്ചുവിട്ട് പാവപ്പെട്ടവർക്ക് വീടുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നാണ്. കഴിഞ്ഞ സഭയിൽ അത് സംബന്ധിച്ച് നടന്ന വിവാദം നാം കണ്ടതാണ്. ആ വിവാദത്തിന്റെ തലപ്പത്ത് നിന്ന, ഈ ഭവനപദ്ധതിയെ മുടക്കാൻ ശ്രമിച്ച ആൾ ഈ സഭയിലെത്തിയിട്ടില്ലെന്നുള്ള കാര്യം കൂടി നമ്മൾ ഓർക്കണം. വർഷങ്ങളായി മുടങ്ങിക്കിടന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പൂർത്തീകരണം, വൈറ്റില-കുണ്ടന്നൂർ പാലം, പാലാരിവട്ടം പാലം തുടങ്ങിയവയെല്ലാം നിർവ്വഹിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങളെ വിഷമിപ്പിക്കാനുള്ള വർത്തമാനമൊന്നും ആ കാര്യത്തിൽ പറയുന്നില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉപേക്ഷിക്കപ്പെട്ട ഗെയിൽ-എൽ.എൻ.ജി. (ലിക്വിഫൈഡ് നാച്വറൽ ഗ്യാസ്) പദ്ധതി പൂർണ്ണമായി നടപ്പാക്കാനായി എന്നുള്ളതും ഈ രാജ്യത്തെ ജനങ്ങൾ കാണുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളാകെ നഷ്ടത്തിലായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് പൊതുമേഖലയെ ലാഭകരമായി പുനഃസംഘടിപ്പിക്കാനായത്. പരമ്പരാഗത വ്യവസായങ്ങൾ കുത്തുപാളയെടുത്തിരുന്ന കേരളത്തിൽ ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിലപാടുകൾ സ്വീകരിച്ചു. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പ്രളയം പോലുള്ള പ്രതിസന്ധി ഘട്ടങ്ങളെത്തുടർന്ന് സംസ്ഥാനം സാമ്പത്തിക പ്രയാസത്തിൽ അകപ്പെട്ടപ്പോൾ അവയിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിഫ്ബി രൂപീകരിച്ചുകൊണ്ട് 62000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുകയാണ്. വരും വർഷങ്ങളിലും അത് തുടരുന്നതാണ്. കിഫ്ബി മലർപ്പൊടിക്കാരന്റെ സ്വപ്നമാണെന്ന് പ്രതിപക്ഷത്തുള്ളവർ ആക്ഷേപിക്കുകയാണ് ചെയ്തത്. പക്ഷേ കിഫ്ബി വഴിയുള്ള പദ്ധതികൾ ഇരുപത്തിയഞ്ച് വർഷക്കാലത്തിനപ്പുറമുള്ള ഭാവിയെക്കണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിസന്ധികളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കാൻ ഒരുമിച്ച് നിൽക്കേണ്ട ഘട്ടങ്ങളിൽ പ്രതിപക്ഷം ആ നിലപാട് സ്വീകരിച്ചിരുന്നോ എന്ന് അവർ ആത്മപരിശോധന നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പ്രതിസന്ധി ഘട്ടങ്ങളിലൊക്കെ ഏകപക്ഷീയ നിലപാടല്ല ഗവൺമെന്റ് സ്വീകരിച്ചത്. കോവിഡായാലും പ്രളയമായാലും മറ്റേത് ഘട്ടത്തിലായാലും നമ്മൾ ഒരുമിച്ച് നിന്നാണ് അത്തരം സംഭവങ്ങളെ നേരിട്ടത്. പക്ഷേ തുടർന്ന് സ്വീകരിച്ച സമീപനങ്ങൾ ശരിയായിരുന്നോയെന്ന് ഒരു ആത്മപരിശോധന നടത്താൻ നിങ്ങൾ ഇപ്പോൾ തയ്യാറാകുമെന്ന് ഞാൻ കരുതുന്നു. പുതിയ പ്രതിപക്ഷ നേതാവിന്റെ പ്രസംഗം നമ്മൾ കേട്ടു. അദ്ദേഹം പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ പറഞ്ഞത്: ക്രിയാത്മക പ്രതിപക്ഷമായി, ഗവൺമെന്റിനോട് സഹകരിക്കേണ്ട കാര്യങ്ങളിൽ സഹകരിക്കുന്ന പ്രതിപക്ഷമായി മാറുമെന്നാണ്. തെരഞ്ഞെടുപ്പ് പഠിപ്പിച്ച അനുഭവ പാഠത്തിന്റെ അടിസ്ഥാനത്തിൽ അത്തരമൊരു നിലപാട് സ്വീകരിക്കുന്നതുതന്നെയാണ് നിങ്ങൾക്കും രാജ്യത്തിനും നല്ലത് എന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. രണ്ടാമത്തെ കാര്യം, ജാതി-മത സംഘടനകൾക്ക് കോൺഗ്രസിൽ ഇടപെടാൻ സാധിക്കരുത് എന്നുള്ളതാണ്. ഭൂരിപക്ഷ, ന്യൂനപക്ഷ വർഗ്ഗീയ ശക്തികളെ എതിർത്ത് തോൽപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആരാണ് കോൺഗ്രസിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്ന പുറമേ നിന്നുള്ള ആളുകൾ? നിങ്ങളുടെ കൂടെയിരിക്കുന്ന ആളുകൾതന്നെയാണ് മധ്യസ്ഥത പറയാനും ഒത്തുതീർപ്പുണ്ടാക്കാനുമൊക്കെ ഇടപെടുന്നത്. കോൺഗ്രസിന്റെ നയം തീരുമാനിക്കുന്നത് കോൺഗ്രസല്ല മറ്റ് ചിലരാണെന്ന സ്വരം പ്രതിപക്ഷ നേതാവിന്റെ വാക്കുകളിലുണ്ട്. അത് പ്രതിപക്ഷത്തുള്ളവർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ന്യൂനപക്ഷ, ഭൂരിപക്ഷ വർഗ്ഗീയ ശക്തികളെ പരാജയപ്പെടുത്തുന്നത് കോൺഗ്രസിന് ചെയ്യാൻ കഴിയുന്ന ഒരു കാര്യമാണോ? ആറ് പതിറ്റാണ്ടായി മത-ജാതി സംഘടനകളെയും വർഗ്ഗീയതയെയും താലോലിക്കുന്ന നിലപാട് സ്വീകരിച്ചവരാണ് നിങ്ങൾ. ആ നയത്തിൽനിന്ന് നിങ്ങൾ മാറുമെന്നുള്ളതിന്റെ ഒരു സൂചനയുമില്ല. മുതിർന്ന നേതാക്കൾ അതിനോട് പ്രതികരിച്ചിട്ടില്ല. ഇരിക്കുന്ന കൊമ്പ് മുറിക്കരുതെന്ന ധാരണയാണ് പ്രതിപക്ഷ നേതാവിന്റെ ഈ പ്രസ്താവനയോട് നിങ്ങൾ സ്വീകരിച്ചിട്ടുള്ള സമീപനം. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സമയത്ത് ന്യൂനപക്ഷ വർഗ്ഗീയതയുമായി സന്ധിയുണ്ടാക്കിയതിനെ കെ.പി.സി.സി. പ്രസിഡന്റ് എതിർത്തതാണ്. ആരാണ് പിന്നെ വെൽഫെയർ പാർട്ടിയുമായി ധാരണയുണ്ടാക്കാൻ കോൺഗ്രസിനെ പ്രേരിപ്പിച്ചത്? നിങ്ങൾക്ക് എങ്ങനെയാണ് ന്യൂനപക്ഷ, ഭൂരിപക്ഷ

വർഗ്ഗീയതകളെ എതിർക്കാൻ കഴിയുന്നത്? ആർ.എസ്.എസ്. ശക്തിയായിട്ടുണ്ട്. ആർ.എസ്.എസ്.-ന്റെ രാജ്യഭരണം എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്. ഈ അവസരത്തിൽ നിങ്ങൾ കേരളത്തിൽ സ്വീകരിക്കുന്ന നിലപാട് നമ്മുടെ രാജ്യതാൽപ്പര്യത്തിന്, കേരളത്തിന്റെ താൽപ്പര്യത്തിന് അനുഗുണമാണോ എന്ന് ചിന്തിക്കണം. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയതുമായി ബന്ധപ്പെട്ട വിവാദങ്ങൾ തൃപ്പൂണിത്തുറ എം.എൽ.എ. ശ്രീ. കെ. ബാബു കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. തൃപ്പൂണിത്തുറക്കാരെ അപമാനിക്കരുത്, എനിക്ക് ബി.ജെ.പി.-യുടെ വോട്ട് കിട്ടി എന്ന് പറഞ്ഞാണ് അദ്ദേഹം അക്കാര്യം സൂചിപ്പിച്ചത്. ഞങ്ങൾ മാത്രമല്ല, പത്ത് മണ്ഡലങ്ങളിലെ കാര്യങ്ങളുൾപ്പെടെ ഇന്നലെ ഇവിടെ സംസാരിച്ചതാണ്. അങ്ങയുടെ പഴയ സഹപ്രവർത്തകൻ, പി.എസ്.സി.-യുടെ മുൻ ചെയർമാൻ ഡോ. കെ. എസ്. രാധാകൃഷ്ണൻ തെരഞ്ഞെടുപ്പ് റിസൽട്ടിന്റെ പിറ്റേ ദിവസം പരസ്യമായി പറഞ്ഞത് ബി.ജെ.പി.-യുടെ വോട്ട് മാറി ചെയ്തിട്ടുണ്ടെന്നാണ്. അത് അങ്ങേയ്ക്ക് കിട്ടിയെന്ന് പരസ്യമായി പറയുകയാണ്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ......... (മൈക്ക് ഓഫ്) .........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..... അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, നിങ്ങളുടെ കൂടെയുള്ള പ്രൊഫ. കെ. വി. തോമസിന്റെ വീട്ടിലും സൽക്കാരം നടന്നിട്ടുണ്ടെന്ന് അറിയാമല്ലോ. അത്തരം കാര്യങ്ങളിലൊക്കെ ഞങ്ങൾ വ്യക്തിപരമായ ബന്ധമുപയോഗിച്ച് പോകാറുണ്ട്. അതിനെയൊക്കെ ഈ കാര്യങ്ങളായി കാണരുത്. ഇക്കാര്യത്തിൽ മാത്രമല്ല, ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമായുള്ള വോട്ട് കച്ചവടവുമായി ബന്ധപ്പെട്ട കാര്യത്തിന് നിരവധി ഉദാഹരണങ്ങൾ ഈ സഭയിൽ വന്നുകഴിഞ്ഞു. ശ്രീ. സുരേഷ് ഗോപി പറഞ്ഞ കാര്യങ്ങളുൾപ്പെടെ ഈ സഭയിൽ വന്നതാണല്ലോ? നിങ്ങളുടെ കൂടെയുള്ള ഗുരുവായൂരിലെ സ്ഥാനാർത്ഥി ഇപ്പോൾ പൗരത്വ ഭേദഗതി നിയമത്തിനെതിരായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോകുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..... പ്ലീസ്.....

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ ഈ വാചകത്തോടുകൂടി അവസാനിപ്പിക്കുകയാണ്. മുസ്ലീം ലീഗ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോയിരിക്കുകയാണ്. ശ്രീ. കെ. എൻ. എ. ഖാദർ അന്ന് പറഞ്ഞത് 'പൗരത്വ ഭേദഗതി നിയമം നടപ്പാകുകയാണെങ്കിൽ നിങ്ങൾ അതിനാവശ്യമായ രേഖകളൊക്കെ തയ്യാറാക്കി വച്ചുകൊള്ളൂ, ഞങ്ങൾ പൂരിപ്പിച്ച് തരാനുണ്ടാകും' എന്നാണ്. ഇതാണ് നിങ്ങളുടെ സമീപനം. ....... (മൈക്ക് ഓഫ്) ...........

ശ്രീ. സി. ആർ. മഹേഷ്: സർ, ബഹുമാനപ്പെട്ട കേരള ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ പിന്തുണച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. കയറും കൈത്തറിയും കരിമണലും കടലും കായലും കരുണയുമുള്ള നാടാണ് എന്റെ കരുനാഗപ്പള്ളി. പ്രശസ്തമായ തഴപ്പായ കൊണ്ട് സമൃദ്ധമാണ് എന്റെ നാട്. അതിൽ ഞാൻ അഭിമാനിക്കുന്നു. എനിക്ക് മുമ്പ് കരുനാഗപ്പള്ളിയെ പ്രതിനിധീകരിച്ച് ഒരുപാട് മഹാരഥന്മാർ ഈ നിയമനിർമ്മാണ സഭയിൽ അംഗങ്ങളായിരുന്നിട്ടുണ്ട്. ഈ അവസരത്തിൽ ഞാൻ അവരെയൊക്കെ ബഹുമാനത്തോടുകൂടി ഓർത്തുപോകുകയാണ്. ഒരുപാട് ചരിത്ര പുരുഷന്മാർ പ്രസംഗങ്ങൾകൊണ്ടും പ്രവൃത്തികൊണ്ടും അടയാളപ്പെടുത്തി കടന്നുപോയ ഈ കേരള നിയമനിർമ്മാണ സഭയിലേയ്ക്ക് എന്നെപ്പോലെ ഒരു സാധാരണക്കാരനുകൂടി കടന്നുവരാൻ അവസരം നൽകി എന്നെ വിജയിപ്പിച്ച കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കക്ഷി രാഷ്ട്രീയത്തിനപ്പുറത്തെ എല്ലാ പ്രബുദ്ധരായ ജനാധിപത്യ വിശ്വാസികളെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. അവരോടൊക്കെ എന്റെ നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചറുടെ നന്ദിപ്രമേയ പ്രസംഗത്തിൽ രാഷ്ട്രീയം കൂടിപ്പോയോ എന്ന് പറയേണ്ടിയിരിക്കുന്നു. ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ മുമ്പ് ചെയ്ത സേവനങ്ങളെയും കോവിഡ് കാലത്ത് ചെയ്ത നല്ല കാര്യങ്ങളെപ്പറ്റിയുമൊക്കെ പറയാം, അൽപ്പം സ്വയം പുകഴ്ത്തലുകളുമാകാം. പക്ഷേ അതിലും കൂടുതൽ സമയം മാറ്റിവച്ചത് യു.ഡി.എഫ്.-നെ മൊത്തത്തിലും കോൺഗ്രസിന്റെ നേതാവ് പ്രിയപ്പെട്ട ശ്രീ. രാഹുൽ ഗാന്ധിയെ വ്യക്തിപരമായും ആക്ഷേപിക്കാൻ വേണ്ടിയായിരുന്നു. അതിനുശേഷം പിന്നീടിങ്ങോട്ട് സംസാരിച്ച ഭരണപക്ഷത്തുള്ള എം.എൽ.എ.-മാരെല്ലാം അതേ പാത പിന്തുടരുകയാണ് ചെയ്തത്. കോൺഗ്രസ് നേതാവായ ജവഹർലാൽ നെഹ്റുവിനെ കണ്ടുപഠിക്കണം, അദ്ദേഹത്തിന്റെ പാത പിന്തുടരണമെന്നാണ് സൂചിപ്പിച്ചത്. ഞങ്ങൾ കണ്ടുപഠിക്കാം, പഠിച്ചു കൊണ്ടിരിക്കുകയാണ്. പക്ഷേ, അപ്പുറത്തെ കൂട്ടത്തിൽനിന്നും ഒരാളെ കണ്ടുപഠിക്കണമെന്ന് പറയാത്തത് എന്തുകൊണ്ടാണ്? ജവഹർലാൽ നെഹ്റു മരണപ്പെട്ട് വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ അംഗീകരിക്കുന്നു എന്നതിൽ ഞങ്ങൾക്ക് സന്തോഷവും ബഹുമാനവും അഭിമാനവുമുണ്ട്. പക്ഷേ ജവഹർലാൽ നെഹ്റുവിന്റെ അതേ രക്തം തന്നെയാണ് ബഹുമാന്യനായ രാഹുൽ ഗാന്ധിയുടേതും. ശ്രീ. രാഹുൽ ഗാന്ധി മൃദു ഹിന്ദുത്വ സമീപനം സ്വീകരിക്കുന്ന ആളാണെന്നും ശിവഭക്തനായി അഭിനയിക്കുന്നുവെന്നുമാണ് അദ്ദേഹത്തെക്കുറിച്ച് പരാമർശിച്ചത്. ഈ വാദം ഉന്നയിക്കുമ്പോൾത്തന്നെ ഇറ്റലിക്കാരിയുടെ

മകനായതുകൊണ്ട് അദ്ദേഹം ക്രിസ്ത്യാനിയാണെന്നും പറയുന്നു. വയനാട്ടിൽ അദ്ദേഹം മത്സരിക്കാൻ വന്നപ്പോൾ എല്ലാ കാലത്തും മലയാള മണ്ണിൽ മതേതരത്വം മാത്രം പ്രസരിപ്പിച്ചിട്ടുള്ള ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ രാഷ്ട്രീയ പതാക കാണിച്ചുകൊണ്ട് അദ്ദേഹം പാകിസ്ഥാൻവാദിയാണെന്ന് സംഘപരിവാർ ശക്തികൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രചരണം നടത്തുകയുണ്ടായി. നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയുടെ നേർക്കെറിയുന്ന ഓരോ കല്ലും, നിങ്ങൾ അദ്ദേഹത്തെ വിമർശിക്കുന്നതും വ്യക്തിപരമായി ആക്ഷേപിക്കുന്നതുമെല്ലാം ഗുണകരമാകുന്നത് ഈ രാജ്യത്തെ സംഘപരിവാർ ശക്തികൾക്കാണെന്ന് ഓർക്കുന്നത് നന്നായിരിക്കും. കോൺഗ്രസുകാർ മുഴുവനും അന്ധവിശ്വാസത്തിന്റെ പുറകേ പോകുന്നുവെന്നും കോവിഡ് ചികിത്സയ്ക്ക് കോൺഗ്രസുകാരും ചാണകം പൂശുന്നുവെന്നും പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നമ്മളൊക്കെ മാധ്യമങ്ങൾ ശ്രദ്ധിക്കുന്നവരാണ്; വിശ്വാസത്തിനും അന്ധവിശ്വാസത്തിനുമെതിരായി പുരപ്പുറത്തും നടുറോഡിലും കയറിനിന്ന് വലിയ വായിൽ വർത്തമാനം പറയുന്നവരുടെ ഭാര്യമാർ പൂമൂടൽ ചടങ്ങും കൂടോത്രവും ശത്രുസംഹാര പൂജയും നടത്തുന്നത് നമ്മൾ കണ്ടിട്ടുള്ളതാണ്. ഇവരുടെയൊക്കെ ശരീരം പരിശോധിച്ചാൽ ഒരുപാട് ഏലസ്സുകളും ചരടുകളും കാണാൻ സാധിക്കും. ഞങ്ങൾ വിശ്വാസികളോടൊപ്പമാണ്. ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യസമര കാലം മുതൽ അന്ധവിശ്വാസത്തിനെതിരായ നിലപാടെടുത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് കോൺഗ്രസ് എന്ന് ഇവിടെ ഓർമ്മിപ്പിക്കുകയാണ്.

ഭക്ഷ്യകിറ്റും പെൻഷനുമൊക്കെ ശക്തിയുടെ പര്യായങ്ങളല്ല, മറിച്ച് ദൗർബല്യങ്ങളുടെ സ്ഥിതികളായി മാത്രമാണ് കാണേണ്ടത്. പ്രതിസന്ധി കാലത്ത് അത് ഉചിതമാണെങ്കിലും സ്ഥായിയായ സമാധാനത്തിന് ആവശ്യമായ പദ്ധതികളും നയങ്ങളുമാണ് ഉണ്ടാകേണ്ടത്. കോവിഡുമായി ബന്ധപ്പെട്ട് ഗ്രാമീണ മേഖല വലിയ കടബാദ്ധ്യതയിലാണ്. ഒരു കാരണവുമില്ലാതെ ആത്മഹത്യ ചെയ്യുന്നവരുടെ നാട്ടിൽ കോവിഡാനന്തരം ആത്മഹത്യകളുടെ എണ്ണം വർദ്ധിക്കാൻ സാധ്യത വളരെ കൂടുതലാണ്. അതുപോലെതന്നെ ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായം - കഴിഞ്ഞ വർഷവും ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെയാണ് കുട്ടികൾ പഠിച്ചത്. ഇപ്പോൾ വലിയ പ്രതിസന്ധിയാണ്, നമ്മുടെ നാട്ടിൽ കുട്ടികൾ മൊബൈൽ ഫോണിനായി ഓടുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ പ്രധാനപ്പെട്ട ഒരു വർത്തമാന പത്രത്തിൽ വന്ന വാർത്തയാണ്, 'കാടിറങ്ങി നാട്ടിലേയ്ക്ക്- ജീവിക്കാൻ വർഷങ്ങൾക്കുമുമ്പ് കുടിയേറിപ്പാർത്ത പട്ടികവർഗ്ഗത്തിലെ മലമ്പണ്ടാര സമുദായത്തിൽപ്പെട്ട പതിനെട്ടോളം കുട്ടികൾക്ക് പഠിക്കാൻ സാധിക്കുന്നില്ല, അവർക്ക് മൊബൈൽ

ഫോൺ സൗകര്യമില്ല.' അതുകൊണ്ട് കോവിഡ് പ്രതിസന്ധി അതിജീവിക്കുന്നതിനുള്ള പ്രഖ്യാപനം മാത്രം പോരാ, നടപടികളുണ്ടാകണം. ഫോണില്ലാത്തതിന്റെ പേരിൽ ഒരു വിദ്യാർത്ഥിക്കുപോലും പഠനം നിഷേധിക്കപ്പെടാൻ പാടില്ല. അത് ഉറപ്പുവരുത്തേണ്ട ബാധ്യത സർക്കാരിനുണ്ട്. ഈ നന്ദിപ്രമേയത്തെ ശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനഞ്ചാം കേരള നിയമസഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തിയ ബഹുമാനപ്പെട്ട ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ പ്രസംഗത്തെ പരാമർശിച്ചുകൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നടത്തിയ നന്ദിപ്രമേയത്തിലെ പരാമർശങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. കഴിഞ്ഞ മൂന്ന് നാല് ദിവസങ്ങളിലായി എന്തുകൊണ്ടാണ് വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നത് എന്നതിനെക്കുറിച്ചുള്ള വളരെ വലിയ രീതിയിലുള്ള അവതരണങ്ങൾ നടന്നുകഴിഞ്ഞിരിക്കുകയാണ്. ഇന്ത്യ ഒരു സുവർണ്ണ രഥമാണെങ്കിൽ അതിന്റെ മുന്നിൽ പൂട്ടിയ ചെമ്പൻ കുതിരയാണ് കേരളം. ആ സുവർണ്ണ രഥത്തിന് മാതൃകയായി അതിന്റെ മുന്നിൽ പൂട്ടിയ ചെമ്പൻ കുതിരയായ കേരളത്തിന്റെ കടിഞ്ഞാൺ വീണ്ടും കേരള ജനത, ഈ ഭാർഗവ ക്ഷേത്രത്തിലെ മക്കൾ, സഖാവ് പിണറായി വിജയന്റെ കരങ്ങളിൽ എന്തുകൊണ്ടാണ് ഏൽപ്പിച്ചത്? കടന്നുപോയ രണ്ട് പ്രളയങ്ങൾ, ഓഖി, നിപ, ഇപ്പോൾ നാം നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് മഹാമാരി തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ ചേർത്തുപിടിച്ച് ദുരിതങ്ങളിൽ നിന്നും സംരക്ഷിക്കാൻ കേരളത്തിൽ ഒരു ഗവൺമെന്റുണ്ടെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടാം വരവിന് വഴിയൊരുക്കിയത്. നന്ദിപ്രമേയ പ്രസംഗത്തിൽ ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചർ അക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിന്റെ വിവിധ രംഗങ്ങളിലുണ്ടായിട്ടുള്ള സമഗ്രമായ പുരോഗതിയുടെ ചിത്രം ഈ ചെറിയ സമയത്തിനുള്ളിൽ വരച്ചുകാട്ടാൻ പ്രയാസമാണ്. ബഹുമാനപ്പെട്ട പി. ടി. തോമസ് ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ഒരു കമ്മ്യൂണൽ ഗവൺമെന്റാണ്, ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റല്ല എന്നതാണ് അദ്ദേഹത്തിന്റെ പരാമർശം. ആ പരാമർശം നമുക്ക് പരിശോധിക്കാം. ഇത് കമ്മ്യൂണൽ ഗവൺമെന്റാണോ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണോ എന്ന് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താൻ കേരളത്തിലെ സമകാലീന ചരിത്രത്തിൽനിന്നും ചീന്തിയെടുത്ത ചില ഏടുകൾ ഈ സഭയ്ക്ക് മുമ്പാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏപ്രിൽ മാസം 6-ാം തീയതി തെരഞ്ഞെടുപ്പിന്റെ അന്ന് ഉച്ചയ്ക്ക് 12.30-ന് പെരുന്നയിൽ നിന്ന് ഒരു സാമുദായിക സംഘടനയുടെ നേതാവ് ഇടതുപക്ഷം തോൽക്കണമെന്നുള്ള

രീതിയിൽ ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പേര് ഞാൻ ഇവിടെ പരാമർശിക്കുന്നില്ല. അദ്ദേഹത്തിന്റെ ബഹിശ്ചര പ്രാണനായി അറിയപ്പെട്ടിരുന്നത് കേരളത്തിന്റെ മുൻ പ്രതിപക്ഷനേതാവാണ്. ബഹിശ്ചര പ്രാണൻ എന്നുപറയുന്നത് രാമായണത്തിലെ ഒരു പ്രയോഗമാണ്. ശ്രീരാമന്റെ ബഹിശ്ചര പ്രാണനാണ് ലക്ഷ്മണൻ എന്ന് പറയുന്നുണ്ട്. ബഹിശ്ചര പ്രാണൻ എന്നുപറഞ്ഞാൽ പുറത്തുള്ള പ്രാണൻ. അദ്ദേഹത്തിന്റെ പുറത്തുള്ള പ്രാണനായി അറിയപ്പെട്ടിരുന്നത് കേരളത്തിന്റെ മുൻ പ്രതിപക്ഷനേതാവ്, ഇപ്പോൾ രണ്ടാം നിരയിലിരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയാണ്. ബഹുമാന്യനായ രമേശ് ചെന്നിത്തല, അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനം അധികാരത്തിൽ വരണമെന്ന് പരസ്യ പ്രസ്താവന നടത്തിയ ഒരു സാമുദായിക സംഘടനയെ ഇടത്തേ ഒക്കത്തിരുത്തി. അതുപോലെതന്നെ 1941-ൽ മൗലാനാ മൗദൂദി സ്ഥാപിക്കുകയും സംഘപരിവാർ ശക്തികളിലൂടെ ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുന്നതിനുവേണ്ടി ജിഹാദ് പ്രഖ്യാപിച്ച് പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് കേരളത്തിലുൾപ്പെടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില സംഘടനകളുമായി കോഴിക്കോട് എയർപോർട്ടിന് സമീപത്തുള്ള കെ.ടി.ഡി.സി.-യുടെ ടൂറിസ്റ്റ് ഹോമിലെ ശീതീകരിച്ച മുറിയിൽ സംഭാഷണം നടത്തി ഇടതുപക്ഷത്തിനെതിരെ സാമുദായിക വോട്ടുകൾ സംഘടിപ്പിക്കുന്നതിന് മുസ്ലീം ലീഗ് പരിശ്രമിച്ചു. അതിന് നേതൃത്വം കൊടുത്ത സെക്രട്ടറിയുൾപ്പെടെ ഈ സഭയിലുണ്ട്. അവരെ വലത്തേ ഒക്കത്തിരുത്തിയല്ലേ കോൺഗ്രസ് ഈ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഞങ്ങളാണോ നിങ്ങളാണോ കമ്മ്യൂണൽ? ഒരു വിരൽ ഞങ്ങൾക്ക് നേരെ ചൂണ്ടുമ്പോൾ ബാക്കി മൂന്ന് വിരലുകൾ നിങ്ങളുടെ നെഞ്ചിന് നേരെയാണെന്ന് മിസ്റ്റർ പി. ടി. തോമസ് മറക്കരുത്. അങ്ങയുടെ തലച്ചോറിൽ ഇപ്പോൾ തളിർത്തുവളരുന്നത് പഴയ വിമോചന സമരത്തിന്റെ വകഭേദം വന്ന വൈറസുകളാണ്. അതുകൊണ്ടാണ് അദ്ദേഹം ചൈന, ടിബറ്റിൽ കയറി പ്രവർത്തിച്ചതിനെക്കുറിച്ച് പറഞ്ഞത്. പശുവും ചത്തു, മോരിലെ പുളിയും പോയി, എന്നിട്ടും മുറുമുറുപ്പ് മാറിയിട്ടില്ല. ഈ ചീട്ട് ഇവിടെ വിലപ്പോവില്ല. നിങ്ങൾ കല്ലെടുക്കാനും കാല് വാരാനും കാല് പിടിക്കാനും മാത്രം കുമ്പിട്ടാൽപോരാ. ജനാധിപത്യത്തിൽ ജനങ്ങളാണ് യജമാനന്മാർ എന്നകാര്യം മറന്നുപോയതുകൊണ്ടാണ് കോൺഗ്രസ് ഇത്രയും പരിമിതമായ എണ്ണത്തിലേയ്ക്ക് ചുരുങ്ങിപ്പോയത്. അവരെ ഇടയ്ക്ക് കുമ്പിട്ടുനിന്ന് തൊഴുന്നത് ഇനിയുള്ള വളർച്ചയ്ക്ക് നല്ലതാണ്. ഞങ്ങൾക്ക് ശോഭനമായ ഭാവിയുണ്ട്, എണ്ണത്തിൽ കുറവ് വന്നെങ്കിലും തിരിച്ച് വന്നിട്ടുണ്ടെന്ന് പറഞ്ഞത് ശ്രീ. എൻ. ഷംസുദ്ദീനാണ്. അദ്ദേഹം നിരവധി കാലമായി ഈ സഭയിലെ അംഗവും പരിണതപ്രജ്ഞനുമാണ്. പക്ഷേ അലക്കുകാരന്റെ കഴുതയുടെ ശോഭനമായ ഭാവിയാണ് ഇനി നിങ്ങളെ

കാത്തിരിക്കുന്നതെന്നാണ് അദ്ദേഹത്തോട് എനിക്ക് വിനീതമായി പറയാനുള്ളത്. എന്താണ് ആ കഴുതയുടെ ഭാവി? അതൊരു സന്മാർഗ്ഗ കഥയാണ്, കേട്ടതുകൊണ്ട് കുഴപ്പമില്ല, നാളേയ്ക്ക് ഉപകരിക്കും. അലക്കുകാരന് ഒരു കഴുതയുണ്ടായിരുന്നു, വിഴപ്പ് ചുമന്ന് അതിന് വയ്യാതായി. ഒരു സായാഹ്നത്തിൽ ഈ കഴുത മറ്റൊരു വീട്ടിലെ കഴുതയുമായി പുല്ലുമേയുമ്പോൾ മറ്റേ കഴുത പറഞ്ഞു, "ചങ്ങാതി, വിഴപ്പ് ചുമന്നുചുമന്ന് നമ്മൾ തളർന്നു, നമുക്ക് കാട് കയറാം." അപ്പോൾ അലക്കുകാരന്റെ കഴുത പറഞ്ഞു, "വരട്ടെ, നാളെ ഞാൻ മറുപടി പറയാം. സായാഹ്നത്തിൽ വേണമെങ്കിൽ നമുക്ക് രണ്ടുപേർക്കും ഒരുമിച്ച് കാട് കയറാം." പിറ്റേദിവസം മറ്റേ കഴുത കാത്തുനിന്നപ്പോൾ അലക്കുകാരന്റെ കഴുത ചിരിച്ചുകൊണ്ട് വന്ന് പറഞ്ഞു, "ഞാനില്ല ചങ്ങാതീ, എനിക്ക് ശോഭനമായ ഒരു ഭാവിയുണ്ട്." കാട് കയറുന്നതിനുമുൻപ് മറ്റേ കഴുത ചോദിച്ചു "എന്താണ് ചങ്ങാതീ ശോഭനമായ ഭാവി?" അപ്പോൾ അലക്കുകാരന്റെ കഴുത പറഞ്ഞു, "ഇന്നലെ എന്റെ യജമാനന്റെ വീട്ടിൽ ഒരു സംഭവമുണ്ടായി. അദ്ദേഹത്തിന്റെ സുന്ദരിയായ മകൾ എസ്.എസ്.എൽ.സി. തോറ്റു." ഇപ്പോൾ എസ്.എസ്.എൽ.സി. തോൽക്കാനുള്ള പ്രയാസം എത്ര വലുതാണെന്ന് നിങ്ങൾക്കറിയാമല്ലോ, പരീക്ഷ എഴുതിയവരൊക്കെ ജയിക്കും. ഈ സുന്ദരിയായ പെൺകുട്ടി തോറ്റപ്പോൾ യജമാനൻ മകളോട് പറഞ്ഞു, നിന്നെ ഞാൻ ഏതെങ്കിലും കഴുതയുടെ കൂടെ കെട്ടിച്ചുവിടും എന്ന്. അത് ഈ കഴുത കേട്ടു. അതുകൊണ്ടാണ് ഈ കഴുത പറഞ്ഞത്, "എനിക്ക് ശോഭനമായ ഒരു ഭാവിയുണ്ട്, ഈ കർക്കടകം കഴിഞ്ഞുവരുന്ന ചിങ്ങമാസത്തിൽ ഒരുപക്ഷേ താലിചാർത്തൽ നടക്കും, എനിക്ക് സുഖമായി എന്റെ യജമാനന്റെ വീടിന്റെ കിടപ്പുമുറിയിലേയ്ക്ക് കടന്നുചെന്ന് ജീവിക്കാം." ഈ ഒരു സ്വപ്നമാണ് ഇനി നിങ്ങൾക്ക് വച്ചുപുലർത്താനുള്ളത്. കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വോട്ട് തേടിക്കൊണ്ടാണ് ഇത്രയും പ്രതിനിധികൾ ഇവിടെ എത്തിച്ചേർന്നത്. ആ വോട്ട് ചെയ്തവരെ നിങ്ങൾ പരിഹസിക്കരുത്. ഭക്ഷ്യകിറ്റും ഭക്ഷണവും ആനുകൂല്യങ്ങളും നൽകിയ പ്രവൃത്തിയെ നിങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ എത്തിക്കുകയും അതിനെ നിയമപരമായി ചോദ്യം ചെയ്യുകയും ചെയ്തു. പരസ്യമായി വോട്ട് തേടുന്നതിനുള്ള ഉപാധിയായി അതിനെ കോൺഗ്രസ് നേതാക്കൾ ഉപയോഗിച്ചു. പ്രിയപ്പെട്ട കോൺഗ്രസേ, ഇതായിരുന്നില്ല കേരളത്തിലെ കോൺഗ്രസും കോൺഗ്രസ് പാരമ്പര്യവുമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഏഴ് തിരിയിട്ട് കത്തുന്ന നിലവിളക്കിന്റെ പ്രഭയോടെ ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് കത്തിനിന്നൊരു കോൺഗ്രസിന്റെ ചരിത്രമുറങ്ങുന്നതാണ് കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനം. ആ കോൺഗ്രസിന്റെ മുഖത്തുനോക്കി യൂദാസിന്റെ പടവും ഉണ്ണിയേശുവിന്റെ പടവും

വരയ്ക്കാം. ലിയനാർഡോ ഡാവിഞ്ചിയുടെ ഒരു കഥയുണ്ട്, അദ്ദേഹത്തിന് പണ്ട് ഉണ്ണിയേശുവിന്റെ ചിത്രം വരയ്ക്കണമെന്ന് തോന്നി. വിശ്വപ്രസിദ്ധ ചിത്രമായ 'The Last Supper' വരച്ച അദ്ദേഹം Versatile genius (ബഹുമുഖ പ്രതിഭ) ആണ്. കരുണ പൊഴിയുന്നതും ലോകത്തിന്റെ മുഴുവൻ പാപവും കുരിശാക്കി സ്വന്തം ചുമലിലെടുക്കാനുള്ളതുമായ കുഞ്ഞുമുഖം തേടി അദ്ദേഹം നടന്നപ്പോൾ ഇറ്റലിയുടെ തെരുവിൽ ഒരു വീട്ടിന്റെ ഉമ്മറത്ത് കളിക്കുന്ന കുഞ്ഞിനെ കണ്ടു. ആ കുഞ്ഞിന്റെ മുഖത്തുനോക്കി അദ്ദേഹം ഉണ്ണിയേശുവിന്റെ ചിത്രം വരച്ചു. വർഷങ്ങൾക്കുശേഷം ലിയനാർഡോ ഡാവിഞ്ചിക്ക് യൂദാസിന്റെ ചിത്രം വരയ്ക്കണമെന്ന് തോന്നി. അദ്ദേഹം ഇറ്റലിയിലെ വീഥികളിൽ അലഞ്ഞു. അവസാനം ഒരു ബാറിന്റെ ഇരുണ്ട മൂലയിൽ സർപ്പ ദൃഷ്ടിയും ഒറ്റിക്കൊടുപ്പുകാരന്റെ ഇരുണ്ട് ഇടുങ്ങിയ നെറ്റിത്തടവുമുള്ള ഒരാളെ കണ്ടെത്തി. നിങ്ങളുടെ മുഖത്തുനോക്കി ഒരു ചിത്രം വരയ്ക്കട്ടെയെന്ന് ചോദിച്ചപ്പോൾ അയാൾ അതിന് സമ്മതിച്ചു. ചിത്രം വരച്ചതിനുശേഷം ലിയനാർഡോ ഡാവിഞ്ചി അദ്ദേഹത്തോട് ചോദിച്ചു, "ഞാൻ നിങ്ങളുടെ മുഖത്തുനോക്കി വരച്ചത് യൂദാസിന്റെ ചിത്രമാണ്, അതിൽ നിങ്ങൾക്ക് വിഷമമുണ്ടോ" എന്ന്. അദ്ദേഹം പണത്തിനുവേണ്ടി കൈ നീട്ടിക്കൊണ്ടു പറഞ്ഞു: "എനിക്കൊരു വിഷമവുമില്ല, വർഷങ്ങൾക്കുമുമ്പ് നിങ്ങൾ ഉണ്ണിയേശുവിന്റെ ചിത്രം വരച്ചതും എന്റെ മുഖത്ത് നോക്കിയാണ്, ഇപ്പോൾ എന്റെ മുഖത്തുനോക്കി യൂദാസിന്റെ ചിത്രവും വരച്ചു എന്നേയുള്ളൂ". അതെ, കേരളത്തിലെ കോൺഗ്രസിന്റെ മുഖത്തുനോക്കി ഉണ്ണിയേശുവിന്റെയും യൂദാസിന്റെയും ചിത്രങ്ങൾ വരയ്ക്കാവുന്ന അവസ്ഥയിലേയ്ക്ക് നിങ്ങൾ പോയിരിക്കുന്നു. ഞങ്ങളാണത്രേ കമ്മ്യൂണൽ; എന്താണ് 'കമ്മ്യൂണൽ' എന്ന വാക്കിന്റെ അർത്ഥം? ഈ രാജ്യത്തെ സഭാ അന്തഃപുരങ്ങളിലും വർഗ്ഗീയതമാത്രം വളർത്തുന്ന രാവണക്കോട്ടകളിലും അന്തിയുറങ്ങുന്നവർക്കുവേണ്ടി കൊടിപിടിക്കുകയും ജയ് വിളിക്കുകയും ചെയ്യുന്നവരെ വളർത്തിയെടുക്കുകയും അവരുടെ വോട്ട് ഉപയോഗിച്ച് അധികാരത്തിൽ വരാൻ പിൻവാതിലിലൂടെ പരിശ്രമിക്കുകയും ചെയ്തിട്ട്, പണിയെടുക്കുന്നവരുടെയും പടനയിക്കുന്നവരുടെയും ഇന്ത്യയിലെ വർഗ്ഗീയതയ്ക്കെതിരെ പോരടിക്കുന്നവരുടെയും പക്ഷത്ത് ചേർന്നുനിന്ന് പ്രവർത്തിക്കുന്ന മുന്നണിപ്പടയായി എൽ.ഡി.എഫ്. മാറിയപ്പോൾ അവരുടെ കൂടെനിന്ന ജനങ്ങളെ പരിഹസിച്ചാൽ ചരിത്രം നിങ്ങൾക്ക് മാപ്പുതരില്ല. ഈഡിപ്പസ് രാജാവിന്റെ കഥയിലെ രാജകുമാരനെപ്പോലെ, കുബേരനാണെങ്കിലും കുചേലനെപ്പോലെ, കണ്ണുണ്ടെങ്കിലും അന്ധനെപ്പോലെ, കാതുണ്ടെങ്കിലും ബധിരനെപ്പോലെ വഴി തപ്പി പാദം ചെന്നിടം പാതയായി നിങ്ങൾ ഇങ്ങനെയാണ് പെരുമാറുന്നതെങ്കിൽ ചരിത്രത്തിൽനിന്ന് കടന്നുപോകേണ്ടിവരും. മറക്കേണ്ട; അങ്ങനെയൊരു ഈഡിപ്പസ് അശനിപാതം ഈ സംഘടനകൾക്ക് ഇല്ലാതിരിക്കണമെങ്കിൽ നിങ്ങൾ നിങ്ങളിലേയ്ക്ക് നോക്കി പ്രവർത്തിക്കുകയും

പിന്നിട്ട തെറ്റുകൾ തിരുത്താൻ തയ്യാറാവുകയും ചെയ്യണം. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച അഞ്ച് വർഷക്കാലത്തെ നയപ്രഖ്യാപനത്തിന്റെ ഉള്ളടക്കം സജീവമായി കേരളത്തിൽ നിലനിർത്താൻ വരുംദിവസങ്ങളിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുന്ന ബഡ്ജറ്റിലൂടെ സാധിക്കട്ടെ. അത്തരം നയങ്ങൾ സക്രിയമായി നടപ്പിലാക്കാൻ നമുക്ക് സാധിക്കുമെന്ന് വിശ്വസിക്കുന്നു. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദി പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ സഭയുടെ മഹനീയ പാരമ്പര്യത്തിന്റെ ഭാഗമാകാൻ എനിക്ക് അവസരം നൽകിയ റാന്നിയിലെ ജനങ്ങളോടുള്ള നന്ദിയും കെ. എം. മാണി സാർ ഉൾപ്പെടെയുള്ള മുൻഗാമികളോടുള്ള സ്നേഹാർദ്രമായ സ്മരണയും എന്റെ മനസ്സിൽ നിറയുകയാണ്. ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും പ്രഗത്ഭമതികളുടെ സാന്നിദ്ധ്യം എന്നേയും എന്റെ വാക്കുകളേയും കൂടുതൽ വിനയാന്വിതനാക്കുന്നു. തുടർ ഭരണമെന്ന ചരിത്ര സന്ദർഭത്തിലേയ്ക്ക് കേരളം എത്തിയതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, സാഹിത്യത്തിന് നോബൽ സമ്മാനം ലഭിച്ച T. S. Eliot, pandemic poetry-യുടെ കാലത്ത് എഴുതിയ 'The Waste Land' എന്ന കവിതയിലെ 'April is the cruellest month' എന്ന വരികളാണ് മനസ്സിലേയ്ക്ക് വരുന്നത്. 2016 ഏപ്രിൽ മാസത്തിലെയും 2021 ഏപ്രിൽ മാസത്തിലെയും തെരഞ്ഞെടുപ്പ് കാലത്തിനിടയിൽ കേരളം താണ്ടിയ ദൂരങ്ങൾ കഠിന ദുരിതങ്ങളുടെയും മഹാസങ്കടങ്ങളുടേതുമായിരുന്നു. അതിനെയെല്ലാം അതിജീവിക്കാൻ മലയാളിക്ക് ലഭിച്ച ആത്മധൈര്യത്തിന്റെ മറുപേര് സഖാവ് പിണറായി വിജയൻ തന്നെയാണെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. കനിവിന്റെയും കരുതലിന്റെയും രാഷ്ട്രീയം കൂടുതൽ മേന്മയോടെ തുടരുമെന്ന് വരച്ചുകാട്ടുന്നതാണ് ഇവിടെ അവതരിപ്പിക്കപ്പെട്ട നയപ്രഖ്യാപന പ്രസംഗം. ഇന്ത്യ കർഷക സമരത്തിൽ തിളയ്ക്കുമ്പോൾ, അഞ്ച് വർഷം കൊണ്ട് കേരളത്തിലെ കർഷകരുടെ വരുമാനം 50% വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തെയാണ് ഞാൻ ഏറ്റവും പ്രസക്തമായി കാണുന്നത്. അത് ഏറെ ആശ്വാസകരമാണ്. ബേസ് പ്രൈസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ വില വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം റബ്ബർ കർഷകർക്കുൾപ്പെടെ ആശ്വാസമേകുമെന്ന് ഞങ്ങൾ കരുതുന്നു. നിയമനിർമ്മാണത്തിലൂടെ ഉൽപ്പാദന ചെലവിനനുസരിച്ച് കാർഷികോൽപ്പന്നങ്ങൾക്ക് അടിസ്ഥാന വില ഉറപ്പാക്കുമെന്നും ഭാവിയിൽ അതുണ്ടാകുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു. നമ്മുടെ രാഷ്ട്രീയത്തെയും സംസ്കാരത്തെയുമെല്ലാം സാങ്കേതികവിദ്യ മാറ്റിമറിക്കുന്ന ഒരു

കാലമാണിത്. ഫ്രഞ്ച് ചിന്തകനായിരുന്ന Rene Descartes ഒരിക്കൽ പറഞ്ഞു, "I think, therefore I am". പുതിയ കാലത്ത് അത് I am connected, therefore I am എന്ന് മാറുന്നു. ഭക്ഷണവും പാർപ്പിടവും പോലെ കണക്ടിവിറ്റിയെന്നത് ഒരു പൗരന്റെ മൗലികാവകാശമാണെന്ന് പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഡിജിറ്റൽ രംഗത്തെ അസമത്വം ജനാധിപത്യത്തെ ആപത്കരമായി ബാധിക്കുമെന്ന ആശങ്കകളുടെ കാലത്ത് ഏറ്റവും നിർദ്ധനനായ മനുഷ്യന്റെ കുടുംബത്തിലേയ്ക്കുപോലും ഹൈസ്പീഡ് കണക്ടിവിറ്റിയെന്ന് പ്രഖ്യാപിക്കുമ്പോൾ അത് വലിയ മാറ്റമാണ് സൃഷ്ടിക്കാൻ പോകുന്നത്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കടന്നുവന്ന ഒരാളാണ് ഞാൻ. ആധുനിക വൈജ്ഞാനിക സമൂഹമായി കേരളത്തെ മാറ്റുമെന്ന പ്രഖ്യാപനത്തെയാണ് ഈ നയപ്രഖ്യാപനത്തിൽ ഏറ്റവും പ്രശോഭിതമായി ഞാൻ കാണുന്നത്. കേരളത്തിന്റെ മാത്ര സർവ്വകലാശാലയായിരുന്ന കേരള സർവ്വകലാശാലയുടെ ആദ്യത്തെ വൈസ് ചാൻസലറായി ആൽബർട്ട് ഐൻസ്റ്റീനെ രാജാവ് ക്ഷണിച്ചിരുന്നുവെന്ന് വായിച്ചിട്ടുണ്ട്. കേംബ്രിഡ്ജ് പോലുള്ള സർവ്വകലാശാലകളെക്കുറിച്ച് കേട്ടറിഞ്ഞാൽ പോരാ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുതൽ ആയുർവ്വേദം വരെയുള്ള മേഖലകളിൽ, വലിയൊരു സാധ്യതയിലേയ്ക്ക് മാറാൻ കേരളത്തിന് സാധിക്കണം. അതിനുള്ള ശ്രദ്ധേയമായ ചുവടുവയ്പുകൾ ഈ നയപ്രഖ്യാപനത്തിൽ കാണാം. ഇന്ത്യ സ്വതന്ത്രമാകുമ്പോൾ ഗാന്ധിജി പറഞ്ഞത്, 'The purpose of democracy is to wipe out the tears from the eyes of a common man' എന്നാണ്. ഈ നയപ്രഖ്യാപനത്തിന്റെ സാരാംശമായി കാണുന്ന ഒരു വാചകം ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞു. വികസനത്തിന്റെ നേട്ടങ്ങൾ എല്ലാ സാധാരണക്കാരിലേയ്ക്കും എത്തിക്കാൻ കഴിയണമെന്നതാണ് ആ വാചകം. സാധാരണ മനുഷ്യനെക്കുറിച്ചുള്ള കനിവിന്റെയും കരുതലിന്റെയും വാക്കുകളാണവ. ഗാന്ധിജിയുടെ വാക്കുകളെ ചേർത്തുപിടിക്കുന്ന, ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും ചിലരുടേത് മാത്രമല്ല കടലിലെ ഉപ്പുപോലെ എല്ലാവരുടേതു മാണെന്നുകൂടി പറഞ്ഞു വയ്ക്കുന്നതായി ഈ നയപ്രഖ്യാപനം മാറുന്നു. നന്ദി പ്രമേയത്തെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിന്റെ ജനാധിപത്യ ശ്രീകോവിലിലേയ്ക്ക്, 15-ാം കേരള നിയമസഭയിലേയ്ക്ക് ശക്തമായ രാഷ്ട്രീയ പോരാട്ടങ്ങൾക്കുശേഷം നാമെല്ലാം കടന്നുവരുമ്പോൾ, ഇന്നത്തെ സാഹചര്യത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ കൈകോർത്തു നിൽക്കേണ്ട അനിവാര്യത തിരിച്ചറിയാനുള്ള സമീപനമാണ് പ്രതിപക്ഷ കക്ഷികൾ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് രാവിലെ നടന്ന ആരോഗ്യ

വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിലൂൾപ്പെടെ ക്രിയാത്മക പ്രതിപക്ഷമെന്ന വാക്കിനോട് നീതിപുലർത്തിക്കൊണ്ടും അതിനെ അർത്ഥപൂർണ്ണമാക്കി മാറ്റിക്കൊണ്ടും ട്രഷറി ബഞ്ചിൽനിന്ന് പ്രകോപനപരമായ സമീപനമുണ്ടായപ്പോൾ പോലും ആത്മസംയമനത്തോടെയും തികഞ്ഞ പക്വതയോടെയും കേരളത്തിലെ ഉന്നതമായ ജനാധിപത്യ സമീപനവും ഈ കാലഘട്ടത്തിന്റെ അനിവാര്യതയും ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രതിപക്ഷ കക്ഷികൾ ഈ നിലപാട് സ്വീകരിച്ചത് എന്നുപറയുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. തെരഞ്ഞെടുപ്പിൽ വിജയിച്ച് എൽ.ഡി.എഫ്.-ന് അധികാരം ലഭിച്ചപ്പോൾ തിരുത്തലുകൾക്കുവേണ്ടിയുള്ള ഇടപെടലാണ് പ്രതിപക്ഷത്തിന്റെ ദൗത്യമായി ഞങ്ങളിപ്പോൾ ഏറ്റെടുക്കുന്നത്. അതിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്ന വിഷയങ്ങൾ കേരള ജനതയുടെ നന്മയ്ക്കുവേണ്ടി സ്വീകരിക്കേണ്ട പ്രശ്നങ്ങളാണെന്ന സമീപനത്തോടെ ഉൾക്കൊള്ളാനുള്ള മനസ്സ് ഗവൺമെന്റ് കാണിക്കണമെന്ന അഭ്യർത്ഥനയാണ് ഈ അവസരത്തിൽ എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

കാർഷിക മേഖലയെയാണ് ഞങ്ങളെല്ലാം പ്രതിനിധാനം ചെയ്യുന്നത്. ഈ നയപ്രഖ്യാപനത്തിൽ കൃഷിക്കാരോടുള്ള സമീപനമെന്താണ്? കാർഷികമേഖല നേരിടുന്ന പ്രതിസന്ധി നമുക്കെല്ലാവർക്കും അറിയാം. ഒരുഭാഗത്ത് കോവിഡ് മഹാമാരിയുടെ പ്രതിസന്ധികളും പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ സാഹചര്യങ്ങളും മറുഭാഗത്ത് വിളവെടുക്കാൻ കഴിയാതെയും കൃഷിനാശം സംഭവിച്ചും വിലയില്ലാതെയും വിപണിയില്ലാതെയുമുള്ള കർഷകന്റെ ബുദ്ധിമുട്ടുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇത്രയേറെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ, അതിജീവനത്തിന്റെ പാതയിൽ കേരളം നിൽക്കുമ്പോൾ കൃഷിക്കാർക്ക് കൂടുതൽ കരുതലും പരിഗണനയും നൽകാൻ ഗവൺമെന്റ് മുന്നോട്ടുവരേണ്ടതായിട്ടുണ്ട്. അത്തരത്തിലുള്ള സമീപനം നയപ്രഖ്യാപനത്തിൽ ഇല്ലെന്നുള്ളത് ഖേദകരമാണ്. ഗവൺമെന്റ് അത് തിരുത്താനുള്ള സമീപനം സ്വീകരിക്കണം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കൃഷിക്കാർക്ക് ആശ്വാസം കൊടുക്കാൻ കഴിയുംവിധത്തിലുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. കർഷകരുടെ വരുമാനത്തിൽ 50 ശതമാനത്തോളം വർദ്ധനവുണ്ടാകുന്ന രൂപത്തിൽ നടപടികളുണ്ടാകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. എന്നാൽ അതിനുള്ള നടപടികൾ എന്താണെന്ന് നയപ്രഖ്യാപനത്തിൽ പറയുന്നില്ല. കാർഷിക മേഖലയുടെ എല്ലാ രംഗത്തും തകർച്ചയാണെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. കൃഷിക്കാർ ജീവിക്കാൻ പ്രയാസപ്പെടുന്ന ഘട്ടത്തിൽ അവർക്ക് കൈത്താങ്ങായി, ആശ്വാസം കൊടുക്കാൻ കഴിയുന്നവിധത്തിൽ ഒരു കാർഷിക കർമ്മ പരിപാടി ഗവൺമെന്റ്

ആവിഷ്കരിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് നെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞ ഗവൺമെന്റും അതിനുമുമ്പുള്ള യു.ഡി.എഫ്. ഗവൺമെന്റും പരിശ്രമിച്ചിട്ടുണ്ട്. നെല്ല് കൊയ്തുകഴിഞ്ഞാൽ ഒരുമാസവും രണ്ട് മാസവും പാടത്തിരിക്കുകയാണ്. ഇന്ന് നെല്ല് സംഭരണത്തിന് സ്ഥിരമായ ഒരു സംവിധാനംപോലും കേരളത്തിലില്ല. അതിന് നടപടി ഉണ്ടാകേണ്ടതുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെ. എം. മാണി സാറാണ് റബ്ബർ കർഷകർക്കുവേണ്ടി 150 രൂപയുടെ വിലസ്ഥിരതാ ഫണ്ട് കൊണ്ടുവന്നത്. അത് 250 രൂപയായി വർദ്ധിപ്പിക്കണമെന്ന റബ്ബർ കർഷകരുടെ ആവശ്യം അതുപോലെ നിൽക്കുകയാണ്. ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ കാര്യമായ പരിഗണന നൽകണം. ഇപ്പോൾ കൃഷി ചെയ്യാനായി കൂടുതൽ ആളുകൾ മുന്നോട്ടുവരുന്നുണ്ട്. ഈ കോവിഡ് കാലത്ത് കപ്പ കൃഷി ചെയ്യാൻ മധ്യതിരുവിതാംകൂറിൽ ഒരുപാട് ആളുകൾ മുന്നോട്ടുവന്നു. കോവിഡ് കാരണം ബുദ്ധിമുട്ടനുഭവിക്കുന്ന വീടുകളിലെല്ലാം ശ്രമദാനമായി കപ്പ നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ കപ്പയ്ക്ക് തറവില നിശ്ചയിച്ചപ്പോൾ അത് ലഭിക്കുന്നതിനായി AIMS (Agriculture Information Management System) പോർട്ടലിൽ ഏതാണ്ട് 5 ശതമാനത്തിൽ താഴെ കപ്പ കർഷകർ മാത്രമാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സാധാരണക്കാരായ കൃഷിക്കാർക്ക് ഡിജിറ്റൽ സംവിധാനത്തെക്കുറിച്ചൊന്നും അറിയില്ല. അവർ അത് മനസ്സിലാക്കി വരുന്നതേയുള്ളൂ. അതുകൊണ്ട് കൃഷി വകുപ്പ് ഈ വിഷയത്തിൽ പ്രത്യേകമായ ഇടപെടൽ നടത്തിക്കൊണ്ട് രജിസ്ട്രേഷൻ മാനദണ്ഡം ഒഴിവാക്കി കപ്പ കൃഷി ചെയ്തിട്ടുള്ള എല്ലാവർക്കും ആനുകൂല്യം കൊടുക്കാൻ കഴിയും വിധത്തിലുള്ള ഒരു സാഹചര്യം ഉറപ്പുവരുത്തണം. ഇങ്ങനെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്ന രൂപത്തിലുള്ള നടപടികൾകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർഷകരും ജനങ്ങളും പ്രതീക്ഷിക്കുകയാണ്. അതനുസരിച്ച് ഉയർന്ന പ്രവർത്തിക്കാൻ കഴിയേണ്ടതായിട്ടുണ്ട്.

ലൈഫ് പദ്ധതിയെപ്പറ്റി ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ ഇവിടെ ചൂണ്ടിക്കാണിച്ചു. ഞങ്ങൾ അതിന്റെ വിവാദത്തിലേയ്ക്കൊന്നുമല്ല പോയത്. ലൈഫ് പദ്ധതി സംബന്ധിച്ച് രണ്ട് കാര്യങ്ങളേ പറഞ്ഞുള്ളൂ. ലൈഫ് പദ്ധതി അഴിമതി രഹിതമായി മുന്നോട്ടുപോകണം. ലൈഫ് പദ്ധതി പ്രകാരം 5 വർഷം കൂടുമ്പോൾ ഒരു വാർഡിൽ ഒരു വീട് മാത്രം നൽകിയാൽ എങ്ങനെയാണ് പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നത്. ആയിരക്കണക്കിന് അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും ലൈഫ് പദ്ധതി പ്രകാരം വീട് നൽകണം. അത്തരത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. വീടില്ലാത്ത മുഴുവൻ പാവങ്ങൾക്കും ലൈഫ് പദ്ധതിയിലൂടെ വീട് നൽകാൻ കഴിയുന്ന ഒരു സാഹചര്യം ഉറപ്പുവരുത്തേണ്ടതുണ്ട്. കേരളത്തിൽ

ആരാണ് ബി.ജെ.പി.-യുടെ വോട്ട് വാങ്ങിച്ചതെന്ന് പരിശോധിക്കാൻ അധികം ഗവേഷണം നടത്തേണ്ട കാര്യമില്ല. വിവാദങ്ങളിലൂടെ കടന്നുപോയ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിനെതിരായി പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ കൊണ്ടുവന്ന അഴിമതിയാരോപണങ്ങൾ മുഴുവൻ നിലനിൽക്കുമ്പോഴും അതിനൊക്കെ വ്യക്തമായ മറുപടിപോലും തരാതെ ഇലക്ഷനിൽ എങ്ങനെ ജയിച്ചു? അതിന് ബി.ജെ.പി. ആർക്ക് വോട്ട് ചെയ്തു എന്ന് പരിശോധിച്ചാൽ മതി. എൽ.ഡി.എഫ്.-ന് ലഭിച്ച നേട്ടത്തിൽ ബി.ജെ.പി.-യുടെ വോട്ടുണ്ടെന്നുള്ളത് ഉറപ്പാണ്. ആ യാഥാർത്ഥ്യം എങ്ങനെ മറച്ചുവച്ചാലും മറഞ്ഞുപോകില്ല. ഈ യാഥാർത്ഥ്യത്തിനുമുമ്പിലും കേരളത്തിലെ യു.ഡി.എഫ്. ശക്തമായി മുന്നോട്ടുപോകും, അതിശക്തമായ പ്രവർത്തനങ്ങൾ നടത്തി ജനപക്ഷത്തു നിന്നുകൊണ്ട് കേരളത്തിൽ യു.ഡി.എഫ്. ഉജ്ജ്വല തിരിച്ചുവരവ് നടത്തുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ നിയമസഭയിൽ ഞങ്ങളെപ്പോലുള്ള പുതിയ പ്രതിനിധികൾ സംസാരിക്കുമ്പോൾ വളരെ അഭിമാനം തോന്നുകയാണ്. കേരളത്തിന്റെ ചരിത്രം തിരുത്തിയെഴുതിയ ഒരു തെരഞ്ഞെടുപ്പും ഒരു നിയമസഭയുമാണ് ഇവിടെയുള്ളത്. കേരളത്തിലെ പ്രമുഖനായ എഴുത്തുകാരൻ എൻ. എസ്. മാധവൻ പറഞ്ഞിട്ടുള്ള വളരെ ശ്രദ്ധേയമായ ഒരു വിലയിരുത്തലുണ്ട്. അധികാരത്തിന്റെ പെൻഡുലത്തിന്റെ ആട്ടം നിന്നിരിക്കുന്നു. ഇത് കേൾക്കുമ്പോൾ നെഞ്ച് പിടയ്ക്കുന്നത് അപ്പുറത്തിരിക്കുന്ന യു.ഡി.എഫ്. പ്രതിനിധികൾക്കാണ്. കാരണം ഇനി കേരളത്തിൽ അവർക്ക് എന്താണ് മാർഗ്ഗമെന്നത് വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട ഒരു കാലമാണിത്. ഈ നയരേഖയിൽ എന്താണുള്ളതെന്നാണ് ഇവർ ചോദിക്കുന്നത്. എന്നാൽ ഈ നയരേഖയിൽ എന്താണ് ഇല്ലാത്തത്; ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യം നിങ്ങൾക്ക് പറയാമോ എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. കേരളത്തിന്റെ ഭാവിയെക്കുറിച്ചുള്ള എല്ലാ സ്വപ്നങ്ങളും ഇന്നലെകളിൽ നടപ്പാക്കിയതിന്റെ അനുഭവത്തിന്റെ കരുത്തുമായാണ് ഈ നയപ്രഖ്യാപന രേഖ അവതരിപ്പിച്ചിട്ടിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കല്ല പോകുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനത്തെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ചെയ്ത വളരെ മനോഹരമായ ഒരു കാര്യമുണ്ട്. കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ കുട്ടികളുടെ കവിതകളാണ് അദ്ദേഹം മനോഹരമായി ബഡ്ജറ്റ് രേഖയിൽ ഉൾപ്പെടുത്തിയത്. തിരുവനന്തപുരം ജില്ലയിലെ മടവൂർ

എൻ.എസ്.എസ്. എച്ച്.എസ്.എസ്.-ലെ ആർ. എസ്. കാർത്തിക എന്ന വിദ്യാർത്ഥിനിയുടെ വളരെ പ്രത്യാശാ നിർഭരമായ ഒരു കവിത അദ്ദേഹം ബഡ്ജറ്റ് രേഖയിൽ ഉദ്ധരിക്കുന്നുണ്ട്. ആ കവിതയിൽ പറയുന്നത് ഇങ്ങനെയാണ്:

'യുദ്ധം ജയിച്ചിടും
യുവസൂര്യനുദിച്ചിടും
മുന്നോട്ടു നടന്നിടും നാമിനിയും
വിജയഗാഥകൾ ചരിത്രമായി വാഴ്ത്തിടും'

കേരളത്തിന്റെ വിജയഗാഥ ലോക ചരിത്രത്തിന്റെ ഭാഗമാകുമെന്ന പ്രത്യാശ പാഴായില്ലെന്നുള്ളത് കേരളം പതിനഞ്ചാമത് നിയമസഭാ തെരഞ്ഞെടുപ്പിൽ ഉറപ്പാക്കിയത് അഭിമാനത്തോടുകൂടി നമ്മൾ കാണുകയാണ്. ഈ നയരേഖയുടെ കാമ്പ് എന്താണെന്ന് നിങ്ങൾക്കെല്ലാവർക്കുമറിയാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാട് ഈ നയരേഖയിലുണ്ട്. സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ ലഭിക്കാത്ത ഒരാൾപോലും ഈ നാട്ടിലുണ്ടാകരുത്. ചില വിഭാഗങ്ങളെ പാർശ്വവൽക്കരിച്ചുകൊണ്ടുള്ള വേർതിരിവ് സമൂഹത്തിലുണ്ടായിരുന്നു. അങ്ങനെയൊരു വേർതിരിവുണ്ടാകരുതെന്നതാണ് സർക്കാരിന്റെ നയവും നിലപാടും. ആ നിലപാടിനെ അടിസ്ഥാനപ്പെടുത്തി നാടിന്റെ നാളേയ്ക്കു വേണ്ടിയിട്ടുള്ള കാഴ്ചപ്പാടാണ് 258 ഖണ്ഡികകളിലായി ഈ നയപ്രഖ്യാപന രേഖയിൽ ബഹുമാനപ്പെട്ട ഗവർണർ മുന്നോട്ടുവച്ചിട്ടുള്ളത്. ഇത് കോൺഗ്രസിന് മനസ്സിലാകുന്ന നയമല്ല, കോൺഗ്രസിന്റേത് ബി.ജെ.പി.-യുടെ നയംതന്നെയാണ്. രണ്ടും തമ്മിൽ വലിയ വ്യത്യാസമില്ല. എന്നാൽ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയം കേന്ദ്ര സർക്കാർ നടപ്പാക്കുന്ന നവലിബറൽ നയങ്ങൾക്കെതിരായ ജനകീയ ബദലാണ്. ആ ബദൽ അവതരിപ്പിച്ചതുകൊണ്ടാണ്, ആ ബദൽ ഈ നാട്ടിൽ നടപ്പാക്കിയതുകൊണ്ടാണ് എഴുത്തുകാരൻ ശ്രീ. എൻ. എസ്. മാധവൻ പറഞ്ഞിട്ടുള്ളത് ഇവിടെ സാർത്ഥകമാകുന്നത്. പെൻഡുലം നിശ്ചലമായിരിക്കുന്ന നിലയിൽ ചരിത്രം ശുഭോദർക്കമായി മുന്നോട്ടുപോകുന്ന സംസ്ഥാനമായി കേരളം മാറുന്നത് ഇത് അത്രമാത്രം ശരിയായ നയമായതുകൊണ്ടാണ്. പരിണതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ ദിവസം ഒരു പത്രത്തിൽ വന്ന 'സക്കറിയയുടെ ലേഖനം' ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതിനുമുമ്പ് വന്നിട്ടുള്ള സക്കറിയയുടെ ലേഖനം അദ്ദേഹം കണ്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിൽ കുറച്ചു കണക്കുകൾ പറഞ്ഞു. ആ കണക്കുകൾ ഞങ്ങളിവിടെ പറയുന്നുണ്ട്. ആ പത്രത്തിന്റെ ഒരു ഭാഗത്തു വന്നിട്ടുള്ള

വാർത്ത ശ്രദ്ധിച്ചിരുന്നെങ്കിൽ ഈ നയപ്രഖ്യാപന രേഖയെ അദ്ദേഹം അംഗീകരിക്കുമായിരുന്നു. 'ആരാധികേ, ഇതാ നിന്റെ ജീവിതം' എന്ന തലക്കെട്ടിൽ മാതൃഭൂമി പത്രത്തിൽ വന്നിട്ടുള്ള വാർത്തയുടെ ഒരു ഭാഗം ഞാനിവിടെ വായിക്കുകയാണ്. "ഒരു പരിചയവുമില്ലാത്ത മുഖ്യമന്ത്രിക്ക് സന്ദേശമയയ്ക്കുമ്പോഴും പ്രതീക്ഷയുണ്ടായിരുന്നില്ല, അർദ്ധരാത്രിയാണ്; പക്ഷേ നിമിഷങ്ങൾക്കകം അത്ഭുതകരമായ രീതിയിലാണ് അവിടെ ഇടപെടലുകളുണ്ടായതും ഒരു ജീവൻ രക്ഷിക്കാൻ കഴിഞ്ഞതും" . കോവിഡ് ബാധിച്ച ഒരു സ്ത്രീയുടെ കാര്യം അമേരിക്കയിലിരുന്ന് സിനിമാനടനായ ശ്രീ. ബാബു ആന്റണി ഒരു മെസേജിലൂടെ കേരളത്തിലെ മുഖ്യമന്ത്രിക്ക് അയയ്ക്കുമ്പോൾ പരിചയമില്ലാത്ത നമ്പറിൽനിന്ന് വന്ന മെസേജെടുത്ത് അരമണിക്കൂറിനുള്ളിൽ ആ സ്ത്രീയുടെ അരികത്തേയ്ക്ക് കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ എത്തിച്ച ഏറ്റവും ജീവകാരുണ്യപരമായ, വിസ്തൃതമായ മനസ്സ് കാണിച്ചത് കേരളത്തിലെ മുഖ്യമന്ത്രിയാണ്. അദ്ദേഹത്തിന്റെ ആ മനസ്സാണ് കേരളം അംഗീകരിച്ചത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഞങ്ങളുടെ പരിസരത്തുള്ളയാളാണ്. അദ്ദേഹത്തിന്റെ വീട്ടിൽപ്പോലും ശ്രീ. പിണറായി വിജയന് ആരാധകരുണ്ടെന്നും ബാദ്ധ്യതയുള്ളതുകൊണ്ടാണ് ഈ നയപ്രഖ്യാപനത്തിനെതിരായി നിൽക്കുന്നതെന്നും അദ്ദേഹം സത്യസന്ധമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തോട് കൊച്ചുമക്കൾ പറയുന്നത് ഈ മനുഷ്യനെയാണ് (ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ) കേരളത്തിന് വിശ്വസിക്കാൻ സാധിക്കുക എന്നാണ്. ഈ നാടിന്റെ നന്മയ്ക്കുവേണ്ടി, ജീവിതത്തിനുവേണ്ടി കേരളത്തെ നയിക്കുന്നതിന് ഒരു മുഖ്യ കാവൽക്കാരനുണ്ട്; അത് കേരളത്തിന്റെ മുഖ്യമന്ത്രിയായ സഖാവ് പിണറായി വിജയനാണെന്ന് ഓരോ മലയാളിക്കും അഭിമാനത്തോടുകൂടി പറയാം. യു.ഡി.എഫ്.-കാരുടെ വീട്ടിലെ കുഞ്ഞുങ്ങൾപോലും അത് പറയുന്നു വെന്നുള്ള തിരിച്ചറിവ് നിങ്ങൾക്കുണ്ടാകണമെന്നാണ് ഞങ്ങൾ പറയുന്നത്. ഇന്ദിരാഗാന്ധിയുടെ പേഴ്സണൽ സെക്രട്ടറിയായിരുന്ന പി. എസ്. നാരായണ അയ്യരുടെ മകളുടെ മകൾക്ക് കിട്ടിയ കൈത്താങ്ങിനെക്കുറിച്ച് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണന്റെ ഒരനുഭവം ഇന്നലെ മാധ്യമങ്ങളിൽ വന്നു. ജീവിത പ്രയാസങ്ങൾക്കിടയിൽ നിൽക്കുന്ന ഓരോ കുടുംബത്തിനും എങ്ങനെയാണ് ഈ ഗവൺമെന്റ് താങ്ങും തണലുമായി നിൽക്കുന്നതെന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ അനുഭവം വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത്.

ഞങ്ങൾ അക്രമരാഷ്ട്രീയം നടത്തുന്നവരാണെന്ന് ഇവിടെ ചിലർ പറയുന്നുണ്ട്. പേരാവൂർ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് ഞങ്ങളുടെ നാട്ടുകാരനാണ്. ഞാൻ അദ്ദേഹത്തെ വ്യക്തിപരമായി ആക്ഷേപിക്കുകയല്ല. അദ്ദേഹം അക്രമരാഷ്ട്രീയത്തെ ക്കുറിച്ച് പറഞ്ഞു. ഞാൻ വരുന്നത് പയ്യന്നൂരിൽ നിന്നാണ്. കേരള നിയമസഭയിൽ

അംഗമായിരുന്ന പയ്യന്നൂരുകാരനായ സഖാവ് സി. പി. നാരായണന്റെ സഹോദരനെ രാഷ്ട്രീയമായ പക തീർത്ത് കൊന്നതാണ്. ആ കൊലക്കേസ്സിലെ പ്രതി ആരാണ്; കൊന്നതിന്റെ പിന്നിലെ ആൾ ആരാണെന്ന് പേരാവൂർ എം.എൽ.എ.-യ്ക്ക് പറയാൻ സാധിക്കുമോ? നിങ്ങളുടെ പൂർവ്വികരായി പേരാവൂരിൽനിന്നും എം.എൽ.എ. ആയ മനുഷ്യൻ ആ കേസ്സിൽപ്പെട്ട ആളല്ലേ? നിങ്ങൾ ആലോചിച്ച് നോക്കൂ. ഞങ്ങൾ അദ്ദേഹത്തെ ഒന്നും പറയുന്നില്ല. ഒരാളുടെ പേരും ഞാൻ പറഞ്ഞിട്ടില്ല. കുഞ്ഞാലിയെ നമുക്കെല്ലാമറിയാം. ഇവിടെ മന്ത്രിയായിരുന്നൊരാൾ കുറച്ചുനാൾ മുമ്പല്ലേ കേരളത്തിലെ ഒരു പ്രധാനപ്പെട്ട പത്രത്തിന്റെ വാരാന്ത്യപതിപ്പിൽ എഴുതിയത്, 'ഞങ്ങളെല്ലാം ആലോചിച്ചിട്ടാണ് കുഞ്ഞാലിയെ വെടിവച്ചുകൊന്നത് എന്ന്. അങ്ങനെ കൊന്നവരല്ലേ നിങ്ങൾ? ഞാൻ വരുന്നത് പയ്യന്നൂരിൽ നിന്നാണ്. പയ്യന്നൂരിലാണ് 1970-ലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ, കേരള ചരിത്രത്തിലാദ്യമായി രാമന്തളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന 48 വയസ്സുള്ള സഖാവ് ഒ. കെ. കുഞ്ഞിക്കണ്ണനെ നിഷ്ഠൂരമായി വെട്ടിക്കീറി കൊന്നത്. ആരാണ് കൊന്നത്? എന്റെ മണ്ഡലത്തിന്റെ പാർശ്വത്തിലാണ് ചീമേനി, അഞ്ചുപേരെ ചുട്ടുകരിച്ചു കൊന്നത് ഒരു തെരഞ്ഞെടുപ്പിന്റെ നാളിലല്ലേ; അവിടെനിന്ന് പൊട്ടിക്കരഞ്ഞ ഒരു മനുഷ്യൻ നടന്നുകയറി വന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയുടെ കസേരയിലേയ്ക്കാണ്; തൃക്കരിപ്പൂർ മണ്ഡലത്തിൽ അന്ന് മത്സരിച്ച സഖാവ് ഇ. കെ. നായനാർ; അഞ്ചുപേരെ ചുട്ടുകരിച്ചു കൊന്ന ചരിത്രം നിങ്ങൾക്ക് മറക്കാൻ സാധിക്കുമോ? നിലമ്പൂരിലെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. നിലമ്പൂരിലെ എം.എൽ.എ. ഇവിടെയുണ്ട്. നിലമ്പൂരിലെ കോൺഗ്രസിന്റെ ഓഫീസിനുള്ളിലല്ലേ അവിടത്തെ ജോലിക്കാരിയായിരുന്ന ഒരു പാവത്തിനെ തല്ലിക്കൊന്ന് ചാക്കിൽക്കെട്ടിവച്ചത് നമ്മൾ കണ്ടത്. എത്രയെത്ര കാര്യങ്ങൾ ഇവിടെ പറയാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... സമയം കഴിഞ്ഞു. അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കൂ.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പഴകിത്തുരുമ്പിച്ചിട്ടുള്ള അക്രമരാഷ്ട്രീയമാണ് കമ്മ്യൂണിസ്റ്റുകാരുടെ രാഷ്ട്രീയമെന്ന് നിങ്ങൾ പറയുന്നു. കേരളത്തിലെ ജനങ്ങൾക്ക് ഞങ്ങളെക്കുറിച്ച് അങ്ങനെയെന്തെങ്കിലും പറയാൻ സാധിക്കുമോ? കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ ആറുപേരുടെ ജീവൻ ഞങ്ങൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അതിലൊരാൾ ഞങ്ങളുടെ അടുത്ത നാട്ടുകാരനായ കാഞ്ഞങ്ങാട് ഔഫ് അബ്ദുൾ റഹ്മാനാണ്. ഔഫ് അബ്ദുൾ റഹ്മാന്റെ കുട്ടി ജനിക്കുമ്പോൾ അച്ഛൻ ജീവനോടെയില്ലെന്നത് ആർക്കാണ് കാണാതിരിക്കാൻ കഴിയുക; ഏത് മാർക്സിസ്റ്റ് അക്രമത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്? ഈ തിരുവനന്തപുരത്തല്ലേ മിഥിൽരാജ്, ഹക്ക് മുഹമ്മദ് എന്നീ രണ്ട് ചെറുപ്പക്കാർ നിഷ്ഠൂരമായി കശാപ്പ് ചെയ്യപ്പെട്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. സമയം കഴിഞ്ഞു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പറഞ്ഞ വാക്ക് പാലിച്ചിട്ടുള്ളതാണ് കേരളത്തിലെ ഗവൺമെന്റും മുഖ്യമന്ത്രിയും. ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിക്കുമെന്ന് മുഖ്യമന്ത്രി കഴിഞ്ഞ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ പറഞ്ഞു. അങ്ങനെ പറയാൻ ഈ കോൺഗ്രസുകാർക്ക് ധൈര്യമുണ്ടായിരുന്നോ; നിങ്ങൾക്ക് നാക്കുണ്ടായിരുന്നോ? ആ വാക്ക് മുഖ്യമന്ത്രി കൃത്യമായി പാലിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസംഗം അവസാനിപ്പിക്കു. അടുത്ത അംഗത്തിനെ വിളിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടേയ്ക്ക് വരുമ്പോൾ മുഖ്യമന്ത്രി പറഞ്ഞു: പ്രതിപക്ഷത്തിരിക്കാൻ യോഗ്യനാണ് എന്ന്. .....(മൈക്ക് ഓഫ്).......

ശ്രീമതി കാനത്തിൽ ജമീല: സർ, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ചരിത്രം തിരുത്തിക്കുറിച്ച ഒരു സർക്കാരിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ ഏറെ അഭിമാനംകൊള്ളുകയാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാനും അവയ്ക്ക് പരിഹാരം കാണാനും വികസനത്തിന്റെ തുടർച്ചയ്ക്കുമായി എന്നെ ഈ പ്രൗഢമായ നിയമസഭയിലേയ്ക്ക് അയച്ച എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോട് ഞാൻ നന്ദി പറയുകയാണ്. ഒരു കാലഘട്ടത്തിന്റെ മോചനം; ഒരു കെട്ടകാലത്തിൽനിന്നുള്ള മോചനമെന്ന നിലയിൽ 'എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും' എന്ന പ്രതീക്ഷാനിർഭരമായ മുദ്രാവാക്യവുമായാണ് ആശയറ്റ ജനങ്ങളുടെ മുമ്പിലേയ്ക്ക് കഴിഞ്ഞ അഞ്ച് വർഷം മുമ്പ് എൽ.ഡി.എഫ്. ഇറങ്ങിച്ചെന്നത്. ജനങ്ങൾ അർപ്പിച്ച വിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ട് ആ വിശ്വാസത്തിനും പിന്തുണയ്ക്കും ഞങ്ങൾ കൊടുത്തിട്ടുള്ളത് കേരളത്തിലാകമാനം എല്ലാ മേഖലയിലുമുള്ള വികസന ക്ഷേമ പ്രവർത്തനങ്ങളാണ്. വികസനത്തിന്റെയും കരുതലിന്റെയും നിശ്ചയദാർഢ്യത്തിന്റെയും കരുത്ത് ഒരു ജനതയൊന്നാകെ തിരിച്ചറിഞ്ഞ അഞ്ച് വർഷങ്ങളായിരുന്നു നമുക്ക് മുന്നിലൂടെ കടന്നുപോയത്. കേരളത്തെ പിടിച്ചുലച്ച ഓഖിയും ഈ നൂറ്റാണ്ടിൽ നമ്മൾ കാണാത്ത രീതിയിലുള്ള പ്രളയവും ഇപ്പോഴും പിന്തുടരുന്ന കൊറോണ വൈറസുമെല്ലാം വലിയ രീതിയിൽ ഗവൺമെന്റിനെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. മഹാപ്രതിസന്ധികൾ ഒന്നിനുപുറകെ ഒന്നായി വരുമ്പോൾ ഏതൊരു ഭരണാധികാരിയും പകച്ചുപോകുമായിരുന്നു. എന്നാൽ ജനങ്ങളെ മുന്നോട്ടു നയിച്ച് അവർക്ക് ആത്മവിശ്വാസവും ആശ്വാസവും നൽകി

എല്ലാ രീതിയിലുള്ള സഹായവും ചെയ്ത് ഒരു ക്യാപ്റ്റനായി നിന്നുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റിനെ മുന്നോട്ട് നയിക്കുകയാണുണ്ടായത്. ദുരന്തമുഖങ്ങളിൽ ഒറ്റക്കെട്ടായി നിന്നുകൊണ്ട് കേരള ജനതയെ സഹായിക്കേണ്ടിയിരുന്ന പ്രതിപക്ഷം ചെയ്തത് എന്തായിരുന്നു? ദുരന്തങ്ങളിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് ഇവിടത്തെ പ്രതിപക്ഷം നിലവിട്ട് തരംതാണപ്പോൾ അവർക്ക് ഈ നാട് കൊടുത്ത മുഖമടച്ച അടിയായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലം. ഈ സർക്കാരിന്റെ എല്ലാ ജനക്ഷേമ പ്രവർത്തനങ്ങൾക്കും തുരങ്കം വച്ചുകൊണ്ടായിരുന്നു അഞ്ച് വർഷം പ്രതിപക്ഷം മുന്നോട്ട് പോയത്. എന്നിട്ടെന്തായി?

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

99 അംഗങ്ങളുമായി ഈ നിയമസഭയിൽ വരാനും ചരിത്രം തിരുത്തിയെഴുതാനും ഞങ്ങൾക്ക് കഴിഞ്ഞു. 41 അംഗങ്ങളായി യു.ഡി.എഫ്. ചുരുങ്ങി. ഞങ്ങൾ ജനങ്ങൾക്ക് മുമ്പിൽവച്ച പ്രകടനപത്രിക വെറും നാട്യപ്രകടനമായിരുന്നില്ലെന്ന് ജീവിതാനുഭവത്തിൽക്കൂടി തിരിച്ചറിഞ്ഞ ജനങ്ങളാണ് ഞങ്ങളുടെ കരുത്ത്, അതുമായി ഞങ്ങൾ മുമ്പോട്ടുപോകും. സംസ്ഥാനത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. കേരളത്തിന്റെ കടൽത്തീര മേഖലയ്ക്കുണ്ടായ ഉണർവ്വിനെ അവഗണിക്കാൻ കഴിയുമോ? ഓഖി ചുഴലിക്കാറ്റിൽ വീട് നഷ്ടപ്പെട്ടവരെ സമാശ്വസിപ്പിച്ചുകൊണ്ട് പുനരധിവസിപ്പിക്കുകയും നഷ്ടപ്പെട്ട ജീവനോപാധിയായ തൊഴിലുപകരണങ്ങൾ നൽകിക്കൊണ്ട് അവരെ ചേർത്തുപിടിക്കുകയും ചെയ്തതിന്റെ ഭാഗമായാണ് 80 ശതമാനം കടലോര മേഖലയിലും ജയിച്ചുവരാൻ ഞങ്ങൾക്ക് കഴിഞ്ഞത്. ലോക്ക്ഡൗൺ സമയത്ത് ജോലിയും കൂലിയും ഇല്ലാതിരുന്നപ്പോൾ ഗവൺമെന്റ് നൽകിയ ഭക്ഷ്യകിറ്റായിരുന്നു കേരളത്തിലെ പാവപ്പെട്ട ജനവിഭാഗത്തിന്റെ വീടുകളിലെ പട്ടിണി മാറ്റിയത്. എന്നാൽ അത് വോട്ട് ലക്ഷ്യമാക്കിയാണ്, തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കിയാണ് എന്നുപറഞ്ഞ് പ്രതിപക്ഷം കോടതിയെ സമീപിച്ച കഥ നമുക്കറിയാം. പാവപ്പെട്ട ജനവിഭാഗത്തിന്റെ കഞ്ഞിയിലേയ്ക്ക് മണ്ണ് കോരിയിടുന്ന ഏർപ്പാടാണ് ഇവിടെയുള്ള പ്രതിപക്ഷം ചെയ്തിട്ടുള്ളത്. കേരളത്തിലെ ഏറ്റവും വലിയ വനിതാ പ്രസ്ഥാനമായ കുടുംബശ്രീയെ പരാജയപ്പെടുത്താനാണ് യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ ജനശ്രീ എന്ന സംരംഭം കൊണ്ടുവന്നത്. കുടുംബശ്രീയെ വിഴുങ്ങുവാനുള്ള കടുവയായിരുന്നു ജനശ്രീ. സ്ത്രീകളും പുരുഷന്മാരും ഒന്നിച്ച് നിന്നുകൊണ്ട് കടമെടുത്ത്, സ്ത്രീകളെ

കടക്കെണിയിലേയ്ക്കെത്തിക്കാൻവേണ്ടി രൂപീകരിച്ചത്. ശ്രീ. എം. എം. ഹസ്സനെന്ന നേതാവ് ഒരു പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കാര്യമായിരുന്നു 'ജനശ്രീ' . പക്ഷേ, കേരളത്തിലെ സ്ത്രീകൾ അതിനെ തള്ളിക്കളഞ്ഞു. ഈ രീതിയിൽ എല്ലാ കാര്യത്തിനും തുരങ്കംവയ്ക്കുകയെന്ന സമീപനമാണ് എല്ലാ കാലഘട്ടങ്ങളിലും ഇവർ പുലർത്തിപ്പോന്നിരുന്നത്. ലോക്ഡൗണിന്റെ സമയത്ത് ഗവൺമെന്റ് ഏർപ്പെടുത്തിയ 20 രൂപയ്ക്കുള്ള ഉച്ചയൂണ് പദ്ധതി, അതിഥി തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടിയുള്ള കമ്മ്യൂണിറ്റി കിച്ചൺ എന്നീ സംരംഭങ്ങളെ എതിർത്ത് ഇവർ രംഗത്തുവന്നു. കഴിഞ്ഞ ദിവസം ഒരു സഭാംഗം പറഞ്ഞത്, കമ്മ്യൂണിറ്റി കിച്ചൺ ഗവൺമെന്റിന്റെ സപ്പോർട്ടോടുകൂടിയല്ല നടക്കുന്നതെന്നും അത് നാട്ടിലെ സന്നദ്ധ സംഘടനയുടെ പേരിലാണെന്നുമാണ്. ഇതാണ് കേരളമെന്ന് നമ്മുടെ സഭാംഗം അറിയണം. ജനങ്ങൾ സഹായിച്ചതുകൊണ്ടാണ് കമ്മ്യൂണിറ്റി കിച്ചൺ നടത്താൻ കഴിഞ്ഞത്. കേരളം നല്ല രീതിയിലുള്ള ഒരു മാതൃകയാണ് കാണിച്ചിട്ടുള്ളത്. അത് അതിന്റേതായിട്ടുള്ള രീതിയിൽ തിരിച്ചറിയണം.

ദേശീയപാതയുടെ കാര്യത്തിലുംമറ്റും യു.ഡി.എഫ്. ഗവൺമെന്റ് അറച്ചുനിന്നപ്പോൾ നമ്മുടെ ഗവൺമെന്റ് ഇച്ഛാശക്തിയോടെ അതിനെ മുന്നോട്ടുനയിച്ചു. അതുപോലെ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തെ വൈദ്യുതി മിച്ച സംസ്ഥാനമാക്കാൻ കഴിഞ്ഞു. ലോഡ്ഷെഡ്ഡിംഗും പവർകട്ടും കേരളത്തിലെ ജനങ്ങൾ മറന്ന വാക്കുകളായി. ഒരു കമ്പനിയോ വ്യവസായശാലയോ ലോഡ്ഷെഡ്ഡിംഗിന്റേയോ പവർകട്ടിന്റേയോ പേരിൽ അടച്ചുപൂട്ടേണ്ടി വന്നില്ല. ഈ ഗവൺമെന്റിനെ കേരളത്തിലെ എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങൾ നെഞ്ചിലേറ്റിയതാണ്. പൊതു വിദ്യാഭ്യാസ രംഗം ഏറ്റവും മികച്ച രീതിയിൽ കൊണ്ടുപോകാൻ കഴിഞ്ഞു. എന്നാൽ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വർഷാവസാനത്തിൽപ്പോലും യൂണിഫോമോ ടെക്സ്റ്റ് ബുക്കോ നൽകാൻ കഴിഞ്ഞിട്ടില്ലായിരുന്നു. മാത്രമല്ല അൺ എയ്ഡഡ് സ്കൂളുകൾ കൂണുപോലെ മുളച്ചുവന്ന കാലഘട്ടമായിരുന്നു. അൺ എയ്ഡഡ് സ്കൂളിന് അംഗീകാരം ലഭിക്കാനായി പ്രദേശത്തുള്ള നേതാക്കന്മാർ ഭരണസിരാ കേന്ദ്രത്തിൽ ക്യൂ നിന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. ഇനിയെങ്കിലും നല്ലൊരു പ്രതിപക്ഷമായി മാറാൻ അവർക്ക് കഴിയണം. ക്രിയാത്മകമായ പ്രതിപക്ഷമായിരിക്കുമെന്ന് പറയുമ്പോഴും കേന്ദ്രസർക്കാർ പിന്തുടരുന്ന വർഗ്ഗീയ/ഫാസിസ്റ്റ് നയങ്ങൾക്കെതിരെ, ഫെഡറൽ സംവിധാനം തകർക്കുന്ന ഏകാധിപത്യത്തിനെതിരെ ഒരു ചെറുവിരലനക്കാൻ ഇവർ മുന്നോട്ടുവന്നിട്ടുണ്ടോ? തെരഞ്ഞെടുപ്പ് വരുന്നതിനുമുമ്പ് ഏതെങ്കിലും റിസോർട്ട് ബുക്ക് ചെയ്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ എം.എൽ.എ.-മാരെ എല്ലാവരെയും ഒരു ബസ്സിൽ

കയറ്റി റിസോർട്ടിൽ കൊണ്ടുപോയി അടച്ചുപൂട്ടേണ്ട ഗതികേടുവന്ന പാർട്ടിയാണ് കോൺഗ്രസ്. ഇന്ത്യാ രാജ്യത്തെ ഏറ്റവും വലിയ മതേതര പാർട്ടിയെന്ന് അവകാശപ്പെടാൻ മുൻകാലങ്ങളിൽ കോൺഗ്രസിന് കഴിയുമായിരുന്നു. എന്നാൽ ഇന്ന് അതല്ല സ്ഥിതി. പരാജയത്തിന്റെയും രാഷ്ട്രീയ നിലപാടില്ലായ്മയുടെയും രീതിയിലേയ്ക്ക് കോൺഗ്രസ് മാറിയിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്... പ്ലീസ് കൺക്ലൂഡ്...സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീമതി കാനത്തിൽ ജമീല: സർ, ഏറ്റവും വലിയ വർഗ്ഗീയ പാർട്ടിയെ കൂട്ടുപിടിച്ചുകൊണ്ടാണ് ഇവർ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതൊരിക്കലും ജനങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ലെന്നതാണ് ഈ തെരഞ്ഞെടുപ്പ് ഫലം തെളിയിക്കുന്നത്. ചങ്കുറപ്പോടെ നേതൃത്വം നൽകുന്ന കേരള സർക്കാർ അചഞ്ചലമായി മതേതരത്വ നിലപാട് പുലർത്തുമ്പോൾ വർഗ്ഗീയ ശക്തികൾക്ക് ഒരിക്കലും ഇവിടെ വളരാൻ കഴിയില്ലെന്നുള്ളതാണ് സത്യം. സാമുദായിക പാർട്ടി ലേബലിൽ ന്യൂനപക്ഷത്തിന്റെ രക്ഷകരായി സ്വയം കരുതി തങ്ങളുടെ സാമ്പത്തിക സാമ്രാജ്യങ്ങൾ സുരക്ഷിതമാക്കി എക്കാലവും ജയിച്ചുകയറാമെന്നുള്ള ആഗ്രഹം ഇനി ലീഗ് വച്ചുപുലർത്തേണ്ടതില്ല. മതത്തിന്റെ പേരിലല്ല, മതേതരത്വം പറഞ്ഞുകൊണ്ട് വോട്ടുപിടിക്കണം. മതേതരത്വത്തിന്റെ പേരിൽ വോട്ടു പിടിക്കാത്തതുകൊണ്ട് എന്റെ മണ്ഡലത്തിൽ അനുഭവിച്ച സ്ഥിതി എനിക്കറിയാം.

മി. ചെയർമാൻ: പ്ലീസ്.. പ്ലീസ്... കൺക്ലൂഡ്.

ശ്രീമതി കാനത്തിൽ ജമീല: സർ, വർഗ്ഗീയ പാർട്ടികളെ കൂട്ടുപിടിച്ചുകൊണ്ട് മതത്തിന്റെ പേരിൽ എല്ലാ രീതിയിലും എന്നെ വ്യക്തിഹത്യ നടത്തി. അത് നേരിട്ടനുഭവിച്ചത് ഈ തെരഞ്ഞെടുപ്പിലായിരുന്നു. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ സർക്കാർ നൽകിയ മുഴുവൻ വാഗ്ദാനങ്ങളും പാലിച്ചുകൊണ്ട് തുടർഭരണമെന്ന സ്വപ്നതുല്യമായ യാഥാർത്ഥ്യത്തിലേയ്ക്ക് കേരളം അതിന്റെ യാത്ര തുടരുകയാണ്. എന്തുകൊണ്ടാണ് ജനങ്ങൾ സംസ്ഥാനത്ത് തുടർഭരണം നൽകിയെന്നത് നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമായി പറയുന്നുണ്ട്. ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് പ്രതിസന്ധികളിൽ അവർക്കൊപ്പം നിന്ന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ടീമിനും ലഭിച്ച ഒന്നാന്തരം വിധിയെഴുത്തായിരുന്നു ഈ ജനവിധി. രണ്ട്

വെള്ളപ്പൊക്കം, ഓഖി ചുഴലിക്കാറ്റ്, നിപ, കോവിഡ്-19 മഹാമാരി എന്നിവ അതിജീവിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും ജാഗ്രതയുള്ള പ്രവർത്തനങ്ങളാണ് തുടർഭരണത്തിന്റെ യാഥാർത്ഥ്യം. ജനങ്ങളെ സേവിച്ചാൽ അവർ ഒപ്പം നിൽക്കുമെന്ന് അത് തെളിയിച്ചു. ദുരിതംപേറിയ കേരള ജനതയ്ക്ക് സൗജന്യ ഭക്ഷ്യധാന്യ കിറ്റ്, സാമൂഹ്യ കിച്ചൺ വഴി സൗജന്യ ഭക്ഷണം, ക്ഷേമപെൻഷൻ വർദ്ധിപ്പിച്ച് കുടിശ്ശികയില്ലാതെ വിതരണം ചെയ്തത്, 20 രൂപയ്ക്ക് ഭക്ഷണം നൽകുന്ന ഹോട്ടലുകൾ, പ്രളയത്തിൽ വെള്ളം കയറിയ വീടുകൾ വൃത്തിയാക്കുന്നതിന് 10,000 രൂപ വീതം ഗ്രാന്റ്, പ്രളയത്തിൽ തകർന്ന വീടുകൾക്ക് മതിയായ നഷ്ടപരിഹാരം തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും കരുതലോടെ സംരക്ഷിച്ച ഈ സർക്കാരിന് പിന്തുണ ആവർത്തിച്ച് ജനങ്ങളർപ്പിച്ച വിശ്വാസമാണ് ഈ തുടർഭരണം. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത പ്രവർത്തനങ്ങളാണ് നടത്തിയത്. മുഴുവൻ റോഡുകളും BM&BC (Bituminous Macadam & Bituminous Concrete) നിലവാരത്തിൽ ടാർ ചെയ്തും മുടങ്ങിക്കിടന്ന നൂറുകണക്കിന് പാലങ്ങൾ പൂർത്തീകരിച്ചും പൊതുവിദ്യാലയങ്ങൾ അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് സ്മാർട്ട് ക്ലാസ്റൂമുൾപ്പെടെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയുമാണ് കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോയിട്ടും കിഫ്ബിയിലൂടെയും മറ്റ് വികസന പ്രവർത്തനങ്ങളിലൂടെയും ഈ സർക്കാർ വളരെ കൃത്യമായ രീതിയിൽ കാര്യങ്ങൾ നടപ്പാക്കിയത്.

സഖാവ് പിണറായി വിജയനെക്കുറിച്ച് പറയുമ്പോൾ ഒരു മഹത്വചനം ഓർമ്മ വരികയാണ്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് ഒരു വ്യക്തിക്കു വേണ്ടിയുണ്ടായ പ്രവചനമാണ് ഇന്ന് ആരാധ്യനായ മുഖ്യമന്ത്രിക്കുവേണ്ടി പറഞ്ഞിരിക്കുന്നതെന്ന് തോന്നിപ്പോകുകയാണ്. ഇപ്രകാരമാണ് ആ രാജാവിനെക്കുറിച്ച് എഴുതിയിരിക്കുന്നത്, "നിനക്ക് സമനായവൻ നിനക്ക് മുമ്പേ ജനിച്ചിട്ടില്ല. നിനക്ക് സമനായവൻ നിനക്ക് ശേഷം ജനിക്കുകയുമില്ല. നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു വ്യക്തിയും നിന്റെ നേരെ നിൽക്കുകയില്ല" എന്ന് പ്രവചനം പറഞ്ഞിട്ടുണ്ടെങ്കിൽ, അത് സഖാവ് പിണറായി വിജയന് വേണ്ടിമാത്രം പറഞ്ഞൊരു വാഗ്ദത്തമാണെന്ന് എനിക്ക് തോന്നിപ്പോകുകയാണ്. അദ്ദേഹത്തെ തകർക്കാൻ എൻ.ഐ.എ.-യും കസ്റ്റംസും സി.ബി.ഐ.-യും, ഇനി കടന്നുവരാൻ ആരുമില്ലാത്ത രീതിയിൽ കടന്നുവന്നു. പക്ഷേ ജനങ്ങൾക്കുവേണ്ടി നല്ല പ്രവർത്തനം കാഴ്ചവച്ച സഖാവ് പിണറായി വിജയനെ ഒന്നു തൊടാൻ പോലും ആർക്കും സാധിച്ചില്ലെന്നുള്ളതാണ് സത്യം. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സകല കാര്യങ്ങളുടെയും പിന്നിലൊരു രഹസ്യമുണ്ട്. ഒരു കാര്യവും വെറുതെ

സംഭവിക്കുന്നില്ല. തുടർഭരണം വെറുതെ കടന്നുവരുന്നതല്ല. ഞാൻ ഓർക്കുകയാണ്, 2017 സെപ്റ്റംബർ മാസം കുട്ടനാട്ടിലെ ഒരു പ്രദേശത്ത് നടന്ന മീറ്റിംഗിൽ എന്റെ സഹോദരനും മുൻ എം.എൽ.എ.-യുമായിരുന്ന തോമസ് ചാണ്ടി പറഞ്ഞത് അടുത്ത പതിനഞ്ച് വർഷത്തേയ്ക്ക് ശ്രീ. പിണറായി വിജയൻ തന്നെയായിരിക്കും കേരളത്തിന്റെ മുഖ്യമന്ത്രി എന്നാണ്. അക്ഷരാർത്ഥത്തിൽ അത് സത്യമായിരിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രവചനം അതുപോലെ നടപ്പായിരിക്കുകയാണ്. ഇപ്പോൾ അഞ്ച് വർഷം കഴിഞ്ഞു. ഒരു കാരണവശാലും ശ്രീ. പിണറായി വിജയനെ തകർക്കാൻ, അല്ലെങ്കിൽ അദ്ദേഹം നേതൃത്വം നൽകുന്ന ഗവൺമെന്റിനെ തൊടാൻ ആർക്കും സാധിക്കാത്തതിന്റെ പിന്നിലൊരു രഹസ്യമുണ്ട്. ജനങ്ങൾക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ജനങ്ങളെമാത്രം കയ്യിലേന്തി നടക്കുകയും ചെയ്യുന്ന ഒരു സർക്കാരാണ് ഇടതുപക്ഷ മുന്നണി സർക്കാരെന്ന് പറയാതിരിക്കാൻ കഴിയില്ല. ഈ സർക്കാർ നല്ല രീതിയിൽ മുന്നോട്ടുപോകുമെന്നതിൽ യാതൊരു സംശയവുമില്ല. ഇവിടെ പ്രസംഗിച്ച പല ആളുകളും സകല ഭാരവും പാപവും പേറുന്ന യേശുക്രിസ്തുവിനെ കുറിച്ച് പറഞ്ഞു. ഞാൻ കുട്ടനാട്ടിലെ എം.എൽ.എ.-യാണ്. കിഴക്ക് പെയ്യുന്ന സകല വെള്ളവും വന്നടിയുന്നത് കുട്ടനാട്ടിലാണ്. ഇതിന്റെയെല്ലാം പാപഭാരം പേറുന്നത് ഞങ്ങളാണ്. മഴക്കാലം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പ്രതിസന്ധി നിറഞ്ഞ കാലഘട്ടമാണ്. മഴ പെയ്തുകഴിഞ്ഞാൽ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനമില്ല. ഈ ഗവൺമെന്റ് ഞങ്ങൾക്ക് നൽകിയിരിക്കുന്ന വാഗ്ദാനങ്ങളായ രണ്ടാം കുട്ടനാട് പാക്കേജുൾപ്പെടെ സകല കാര്യങ്ങളും നടപ്പാക്കുമെന്നും ആ രീതിയിൽ മുന്നോട്ടുപോകാൻ സാധിക്കുമെന്നും ഉറച്ച് വിശ്വസിക്കുന്നു. നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയത്തിന് പൂർണ്ണ പിന്തുണ നൽകിക്കൊണ്ട് എല്ലാവിധ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു നന്ദി, സമസ്കാരം.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, പതിനഞ്ചാം കേരള നിയമസഭയിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ ഗവർണർ നടത്തിയ നയപ്രഖ്യാപനത്തെയും അതിനെ ആസ്പദമാക്കി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ അനുകൂലിക്കുന്നു. കേരള ചരിത്രത്തിൽ ആദ്യമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തുടർഭരണം സാദ്ധ്യമായ നിയമസഭയിൽ, നന്ദിപ്രമേയവുമായി ബന്ധപ്പെടുന്ന ചർച്ച നടക്കുമ്പോൾ ഈ ഗവൺമെന്റിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ പുതിയ അംഗങ്ങളായ ഞങ്ങൾക്കൊക്കെ അതിയായ സന്തോഷത്തിലേറെ അഭിമാനവുമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് എങ്ങനെയാണ് അധികാരത്തിൽ വന്നതെന്ന് യു.ഡി.എഫ്.-നെ സംബന്ധിച്ചിടത്തോളം ഇപ്പോഴും

സംശയം തീർന്നിട്ടില്ല. ഏപ്രിൽ ആറാം തീയതി നടന്ന പൊതു തെരഞ്ഞെടുപ്പിൽ കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന വോട്ടർമാരായ കൃഷിക്കാർ, തൊഴിലാളികൾ, പട്ടിണിപാവങ്ങൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, വ്യാപാരികൾ, വ്യവസായികൾ, ജീവനക്കാർ എന്നിങ്ങനെ സമൂഹത്തിന്റെ നാനാ മേഖലയിലുള്ള ജനങ്ങൾ നിസ്സീമമായ പിന്തുണ നൽകിയാണ് ഈ ഗവൺമെന്റിനെ തെരഞ്ഞെടുത്തത്. അതുസംബന്ധിച്ച് ഗവേഷണം നടത്തേണ്ട കാര്യമില്ല. ഗവേഷണം നടത്തുന്ന കാര്യത്തിൽ യു.ഡി.എഫ്. അഗ്രഗണ്യന്മാരാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലമായി നിങ്ങൾ സ്വീകരിച്ച നിലപാടും നയസമീപനവുമാണ് നിങ്ങളുടെ ശത്രുക്കളായി മാറിയത്. ആരാണ് നിന്റെ ശത്രുവെന്നു ചോദിച്ചാൽ, നീ തന്നെയാണ് നിന്റെ ശത്രു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പാവപ്പെട്ട മനുഷ്യർക്കും കർഷക, തൊഴിലാളി ജനവിഭാഗങ്ങൾക്കും നിരാലംബരും നിരാശ്രയരുമായ ആളുകൾക്കും നൽകിയിരുന്ന 600 രൂപ പെൻഷൻപോലും സ്ഥിരമായി നൽകാൻ കഴിയാതെ പട്ടിണിയിലേയ്ക്കും വറുതിയിലേയ്ക്കും വലിച്ചിഴച്ച നിങ്ങളെ 2016-ലെ തെരഞ്ഞെടുപ്പിൽത്തന്നെ കേരളത്തിലെ ജനങ്ങൾ ഒഴിവാക്കി. എന്നാൽ യു.ഡി.എഫ്. സർക്കാർ ബാക്കിവച്ചതായ 17 മാസത്തെ 600 രൂപ പ്രകാരമുള്ള പെൻഷനും അതിനുപുറമെ 5 വർഷംകൊണ്ട് അത് 1000 രൂപയായി വർദ്ധിപ്പിക്കുമെന്നതും ആ സന്ദർഭത്തിൽ എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യമായിരുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന അവസരത്തിൽ ക്ഷേമ പെൻഷനായി 1600 രൂപയല്ലേ അവർ വാങ്ങിയത്? അതിന്റെ ഗുണം ലഭിച്ചത് ഇടതുപക്ഷത്തോടൊപ്പമുള്ള ജനങ്ങൾക്ക് മാത്രമല്ല. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾക്കൊക്കെ വോട്ടുരേഖപ്പെടുത്തിയ പാവപ്പെട്ട ജനവിഭാഗങ്ങളും തൊഴിലാളികളും അവരുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാറി ചിന്തിച്ച് വോട്ടുചെയ്തു. അതാണ് നിങ്ങളുടെ പരാജയത്തിന്റെ ഒരു കാരണം. 'ലൈഫ് 'ഭവന പദ്ധതി' സംബന്ധിച്ച് ഇവിടെ പറഞ്ഞു. പാവപ്പെട്ടവർക്ക് കയറിക്കിടക്കാൻ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചപ്പോൾ അതിലും നിങ്ങൾ ഇടങ്കോലിട്ടു. ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ഒന്നും കൊടുക്കാൻ നിങ്ങൾ പറയില്ല. ലൈഫ് പദ്ധതി, കിഫ്ബി തുടങ്ങിയ പദ്ധതികളൊന്നും വേണ്ട; അതെല്ലാം അടച്ചുപൂട്ടും, അതിന്റെ കഥകഴിക്കുമെന്ന നിലപാട് സ്വീകരിക്കുന്നവർക്ക് ബുദ്ധിയും വിവേകവുമുള്ള

ആരെങ്കിലും വോട്ട് ചെയ്യുമോ? നിങ്ങളുടെ നിലപാടുകളുടെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ കല്ലും നെല്ലും തിരിച്ചറിയാൻ കഴിയുന്നവരാണ് കേരളീയ സമൂഹത്തിലെ വോട്ടർമാർ. അവർ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി വോട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഈ വിജയമുണ്ടായത്. നിലപാട് തിരുത്താതിരുന്നാൽ നിങ്ങളുടെ സ്ഥിതി ഇനിയും പരിതാപകരമാകും. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കോൺഗ്രസിനെ സംബന്ധിച്ചുള്ള വലിയ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു. എന്തേ നിങ്ങൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ഉദാഹരണമായി പറയുന്നത്; മറ്റ് നേതാക്കന്മാർ ഒന്നുമില്ലേ എന്നാണ് ചോദിക്കുന്നത്. കോൺഗ്രസിന് നേതൃത്വം കൊടുത്ത വ്യക്തിയും രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കോൺഗ്രസുകാരനാണെന്ന് പറയുന്ന നിങ്ങൾ അനവസരത്തിലെടുത്ത് ഉദ്ധരിക്കുകയും അദ്ദേഹത്തിന്റെ നയസമീപനങ്ങളിൽ നിന്ന് വ്യതിചലിക്കുകയും ചെയ്യുമ്പോൾ അത് ചൂണ്ടിക്കാണിക്കേണ്ട ബാദ്ധ്യത ഞങ്ങൾക്കുണ്ട്. അല്ലാതെ മറ്റ് നേതാക്കന്മാരില്ലാത്തതുകൊണ്ടല്ല, നേതാക്കന്മാർ ധാരാളമുണ്ട്. ഞങ്ങളുടെ നാട്ടിലൊക്കെ പറയുന്നൊരു പ്രയോഗമുണ്ട്, പ്രത്യേകിച്ച് പൊന്നാനിക്കാർ പറയുന്നൊരു സംസാരമാണ്. 85 വയസ്സായ വൃദ്ധനായ കാരണവർ വീട്ടിൽനിന്ന് പുറത്തേയ്ക്കിറങ്ങുമ്പോൾ ഭാര്യയോട് വിളിച്ചു പറയും, 'ആ പുതിയാപ്ല കുടയിങ്ങോട്ടെടുക്കു' എന്ന്. അദ്ദേഹം ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ കല്യാണം കഴിക്കുന്ന സമയത്ത് പുതിയാപ്ലയായിരുന്നപ്പോൾ വാങ്ങിയ കുടയാണ് അതെന്നാണ് അദ്ദേഹത്തിന്റെ ധാരണ. പക്ഷേ ആ കുടയുടെ കമ്പി, ശീല, കാല് എന്നിവ പലതവണ മാറ്റിയിട്ടും കാരണവരുടെ ധാരണ ഇതിപ്പോഴും പുതിയാപ്ല കുടയാണെന്നാണ്. അതാണ് കോൺഗ്രസ്. ആ കോൺഗ്രസിന്റെ കമ്പി, വില്ല്, ശീലകൾ, കാല് എന്നിവ പലതവണ മാറ്റി. അങ്ങനെയുള്ള കോൺഗ്രസിനെ സംബന്ധിച്ച് കാര്യങ്ങൾ പറയുമ്പോൾ അതിനെ ഉൾക്കൊള്ളാനും ശ്രദ്ധിക്കാനും തയ്യാറാകാതെ, വിമർശിക്കുന്നവരെ ആ രൂപത്തിൽ പരാമർശിക്കുന്നത് ശരിയായൊരു നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങളുടെ തെരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട് ഒട്ടേറെ കാരണങ്ങളുണ്ടെങ്കിലും ഞാനതൊന്നും വിശദീകരിക്കുന്നില്ല. ബി.ജെ.പി.-ക്കാരുമായുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷത്തിന് വിജയമുണ്ടായതെന്നാണ് നിങ്ങളുടെ വിലയിരുത്തൽ. ബഹുമാന്യനായ മോൻസ് ജോസഫ് അത് ആവർത്തിച്ചതു കൊണ്ടാണ് ഞാൻ ഇതു പറയുന്നത്. ബി.ജെ.പി.-യുമായി കൂട്ടുകെട്ടുണ്ടാക്കിയ താരാണെന്ന് നാട്ടുകാർക്ക് നന്നായി അറിയില്ലേ? ആരാണ് അവരുമായി രഹസ്യവും പരസ്യവുമായ ബാന്ധവമുണ്ടാക്കിയതെന്ന് ആളുകൾക്കറിയില്ലേ? അറിയാമല്ലോ.

കേരളത്തിലെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ ചരിത്രത്തിന്റെ താളുകൾ പുറകോട്ടു മറിച്ചു നോക്കിയാൽ അവിടെക്കാണാം ബേപ്പൂരും വടകരയും. അവിടെനിന്ന് തുടങ്ങിയതാണ്. ജനങ്ങൾ വോട്ട് ചെയ്ത് ജയിപ്പിച്ചതിനെ അംഗീകരിക്കാൻ തയ്യാറാകാതെ ബി.ജെ.പി.-ക്കാരുമായി ധാരണയുണ്ടാക്കിയതിന്റെ അടിസ്ഥാനത്തിലാണ് എൽ.ഡി.എഫ്.-ന്റെ വിജയം എന്നാണ് ഇപ്പോൾ പറയുന്നത്. കുറുക്കനും കോഴിയും തമ്മിൽ മുന്നണിയുണ്ടാക്കി എന്നുപറയുന്നതിന് സമാനമല്ലേ ഇടതുപക്ഷവും ബി.ജെ.പി.-യും തമ്മിൽ കൂട്ടുകെട്ടുണ്ടാക്കിയെന്ന് പറയുന്നത്? പരാജയത്തിന്റെ യഥാർത്ഥ കാരണം കണ്ടുപിടിച്ച് തിരുത്തുന്നതിനുപകരം ബി.ജെ.പി.-യുമായി ഞങ്ങൾ ബാന്ധവമുണ്ടാക്കിയെന്ന് പറയുന്നു. നിങ്ങൾ പത്തോളം മണ്ഡലങ്ങളിൽ ബി.ജെ.പി.-യുമായി ധാരണയുണ്ടാക്കിക്കൊണ്ട് വിജയിച്ചു. കോൺഗ്രസിന് ജയിക്കാൻ ബി.ജെ.പി.-യുടെ വോട്ട് വേണമെന്നുണ്ടെങ്കിൽ ആ വോട്ട് കച്ചവടം നടത്തിയിട്ടുണ്ട്. കോൺഗ്രസ് ജയിക്കാത്ത മണ്ഡലങ്ങളിൽ കോൺഗ്രസിന്റെ വോട്ട് ബി.ജെ.പി.-ക്ക് കൊടുത്തിട്ടുണ്ട്. ഞാൻ മത്സരിച്ച ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ യു.ഡി.എഫ്.-ന്റെ വോട്ട് ബി.ജെ.പി.-ക്കാണ് പോയത്. എൽ.ഡി.എഫ്.-ന്റെ വോട്ട് കുറഞ്ഞില്ല. കഴിഞ്ഞതവണ 66000 വോട്ടുണ്ടായിരുന്ന അവിടെ ഇപ്പോൾ എനിക്ക് 74000-ത്തിലധികം വോട്ട് ലഭിച്ചു. കോൺഗ്രസ് ജയിക്കാൻ സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ ബി.ജെ.പി.-ക്ക് വോട്ട് ചെയ്തു. ബി.ജെ.പി.-യുടെ വോട്ട് കിട്ടിയാൽ ജയിക്കാൻ സാധ്യതയുള്ളിടത്ത് അവർ നിങ്ങൾക്കും മാറി വോട്ട് ചെയ്തു. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട് ഒരു കഥ ഓർമ്മവരുന്നു. വോളിബോൾ ടൂർണമെന്റിന് പങ്കെടുക്കാൻ പോയ സ്കൂൾ ടീം തിരിച്ചുവന്ന പിറ്റേ ദിവസം ഹെഡ്മാസ്റ്റർ ടീം ക്യാപ്റ്റനെ വിളിച്ച് ഇന്നലെ കളിക്കാൻ പോയിട്ട് കളിയുടെ അവസ്ഥയെന്താണെന്ന് ചോദിച്ചു. അപ്പോൾ ക്യാപ്റ്റൻ പറഞ്ഞു; സർ ആദ്യത്തെ ഗെയിമിൽ നമ്മൾ തോറ്റു, രണ്ടാമത്തെ ഗെയിമിൽ അവർ ജയിച്ചു. അപ്പോൾ മൂപ്പർ പറഞ്ഞു, എന്നാൽ മൂന്നാമത്തേതിൽ നമ്മൾ ജയിച്ചല്ലോയെന്ന്. ആ രീതിയിലാണ് യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് വിശകലനവുമായി ബന്ധപ്പെട്ട കാര്യം. ആദ്യത്തെ ഗെയിമിൽ തോറ്റു-തദ്ദേശഭരണ തെരഞ്ഞെടുപ്പ്, രണ്ടാമത്തെ ഗെയിമിലും തോറ്റു-നിയമസഭാ തെരഞ്ഞെടുപ്പ്. മറ്റൊരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ ബി.ജെ.പി. വർഗ്ഗീയ കൂട്ടുകെട്ടിനെ സംബന്ധിച്ച് പറഞ്ഞു. ഞാൻ താമസിക്കുന്നതിന് തൊട്ടടുത്തുള്ള ഏലംകുളം പഞ്ചായത്തിൽ ജമാഅത്തെ-ഇസ്ലാമിയുൾപ്പെടെയുള്ളവരെ കൂട്ടുപിടിച്ച് ഭരണം നടത്തുന്ന യു.ഡി.എഫ്. ആണ് എൽ.ഡി.എഫ്.-നെ നോക്കി, സി.പി.ഐ.(എം.)-നെ നോക്കി വർഗ്ഗീയ-ജാതീയ

സമുദായക്കാരുമായി കൂട്ടുകൂടി ഈ തെരഞ്ഞെടുപ്പിൽ വിജയമുണ്ടാക്കിയെന്ന് പ്രഖ്യാപിക്കുന്നത്. അതൊക്കെ അടിസ്ഥാന രഹിതമാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാന്യനായ ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. തെരഞ്ഞെടുപ്പിൽ വിജയമുണ്ടായതിലും തുടർഭരണം ലഭിച്ചതിലും തീർച്ചയായും ഭരണകക്ഷിക്ക് ആഹ്ലാദിക്കാനുള്ള എല്ലാ അധികാരവും അവകാശവുമുണ്ട്; അത് അവർ ചെയ്യുന്നതിൽ വിരോധവുമില്ല. പക്ഷേ, അതിന്റെ ഒരാലസ്യത്തിൽ ഇരിക്കാവുന്ന അവസ്ഥയല്ല നാട്ടിലുള്ളത്. അത് ഏതു പൗരനും ചൂണ്ടിക്കാണിക്കാനുള്ള അവകാശമുണ്ട്, പ്രതിപക്ഷത്തിനും ആ അവകാശമുണ്ട്. കോവിഡ് എന്ന് നമുക്ക് എളുപ്പം പറഞ്ഞുപോകാം. പക്ഷേ, നാട് നിശ്ചലമായിക്കിടക്കുകയാണ്. ആളുകൾ എങ്ങനെയാണ് ജീവിക്കുന്നതെന്ന് അറിയില്ല. നമ്മളിപ്പോൾ യാത്ര ചെയ്യുമ്പോൾ റോഡിന്റെ ഇരുഭാഗത്തേയ്ക്കും നോക്കിയാൽ ശൂന്യതയും നിശ്ചലാവസ്ഥയുമാണ് കാണാൻ കഴിയുന്നത്. അത് പണ്ട് ഹർത്താലോ ബന്ദോ കാരണം ഒരു ദിവസത്തേയ്ക്ക് സംഭവിച്ചാൽപോലും നമുക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. ഇന്നിപ്പോൾ എന്നും അങ്ങനെയാണ്. പട്ടാപ്പകൽപോലും നിശ്ചലമായി, ശൂന്യമായി, വിജനമായി, ഭീതിജനകമായി കിടക്കുകയാണ്. ആ അവസ്ഥയിൽ ഇങ്ങനെ ഒരാലസ്യത്തിൽ ഇരിക്കാൻ കഴിയുമോ? ഗുരുതര പ്രത്യാഘാതങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്ന് ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. വളർച്ചാ നിരക്ക് 3.82 ശതമാനം കുറയും. ജി.ഡി.പി.-യിൽ വലിയ കുറവാണുണ്ടാകാൻ പോകുന്നത്. അതുമാത്രമല്ല, ഉയർന്ന വരുമാനക്കമ്മിയും ധനക്കമ്മിയുമുള്ള ഗുരുതരാവസ്ഥ ഉണ്ടാകാൻ സാധ്യതയുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട ഗവർണർ തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി വികസനത്തിൽ മുരടിപ്പുണ്ടാകും. അതുപോലെയുള്ള നൂറുനൂറു പ്രശ്നങ്ങൾ ഇതിന്റെ ഫലമായി രാജ്യത്തുണ്ടാകും. ഗുരുതര പ്രത്യാഘാതങ്ങളുണ്ടാകാവുന്ന ഒരു സാഹചര്യത്തിലൂടെ നമ്മൾ കടന്നു പോകുകയാണ്. അതുകൊണ്ട് രണ്ടാം വിജയത്തിൽ ആഹ്ലാദിച്ചുകൊണ്ട് ആലസ്യത്തിലിരിക്കാൻ സമയമില്ല. കോവിഡിന്റെ കാര്യത്തിൽ ഞങ്ങൾ സർക്കാരിനോട് സഹകരിക്കുമെന്ന് വെറുതെ പറയുന്നതല്ല. ഇതിങ്ങനെ തുടർന്നാൽ എന്താകുമെന്ന് എല്ലാവർക്കും ഭീതിയുണ്ട്. രണ്ടാം തരംഗം വന്നതിന്റെ ഗ്യാപ്പ് വളരെ കുറവായിരുന്നു. രണ്ട് തെരഞ്ഞെടുപ്പുകൾ വന്നതുകൊണ്ട് നമ്മളതറിഞ്ഞില്ല എന്നതാണ് സത്യം. പക്ഷേ മൂന്നാം തരംഗവും അതിനുശേഷം വേറൊരു തരംഗവും ഉണ്ടാവുമോ ഇല്ലയോ എന്നറിയില്ല. അപ്പോഴേയ്ക്കും നമ്മുടെ സാമ്പത്തിക സ്ഥിതി

എവിടെയെത്തും? ചില നേട്ടങ്ങളുടെ അവകാശവാദങ്ങളൊക്കെ വളരെ വലുതാക്കി പറഞ്ഞുകൊണ്ടിരിക്കുന്നതിൽ വലിയ കാര്യമില്ല. കേരളത്തിന് ഒരു അഡ്വാന്റേജുണ്ട്. അത് ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടെ ഹെൽത്ത് ഇൻഫ്രാസ്ട്രക്ചർ വളരെ കൂടുതലാണ്. സംസ്ഥാനത്തിന്റെ കോവിഡ് മരണനിരക്ക് ഒരല്പം കുറഞ്ഞു നിൽക്കുന്നതിന്റെയൊക്കെ കാരണമിതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ നേട്ടത്തെക്കുറിച്ച് അവതരിപ്പിക്കാൻ ലോകംമുഴുവനും പോയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലെ മുഖ്യമന്ത്രിമാരും വ്യവസായ മന്ത്രിമാരുമൊക്കെ പോയിട്ടുണ്ട്. ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ലോകം മുഴുവനും ചെന്ന് പറഞ്ഞിട്ടുള്ള ഏറ്റവും വലിയ നേട്ടം കേരളത്തിന്റെ ആയുർദൈർഘ്യവും ഹെൽത്ത് ഇൻഫ്രാസ്ട്രക്ചറും വേൾഡ് സ്റ്റാൻഡേർഡ് ജീവിതവുമൊക്കെയാണ്. അതിന്റെയൊരു നേട്ടംകൊണ്ട് കോവിഡിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളിലുണ്ടായതുപോലുള്ള ഓക്സിജൻ പ്രതിസന്ധിയും മറ്റുമൊന്നുമിവിടെ യുണ്ടായില്ല. അത് ഒരു ദിവസം കൊണ്ട് അല്ലെങ്കിൽ ഒരു ഗവൺമെന്റിന്റെ ഭരണകാലത്ത് ഉണ്ടായതല്ല, ക്രമേണ വന്നതാണ്. നിങ്ങളെപ്പോഴും പറയുന്നതുപോലെ 1957 മുതലുള്ള എല്ലാ ഗവൺമെന്റുകളുടെയും പങ്കാളിത്തം അതിലുണ്ട്. പക്ഷേ, കോവിഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇംപാക്ട് വളരെ കൂടുതലാണ്. നിങ്ങൾ പ്രഖ്യാപിച്ച കോവിഡ് പാക്കേജിന് ഒരർത്ഥവുമില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, ആ ഇരുപതിനായിരം കോടി രൂപയിൽ അത്യാവശ്യം കുടിശ്ശികയൊക്കെ കൊടുത്തുതീർത്തു, ബാക്കി നാലോ അഞ്ചോ  കോടി രൂപയാണ് നിങ്ങൾ ഈ അവസ്ഥ അഭിമുഖീകരിക്കാൻ വേണ്ടി മാറ്റിവച്ചിരിക്കുന്നത്. അത് മതിയാകില്ല. മുമ്പ് മലയാളികൾ ഇവിടെ ജോലി ലഭിച്ചില്ലെങ്കിൽ, ലോകത്തെവിടെ ജോലി കിട്ടുന്നുവോ അവിടേയ്ക്ക് പോകുമായിരുന്നു.  ഇന്നത്തെ സാഹചര്യം അതല്ല. അതുകൊണ്ട് എംപ്ലോയ്മെന്റ് ജനറേഷനുൾപ്പെടെയുള്ള ഭാവനാപൂർണ്ണമായ പരിപാടികൾ പുതിയ ഗവൺമെന്റിനില്ലെങ്കിൽ  ഗവർണറുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഒരു സീരിയസായ സാഹചര്യത്തിലേയ്ക്ക് നമ്മൾ പോകും. ഓരോ ഗവൺമെന്റിനും അതിന്റേതായ കോൺട്രിബ്യൂഷൻസുണ്ട്. ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ നന്ദിപ്രമേയം അവതരിപ്പിച്ചപ്പോൾ വളരെ കൂടുതലായി അവകാശപ്പെട്ടത് നമ്മൾ ഹൈടെക്കായി എന്നാണ്. ഹൈടെക്കായതിൽ കഴിഞ്ഞ ഗവൺമെന്റിന് പങ്കില്ലേ? ഞങ്ങൾ ഗ്രാമങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയപ്പോൾ, 'നാട്ടുകാരെ മുഴുവൻ കമ്പ്യൂട്ടർ പഠിപ്പിക്കാൻ പോവുകയാണോ; അതറിയാവുന്ന കുറച്ചു പേർ പോരേ; നാട്ടുകാർ മുഴുവൻ ഐ.ടി. സാക്ഷരതയുള്ളവരായി മാറണോ; കമ്പ്യൂട്ടർ പഠിക്കണോ' എന്നെല്ലാം ചോദിച്ച

ആളുകളുണ്ട്. കേരളത്തിന്റെ ഹെൽത്ത് ഇൻഫ്രാസ്ട്രക്ചറും ഐ.ടി. സാക്ഷരതയുമൊക്കെ വളർത്തിക്കൊണ്ടുവന്നതിൽ ഞങ്ങൾക്കും അവകാശമുണ്ട്. നമ്മുടെ ആരോഗ്യ രംഗത്ത് ഇപ്പോൾ നേട്ടങ്ങളുണ്ട്. കുട്ടികൾ ഡിജിറ്റലായി പഠിക്കുന്നു. ഇനി സാമ്പത്തിക ഭദ്രത വരുത്തുന്ന കാര്യത്തിൽക്കൂടി നേട്ടമുണ്ടാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അതിനുള്ള പ്രവർത്തനങ്ങളൊന്നും ഇപ്പോൾ കാണുന്നില്ല. എല്ലാം സാധാരണയായി പോകുന്ന ഒരു രീതി മാത്രമെ കാണുന്നുള്ളൂ. അതുമൂലം സാമ്പത്തിക രംഗത്ത് വളരെ ഗൗരവമുള്ള അവസ്ഥയുണ്ടാകുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ഒരുപാട് ആളുകൾ രാഷ്ട്രീയം പറഞ്ഞു. അസാധാരണ സാഹചര്യത്തിൽ നേടിയ ഒരസാധാരണ വിജയം മാത്രമാണ് ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായത്. ബുദ്ധിമുട്ടിലായ നാട്ടുകാർ വിചാരിച്ചത്, ഇനിയിപ്പോൾ പുതിയ പരീക്ഷണങ്ങൾക്കൊന്നും പോകണ്ട, ഈ സാഹചര്യം ഇതുപോലെതന്നെ കൈകാര്യം ചെയ്യട്ടെ എന്നാണ്. നിങ്ങൾ അങ്ങനെ വിജയം നേടുന്ന ആദ്യത്തെ കൂട്ടരൊന്നുമല്ല. 1977-ൽ, അടിയന്തരാവസ്ഥക്കാലത്ത് ഒരസാധാരണ സാഹചര്യത്തിൽ ഞങ്ങൾ അധികാരത്തിൽ വന്നതുപോലെയാണ്. അടിയന്തരാവസ്ഥ നല്ലതാണോ ചീത്തയാണോ എന്നല്ല പറയുന്നത്; ഒരസാധാരണ സാഹചര്യത്തിൽ നിങ്ങൾക്ക് തുടർഭരണം കിട്ടിയെന്നേയുള്ളൂ. അത് ജനങ്ങളുടെ ഒരു നിസ്സഹായാവസ്ഥയിൽ സംഭവിച്ചതാണ്. എന്നാലും ഇന്നലെ പലരും പറഞ്ഞതുപോലെ വലിയ വ്യത്യാസമൊന്നുമില്ല.

ചില രാജ്യങ്ങളിൽ വോട്ട് നിശ്ചയിക്കുന്നത് ശതമാനക്കണക്കിലാണ്. അത് നിങ്ങൾ എപ്പോഴെങ്കിലും പരിശോധിച്ചിട്ടുണ്ടോ? ശതമാനക്കണക്കിനാണ് വ്യത്യാസമെങ്കിൽ സി.പി.ഐ.(എം.)-ന് 25.38%, കോൺഗ്രസിന് 25.12%. ബി.ജെ.പി.-യെ മാറ്റിനിർത്തിയാൽ ഇടതുപക്ഷവും യു.ഡി.എഫ്.-ഉം തമ്മിൽ വലിയ വ്യത്യാസമില്ല, ചെറിയ വ്യത്യാസങ്ങൾ മാത്രമാണുള്ളത്. ശതമാനക്കണക്ക് നോക്കിയാലും നിങ്ങൾക്ക് ഭരണത്തിലിരിക്കാം. ഭരണം നേടാൻവേണ്ടി ഇവിടെ ആരാണ് വിഭാഗീയത സൃഷ്ടിച്ചതെന്നും വേണ്ടാത്തതൊക്കെ പറഞ്ഞു വെന്നുള്ളതുമാണ് മനസ്സിലാക്കേണ്ടത്. ഞങ്ങൾ നിരന്തരം ഒരു സംശയവുമില്ലാത്ത വിധം മതേതര സമീപനം സ്വീകരിച്ചവരാണ്. ഒരു കാലത്തും ഒരു കോമ്പ്രമൈസും ചെയ്തിട്ടില്ല. ഞങ്ങളുടെ സമീപനങ്ങൾക്ക് മൂർച്ച പോരെന്ന് പറഞ്ഞു പോയവരാണ് ഒറ്റയ്ക്കും തെറ്റയ്ക്കും പാർട്ടിയും അര പാർട്ടിയും മുക്കാൽ പാർട്ടിയുമൊക്കെയായി ജയിച്ച് അപ്പുറത്തിരിക്കുന്നവരിൽ പലരും. ഞങ്ങളെ സംബന്ധിച്ചിടത്തോളം മതേതര കാഴ്ചപ്പാടിന് ഒരു കുറവും വരുത്തിയിട്ടില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ന്യൂനപക്ഷങ്ങളുടെ ഇടയിൽ വിഭാഗീയത സൃഷ്ടിക്കാൻ നോക്കി. അതുസംബന്ധിച്ച്

എല്ലാവർക്കുമറിയാം. പക്ഷേ ആരും പറഞ്ഞില്ല, അതാണ് സത്യം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള ഒരു വിഷയമാണ്; അതിന്റെ ഓർഡർ പാലോളി കമ്മിറ്റി ഇറക്കിയതാണ്; തെറ്റിദ്ധരിക്കേണ്ട ആവശ്യമില്ല, അത് സച്ചാർ കമ്മിറ്റിയാണ്, ബാക്ക്‌വേർഡാണ്; ന്യൂനപക്ഷങ്ങൾക്കുള്ള സ്കീം നമുക്ക് വേറെയുണ്ടാക്കാം; അതുവേണമെങ്കിൽ ജനസംഖ്യാനുപാതികമായി ചെയ്യാമെന്ന് ഭരിക്കുന്ന നിങ്ങൾക്ക് പറയാമായിരുന്നു. ഇലക്ഷൻ കാലത്ത് രണ്ടുകൂട്ടരും രാഷ്ട്രീയം പറഞ്ഞു കൊണ്ടിരിക്കുന്നതിനിടയിൽ അങ്ങനെയൊരു വിശദീകരണം പ്രതീക്ഷിക്കുന്നില്ല. പക്ഷേ അത് പറഞ്ഞിരുന്നുവെങ്കിൽ ഇവിടെ കമ്മ്യൂണൽ ഡിവൈഡ് ഒഴിവാകുമായിരുന്നു. ന്യൂനപക്ഷ സമുദായങ്ങളുടെയിടയിൽ അനാവശ്യമായ, അൺഹെൽത്തിയായ എത്ര ചർച്ചയാണ് നടന്നത്. ഇതൊക്കെയുണ്ടാക്കുന്ന മുറിവ് എത്ര മോശമാണ്. രാഷ്ട്രീയ മുതലെടുപ്പിന് ഇതാരുപയോഗിച്ചുവെന്നുള്ളത് സംബന്ധിച്ച് ആത്മപരിശോധന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ആരാണ് ഇപ്പോൾ സാമുദായികമായ വേർതിരിവുണ്ടാക്കിയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. ഞങ്ങളെ തോൽപ്പിക്കാൻവേണ്ടി ഒരിക്കൽ പൊന്നാനിയിൽ ന്യൂനപക്ഷ വർഗ്ഗീയത പ്രോത്സാഹിപ്പിച്ചുകൊണ്ട് ഏതൊക്കെ ചണ്ടിപണ്ടാരങ്ങളെയാണ് ഞങ്ങൾക്കെതിരായി കൊണ്ടുവന്നതെന്ന് ഇപ്പോൾ ഓർക്കുന്നത് നന്നായിരിക്കും. ഞാൻ പേരൊന്നും പറയുന്നില്ല. ലോകത്തുള്ള സകല ആളുകളെയും കൊണ്ടുവന്ന് മതേതര പാർട്ടിയായ മുസ്ലീം ലീഗിനെ തോല്പിക്കാൻ അശ്രാന്തമായി പരിശ്രമിച്ചിട്ട് ഒരു ഗുണവുമുണ്ടായില്ല. അതാത് കാലഘട്ടത്തിൽ മാറിമാറി എല്ലാതരം വിഭാഗീയ വർഗ്ഗീയതകളെയും പരീക്ഷിച്ചുനോക്കിയത് ഞങ്ങളല്ല, നിങ്ങൾ തന്നെയാണെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ഞങ്ങൾ അതിനെ നേരിട്ട പാർട്ടിയാണ്. വടകരയ്ക്ക് പകരമാണ് ഞാൻ പൊന്നാനിയിലെ കാര്യം പറഞ്ഞത്. ഇപ്പോൾ കേരളത്തിൽ ഇതുവരെയുണ്ടായിരുന്ന സൗഹൃദാന്തരീക്ഷത്തിൽ കുറച്ചു തകരാറുകൾ വന്നിട്ടുണ്ട്. ആ തകരാറുകൾ റിപ്പെയർ ചെയ്യേണ്ട ഉത്തരവാദിത്വം നിങ്ങൾക്കാണ്. അതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നുണ്ടെന്നു വിചാരിക്കുന്നു.

പൗരത്വ ഭേദഗതി ബിൽ നമ്മൾ എല്ലാവരും ഒരുമിച്ച് എതിർക്കുന്ന ഒരു കാര്യമാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ചില സംസ്ഥാനങ്ങളിൽ പിൻവാതിലിലൂടെ അത് നടപ്പാക്കുന്നുണ്ട്. ഈ ഗവൺമെന്റ് അത് വളരെ ഗൗരവത്തിൽ എടുക്കേണ്ടതാണ്. ഇവിടെ പൗരത്വ ഭേദഗതി ബിൽ നടപ്പാക്കുകയില്ലെന്ന് നമ്മൾ ഉറപ്പിച്ച് പറഞ്ഞിട്ടുണ്ട്; അത് വാക്കുകൊണ്ട് മാത്രം പോരാ. ഒരു വിഭാഗം കോടതിയിൽ പോയി അത് തടയാൻ നോക്കുകയാണ്. അത് ഇൻഡയറക്ടായി നടപ്പാക്കുകയാണെങ്കിൽ സംസ്ഥാനത്ത് എല്ലാ കക്ഷികളുമായി

ആലോചിച്ച് ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. നിങ്ങൾക്ക് തെരഞ്ഞെടുപ്പിലുണ്ടായ വിജയം അസാധാരണ സാഹചര്യത്തിൽ നേടിയ അസാധാരണ വിജയമാണ്. ഇനിയങ്ങോട്ട് അസാധാരണമായ നമ്മുടെ സാമ്പത്തിക സ്ഥിതിയെയും ഭാവിയെയും കുറിച്ച് ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്നാണ് പറയാനുള്ളത്. കോവിഡിന്റെ കാര്യത്തിൽ ഞങ്ങൾ സഹകരിക്കാമെന്ന് പറഞ്ഞപ്പോൾ സഹകരണം വേണ്ടെന്നുള്ള സമീപനമാണ് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായത്. ആ നിലയ്ക്കുള്ള സമീപനം ഗുണകരമാകില്ലെന്ന് പറഞ്ഞുകൊണ്ട് നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ബഹുമാനപ്പെട്ട ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. പ്രതിപക്ഷ ഉപനേതാവുകൂടിയായ ബഹുമാനപ്പെട്ട ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന് ആരെങ്കിലും അനസ്തേഷ്യ ഇൻജക്ഷൻ നൽകിയോയെന്ന് ഞങ്ങൾ സംശയിച്ചുപോകുകയാണ്. എല്ലാം നിശ്ചലമായി കിടക്കുകയാണെന്നും അസാധാരണമായ സാഹചര്യത്തിലെ വിജയമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി നേടിയതെന്നുമാണ് അദ്ദേഹത്തിന്റെ പ്രതികരണം. മലപ്പുറം ജില്ലയിൽ 2011-ൽ മുസ്ലീം ലീഗിന് 20 സീറ്റും 2016-ൽ 18 സീറ്റും 2021-ൽ 15 സീറ്റുമായി ചുരുങ്ങിയത് ജനങ്ങൾക്ക് വിവരമില്ലാത്തത് കൊണ്ടാണോ? കഴിഞ്ഞ കാലങ്ങളിലെ ഭൂരിപക്ഷം പരിശോധിച്ചാൽ മലപ്പുറം ജില്ലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം മുസ്ലീം ലീഗിനായിരുന്നു. എന്നാൽ ആദ്യത്തെ പത്ത് സീറ്റ് പരിശോധിച്ചാൽപ്പോലും മുസ്ലീം ലീഗിന്റെ പ്രതിനിധിയില്ലെന്ന കാര്യമാണ് ഈ തെരഞ്ഞെടുപ്പിലൂടെ വെളിവാകുന്നത്. ലോക്സഭാ ഇലക്ഷനേക്കാൾ ഈ നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ജില്ലയിൽ ഒന്നേകാൽ ലക്ഷം വോട്ട് കുറഞ്ഞു. മുസ്ലീം ജനവിഭാഗംതന്നെ ലീഗിനെ കൈവിട്ടുകൊണ്ടിരിക്കുകയാണെന്നുള്ള ഏറ്റവും ശക്തമായ തെളിവാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ പഴയൊരു അഭിപ്രായ പ്രകടനത്തെ സംബന്ധിച്ച് ഞങ്ങൾക്കെല്ലാം ഖേദമുണ്ട്. ബി.ജെ.പി. അല്ല സി.പി.ഐ.(എം) ആണ് ഞങ്ങളുടെ ശത്രുവെന്ന് പരസ്യമായി അദ്ദേഹം പ്രഖ്യാപിച്ചു. ഇസ്ലാംമത വിശ്വാസികൾ ഇതിനെ പിന്തുണയ്ക്കുമോ? അങ്ങനെ ഞങ്ങളുടെ ശത്രുക്കളാണ് സി.പി.ഐ.(എം.) എന്ന് പറഞ്ഞുകൊണ്ട് മൗലികവാദികൾക്ക് വർഗ്ഗീയ കോമരങ്ങളുമായി കൈകോർക്കാൻ യാതൊരു മടിയുമുണ്ടായിരുന്നില്ല. സി.പി.ഐ.(എം.) മുഖ്യശത്രുവാണെന്ന

പരാമർശം ഇസ്ലാം മതവിശ്വാസികളെന്നല്ല ലീഗ് അനുയായികൾപോലും പ്രതീക്ഷിച്ചിരുന്നില്ല, അവരത് മുഖവിലയ്ക്കെടുത്തുമില്ല. ഈ ബാന്ധവമാണ് പൗരത്വ ഭേദഗതി നിയമത്തിന്റെ കാര്യത്തിലും നിങ്ങളെ നിശബ്ദരാക്കുന്നത്. നിങ്ങളുടെ ഒത്താശയോടെ കേരളത്തെ ഗുജറാത്താക്കുന്നതിന്റെ ചവിട്ടുപടിയായി സംഘികൾ പ്രഖ്യാപിച്ച നിയമം സംസ്ഥാന തെരഞ്ഞെടുപ്പ് ചരിത്രത്തിലെ ഏറ്റവും തിളക്കമുള്ള ഏടുകളിലൊന്നായി ഇവിടെ മാറുകയായിരുന്നു. ഞങ്ങളെ ആട്ടിപ്പായിക്കാൻ നോക്കുന്ന വർഗ്ഗീയ ഫാസിസ്റ്റുകളെ ചെറുത്തുതോൽപ്പിക്കുന്ന നിങ്ങളെ കൈവെടിയാൻ ഞങ്ങളില്ലെന്നാണ് മുസ്ലീം മതവിശ്വാസികളായ സഹോദരിമാർ അകത്തളങ്ങളിൽനിന്ന് അരങ്ങത്തേയ്ക്ക് വന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകരോട് ഈ തെരഞ്ഞെടുപ്പ് കാലയളവിൽ പറഞ്ഞത്. അവർ എൽ.ഡി.എഫ്.-ന് അനുകൂലമായി വോട്ട് ചെയ്തു. ഇതാണ് കേരളത്തിലെ പുതിയ അനുഭവം. ഇന്ദിരാ ഭവനിലെ ഒട്ടും സുഖകരമല്ലാത്ത വിശേഷങ്ങളുമായി സഭാതലത്തിലേയ്ക്കെത്തിയ കോൺഗ്രസ് അംഗങ്ങൾ ഉൾപ്പെടെയുള്ള പ്രതിപക്ഷം ഇവിടെ നടത്തിയ പ്രസംഗത്തിൽനിന്നും ജനവിധിയുടെ പാഠം ഉൾക്കൊള്ളാൻ തയ്യാറാകാത്തവരാണ് അവരെന്ന് തെളിഞ്ഞിരിക്കുകയാണ്. പ്രശസ്ത ചിന്തകൻ വാൾട്ടർ റിസ്റ്റൺ ഒരിക്കൽ പറഞ്ഞു, 'പരാജയം ഒരു കുറ്റമേയല്ല. എന്നാൽ പരാജയത്തിൽ നിന്ന് പാഠം പഠിക്കാതിരിക്കൽ ഒരു കുറ്റം തന്നെയാണ്'. ഇന്നത്തെ യു.ഡി.എഫ്.-നെ മുന്നിൽ കണ്ടുകൊണ്ടാണോ അദ്ദേഹം പ്രതികരിച്ചതെന്നാണ് ഞാൻ സംശയിക്കുന്നത്. തെരഞ്ഞെടുപ്പ് പരാജയം പഠിക്കാൻ ഹൈക്കമാന്റ് നിയോഗിച്ച അശോക് ചവാൻ കമ്മിറ്റി ഓൺലൈനിൽ തെളിവെടുപ്പ് നടത്തിയപ്പോൾ അഞ്ച് കൊല്ലം പ്രതിപക്ഷത്തെ നയിച്ച മുൻനേതാവായ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല പറഞ്ഞത്: തോൽക്കാനുള്ള കാരണം സംഘടനാ ദൗർബല്യംമൂലം ബൂത്തുകൾ നിർജ്ജീവമായതും സ്ലിപ്പുകൾ പോലും കൊടുക്കാൻ കഴിയാത്തതു കൊണ്ടാണെന്നുമാണ്. എന്നാൽ ശ്രീ. രമേശ് ചെന്നിത്തല ഇങ്ങനെ പറഞ്ഞപ്പോൾ, സർക്കാരിനെതിരെ അദ്ദേഹം ഉന്നയിച്ച പല ആരോപണങ്ങൾക്കും വിശ്വാസ്യത ഉണ്ടായിരുന്നില്ലെന്നും ഓരോ ആരോപണവും ജനങ്ങൾ തള്ളിക്കളയുകയായിരുന്നുവെന്നുമാണ് മറുപക്ഷം എം.എൽ.എ.- മാരും പാർട്ടി നേതാക്കളും പറഞ്ഞത്. ബഹുമാനപ്പെട്ട പി. ടി. തോമസ്, മലിനപ്പെട്ട കടമ്പ്രയാർ നദി നമുക്ക് ശുദ്ധീകരിക്കാം. എന്നാൽ ആകെ മലിനപ്പെട്ടിരിക്കുന്ന കെ.പി.സി.സി.-യുടെ അവസ്ഥയെന്താണ്? കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയെ നിങ്ങളെല്ലാവരും കൂടി കേരള കട്ടപാര കോൺഗ്രസ് കമ്മിറ്റി എന്നാക്കി മാറ്റിയില്ലേ? ആകാശവാണിയിൽ മുമ്പ് 'കൗതുക വാർത്ത' എന്ന ഒരു

പരിപാടിയുണ്ടായിരുന്നു. ഇന്നത് വീണ്ടും പ്രക്ഷേപണം ചെയ്തിരുന്നുവെങ്കിൽ ഒരുപക്ഷേ കേരളത്തിലെ കോൺഗ്രസിന് വേണ്ടി അവർ ഏറ്റവും കൂടുതൽ സമയം നീക്കിവയ്ക്കേണ്ടിവരുമായിരുന്നു. അഞ്ച് കൊല്ലക്കാലം ജനവിരുദ്ധ രാഷ്ട്രീയം കൈകാര്യം ചെയ്ത നിങ്ങൾ വാഗ്ദാന പെരുമഴയുമായിട്ടാണ് ഈ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ജീവിച്ചിരിക്കുമ്പോൾ അയൽവാസിക്ക് തന്റെ പൂന്തോപ്പിൽനിന്ന് ഒരു പൂവ് പോലും നൽകാത്തവൻ അയൽവാസി മരിക്കുമ്പോൾ വലിയ പുഷ്പചക്രം നൽകുന്നുവെന്നത് ഒരു ഫ്രഞ്ച് പഴമൊഴിയാണ്. അധികാരത്തിൽ ഉണ്ടായിരുന്നപ്പോൾ സാമൂഹ്യ പെൻഷനുകൾ വർദ്ധിപ്പിക്കാതെയും കൃത്യസമയത്ത് കൊടുക്കാതെയുമിരുന്ന നിങ്ങൾ ഈ തെരഞ്ഞെടുപ്പിൽ ജനങ്ങളോട് പറയുന്നത് അധികാരത്തിൽ വന്നാൽ കുടുംബത്തിന് 6,000 രൂപ, ഭാര്യയ്ക്ക് 3,000 രൂപ എന്നിങ്ങനെ നൽകുമെന്നൊക്കെയാണ്. ഇത് ഈ പഴമൊഴിയെ അനുസ്മരിപ്പിക്കുന്നതാണ്. അത് ജനം തള്ളിക്കളഞ്ഞു. അതേസമയം ഉള്ളത് കൃത്യസമയത്ത് കൊടുക്കുന്ന എൽ.ഡി.എഫ്. സർക്കാർ ക്ഷേമപെൻഷൻ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞപ്പോൾ ജനങ്ങളത് വിശ്വസിക്കുകയും ഈ സർക്കാരിന് അനുകൂലമായി വോട്ട് ചെയ്യുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പിലെ എൽ.ഡി.എഫ്.-ന്റെ വിജയത്തെ ഒരു ചൈനീസ് പഴമൊഴിയിലൂടെ നമുക്ക് സ്വാഗതം ചെയ്യാം. പ്രതികൂല സാഹചര്യങ്ങളോട് പൊരുതിനേടുന്ന വിജയമാണ് ഏറെ ആസ്വാദ്യകരം. പ്രതിപക്ഷത്തെ രണ്ട് മുന്നണികളും വിശ്വാസത്തെ മുൻനിർത്തിയാണ് ഈ തെരഞ്ഞെടുപ്പിൽ വോട്ടു ചോദിച്ചത്. വിശ്വാസം എന്നുപറഞ്ഞാൽ ആചാരമാണ്. വിശ്വാസമാണ് വിഷയമെങ്കിൽ ജനങ്ങൾക്ക് ആശയക്കുഴപ്പമുണ്ടാകില്ല. തെരഞ്ഞെടുപ്പ് യോഗത്തിൽ ശരണം വിളിച്ച പ്രധാനമന്ത്രിയെയും പോളിംഗ് ബൂത്തിലേയ്ക്കുള്ള യാത്രയിൽ വിശ്വാസത്തിന്റെ ഒരു ഡോസ് കുത്തിവയ്ക്കാൻ ശ്രമിച്ച സുകുമാരാദികളെയും അതിനൊപ്പം നിന്ന സ്ഥാനാർത്ഥികളെയും ജനം ഒരുപോലെ നിരാകരിക്കുന്നതാണ് ഈ തെരഞ്ഞെടുപ്പിൽ കേരളം കണ്ടത്. ഭരണഘടനാപരമായി അസാദ്ധ്യമായ കരട് നിയമവുമായി വന്ന കോൺഗ്രസ്സും ഇവിടെ നിരാകരിക്കപ്പെട്ടു. രാഷ്ട്രീയ അശ്ലീലങ്ങളെ തുടച്ചുമാറ്റി മതാതീതമായ രാഷ്ട്രീയ ചിന്തയാൽ ഭരണഘടനാപരമായ ഉത്തരവാദിത്വബോധത്തോടെ ഈ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ കേരളം പ്രതികരിക്കുകയായിരുന്നു. മനോരമാദികളാകട്ടെ നിറഞ്ഞാടുകയായിരുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അന്ത്യത്തിനുവേണ്ടി എൽ.ഡി.എഫ്.-നെതിരെ പ്രതിക്കൂട് തീർത്ത് വിചാരണ നടത്തി അവർ തന്നെ 'കേരളം വലത്തോട്ട്' എന്ന് വിധി കൽപ്പിച്ചു. പക്ഷേ, അതിനപ്പുറമായിരുന്നു കേരളീയരുടെ ജനമനസ്സ്. എന്റെ മണ്ഡലമുൾപ്പെടെ രാഷ്ട്രീയ ഭൂമിശാസ്ത്രമറിയാത്ത ചില കൂപമണ്ഡൂകങ്ങൾ നടത്തിയ പ്രി-പോൾ സർവ്വേയും പോസ്റ്റ്പോൾ സർവ്വേയും

ജനം വലിച്ച് തോട്ടിലെറിഞ്ഞു. അവരുടെ കണക്ക് ശരിയായിരുന്നെങ്കിൽ ഞങ്ങളുടെ കൂട്ടത്തിൽ ഇവിടെ ചുരുങ്ങിയത് 30 പേരെങ്കിലും എത്തുമായിരുന്നില്ല. 2016-ൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ എനിക്ക് 16000 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായിരുന്നു. ഇത്തവണ അത് 26000 ആയി. തൃക്കരിപ്പൂരിലെ പ്രബുദ്ധരായ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വോട്ടു നൽകി. നൂറ് ബയണറ്റുകളെക്കാൾ ശക്തിയുള്ളതാണ് നാല് പത്രങ്ങളെന്ന് ഒരിക്കൽ നെപ്പോളിയൻ പറഞ്ഞിട്ടുണ്ട്. വയലാറിലും കരിവെള്ളൂരിലും ബയണറ്റുകളെ അതിജീവിച്ച ചെങ്കൊടി പ്രസ്ഥാനത്തിൽ പിറന്നുവീണവരാണ് ഈ അംഗങ്ങളിൽ പലരും. ശരിയുടെ, നീതിയുടെ തെളിമയാർന്ന രാഷ്ട്രീയ നിലപാടിന്റെ പ്രതിരോധ കോട്ട തീർത്ത് കുതിരശക്തിയുള്ള വലതുപക്ഷ മാധ്യമപ്പടയെ തകർത്തുവിട്ട കാഴ്ചയാണ് ഈ തെരഞ്ഞെടുപ്പിൽ കേരളം ദർശിച്ചത്. വിജയകാരണങ്ങൾ പലതാണ്. ഒന്ന്, ഇക്കഴിഞ്ഞ കാലയളവിൽ പിണറായി സർക്കാർ നടത്തിയിട്ടുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ തെരഞ്ഞെടുപ്പിൽ നേടിയെടുത്ത ഉജ്ജ്വല വിജയം. രണ്ട്, ദുരിതകാലത്ത് ചേർത്തുപിടിക്കാനും അവരുടെ രക്ഷയ്ക്ക് സാന്ത്വനവചസ്സേകി പരിഹാരങ്ങൾ നിർദ്ദേശിക്കാനും ജനങ്ങളോടൊപ്പം നിൽക്കാനും സന്നദ്ധതയുള്ള, ഒരു നാടിന്റെ കാവൽക്കാരനായി മുഖ്യമന്ത്രിയും സർക്കാരുമുണ്ടെന്നുള്ള ഒരു ജനതയുടെ തിരിച്ചറിവാണ് ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തെ വിജയിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചത്.

മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് കേരളത്തിലെ മുഖ്യമന്ത്രിയിലും ഇടതുപക്ഷജനാധിപത്യ മുന്നണിയിലുമുണ്ടായ വിശ്വാസ്യതയാണ് പൗരത്വ നിയമഭേദഗതി ബിൽ ഉൾപ്പെടെ ചർച്ച ചെയ്യപ്പെട്ടപ്പോൾ തെളിഞ്ഞത്. അവർക്കുവേണ്ടി അനുദിനം പോരാടുമെന്ന് സ്വയം പ്രഖ്യാപിക്കുന്ന മുസ്ലീം ലീഗിൽ നിന്ന് വ്യത്യസ്തമായി ഇടതുപക്ഷ മതനിരപേക്ഷ ശക്തികൾ, മതനിരപേക്ഷതയുടെ രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഇടതുപുരോഗമന ശക്തികൾ, പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ തുടങ്ങിയവർ സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടുകൾക്കുള്ള അംഗീകാരം കൂടിയാണിത്. കേരളത്തിലെ മതന്യൂനപക്ഷ വിഭാഗങ്ങളിലുണ്ടായിട്ടുള്ള വിശ്വാസ്യതമൂലമാണ് ഈ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് ഉജ്ജ്വല വിജയം കൈവരിക്കാൻ കഴിഞ്ഞത്. ഇതിനുമപ്പുറം വർത്തമാനകാല ഇന്ത്യയിൽ ഒരു സംസ്ഥാന ഗവൺമെന്റിന് ഭരണനിർവ്വഹണം നടത്തിക്കൊണ്ടുപോകാൻ ഒരുപാട് പരിമിതികളുണ്ട്. എന്നാൽ ആ പരിമിതികളെല്ലാം മറികടന്നുകൊണ്ട് വളരെ കൃത്യതയോടുകൂടി, പ്രായോഗിക ബദലുകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഭരണ മുന്നേറ്റത്തിനുള്ള ഒരു അംഗീകാരമാണ് ഈ

തെരഞ്ഞെടുപ്പ് വിജയം. രാജ്യരക്ഷയ്ക്കായി ഇടത് മതേതര ശക്തികളുടെ ശക്തമായ സാന്നിദ്ധ്യവും മുന്നേറ്റവും ഈ കാലം നമ്മോട് ആവശ്യപ്പെടുന്നു. ഉദാരവത്കരണത്തിന്റെയും ആഗോളീകരണത്തിന്റെയും സ്റ്റീംറോളർ ജനകോടികളെ ചതച്ചരയ്ക്കുമ്പോൾ ബദലുകൾ സൃഷ്ടിച്ചുകൊണ്ട് ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുപോകുകയാണ്. ഇടതുപക്ഷം ഒരു രാഷ്ട്രീയ പ്രതിനിധാനമാണ്. ഈ ഗവൺമെന്റ് ദരിദ്രരുടെയും തൊഴിലാളികളുടെയും സാധാരണക്കാരായ ജനതയുടെയും ഹൃദയപക്ഷത്താണ്; ഇനിയും മുന്നോട്ട് കുതിക്കുകതന്നെ ചെയ്യും. കുളമ്പടിച്ചുവരുന്ന ഈ ജനകീയ അശ്വത്തെ പിടിച്ചുകെട്ടാൻ നിങ്ങൾക്കാവില്ല. വരും നാളുകളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഏറ്റവും ഉജ്ജ്വലമായ ഇടപെടലുകളുമായിട്ടായിരിക്കും മുന്നോട്ടു പോകുന്നത്. നയപ്രഖ്യാപന പ്രസംഗത്തിൽ 30000 യുവസംരംഭകർക്ക് ഇതിനകം തൊഴിലവസരം ലഭ്യമാക്കാൻ കഴിഞ്ഞ സ്റ്റാർട്ട് അപ് മിഷന്റെ ശാക്തീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വിശപ്പുരഹിത കേരളമെന്ന ലക്ഷ്യത്തിൽ നിന്ന് പോഷകാഹാര സുരക്ഷയിലേയ്ക്കുള്ള മുന്നേറ്റം, അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുള്ള സർക്കാരിന്റെ ജാഗ്രത വിളംബരം ചെയ്യുന്നു. പൊതു വിദ്യാഭ്യാസ രംഗത്ത് കൈവരിക്കാനായ ഉൽകൃഷ്ടത ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്കും വ്യാപിപ്പിക്കാനുള്ള നയം മാനവ വിഭവശേഷി വികസനത്തിലൂടെ നാടിന്റെ വികസനം സാധ്യമാക്കും. ഇവിടെ അഞ്ച് വർഷംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ സമസ്തവിഭാഗം ജനങ്ങളും ഇടതുപക്ഷത്തിന് അനുകൂലമായി വോട്ടുചെയ്തു. അത് യുവജനങ്ങൾക്കും തൊഴിലാളികൾക്കും കൃഷിക്കാർക്കും സമസ്ത വിഭാഗം ജനങ്ങൾക്കും ഈ സർക്കാരിലുള്ള വിശ്വാസ്യതയാണ് കാണിക്കുന്നത്. വരും നാളുകളിലും ഉജ്ജ്വല മുന്നേറ്റം നടത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ലാത്തതിനാൽ ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇവിടെ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ഇരുപതാം നൂറ്റാണ്ടിലുണ്ടായ ഏറ്റവും വലിയ സംഭവം രണ്ടാം ലോകമഹായുദ്ധമാണ്. അതിനുശേഷം ലോകത്തിന്റെ കാലഗണന നിശ്ചയിച്ചിരിക്കുന്നത് രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പും അതിനുശേഷവും എന്നാണ്. കാരണം അതിനുശേഷമാണ് ലോകത്തിലെ സാമ്പത്തികക്രമവും രാഷ്ട്രീയക്രമവും മാറിയത്. എല്ലാ ലോകക്രമങ്ങളും മാറിയത് അതിനുശേഷമാണ്.

അതുകൊണ്ട് ലോകത്തെ നമ്മളിന്ന് വിലയിരുത്തുന്നത് രണ്ടാം ലോകമഹായുദ്ധത്തിനുമുമ്പും അതിനുശേഷവും എന്നാണ്. 21-ാം നൂറ്റാണ്ടിൽ വന്ന ഈ മഹാമാരി ലോകത്തെ മുഴുവൻ കയ്യിലെടുത്ത് അമ്മാനമാടിക്കൊണ്ട്, വിരൽത്തുമ്പിൽ നിർത്തിക്കൊണ്ട് ശാസ്ത്രത്തിലും മറ്റ് കാര്യങ്ങളിലുമുണ്ടായ മനുഷ്യന്റെ ഇതുവരെയുള്ള മഹാവിജയങ്ങളെപ്പോലും ചെറുതാക്കിക്കൊണ്ട് തേരോട്ടം നടത്തുകയാണ്. തുടർന്നും രോഗികളും മരണങ്ങളുമുണ്ടാകുമെന്നും പുതിയ വൈറസുകൾ വരുമെന്നുമുള്ള മുന്നറിയിപ്പുകൾ ലോകത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. 21-ാം നൂറ്റാണ്ടിലെ കാലഗണന കോവിഡിനുമുമ്പും കോവിഡിനോടൊപ്പവും കോവിഡിനുശേഷവും എന്ന രീതിയിൽ മാറാൻ പോകുകയാണ്. നമ്മൾ കോവിഡിനോടൊപ്പമാണ്. നമ്മൾ ആ അവസരത്തെ ശ്രദ്ധിക്കണം. ഇതുവരെയുള്ള നയസമീപനമല്ല ഒരു വകുപ്പുമായും ബന്ധപ്പെട്ട് സ്വീകരിക്കേണ്ടത്. കാരണം ഈ മഹാമാരി എല്ലാകാര്യങ്ങളിലും മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ഇതുവരെയുള്ള സമീപനത്തോടുകൂടി ഒരു പബ്ലിക് പോളിസിയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. എന്നാൽ ഇന്നത്തെ സാഹചര്യവും വരാനിരിക്കുന്ന സാഹചര്യങ്ങളും മനസ്സിൽ വച്ചുകൊണ്ടാണ് പബ്ലിക് പോളിസിയുണ്ടാക്കേണ്ടത്. നമ്മൾ പൊതുപ്രവർത്തകരാണ്, ജനപ്രതിനിധികളാണ്. നമ്മളാണ് പബ്ലിക് പോളിസിയുണ്ടാക്കുന്നതിന് നേതൃത്വം കൊടുക്കേണ്ടവർ. ഉദ്യോഗസ്ഥരുടെ കൈകളിൽ അതിന്റെ ഡ്രാഫ്റ്റ് രൂപം കൊണ്ടാലും ജനങ്ങളുടെ ഭാഗത്തുനിന്ന് നമ്മൾ നിർദ്ദേശങ്ങൾ നൽകണം. ഏതു പോളിസി നടപ്പാക്കുമ്പോഴും അത് സാധാരണക്കാരായ ജനങ്ങളെ എങ്ങനെയാണ് ബാധിക്കുന്നതെന്ന് അവരുടെകൂടെ നിന്ന് നാം ചിന്തിക്കണം. ഏതു വകുപ്പുമായി ബന്ധപ്പെട്ട് പബ്ലിക് പോളിസി രൂപീകരിച്ചാലും ആ ചിന്ത രാഷ്ട്രീയ പ്രവർത്തകരായ, പൊതുപ്രവർത്തകരായ, ജനപ്രതിനിധികളായ നമ്മുടെ മനസ്സിലുണ്ടാകണം. ആ ഒരു കാഴ്ചപ്പാട് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുണ്ടായില്ല എന്നുള്ള ദുഃഖം ഞാനിവിടെ പങ്കുവയ്ക്കുകയാണ്.

ഇന്ന് ഏറ്റവും പ്രധാനമായി കരുതേണ്ടത് ആരോഗ്യനയം തന്നെയാണ്. ആരോഗ്യനയത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കണം. നമ്മളിപ്പോഴും പഴയ പ്രതാപം പറഞ്ഞുനിൽക്കുകയാണ്. രാജഭരണ കാലത്തും മിഷണറിമാരുടെ കാലത്തും കേരളത്തിലെ ആരോഗ്യരംഗത്ത് പ്രത്യേകമായ മാറ്റങ്ങളുണ്ടായി എന്നത് നമുക്ക് വിസ്മരിക്കാൻ കഴിയില്ല. 1957 മുതൽ കേരളത്തിലുണ്ടായ ജനകീയ ഗവൺമെന്റുകളെല്ലാം മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട ആരോഗ്യ സംവിധാനം കേരളത്തിലുണ്ടാക്കുന്നതിനുവേണ്ടി വലിയ പങ്കു വഹിച്ചിട്ടുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പ്രസംഗത്തിൽ അക്കാര്യങ്ങളെല്ലാം

സൂചിപ്പിച്ചു. പക്ഷെ, കാലം വളരെ വേഗത്തിൽ മാറുകയാണ്. എന്നെ സങ്കടപ്പെടുത്തിയ ഒരു കാര്യം ഞാൻ ഇന്ന് രാവിലെ പ്രസംഗത്തിൽ സൂചിപ്പിച്ചു. നമ്മൾ വിചാരിച്ചിട്ടുപോലും മരണത്തിൽ നിന്ന് ഒരു രോഗിയെ രക്ഷിക്കാൻ കഴിയാത്ത തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. ജനപ്രതിനിധിയായ ഞാൻ 12 ആശുപത്രികളിൽ വിളിച്ചിട്ടും വെന്റിലേറ്റർ ബെഡ് കിട്ടാത്തതിനാൽ എനിക്കറിയാവുന്ന ഒരു രോഗി ചികിത്സാ സൗകര്യങ്ങളില്ലാത്ത ആശുപത്രിയിൽ കിടന്ന് മരിച്ചു. ഞാനിത് ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. ജനപ്രതിനിധി എന്ന നിലയിൽ ഞാനത് ആലോചിച്ചു. ഇതൊക്കെ പരിഹരിക്കാനാവുന്ന ഒരു സംവിധാനമുണ്ടാകണം. രോഗങ്ങൾ കുറേക്കൂടി വ്യാപകമായി പടർന്നിരുന്നെങ്കിൽ ഇതിനേക്കാൾ കൂടുതൽ ആളുകൾ മരിക്കുന്ന സ്ഥിതിവിശേഷമുണ്ടാകുമായിരുന്നു. ഇത് ആരുടെയും കുറ്റമല്ല. നമുക്ക് ദീർഘവീക്ഷണമുണ്ടാകണം. കാരണം ഇനിയും വൈറസുകൾ ഉണ്ടാകുമെന്ന് ഗ്ലോബൽ വൈറസ് നെറ്റ്‌വർക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നാല്പത്തിയഞ്ചോളം തരം വൈറസുകളുണ്ട്. ഈ വൈറസിന് മ്യൂട്ടേഷൻ സംഭവിച്ച് നമ്മളിലേയ്ക്ക് വരാൻ സാദ്ധ്യതയുണ്ടെന്നാണ് പറയുന്നത്. ഇതിലൂടെ നമുക്ക് കുറേ പാഠങ്ങൾ പഠിക്കാനുണ്ട്. ഏത് വൈറസ് വന്നാലും അവയെ നേരിടുന്നതിനായി നമ്മുടെ ആരോഗ്യ സംവിധാനങ്ങളെ സജ്ജമാക്കുന്നതിനുവേണ്ടി ഇതുവരെയുള്ള നയങ്ങൾ മാറ്റി എഴുതണ്ടേ? ഞാൻ നല്ല അർത്ഥത്തിലാണ് പറയുന്നത്, ആ നയങ്ങൾ നമുക്ക് മാറ്റിയെഴുതണം.

വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച് ഞാൻ കഴിഞ്ഞദിവസം ഇവിടെ സൂചിപ്പിച്ചു. മാതാപിതാക്കളുടെ ഫസ്റ്റ് പ്രയോറിറ്റി കുട്ടികളുടെ വിദ്യാഭ്യാസമാണ്. ഒരു വർഷമായി അതുസംബന്ധിച്ച ഉത്കണ്ഠയാണ്. ഒന്നാം ക്ലാസ്സിൽ ചേർന്ന കുട്ടിക്ക് ഒരു ദിവസംപോലും സ്കൂളിൽ പോകാൻ സാധിച്ചിട്ടില്ല. അതിനെക്കുറിച്ച് നമ്മളാലോചിക്കണം. ഓൺലൈൻ ക്ലാസ്സുകളെക്കുറിച്ച് പരാതിയുണ്ടായിട്ടല്ല. പക്ഷേ, ഓൺലൈൻ ക്ലാസ്സുകളുടെ സക്സസ് റേറ്റ് എന്താണെന്ന് പരിശോധിക്കണം. വിദ്യാഭ്യാസ വിദഗ്ദ്ധരെ നിയോഗിച്ചുകൊണ്ട് നിലവിലുള്ള സംവിധാനം എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. ഇതിങ്ങനെ പോയാൽ മതിയോ; ഈ വർഷവും ഇങ്ങനെ പോയാൽ തുടർച്ചയായി രണ്ട് വർഷങ്ങൾ നഷ്ടപ്പെടില്ലേ? ഹയർ സ്റ്റഡീസിനും ഉയർന്ന ക്ലാസ്സുകളിലേയ്ക്കും പോകേണ്ട കുട്ടികൾക്കാവശ്യമായ അടിസ്ഥാന വിജ്ഞാനം ലഭ്യമാകുന്നുണ്ടോ; അവരുടെ മാനസികാവസ്ഥ എന്താണ്? സ്കൂളിൽ പോകാതെ വീട്ടിൽ ഫോണിന്റെയും ടി.വി.-യുടെയും മുന്നിലിരുന്ന് പഠിക്കുമ്പോഴുണ്ടാകുന്ന മാറ്റം തുടങ്ങിയവയെക്കുറിച്ചൊക്കെ പഠിക്കണം. ഒരു വർഷം കഴിഞ്ഞു. വിദ്യാഭ്യാസ

രംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് പരിശോധിക്കണം. ഷിഫ്റ്റ് സമ്പ്രദായം, ഒരു കുട്ടിയെ ഒറ്റയ്ക്ക് ഒരു ബഞ്ചിൽ ഇരുത്തുന്ന രീതി തുടങ്ങിയ സംവിധാനങ്ങൾ പല രാജ്യങ്ങളിലെയും സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നമുക്ക് വിദ്യാർത്ഥികൾ കൂടുതലുണ്ടെന്നത് ശരിയാണ്. മറ്റ് രാജ്യങ്ങളിലേതുപോലുള്ള സംവിധാനങ്ങൾ നടപ്പാക്കുകയെന്നത് അത്ര എളുപ്പമല്ല. പക്ഷേ, നമ്മുടേതായ സാഹചര്യത്തിൽ ഇതിനെ എങ്ങനെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് ഗൗരവമായി ആലോചിക്കണം. അടിസ്ഥാനപരമായ മാറ്റം വിദ്യാഭ്യാസ നയത്തിലുണ്ടാകണം.

കൃഷിയുടെയും വ്യവസായത്തിന്റെയും കാര്യത്തിലൊക്കെ ഇങ്ങനെയുള്ള ആലോചനകളുണ്ടാകണം. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സംസ്ഥാനമാണ് നമ്മുടേതെന്ന് പറയാറുണ്ട്. എന്നാൽ ഇപ്പോൾ ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി തകർന്നുതരിപ്പണമായി. എത്ര സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയത്. അതുമായി ബന്ധപ്പെട്ട ടാക്സി, ഓട്ടോറിക്ഷ തൊഴിലാളികളെല്ലാം ദുരിതത്തിലാണ്. കഴിഞ്ഞ പത്തോ പതിനഞ്ചോ വർഷത്തിനിടയിൽ എത്രയോ ആളുകൾ എത്രയോ രൂപ കേരളത്തിലെ സ്വകാര്യ മേഖലയിൽ ഇൻവെസ്റ്റ് ചെയ്തു, ആ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുകയും ജീവനക്കാരുൾപ്പെടെയുള്ളവർക്ക് തൊഴിൽ നഷ്ടമുണ്ടാകുകയും ചെയ്തു. ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി കേരളത്തിന്റെ അഭിമാനമാണ്. കേരളത്തെ ലോകത്തിന്റെ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുമെന്ന് അഭിമാനിച്ചിരുന്ന ആളുകളാണ് നമ്മൾ. എന്നാൽ സംസ്ഥാനത്തെ ലോകത്തിന്റെ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റാൻവേണ്ടി മാറിമാറി വന്ന ഗവൺമെന്റുകളുടെ പരിശ്രമത്തിനൊടുവിൽ കേരളത്തിലെ ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രി തകർന്ന് തരിപ്പണമായി കിടക്കുന്നു. ഒരു സ്ഫടിക പാത്രം നിലത്തുവീണാൽ എന്നതുപോലെ കൂട്ടിയോജിപ്പിക്കാൻ പോലും കഴിയാതെ ചിതറി കിടക്കുന്നു. അതുമായി ബന്ധപ്പെട്ട് പ്രത്യക്ഷമായും പരോക്ഷമായും ജീവിക്കുന്നവരുടെ സങ്കടങ്ങൾ എത്ര വലുതാണ്. തൊഴിൽ നഷ്ടപ്പെട്ട, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന സാധാരണക്കാരായ കൂലിത്തൊഴിലാളികളുടെയും മറ്റും ജീവിതത്തിൽ അത് കടന്നുവന്നിരിക്കുന്നു. നമ്മുടെ ഇക്കോണമിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇവിടെ സൂചിപ്പിച്ചു. നമ്മുടെ ഇക്കോണമി തകരുന്നു. നമുക്ക് നികുതി വരുമാനമുണ്ടാകുന്നില്ല. ലോകത്ത് ഇത്തരം ഘട്ടങ്ങളുണ്ടായപ്പോൾ അതിനെ മറികടക്കാനെന്താണ് ചെയ്തത്? 1930-ലെ ഗ്രേറ്റ് ഡിപ്രഷൻ മുതൽ ഇത്തരം ഘട്ടങ്ങളെ നേരിട്ടതും ഇപ്പോഴും ലോകരാജ്യങ്ങൾ നേരിടുന്നതും ജോൺ മെയ്നാർഡ് കെയ്ൻസിന്റെ കെയ്നീഷ്യൻ തിയറിയുടെ അടിസ്ഥാനത്തിലാണ്. കാരണം നമ്മൾ പണം പമ്പ് ചെയ്ത് മാർക്കറ്റിനെ ഉത്തേജിപ്പിക്കണം. മാർക്കറ്റ് തകർന്നിരിക്കുന്നു, കച്ചവടങ്ങളില്ല. അതാണ് ജനജീവിതം സ്തംഭനാവസ്ഥയിലെന്ന് പറഞ്ഞത്.

ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതിനെ തെറ്റിദ്ധരിക്കേണ്ട. അത് നിങ്ങളുണ്ടാക്കിയതാണെന്നല്ല അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. അത് യാഥാർത്ഥ്യമാണ്. നിയമസഭയിൽ സംസാരിക്കുമ്പോൾ യാഥാർത്ഥ്യ ബോധത്തോടുകൂടി സംസാരിക്കണ്ടേ? കടകൾ മുഴുവൻ അടച്ചുപൂട്ടിയിരിക്കുന്നു. എന്തിനാണ് കറൻസി? എന്റെ കയ്യിൽനിന്ന് നിങ്ങളുടെ കയ്യിലേയ്ക്കും അവിടെനിന്ന് മൂന്നാമന്റെ കയ്യിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടേണ്ട മാധ്യമമാണ് കറൻസി. എവിടെയെങ്കിലും ഒരു സ്ഥലത്തിരുന്നാൽ അതിന് കടലാസിന്റെ വിലയേയുള്ളൂ. മാർക്കറ്റിനെ ഉത്തേജിപ്പിക്കുന്നതിനു വേണ്ടിയാണ് കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ വേണമെന്ന് ഞങ്ങൾ നിർദ്ദേശം വച്ചത്. ആളുകൾക്ക് നേരിട്ട് പണം നൽകണം. സർക്കാർ-സ്വകാര്യ മേഖലകളിൽനിന്നും ശമ്പളം വാങ്ങുന്നവരല്ലാതെയുള്ള കേരളത്തിലെ 60 ലക്ഷം കുടുംബങ്ങളെ സഹായിക്കാനായി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ നൽകണം. അതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായം വേണം. പാവപ്പെട്ട ഒരു കുടുംബത്തിന് പതിനായിരം രൂപ നൽകിയാൽ അതിലൊരു രൂപ അവർ ബാങ്കിലിടുമോ? എത്ര കുടുംബങ്ങൾക്ക് കൊടുക്കണമെന്ന് ഗവൺമെന്റാണ് ആലോചിക്കേണ്ടത്. അവരെന്താണ് ആ രൂപകൊണ്ടു ചെയ്യാൻ പോകുന്നത്; മുഴുവൻ തുകയും വിപണിയിൽ ചെലവഴിക്കുകയും വിപണി സജീവമാകുകയും ചെയ്യും. ഇതുപോലെ പതിനായിരം കോടി രൂപ നൽകിയാൽ അതിൽ ശരാശരി പതിനഞ്ച് ശതമാനം, അതായത് 1500 കോടി രൂപ ആദ്യത്തെ സർക്കുലേഷനിൽത്തന്നെ ടാക്സായി സർക്കാരിലേയ്ക്ക് വരും. അതാണ് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിനെക്കുറിച്ച് ലോകത്തിലെ സാമ്പത്തിക ശാസ്ത്രജ്ഞർ പറയുന്നത്. മാർക്കറ്റിൽ പണമുണ്ടാകും, ആളുകളുടെ കയ്യിൽ പണമുണ്ടാകും, വിപണി സജീവമാകും, പണം കൈമാറ്റം ചെയ്യപ്പെടും, ആദ്യത്തെ റൗണ്ടിൽ 15 ശതമാനം ജി.എസ്.ടി. ആയി സർക്കാരിലേയ്ക്ക് വരും. രണ്ടോ മൂന്നോ മാസം കഴിയുമ്പോൾ ഈ പണം വീണ്ടും മാർക്കറ്റിൽ ആറോ ഏഴോ പ്രാവശ്യം റൊട്ടേറ്റ് ചെയ്യപ്പെടും. ഓരോ റോട്ടേഷനിലും ശരാശരി പതിനഞ്ച് ശതമാനംവച്ച് സർക്കാരിലേയ്ക്ക് നികുതിയായി തിരിച്ചുവരും. അപ്പോൾ പല ഗുണങ്ങളുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ, ആളുകളുടെ കയ്യിൽ പണം വരും, വിപണി സജീവമാകും, സർക്കാരിന്റെ വരുമാനം വർദ്ധിക്കും, എല്ലായിടത്തും ഉല്പാദനം വർദ്ധിക്കും, എന്നിങ്ങനെ പല രീതിയിലുള്ള മാറ്റങ്ങളുണ്ടാകും. നമ്മൾ അതിനെക്കുറിച്ചൊക്കെ ആലോചിക്കണ്ടേ; കേന്ദ്ര സർക്കാരിന്റെ മുന്നിൽ കേരള സർക്കാർ അത്തരം പ്രൊപ്പോസലുകൾ നൽകണ്ടേ? വിപണി സജീവമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽനിന്നും സാധാരണക്കാരായ, പാവങ്ങളെ

രക്ഷിക്കാനുള്ള നടപടിയുണ്ടാകണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ കോവിഡ് അനാഥമാക്കിയ കുടുംബങ്ങളെ സഹായിക്കണം. ഏത് കാറ്റഗറിയിലുള്ളവർക്ക് നൽകണമെന്നത് ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അതിൽ ഞങ്ങൾ നിർദ്ദേശം വയ്ക്കുന്നത് ശരിയല്ല, ആരെയൊക്കെ സഹായിക്കാൻ സാധിക്കുമെന്ന് ഗവൺമെന്റ് തീരുമാനിക്കണം. കോവിഡ് മരണംമൂലം ഒരു കുടുംബം അനാഥമായാൽ അവരെ ചേർത്തുപിടിക്കേണ്ട ഉത്തരവാദിത്വം നമുക്കില്ലേ? അതുപോലെ പല സ്വകാര്യ ആശുപത്രികളിൽനിന്നും വരുന്ന ബില്ലുകളെക്കുറിച്ചൊക്കെ അറിയാമല്ലോ. വലിയ തുകയുടെ ബില്ലുകളാണ് വരുന്നത്. വീടും സ്ഥലവും മുഴുവൻ പണയപ്പെടുത്തി കുടുംബനാഥനെ രക്ഷിക്കാൻ ശ്രമിച്ച എത്രയോ കുടുംബങ്ങളെ നമുക്കെല്ലാവർക്കുമറിയാം. ഈ സാമ്പത്തിക പ്രയാസങ്ങൾക്കും ബുദ്ധിമുട്ടുകൾക്കുമിടയിൽ ഒരാളുടെ ജീവൻ രക്ഷിക്കാനായി ജീവിതകാലം മുഴുവൻ സമ്പാദിച്ചത് പണയപ്പെടുത്തി ഇനി മുന്നോട്ടുപോകാൻ കഴിയാതെ നിൽക്കുന്ന കുടുംബങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, ഇപ്പോൾ മൺസൂൺ തുടങ്ങി. രണ്ട് വർഷമായി ജൂൺ മാസം വലിയ പ്രശ്നമില്ലാതെയാണ് പോയത്. പക്ഷേ ജൂലൈ-ആഗസ്റ്റ് മാസങ്ങൾ അപകടകാരികളാണ്. നിരവധി മുന്നറിയിപ്പുകൾ വന്നു. ഇത്തവണ Pandemic situation is coupled with flood. അങ്ങനെ രണ്ടും കൂടി ഒരുമിച്ചുവന്നാൽ നമ്മൾ നൽകിയ മാർഗ്ഗനിർദ്ദേശങ്ങളൊന്നും പ്രായോഗികമാകില്ല. 2018-ലെ പ്രളയത്തിൽ ജനപ്രതിനിധി എന്നനിലയിൽ ഒന്നര ലക്ഷംപേരെ ക്യാമ്പിൽ താമസിപ്പിച്ച ആളാണ് ഞാൻ. അതിന് ഏകോപനം നടത്തിയ ഒരാളാണ്. ഞാനതിനെക്കുറിച്ച് ഭയപ്പെടുന്നു. അങ്ങനെയൊരു അന്തരീക്ഷമുണ്ടായാൽ അതിന്റെ പത്തിലൊന്ന് ആളുകൾ അല്ലെങ്കിൽ പതിനയ്യായിരംപേർ വന്നാൽ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ നമ്മൾ അവരെ എങ്ങനെ പുനരധിവസിപ്പിക്കും; എവിടെ കൊണ്ടുപോയി താമസിപ്പിക്കും.

1.00 P.M.]

കാലാവസ്ഥാ വ്യതിയാനം അറബിക്കടലിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് അപകടകരമായ രീതിയിലുള്ള മുന്നറിയിപ്പുകൾ നൽകുന്നു. നമ്മൾ ഇന്നലെ തീരപ്രദേശത്തെക്കുറിച്ചും തീരപ്രദേശം കടലെടുക്കുന്നതിനെക്കുറിച്ചുമൊക്കെ ചർച്ച ചെയ്തു. പുഴകളെല്ലാം നിറഞ്ഞുകവിയുന്ന സാഹചര്യങ്ങളുണ്ടാകുന്നു, ചെറിയ മഴ പെയ്താൽപോലും വലിയ പ്രശ്നങ്ങളുണ്ടാകുന്നു. പശ്ചിമഘട്ട മലനിരകളിൽ നൂറുകണക്കിന്, ഒരുപക്ഷേ ആയിരക്കണക്കിന് എന്ന് വിശേഷിപ്പിക്കാൻ

കഴിയുന്നതരത്തിലുള്ള മലയിടിച്ചിലിലും ഉരുൾപൊട്ടലിലും ഗ്രാമങ്ങൾ മുഴുവൻ ഒഴുകിപ്പോകുന്ന അവസ്ഥയുണ്ടാകുന്നു. ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസിയിൽ മാറ്റം വരുത്തേണ്ടതുണ്ട്. അതൊക്കെയല്ലേ നയപരമായ പ്രഖ്യാപനമെന്നു പറയുന്നത്. സ്ഥലജല വിഭ്രാന്തിയുണ്ടെന്ന് ഞാൻ പരിഹസിച്ചു പറഞ്ഞതല്ല. ബഡ്ജറ്റിൽ പറയേണ്ട കാര്യങ്ങൾ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിൽ പറയേണ്ട കാര്യങ്ങൾ നയപ്രഖ്യാപനത്തിലും വരണം. ബഡ്ജറ്റിൽ പറയേണ്ട കാര്യങ്ങളല്ല നയപ്രഖ്യാപനത്തിൽ വരേണ്ടത്. അതൊക്കെ നിങ്ങൾ പരിശോധിക്കേണ്ടതായിരുന്നു. ഒരു പോളിസി ഇംപ്ലിമെന്റേഷനാണ് ബഡ്ജറ്റിൽ വരുന്നത്. പോളിസിയാണ് നയപ്രഖ്യാപനത്തിൽ പ്രഖ്യാപിക്കുന്നത്. ഒരു പദ്ധതി കൊണ്ടുവന്നാൽ ആ പദ്ധതി എവിടെയൊക്കെ നടപ്പാക്കുമെന്നുവരെ നയപ്രഖ്യാപനത്തിലുണ്ട്. ഞാൻ പരിഹസിച്ചതല്ല. അങ്ങനെയൊരു സ്ഥലജല വിഭ്രാന്തിയുണ്ടാകാൻ പാടില്ല. ജനങ്ങളെല്ലാം പരിഭ്രാന്തരായി, മുന്നോട്ടുള്ള ജീവിതത്തെക്കുറിച്ച് ഒരു ഉറപ്പുമില്ലാതെ, ജീവിതത്തിനുമീതെ അനിശ്ചിതത്വം പെയ്തിറങ്ങുന്ന ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അവർക്ക് ആശ്വാസം നൽകേണ്ടതും താങ്ങായും തണലായും നിൽക്കേണ്ടതും നമ്മളായിരിക്കണം. അതിനാവശ്യമായ നയപരിപാടികൾ രൂപീകരിച്ചാൽ പൂർണ്ണമായും പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും. നല്ല കാര്യങ്ങൾക്ക് ഞങ്ങൾ സഹകരിക്കും. ഇവിടെ ക്രിയാത്മകമെന്നത് ക്ലീഷേ വന്ന വാക്കാണ്. നിങ്ങളുടെ പ്രതിപക്ഷനേതാക്കളും പണ്ട് പറഞ്ഞിട്ടുണ്ട്. അതിനെയൊന്നും പരിഹസിക്കേണ്ട, സ്വീകരിക്കുന്ന നിലപാടുകൾ ശ്രദ്ധിച്ചാൽ മതി. നമുക്ക് ഏത് ചർച്ചയും വഴിതെറ്റിച്ച് കൊണ്ടുപോകാൻ വളരെ എളുപ്പമാണ്. ഇന്ന് അറിഞ്ഞോ അറിയാതെയോ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നാവിൽനിന്നും വീണ ഒരു വാക്കാണ് രാവിലത്തെ ചർച്ചയെ വഴിതെറ്റിച്ച് കൊണ്ടുപോയത്. അങ്ങനെയാകണമെന്ന് ആഗ്രഹിച്ചല്ല ഞങ്ങൾ വന്നത്. വളരെ നന്നായി, ഭംഗിയായി ചർച്ച അവസാനിപ്പിക്കണമെന്ന് തീരുമാനിച്ചാണ് വന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ ഞങ്ങളെല്ലാവരും കൂടിയാലോചിച്ചാണ് ആ തീരുമാനമെടുത്തത്. ദൗർഭാഗ്യവശാൽ അത്തരം സംഭവങ്ങളുണ്ടായി. അത് എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. പ്രതിപക്ഷമാണെന്നത് മറന്നുകൊണ്ടല്ല ഞങ്ങൾ നിൽക്കുന്നത്. ഞങ്ങൾ പ്രതിപക്ഷമാകും. ഞങ്ങൾ ചില ഘട്ടങ്ങളിൽ ആളിക്കത്തും. ഇതിലൊന്നും ഒരാൾക്കും സംശയംവേണ്ട. അത്യാവശ്യ ഘട്ടങ്ങളിൽ അങ്ങനെ ചെയ്യേണ്ടിവരും. പക്ഷേ ഇപ്പോൾ നമ്മുടെ സമീപനം അതല്ല. ഇപ്പോഴത്തെ സാഹചര്യങ്ങൾക്കാണ് ഞങ്ങൾ പിന്തുണ കൊടുത്തിരിക്കുന്നത്. അതിലൊന്നും ആരും തെറ്റിദ്ധരിക്കേണ്ടെന്ന് ഞാൻ വിനയപൂർവ്വം സൂചിപ്പിക്കുകയാണ്.

ഞാൻ ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഇവിടെ ഒരുപാട് രാഷ്ട്രീയ കാര്യങ്ങളൊക്കെ സംസാരിച്ചു. ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്കുണ്ടായിരിക്കുന്നത് ഉജ്ജ്വല വിജയമാണ്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ടുവന്ന മന്ത്രിമാരെയും ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള മുഴുവൻ എം.എൽ.എ.-മാരെയും ഞാൻ അനുമോദിക്കുകയാണ്. എല്ലാവരും വിജയിച്ചുവന്ന ആളുകളാണ്. ഇവിടെ പലരും സംസാരിച്ചപ്പോൾ അവർ തോൽപ്പിച്ച സ്ഥാനാർത്ഥികളെക്കുറിച്ച് മോശമായി പറഞ്ഞു. അങ്ങനെ ചെയ്യരുതെന്ന് ഞാൻ റിക്വസ്റ്റ് ചെയ്യുകയാണ്. നമ്മളിൽ എത്രപേർ തോറ്റിരുന്നു; ഓരോരുത്തരും പല കാലങ്ങളിൽ, പല കാരണങ്ങൾകൊണ്ട് തോറ്റു. ഈ നിയമസഭയിൽ വന്ന്, നമ്മൾ തോൽപ്പിച്ച സ്ഥാനാർത്ഥികളെ വ്യക്തിപരമായി അധിക്ഷേപിക്കരുത്. ഞാൻ തോൽപ്പിച്ച എല്ലാ സ്ഥാനാർത്ഥികളുമായും എനിക്ക് നല്ല ബന്ധമുണ്ട്. ഞാൻ പ്രതിപക്ഷ നേതാവായപ്പോൾ അവരെല്ലാവരും എന്നെ വിളിച്ച് അഭിനന്ദിച്ചു. കാരണം, അവരെയൊക്കെ ഞാനും ഇടയ്ക്കൊക്കെ വിളിക്കാറുണ്ട്. എന്തിനാണ് നമ്മൾ ഈ സൗഹൃദങ്ങൾ കളയുന്നത്. കുറച്ചുകൂടി നന്നായി നമ്മൾ പെരുമാറണ്ടെ; വിജയമെന്ന് പറയുന്നത് ആരെങ്കിലും ഉറപ്പിച്ചു തന്നിരിക്കുന്ന കാര്യമാണോ; ചില സാഹചര്യങ്ങളിൽ വിജയമുണ്ടാകും. അതിൽ മതിമറക്കുകയൊന്നും വേണ്ട. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20-ൽ 19 സീറ്റുംനേടി ഞങ്ങൾ ജയിച്ചുവന്നപ്പോൾ ഈ ഫ്ലോറിൽ ഒരു അഹങ്കാരവും ഞങ്ങൾ കാണിച്ചിട്ടില്ല. ഞങ്ങൾ ജയിച്ചു, അതിന്റെ സന്തോഷം പ്രകടിപ്പിച്ചു. കേരളത്തിൽ അതൊക്കെ പല പാറ്റേൺ ആണ്. അസംബ്ലി തെരഞ്ഞെടുപ്പ്, ലോക്കൽ ബോഡി തെരഞ്ഞെടുപ്പ്, പാർലമെന്റ് തെരഞ്ഞെടുപ്പ്, പല സാഹചര്യങ്ങളിൽ അതു മാറി വരും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജയിച്ചതിന്റെ അന്ന് നല്ല കാര്യങ്ങളൊക്കെ പറഞ്ഞു. എന്നാൽ രണ്ടാമത്തെ ദിവസം അദ്ദേഹം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലുള്ള ബാന്ധവം എന്ന് പറഞ്ഞുകൊണ്ട് കുറേ സീറ്റുകൾ സംബന്ധിച്ചാണ് പരാമർശിച്ചത്. അദ്ദേഹം പറഞ്ഞതു കേട്ടാൽ ബംഗാളിലെ കോൺഗ്രസിന്റെയും സി.പി.ഐ.(എം)-ന്റെയും സ്ഥിതിയാണ് ഞങ്ങൾക്കെന്നു തോന്നും. ഇവിടെ ഒരു സീറ്റിലും ഞങ്ങൾ ജയിക്കില്ലായിരുന്നുവെന്ന് തോന്നുന്ന രീതിയിലാണ് മുഖ്യമന്ത്രി സംസാരിച്ചത്. ദേശീയതലത്തിൽ ബി.ജെ.പി.-യുമായി ഏറ്റുമുട്ടുന്നതിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസല്ലേ; നിങ്ങളാണോ? ആര് നിഷേധിച്ചാലും അത് കോൺഗ്രസല്ലേ? ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും പൊളിറ്റിക്കൽ അജണ്ട വളരെ വ്യക്തമാണ്. കോൺഗ്രസ് മുക്ത ഭാരതമെന്നതാണ് ഈ രാഷ്ട്രത്തിൽ സംഘ്പരിവാറിന്റെ പൊളിറ്റിക്കൽ അജണ്ട. കേരളത്തിൽ അവർ തീരുമാനിച്ചത് എന്താണ്? കോൺഗ്രസ് നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഒരു കാരണവശാലും അധികാരത്തിൽ വരാൻ പാടില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, കുറച്ച് പുറകിലേയ്ക്ക് നോക്കു.

ശ്രീ. വി. ഡി. സതീശൻ: പുറകിലേയ്ക്കൊന്നും പോകേണ്ട. ഇപ്പോഴല്ലേ സംസാരിക്കുന്നത്. ശ്രീ. എ. എൻ. ഷംസീർ എല്ലാ കാര്യത്തിലും അഭിപ്രായം പറയരുത്. ആര് പ്രസംഗിച്ചാലും എല്ലാ കാര്യത്തിലും കമന്റ് പറയാൻ ബഹുമാനപ്പെട്ട ചെയർ എന്തെങ്കിലും സ്പെഷ്യൽ അസൈൻമെന്റ് അദ്ദേഹത്തിന് നൽകിയിട്ടുണ്ടോ? ഞങ്ങൾ സംസാരിക്കട്ടെ. ഒരു പോയിന്റ് റെയിസ് ചെയ്യുകയല്ലേ. അടുത്തതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ സംസാരിക്കുന്നത്. ഞാൻ പറയുന്നതിന് അദ്ദേഹം മറുപടി പറയും. അദ്ദേഹം രാഷ്ട്രീയം പറയാത്ത ആളാണോ; അദ്ദേഹം പറയട്ടെ. ഞാൻ പറഞ്ഞത്, അവർ കോൺഗ്രസ് മുക്ത ഭാരതം കേരളത്തിലും നടപ്പാക്കാൻ നോക്കി; ഞങ്ങളെ തോൽപ്പിക്കാൻ അവർ നോക്കി. മുഖ്യമന്ത്രി പറഞ്ഞതിന്റെ പിറ്റേ ദിവസം ശ്രീ. രമേശ് ചെന്നിത്തല കേരളത്തിലെ ഓരോ നിയോജകമണ്ഡലത്തിലും എവിടെയെല്ലാമാണ് സി.പി.ഐ.(എം)-ഉം ആർ.എസ്.എസ്.-ഉം ആയി ധാരണ ഉണ്ടാക്കിയതെന്നത് സംബന്ധിച്ച് എണ്ണിയെണ്ണി പറഞ്ഞു. ഞങ്ങൾ ഒരു ഘടകകക്ഷിക്ക് നേമത്ത് സീറ്റ് കൊടുത്തു. ആ ഘടകകക്ഷി നേടിയ വോട്ട് കുറവാണ്. അപ്പോൾ നിങ്ങൾ പറഞ്ഞത്, അതുകൊണ്ടാണ് ബി.ജെ.പി. കേരളത്തിൽ അക്കൗണ്ട് തുടങ്ങിയത് എന്നാണ്. ഈ തെരഞ്ഞെടുപ്പിൽ ഞങ്ങളുടെ അഭിമാനമായ മുൻ കെ.പി.സി.സി. അദ്ധ്യക്ഷനെ നേമത്ത് നിയോഗിച്ചു. ശ്രീ. കെ. മുരളീധരൻ നേമത്ത് മത്സരിച്ചില്ലായിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഈ സഭയിൽ വരുമായിരുന്നോ; അദ്ദേഹം അതിനുമുമ്പ് വന്നിട്ടുണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. ഞങ്ങളുടെ സംഘടനാ സംവിധാനം ഉപയോഗിച്ച് കഴിഞ്ഞ പ്രാവശ്യം കിട്ടിയതിനേക്കാൾ മാക്സിമം വോട്ട് ശ്രീ. കെ. മുരളീധരൻ നേടിയപ്പോൾ ബി.ജെ.പി.-യുടെ വോട്ട് ഗണ്യമായി കുറയുകയും അങ്ങ് ജയിക്കുകയും ചെയ്തു. ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടിയുടെ പങ്കിനെ ഞാൻ വിസ്മരിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യം തോറ്റതിനുശേഷം അദ്ദേഹം മണ്ഡലത്തിൽ കുറേ ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. കെ. മുരളീധരനെ നേമത്തേയ്ക്കയയ്ക്കാൻ തീരുമാനിച്ച ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ എന്നിവരടക്കമുള്ള നേതൃത്വത്തിനും കേരളത്തിൽ ബി.ജെ.പി.-യുടെ അക്കൗണ്ട് പൂട്ടിച്ചതിൽ പങ്കുണ്ടെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

വർഗ്ഗീയ പാർട്ടി എന്നൊക്കെ നിങ്ങളുടെ സൗകര്യത്തിന് വിളിക്കുകയാണ്. ഞാൻ അത്ഭുതപ്പെടുകയാണ്. ലോക്കൽ ബോഡി തെരഞ്ഞെടുപ്പിൽ വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യയുമായി നിങ്ങൾ യോജിച്ചു. വർഗ്ഗീയ കോമരങ്ങളുമായി നിങ്ങൾ സന്ധി ചെയ്തിരിക്കുന്നു. ആ പാർട്ടി രൂപീകരിച്ച അന്നുമുതൽ

എനിക്കെതിരായിരുന്നു. അവരുടെ മാതൃസംഘടനയായ ജമാഅത്തെ-ഇസ്ലാമിയും എനിക്കെതിരായിരുന്നു. ആറാമത്തെ തെരഞ്ഞെടുപ്പിലാണ് ഞാനിപ്പോൾ മത്സരിച്ച് വന്നിരിക്കുന്നത്. അതിനുമുമ്പുള്ള അഞ്ച് തെരഞ്ഞെടുപ്പുകളിലും അവർ എനിക്കെതിരായിരുന്നുവെന്നു മാത്രമല്ല, അവർ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്ഥാനാർത്ഥിയെ പരസ്യമായി പിന്തുണച്ചു. സി.പി.ഐ.(എം.) നേതാക്കളടക്കമുള്ള ആളുകൾ, എൽ.ഡി.എഫ്. നേതാക്കന്മാർ ഇതിനുമുൻപ് പിന്തുണതേടി ജമാഅത്തെ-ഇസ്ലാമിയുടെ ആസ്ഥാനത്ത്, വെൽഫെയർ പാർട്ടി ഓഫ് ഇന്ത്യയുടെ ആസ്ഥാനത്ത് പോയിട്ടില്ലേ? ചങ്കിൽ കൈവച്ചുപറയണം പോയിട്ടില്ലെന്ന്. അങ്ങനെ പറഞ്ഞാൽ ഞങ്ങൾ തെളിയിക്കാം. അവിടെ പോയതിന്റെ തെളിവായി ഞങ്ങളുടെ കയ്യിൽ പഴയ പത്രമൊക്കെയുണ്ട്. അപ്പോൾ ഒറ്റ പ്രശ്നമേയുള്ളൂ. മതേതരത്വത്തിന്റെ കാവലാളുകൾ എ.കെ.ജി. സെന്ററിലാണ് ഇരിക്കുന്നതെങ്കിൽ, എ.കെ.ജി. സെന്ററിൽനിന്നും ഇറങ്ങി ഏതെങ്കിലും കാരണവശാൽ നമുക്കൊരു രാഷ്ട്രീയ പാർട്ടി പിന്തുണ നൽകിയാൽ അവർ വർഗ്ഗീയ കോമരങ്ങൾ. ഇതാണോ ടെസ്റ്റ് കേസ്? കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടി മതേതര പാർട്ടിയാണോ വർഗ്ഗീയ പാർട്ടിയാണോ എന്നതിന്റെ ടെസ്റ്റ് കേസ് എന്നുപറയുന്നത്, അവർ എ.കെ.ജി. സെന്ററിലാണോ പുറത്താണോ ഇരിക്കുന്നതെന്നതിന്റെ അടിസ്ഥാനത്തിൽ ഇവർ ആലോചിച്ച് തീരുമാനിക്കുന്നതാണോ? ഞാൻ വേറൊരു കാര്യം ചോദിക്കാം: കേരള കോൺഗ്രസ് മാണി ഗ്രൂപ്പ് ഇന്ന് മുന്നണിയിലുണ്ട്; അതിന് നേതൃത്വം കൊടുക്കുന്നത് ശ്രീ. ജോസ് കെ. മാണിയാണ്. ഞങ്ങൾക്കൊക്കെ വലിയ സ്നേഹമുണ്ടായിരുന്ന ആളാണ്, ഇപ്പോഴും സ്നേഹത്തിന് കുറവൊന്നുമില്ല. അദ്ദേഹത്തിന്റെ പിതാവായ കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് എതിരായിട്ടായിരുന്നു ഈ നിയമസഭയ്ക്ക് അപമാനകരമായ സംഭവമുണ്ടായത്. കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കാരൻ കെ. എം. മാണിയാണെന്നാണ് അന്ന് പറഞ്ഞത്. കെ. എം. മാണിയുടെ വീട്ടിൽ നോട്ട് എണ്ണുന്ന യന്ത്രമുണ്ട്, കൈക്കൂലിപ്പണമാണ് ആ വീട്ടിലേയ്ക്ക് വരുന്നതെന്ന് പറഞ്ഞ നേതാവിന്റെ പേര് ഞാൻ പറയുന്നില്ല. അത് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ മതി, പുറത്തുള്ള ആളാണ്. നോട്ട് എണ്ണുന്ന യന്ത്രം ആ വീട്ടിലുണ്ടെന്ന് പറഞ്ഞത് അവരാണ്, ഞങ്ങളല്ലല്ലോ. കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കാരൻ, ഏറ്റവും വലിയ അഴിമതിയുടെ കുടുംബം, ആ കുടുംബത്തിൽപ്പെട്ട ഇളമുറത്തമ്പുരാനെ എ.കെ.ജി. സെന്ററിലേയ്ക്ക് ചുവന്ന പരവതാനി വിരിച്ച് സ്വീകരിച്ച് മധുരം കൊടുത്തപ്പോൾ അയാൾ അഴിമതിമുക്തനായോ; അയാൾ അഴിമതി വിരുദ്ധനായോ? ഇതാണ് നിങ്ങളുടെ രാഷ്ട്രീയം. ഞങ്ങളുടെ കൂടെ നിന്നാൽ അഴിമതിക്കാരൻ, എ.കെ.ജി. സെന്ററിന്റെ പടികടന്ന് മുകളിലെത്തിയാൽ പിന്നെ

അഴിമതിയില്ല, പരിശുദ്ധൻ, പുണ്യാളൻ. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല, ആർ. ബാലകൃഷ്ണപിള്ളയടക്കമുള്ള ഒരുപാടു പേർക്ക് ഇത് സംഭവിച്ചിട്ടുണ്ട്. അത്തരം രാഷ്ട്രീയത്തെ ഞങ്ങൾ നേരിടും. ഇവിടെ പലരും ശ്രീ. രമേശ് ചെന്നിത്തലയെയും കോൺഗ്രസിനെയും പരിഹസിച്ചു സംസാരിച്ചു. പല മാധ്യമങ്ങളിലും വാർത്ത വന്നു. ശ്രീ. രമേശ് ചെന്നിത്തലയും വി. ഡി. സതീശനും തമ്മിലുള്ള മത്സരമായി നിങ്ങൾ ഇതിനെ കാണേണ്ട. ഞങ്ങളുടെ പാർട്ടിയിൽ നടന്നത് മാറ്റം വേണമോ വേണ്ടയോ എന്നുള്ള ചർച്ചയാണ്. അത്തരമൊരു ചർച്ച ജനാധിപത്യ പാർട്ടിയിൽ നടക്കേണ്ടതല്ലേ? അതിന്റെ ഭാഗമായി ഞങ്ങൾ ചില തീരുമാനങ്ങളെടുത്തു. ഞങ്ങൾ ദേശീയ പാർട്ടിയാണ്, ദേശീയ പാർട്ടി തീരുമാനമെടുത്തു. നിങ്ങൾ അതുകണ്ട് അസൂയപ്പെടേണ്ട. നിങ്ങളുടെ പാർട്ടിയിലെ ഒരാൾ പാർട്ടിയോഗത്തിൽ വന്നു പോക്കറ്റിൽനിന്നും ഒരു കടലാസ്സെടുത്തു വായിച്ചാൽ നിങ്ങൾ എല്ലാവരും കയ്യടിച്ചുപോകും. ഞങ്ങളുടെ പാർട്ടിയിൽ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞാൽ, ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞാൽ, വി. ഡി. സതീശൻ പറഞ്ഞാൽ ചിലപ്പോൾ അംഗീകരിക്കില്ല. അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അതു പറയും, അത് ജനാധിപത്യത്തിന്റെ മനോഹാരിതയാണ്, ചാരുതയാണ്. അല്ലാതെ നിങ്ങളെപ്പോലെ ഞങ്ങളും ആകണമെന്നു പറഞ്ഞാൽ അതിന് സൗകര്യമില്ലെന്ന് ഞാൻ പറയും. ഞങ്ങൾ ജനാധിപത്യ പാർട്ടിയാണ്. നാളെ എനിക്കെതിരായി വിമർശനങ്ങൾ വരും, ഞാൻ ഈ സ്ഥാനത്ത് ഇരിക്കുമ്പോൾ എനിക്കെതിരായി പാർട്ടിയിൽ വിമർശനങ്ങൾ വരും. അതൊക്കെ ജനാധിപത്യ പാർട്ടിയിൽ നടക്കും, ആ വിമർശനങ്ങൾ കേട്ട് അതു തിരുത്തി ഞങ്ങൾ മുന്നോട്ടുപോകും. അതിനെക്കുറിച്ചൊക്കെ ഇവിടെ വന്നു നിങ്ങൾ സംസാരിച്ചാൽ, ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് ജനാധിപത്യ രീതികളെക്കുറിച്ചും ഉൾപ്പാർട്ടി ജനാധിപത്യത്തെക്കുറിച്ചും പറയാൻ എന്ത് അവകാശമാണുള്ളതെന്ന് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്. ഇവിടെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ കാര്യങ്ങളെല്ലാം പോയി, കോൺഗ്രസ് തോറ്റുപോയി എന്നാണ് പറയുന്നത്. ഞാൻ ഒരുകാര്യം ചോദിക്കട്ടെ, അദ്ദേഹം കൊണ്ടുവന്ന ഏത് കാര്യത്തിൽ നിന്നാണ് നിങ്ങൾ 'യു-ടേൺ' അടിക്കാതിരുന്നത്. അദ്ദേഹം ബ്രൂവറി ഡിസ്റ്റിലറി കേസ് കൊണ്ടുവന്നു, നിങ്ങൾ വേണ്ടാ എന്ന് തീരുമാനിച്ചു. പമ്പാ മണൽ കടത്താൻവേണ്ടി തീരുമാനമെടുത്തു, അദ്ദേഹം അതിനെ വിമർശിച്ചു, നിങ്ങൾ മണൽ എടുത്തോ, ഇല്ല. ബെവ്ക്യൂ ആപ്പ്, ആ ആപ്പ് ഏതുവഴിയേ പോയെന്ന് ഒരു പിടിയുമില്ല. ബെവ്ക്യൂ ആപ്പ് ഞങ്ങൾ എതിർത്തതാണ്. 'ഹെൽത്ത് ഡാറ്റ സ്പ്രിംഗ്ലറിന് കൊടുത്തില്ലെങ്കിൽ സംസ്ഥാനത്തെ കോവിഡ് നിയന്ത്രണം മുഴുവൻ പാളീസായിപ്പോകും' എന്നത് ഹൈക്കോടതിയിൽ നിങ്ങൾ കൊടുത്ത അഫിഡവിറ്റല്ലേ. എവിടെപ്പോയി സ്പ്രിംഗ്ലർ, കാണാനില്ലല്ലോ,

ഇവിടെ ഇ-മൊബിലിറ്റി പദ്ധതി നിങ്ങൾ വേണ്ടെന്ന് വച്ചില്ലേ? ആഴക്കടൽ മത്സ്യബന്ധന കരാർ - പ്രതിപക്ഷനേതാവായിരുന്ന ശ്രീ. രമേശ് ചെന്നിത്തല അത് ഉന്നയിച്ചിരുന്നില്ലെങ്കിലോ, ഇപ്പോൾ വാദി പ്രതിയായിട്ടുണ്ട്. പക്ഷേ അദ്ദേഹം അതു ഉന്നയിച്ചില്ലായിരുന്നെങ്കിലോ: നിങ്ങൾ നാലേക്കർ സ്ഥലം കൊടുത്തു, ബാക്കി കാര്യങ്ങൾ കൊടുത്തു, അതുമായി മുന്നോട്ടുപോയില്ലേ. പിന്നെ അദ്ദേഹത്തിനെ എന്തിനാണ് വിമർശിക്കുന്നത്. നിങ്ങൾക്ക് തെറ്റുതിരുത്തിത്തന്ന, വഴികാട്ടിയായിരുന്ന പ്രതിപക്ഷനേതാവായിരുന്നു അദ്ദേഹം. ഒരു സംശയവും വേണ്ട. കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി അവിടെയിരിക്കുന്നു. അതിനുമുൻപ് അവിടെയിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇപ്പോൾ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഇരിക്കുന്നതിന്റെ തൊട്ട് അപ്പുറത്തല്ലേ കഴിഞ്ഞ സഭയിൽ ഇരുന്നത്. അതെന്താണ്, നിങ്ങളുടെ പാർട്ടിയിൽ ഒരു മാറ്റമുണ്ടായി, നിങ്ങളുടെ പാർട്ടിയിൽ ഒരു ലീഡർഷിപ്പ് ചെയ്ഞ്ച് വന്നു. ശ്രീ. വി. എസ് അച്ചുതാനന്ദൻ അന്ന് എന്തിനാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്? അദ്ദേഹത്തിന് പ്രായമായെന്ന് നിങ്ങൾ ഒരു വാദമുഖമുയർത്തുകയാണെങ്കിൽ, അത്രയും പ്രായമായ ആളെ തെരഞ്ഞെടുപ്പിൽ മൽസരിപ്പിച്ചത് എന്തിനാണ്? ഇതൊക്കെ രാഷ്ട്രീയ പാർട്ടികളിൽ സാധാരണമാണ്. രാഷ്ട്രീയ പാർട്ടികളിൽ മാറ്റമുണ്ടാകും, ശ്രീ. ഉമ്മൻ ചാണ്ടി ഞാൻ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്താണ് ഇരുന്നിരുന്നത്, അദ്ദേഹം കഴിഞ്ഞ അഞ്ച് വർഷവും ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തല്ലേ ഇരുന്നത്. ഇപ്പോൾ ഇവിടെ പുതിയ ഒരാൾ വന്നു, രാഷ്ട്രീയ പാർട്ടികളിൽ ഇതൊക്കെ നടക്കും. ഇതെല്ലാം സ്വാഭാവികമാണ്, അതിനെയൊക്കെ വിമർശിക്കുന്നത് ശരിയല്ല. ഞാൻ അവസാനിപ്പിക്കുകയാണ്, കേരളത്തിന്റെ വളർച്ചയ്ക്കും ജനങ്ങളുടെ നന്മയ്ക്കും ഏത് നല്ല പരിപാടികൾ കൊണ്ടുവന്നാലും ഞങ്ങൾ അതിനെ പിന്തുണയ്ക്കും. നിങ്ങൾക്ക് വിഷമമുണ്ടെങ്കിൽ ക്ലീഷേയായ ക്രിയാത്മകമെന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല, ഞങ്ങളുടെ പിന്തുണ അതിനകത്തുണ്ടാകും. ഞങ്ങൾ പ്രതിപക്ഷമെന്ന നിലയിൽ തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും വിമർശിക്കുകയും ശക്തമായി പറയേണ്ട സമയത്ത് ശക്തമായി പറയുകയും ചെയ്യും, അല്ലാത്ത കാര്യങ്ങൾക്ക് ഞങ്ങളുടെ പിന്തുണയുണ്ടാകും. ഈ ഒരു സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സർക്കാർ യാഥാർത്ഥ്യ ബോധത്തോടെ ഞങ്ങളുമായി സഹകരിക്കണം. ഞങ്ങളുടെ ഈ പോളിസിയിൽ മാറ്റം വരുത്താതെ പോകുമെന്നും അതിനോട് സർക്കാർ സഹകരിക്കണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർ ഇവിടെ അവതരിപ്പിച്ച നന്ദിപ്രമേയത്തിന്മേൽ വിശദമായ ചർച്ചയാണ് നടന്നിട്ടുള്ളത്. അതിൽ ഒരുഭാഗം കേരളത്തിലെ കഴിഞ്ഞ നിയമസഭാ

തെരഞ്ഞെടുപ്പും പുതിയ സർക്കാർ അധികാരത്തിൽ വന്നതുമായും ബന്ധപ്പെട്ടാണ്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തെരഞ്ഞെടുപ്പ് വിജയം. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾക്കുവേണ്ടി കഴിഞ്ഞ സർക്കാർ നടപ്പാക്കിയ ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ വിജയം. പ്രതിലോമ ശക്തികളുടെ തെറ്റായ ഒരുപാട് പ്രചാരവേലകൾ ഒരുഭാഗത്തുണ്ടായിരുന്നപ്പോൾത്തന്നെ ചേരിതിരിവിനു വേണ്ടിയും വലിയ തോതിലുള്ള ശ്രമങ്ങൾ നടന്നു. ജാതീയ ധ്രുവീകരണത്തിനും വർഗ്ഗീയ ചേരിതിരിവിനുംവേണ്ടി പ്രവർത്തിക്കുന്നവർ എൽ.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്താൻ മുൻപന്തിയിൽ തന്നെയുണ്ടായിരുന്നു. ഒരുപാട് ശക്തികൾ ഒന്നിച്ച് എൽ.ഡി.എഫ്. സർക്കാരിനെ പരാജയപ്പെടുത്താൻ രംഗത്തുവന്നതും നാം കണ്ടതാണ്. അതിനെയെല്ലാം മറികടന്നുള്ള വിജയമാണ് ഇവിടെയുണ്ടായത്. രാജ്യത്തിന്റെ ഭരണഘടന വിഭാവന ചെയ്യുന്ന സമത്വം, സാഹോദര്യം, മതനിരപേക്ഷത, നാനാത്വത്തിൽ ഏകത്വം തുടങ്ങിയ സമീപനങ്ങളെ മുറുകെ പിടിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവർത്തിച്ചിരുന്നത്. അതിനുള്ള ജനങ്ങളുടെ അംഗീകാരം കൂടിയായിരുന്നു ഈ തെരഞ്ഞെടുപ്പ്. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വിവിധ സംഭവങ്ങളിലൂടെ ജനങ്ങൾക്ക് വ്യക്തമായി. ജനങ്ങളെ ദുർബ്ബോധനപ്പെടുത്താനുള്ള ഒട്ടേറെ ശ്രമങ്ങൾ ഉണ്ടായെങ്കിലും അതിലൊന്നും കുടുങ്ങാതെ അവരുടെ ജീവിതാനുഭവത്തെ അടിസ്ഥാനപ്പെടുത്തി നിലപാടെടുത്തുവെന്നതാണ് നാം കണ്ടത്. അതിനെല്ലാമുള്ള അംഗീകാരമാണ് ഈ സർക്കാരിന് ലഭിച്ചിട്ടുള്ളത്. പ്രതിസന്ധികളെ മറികടക്കുന്നതിന് ജനങ്ങളെയാകെ അണിനിരത്തി സംസ്ഥാന സർക്കാർ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് ഈ തെരഞ്ഞെടുപ്പ് വിജയം. നാടിന്റെ പ്രതിസന്ധികളിൽ ചേർത്തുപിടിച്ച സർക്കാരിന്റെ നയങ്ങൾ ജനങ്ങൾ അംഗീകരിച്ചുവെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. കഴിഞ്ഞ നാളുകളിൽ ഇവിടെ അഴിച്ചുവിട്ട ഒരുപാട് കള്ളപ്രചാരവേലകളുണ്ട്, അതിലേയ്ക്കൊന്നും കടക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സർക്കാരിനെതിരെ കള്ളപ്രചാരവേലകളുടെ പരമ്പരയായിരുന്നു ഇവിടെയുണ്ടായത്. അത്തരം കള്ളപ്രചാരവേലകളെ ജനങ്ങൾ അംഗീകരിക്കുന്നില്ലെന്ന വ്യക്തമായ സന്ദേശം ഈ തെരഞ്ഞെടുപ്പുഫലം നൽകിയിരിക്കുകയാണ്. സർക്കാരിന്റെ വികസന നേട്ടങ്ങളെയും ജനാധിപത്യ മൂല്യങ്ങളെയും വിവാദങ്ങളിൽ മുക്കിക്കൊല്ലാനുള്ള പരിശ്രമങ്ങൾക്കെതിരെ ജനങ്ങൾ അണിനിരന്നതാണ് എൽ.ഡി.എഫ്.-ന് വിജയം സംഭാവന ചെയ്തത്. കഴിഞ്ഞ പ്രകടന പത്രിക നടപ്പാക്കുന്നതിൽ സർക്കാർ

കാട്ടിയ ജാഗ്രതയും ഇടപെടലും പുതിയൊരു രാഷ്ട്രീയ സംസ്കാരത്തിനാണ് തുടക്കംകുറിച്ചത്. അതുകൊണ്ടുതന്നെ എൽ.ഡി.എഫ്. പ്രകടനപത്രിക മുന്നോട്ടു വച്ചപ്പോൾ അത് നടപ്പാക്കാനുള്ളതാണെന്ന പൂർണ്ണബോദ്ധ്യം ജനങ്ങൾക്കുണ്ടായി. അതിന്റെ ഫലമായി എൽ.ഡി.എഫ്. മുന്നോട്ടുവച്ച കാഴ്ചപ്പാടുകൾക്ക് തെരഞ്ഞെടുപ്പിൽ ജനങ്ങളിൽനിന്നും വലിയ പിന്തുണയുണ്ടാകുകയും ചെയ്തു. ബി.ജെ.പി.-യുടെ അക്കൗണ്ട് ക്ലോസ് ചെയ്തുവെന്നുള്ളത് ഇവിടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തങ്ങളുടെ പിന്തുണയോടെയാണ് ബി.ജെ.പി. കഴിഞ്ഞ തവണ വന്നത് എന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പരോക്ഷമായി ഇപ്പോൾ സമ്മതിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അവരുടെ പിന്തുണയായിരുന്നു നേമത്ത് ബി.ജെ.പി.-ക്ക് അക്കൗണ്ട് തുറക്കാൻ ഇടയാക്കിയത്. ഇതെല്ലാവർക്കും അറിയാവുന്ന പരമാർത്ഥമാണ്. പിന്നീട് പരസ്യമായും ആ കാര്യങ്ങൾ വന്നു. തനിക്ക് കോൺഗ്രസുകാരുടെ വോട്ട് ലഭിച്ചുവെന്നും അത് കോൺഗ്രസ് നേതാക്കളുടെ അറിവോടെയായിരുന്നുവെന്നും അവിടെ മത്സരിച്ച് വിജയിച്ച സ്ഥാനാർത്ഥിയായ, കഴിഞ്ഞ നിയമസഭയിലുണ്ടായിരുന്ന ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. അന്ന് മത്സരിച്ച് പരാജയപ്പെട്ട യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി രംഗത്തുവന്നു. ഒരു ഘട്ടമായപ്പോൾ കോൺഗ്രസുകാരെ എവിടെയും കാണാനില്ലെന്ന് അദ്ദേഹം പരാതിപ്പെട്ടു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഏതായാലും അന്ന് ജയിക്കാനിടയായത് കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും പിന്തുണകൊണ്ടാണെന്ന് രണ്ടുകൂട്ടരും സാക്ഷ്യപ്പെടുത്തുകയുണ്ടായി. ബി.ജെ.പി.-യുടെ വർഗ്ഗീയ നിലപാടുകൾക്ക് കടുത്ത തിരിച്ചടി നൽകാൻ സംസ്ഥാനത്തിന് സാധ്യമായി എന്നത് ജനാധിപത്യ വിശ്വാസികൾക്കാകമാനം സന്തോഷവും ആത്മവിശ്വാസവും നൽകുന്ന ഒന്നാണ്. ഇവിടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ജമാഅത്തെ-ഇസ്ലാമിയുമായി യു.ഡി.എഫ്. പരസ്യമായ കൂട്ടുകെട്ടിലായിരുന്നു. അതുമായി ബന്ധപ്പെട്ട് അവരുടെയിടയിൽ ഉയർന്നുവന്ന തർക്കവിതർക്കങ്ങളൊക്കെ കേരളമാകെ കേട്ടതാണ്. പക്ഷേ ആ കൂട്ടുകെട്ട് ഈ തെരഞ്ഞെടുപ്പിലും തുടരുകയായിരുന്നു. മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന കൂട്ടുകെട്ടിനെ ജനങ്ങൾ അംഗീകരിക്കുന്നില്ലെന്നതും ഈ തെരഞ്ഞെടുപ്പുഫലം വ്യക്തമാക്കി യിരിക്കുകയാണ്. സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗമല്ല, നാടാകമാനം ഈ സർക്കാരിനെ അംഗീകരിക്കുന്നുവെന്നുള്ളതാണ് നാം കാണേണ്ടത്. ഈ തെരഞ്ഞെടുപ്പ് വിജയത്തിന്റെ യഥാർത്ഥ ചിത്രം പരിശോധിച്ചാൽ എല്ലാ പ്രദേശങ്ങളും ജനവിഭാഗങ്ങളും ഒരുപോലെ എൽ.ഡി.എഫ്.-നെ പിന്താങ്ങി എന്നാണ് വ്യക്തമാകുന്നത്.

ഇവിടെ നടന്ന ചർച്ചയിൽ ഈ സർക്കാരിന് നയവുമില്ല പരിപാടിയുമില്ല എന്ന നിലയിൽ ചിലർ വിമർശനമുയർത്തുകയുണ്ടായി. കേരളത്തിന്റെ വികസനത്തെയും വർത്തമാനകാലത്ത് നാം ചെയ്യേണ്ട പ്രവർത്തനങ്ങളെയും സംബന്ധിച്ച് വ്യക്തതയുള്ളവർക്ക് സാധാരണനിലയ്ക്ക് ഇത്തരമൊരു വിമർശനമുയർത്താനാകില്ല. ആധുനിക കേരളത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമായി നിലനിന്നത് നവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി-കർഷക പ്രസ്ഥാനങ്ങളും ദേശീയ പ്രസ്ഥാനവും നടത്തിയ ഇടപെടലുകളും പ്രവർത്തനങ്ങളുമായിരുന്നു. ഇതിന്റെ തുടർച്ചയായിരുന്നു 1957-ലെ സർക്കാർ. ആ സർക്കാർ നടപ്പാക്കിയ പരിഷ്കാരങ്ങൾ ആധുനിക കേരളത്തിന്റെ വികസനത്തിന് അടിത്തറയായിത്തീർന്നു. 1957-ലെ സർക്കാർ നടപ്പാക്കിയ ഭൂപരിഷ്കരണം, വിദ്യാഭ്യാസ ബിൽ, സാമൂഹ്യനീതിക്കായുള്ള ഇടപെടൽ, പോലീസ് നയത്തിന്റെ പരിവർത്തനം, ഭരണയന്ത്രത്തിന്റെ ജനാധിപത്യവത്കരണം തുടങ്ങിയവയെല്ലാം കേരള വികസനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഉയർന്നുവന്നു. ഇതിന്റെ തുടർച്ചയായുണ്ടായ ക്ഷേമപദ്ധതികൾ, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങൾ, കേരള മോഡൽ എന്ന വികസന കാഴ്ചപ്പാട് എന്നിവ ഇവിടെ മാത്രമല്ല ലോകത്തെമ്പാടും ചർച്ച ചെയ്യപ്പെടുന്ന സ്ഥിതിയുണ്ടായി. ആഗോളവത്കരണ നയങ്ങൾ രൂപപ്പെട്ട 1990-കളിൽ കേരളത്തിന്റെ വികസനം പുതിയ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടിവന്നു. കേരളത്തിന്റെ വികസന നയങ്ങളിൽ പൊതുവായുണ്ടായ ദൗർബല്യവും ആഗോളവത്കരണ നയങ്ങളുടെ ശക്തമായ ഇടപെടലും പ്രതിസന്ധി രൂക്ഷമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ വികസനത്തിന്റെ ദൗർബല്യങ്ങൾ പരിഹരിച്ച് നവകേരളം എങ്ങനെ സൃഷ്ടിച്ചെടുക്കാമെന്ന പരിശ്രമമാണ് ഈ കാലയളവിലെ ഇടതുപക്ഷ സർക്കാരുകൾ നടത്തിയത്. ആഗോളവത്കരണ നയങ്ങൾ അതുപോലെ നടപ്പാക്കി കേരളത്തിന്റെ നേട്ടങ്ങൾ തകർക്കുകയെന്ന വലതുപക്ഷ സർക്കാരുകളുടെ നയങ്ങൾക്കെതിരെയുള്ള ശക്തമായ പ്രതിരോധവും ഈ കാലയളവിൽ ഉയർന്നുവന്നു. കഴിഞ്ഞ സർക്കാർ ആഗോളവത്കരണ നയങ്ങൾക്ക് ബദൽ രൂപപ്പെടുത്തുന്നതോടൊപ്പം കേരളത്തിന്റെ സവിശേഷമായ പ്രശ്നങ്ങളെ മറികടക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തി. കാർഷിക-വ്യവസായ മേഖലകൾ ശക്തിപ്പെടുത്തലും പശ്ചാത്തല സൗകര്യവികസനം മുന്നോട്ടുകൊണ്ടുപോകലും അതിന്റെ ഭാഗം തന്നെയായിരുന്നു.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരത്തിന്റെ പ്രശ്നം പരിഹരിക്കൽ ഒരു പ്രധാന കാര്യമായിരുന്നു. പ്രസ്തുത മേഖലകൾ നേരത്തെതന്നെ ശക്തിപ്പെട്ടുവെന്നത് വസ്തുതയാണ്. പക്ഷേ കാലാനുസൃതമായ പുരോഗതി ആ മേഖലകളിൽ ആവശ്യമായിരുന്നു. അതാണ് കഴിഞ്ഞ സർക്കാർ നടപ്പാക്കാൻ

ശ്രമിച്ചത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് സവിശേഷ പ്രാധാന്യം നൽകി ഇടപെടുന്ന രീതിയാണ് സർക്കാർ സ്വീകരിച്ചത്. അതുപോലെ സാമൂഹ്യസുരക്ഷാ പദ്ധതികളെ ശക്തിപ്പെടുത്തുന്ന സമീപനവും സ്വീകരിച്ചു. മതനിരപേക്ഷത സംരക്ഷിക്കുക എന്നത് സമൂഹത്തിന്റെ കെട്ടുറപ്പിനും അഭിവൃദ്ധിക്കും ഒഴിച്ചുകൂടാനാകാത്ത കാര്യമാണ്. ഇത്തരത്തിലുള്ള ഒരു കാഴ്ചപ്പാട് നവകേരള സൃഷ്ടിയുടെ പ്രധാന കാഴ്ചപ്പാടായി മുന്നോട്ടുവച്ചുവെന്നതാണ് കഴിഞ്ഞ സർക്കാരിന്റെ ഏറ്റവും വലിയ പ്രത്യേകത. ഒട്ടേറെ ദുരന്തങ്ങൾ നമുക്ക് നേരിടേണ്ടിവന്നു. അതിന് മുന്നിൽ നിസ്സഹായതയോടെ തലയിൽ കൈവച്ച് നിലവിളിച്ചിരിക്കാനല്ല നാം തീരുമാനിച്ചത്. ജനങ്ങളെ അണിനിരത്തി ദുരന്തങ്ങൾ നേരിടാനുള്ള നിലപാടാണ് സ്വീകരിച്ചത്. സർക്കാരിന്റെ ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് ഉണ്ടായ വിജയം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരളത്തിന്റെ വികസനത്തിൽ നിലനിൽക്കുന്ന ദൗർബല്യങ്ങളെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞു. അവ പരിഹരിച്ച് നവകേരളം കെട്ടിപ്പടുക്കാനുള്ള കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് ഈ സർക്കാർ പരിശ്രമിക്കുന്നത്. അതോടൊപ്പം ചില മേഖലകളിൽ പുതുതായി കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. അത്തരം മേഖലകളിൽ കൂടുതൽ ഊന്നൽ നൽകുന്നതിനുള്ള പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിക്കുന്നതാണ്. അതിൽ ഏറ്റവും പ്രധാനം സമൂഹത്തിൽ അഭ്യസ്തവിദ്യർക്ക് കഴിവിനനുസരിച്ചുള്ള തൊഴിൽ ലഭിക്കുന്നില്ലെന്ന പ്രശ്നമാണ്. ഇതിന് പരിഹാരം കാണേണ്ടതുണ്ട്. സമൂഹം നേരിടുന്ന തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികൾ ഈ സർക്കാരിന്റെ പ്രഥമ പരിഗണനയിൽത്തന്നെ വരും. ഇതിനായി അടിസ്ഥാന മേഖലകൾക്കൊപ്പം ഐ.ടി., ടൂറിസം, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്ക് വളരെ പ്രാധാന്യം നൽകുന്ന നടപടിയായിരിക്കും സർക്കാർ സ്വീകരിക്കുന്നത്. പതിനയ്യായിരം സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ലക്ഷ്യമിടുന്നത്. സ്റ്റാർട്ട്അപ്പുകൾക്ക് കൂടുതൽ പ്രോത്സാഹനം എന്ന നയം സർക്കാർ തുടരുകതന്നെ ചെയ്യും. 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിയത്. അതോടൊപ്പം 40 ലക്ഷം തൊഴിലവസരങ്ങൾ ലക്ഷ്യംവച്ചുകൊണ്ട് നൈപുണ്യ പരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം ഇവയെല്ലാം കൃത്യമായ ഗൃഹപാഠത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കി

നടപ്പാക്കാൻ നടപടി സ്വീകരിക്കും. നാടിന്റെ വ്യവസായ പുനഃസംഘടനയിലൂടെയും കാർഷിക രംഗത്തുള്ള നവീകരണത്തിലൂടെയും വർദ്ധിച്ച തോതിലുള്ള തൊഴിലവസരങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. അതോടൊപ്പം, വീട്ടിനകത്തോ അല്ലെങ്കിൽ വീട്ടിനടുത്തോ ഇരുന്ന് തൊഴിലെടുക്കാൻ സന്നദ്ധരായ ഉദ്യോഗാർത്ഥികളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യിക്കുന്ന നടപടി; അവർക്കുവേണ്ടി അന്തർദ്ദേശീയ തൊഴിൽ കമ്പനികളോട് സംവദിക്കും. ഇപ്പോൾത്തന്നെ ഒട്ടേറെ വൻ കമ്പനികളുമായടക്കം സംവദിക്കൽ നടന്നുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം തൊഴിൽ ലഭിക്കുന്നവരുടെ സാമൂഹ്യസുരക്ഷാ ബാദ്ധ്യത ഏറ്റെടുക്കാനും സർക്കാർ തയ്യാറാകും. ഇതെല്ലാം ചെയ്യുന്നതിനുള്ള മികച്ച സ്ഥാപനമായി K-DISC (Kerala Development and Innovation Strategic Council)-നെ മാറ്റാനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. കാർഷിക മേഖലയിൽ അഞ്ച് ലക്ഷവും കാർഷികേതര മേഖലയിൽ പത്ത് ലക്ഷവും ഉപജീവന തൊഴിലുകളാണ് സൃഷ്ടിക്കുന്നത്. അതോടൊപ്പം ആധുനിക കാലഘട്ടത്തിൽ വിജ്ഞാനത്തിന്റെ മുന്നേറ്റമെന്നത് ഏറ്റവും പ്രധാനമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ മേഖല വിപുലപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കും സർക്കാർ ഊന്നൽ നൽകുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസ മേഖലയിൽ നല്ല പുരോഗതി നേടിയിട്ടുണ്ട്. പക്ഷേ ആ ഒരു അവകാശവാദത്തിൽ മാത്രം നാം നിന്നുപോയാൽ പോരാ. കാലാനുസൃതമായ മാറ്റങ്ങൾ വിദ്യാഭ്യാസ രംഗത്തുണ്ടാകണം. പൊതുവിദ്യാഭ്യാസ രംഗത്ത് ഫലപ്രദമായ ഇടപെടൽ നടത്താൻ കഴിഞ്ഞ തവണ സാധിച്ചു. എന്നാൽ ഉന്നതവിദ്യാഭ്യാസ മേഖല ഇപ്പോഴും ഒരുപാട് മാറ്റങ്ങൾവേണ്ട ഒരു മേഖലയാണ്. ആ മാറ്റങ്ങൾ എന്തൊക്കെ എന്നതിലേയ്ക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. പക്ഷേ ഇന്നത്തെ നിലയിൽ പോയാൽ പോരാ. കേരളത്തിലെ കുട്ടികൾ പുതിയ കോഴ്സുകൾ തേടി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകേണ്ടിവരുന്നു. അതുകൊണ്ട് കേരളത്തിലെ കോഴ്സുകളും പഠന നിലവാരവും വർദ്ധിക്കണം. ലോകത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആദ്യത്തെ ഒരു നിശ്ചിത എണ്ണത്തിൽ, ആദ്യഘട്ടത്തിൽ ഒരുപക്ഷേ അത് അഞ്ഞൂറ് ആയിക്കോട്ടെ, ആ അഞ്ഞൂറിൽ ഒരിടത്തെങ്കിലും കേരളത്തിലെ ഒരു സ്ഥാപനമുണ്ടാകണം. ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പരിശോധിക്കുമ്പോൾ ആദ്യത്തെ പത്ത് എണ്ണത്തിലെങ്കിലും കേരളത്തിലെ ഒരു സ്ഥാപനമുണ്ടാകണം. കേരളം എല്ലാ കാര്യത്തിലും അഭിവൃദ്ധിപ്പെട്ട് നിൽക്കുന്ന സംസ്ഥാനമാണ്. പല കാര്യങ്ങളിലും

നാം ഒന്നാമതാണ്. ഈ കാര്യത്തിലും കാലാനുസൃതമായ മാറ്റം കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം അത്യുന്നത പഠന കേന്ദ്രങ്ങൾ ആരംഭിച്ച് അറിവിന്റെ ലോകത്തെ കൂടുതൽ വിപുലപ്പെടുത്താനാകണം. പുതിയ അറിവുകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിന്റെ പഠന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ പരിഹരിക്കുക എന്നതും പ്രധാനമായാണ് സർക്കാർ കാണുന്നത്. സ്ത്രീകൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊളിലാളികൾ, വയോജനങ്ങൾ തുടങ്ങിയവരുടെ പ്രശ്നങ്ങൾ സവിശേഷ പ്രാധാന്യത്തോടെ അഭിമുഖീകരിക്കുക എന്നത് പ്രധാന ദൗത്യമായി ഈ സർക്കാർ ഏറ്റെടുക്കുന്നു. കടൽ കടലിന്റെ മക്കൾക്കുതന്നെ ഉറപ്പുവരുത്തും. പരമ ദരിദ്ര കുടുംബങ്ങളുടെ സമഗ്ര ലിസ്റ്റുണ്ടാക്കി ഓരോ കുടുംബത്തിനും കരകയറുന്നതിനുള്ള മൈക്രോ പ്ലാൻ തയ്യാറാക്കി നടപ്പാക്കും. അത് വിവിധ തരത്തിലാകാം. തദ്ദേശഭരണ സ്ഥാപനങ്ങളെയടക്കം പങ്കെടുപ്പിച്ചുകൊണ്ടുള്ള വിപുലമായ ഒരു പരിപാടിയാണ് നടപ്പാക്കുന്നത്. അതിൽ ഓരോ കുടുംബത്തിലെയും ഒരാൾക്കുവീതം തൊഴിൽ ലഭിച്ചാൽ ആ കുടുംബങ്ങൾ പരമ ദരിദ്രാവസ്ഥയിൽനിന്നും മാറിപ്പോകും. അവിടെയുള്ള തദ്ദേശഭരണ സ്ഥാപനവും സ്വകാര്യമേഖലയും സർക്കാരും എല്ലാംകൂടി ചേർന്നുകൊണ്ട് അത്തരത്തിലൊരു തൊഴിലവസരമുണ്ടാക്കുന്നതിന് പ്രയാസമുണ്ടാകില്ല. ചില ആളുകൾക്ക് സാമ്പത്തിക സഹായം വേണ്ടിവരും. അക്കാര്യത്തിൽ ചിലപ്പോൾ ഒരു ലക്ഷം രൂപ മുതൽ പതിനഞ്ച് ലക്ഷം രൂപ വരെ വികസന സഹായം നൽകേണ്ടതായി വരാം. ഇത്തരത്തിൽ 45 ലക്ഷം കുടുംബങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. എല്ലാവർക്കും സാമ്പത്തിക സഹായം വേണ്ടിവരില്ല, ചിലർക്ക് അത് വേണ്ടിവരും. എന്താണോ വേണ്ടത് അത് ചെയ്തുകൊണ്ട് അവരെ പരമ ദരിദ്രാവസ്ഥയിൽനിന്നും കരകയറ്റാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പം നല്ല രീതിയിൽ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്തുക എന്നതും പ്രധാനമാണ്.

കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് പ്രവാസി സമൂഹത്തിൽനിന്നും വമ്പിച്ച സഹായമാണ് ലഭിച്ചിട്ടുള്ളത്. അവരെ സംരക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഏകോപിത പ്രവാസി തൊഴിൽ പദ്ധതിക്ക് രൂപം നൽകുകയും സർക്കാർ പങ്കാളിത്തത്തോടെയുള്ള പ്രവാസി കമ്പനികളും സഹകരണ സംഘങ്ങളും ആരംഭിക്കുകയും സംസ്ഥാനത്തെ ഉൽപ്പാദന മേഖലകളെ ശക്തിപ്പെടുത്തുന്ന നടപടി തുടരുകയും ചെയ്യും. കാർഷിക, വ്യവസായ മേഖലകളിലെ വികാസവും പശ്ചാത്തലസൗകര്യ വികസനവും മുന്നോട്ടുകൊണ്ടു

പോകുക എന്നത് സർക്കാരിന്റെ പ്രധാന ദൗത്യമായിത്തന്നെ ഇനിയും തുടരും. കൃഷിക്കാരുടെ വരുമാനം 50% വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഫലപ്രദമായ നടപടികളിലൂടെ ഇക്കാര്യം ഉറപ്പുവരുത്തുകയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ വ്യാപകമാക്കുകയും ചെയ്യും. കൊച്ചിയിൽനിന്നും പാലക്കാട് വഴിയുള്ള വ്യാവസായിക ഇടനാഴി, കൊച്ചിയിൽനിന്ന് മംഗലാപുരത്തേയ്ക്കുള്ള വ്യാവസായിക ഇടനാഴി, തിരുവനന്തപുരം ക്യാപ്പിറ്റൽ സിറ്റി റീജിയൺ ഡെവലപ്മെന്റ് പദ്ധതി, പുതിയ തെക്ക്-വടക്ക് സിൽവർ ലൈൻ റെയിൽവേ പദ്ധതി മുതലായ നാല് ഭീമൻ പശ്ചാത്തല സൗകര്യ പദ്ധതികൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഗണ്യമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതോടുകൂടി കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ഇന്ത്യയിൽ ഏറ്റവും മികച്ചതാകും. അതുപോലെ അതിവേഗതയിൽ വികാസം പ്രാപിച്ചുവരുന്ന നഗരമായ കൊച്ചിയെ ആഗോള നഗരമായി വികസിപ്പിക്കും. നവോത്ഥാന മൂല്യങ്ങളും മതനിരപേക്ഷ ചിന്തകളുമാണ് കേരളത്തിന്റെ കരുത്ത്. വ്യത്യസ്തങ്ങളായ സംസ്കാരങ്ങളെ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളായിരിക്കും സർക്കാർ സംഘടിപ്പിക്കുക. ജാതിയുടെയോ മതത്തിന്റേയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള ഒരു വിവേചനവും സർക്കാർ അംഗീകരിക്കില്ല. എല്ലാ പൗരന്മാർക്കും സമാധാനപരമായ ജീവിതം ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. ക്രമസമാധാനം സംരക്ഷിക്കുന്ന പോലീസ് സേനയെ പ്രളയഘട്ടത്തിലും മഹാമാരിയിലും ജനകീയ സേനയുടെ രീതിയിലാക്കി മാറ്റിയെടുത്ത പ്രവർത്തനം കൂടുതൽ ശക്തമായി മുന്നോട്ട് കൊണ്ടുപോകും. കേരളം അനുഭവിച്ച എല്ലാ ദുരന്തങ്ങളിലും ജനങ്ങളുടെ കണ്ണീരൊപ്പാൻ യൂണിഫോം സർവ്വീസിലെ അംഗങ്ങളുണ്ടായിരുന്നു. അത്തരത്തിൽ പുതിയ തലത്തിലേയ്ക്ക് വികസിച്ചതാണ് കേരളത്തിന്റെ പോലീസ് സംവിധാനം. വർത്തമാനകാലത്ത് സാംസ്കാരിക മേഖല മർമ്മ പ്രധാനമാണെന്നാണ് സർക്കാർ കാണുന്നത്. രാഷ്ട്രീയത്തെയും സംസ്കാരത്തെയും വർഗ്ഗീയവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉയർന്നുവരുന്ന ഘട്ടത്തിൽ മതനിരപേക്ഷത ഊട്ടിയുറപ്പിക്കുംവിധം സാംസ്കാരിക മേഖലയിൽ ഇടപെടുക എന്നത് പ്രധാനമാണെന്ന് സർക്കാർ കാണുന്നു. ഭാഷയും സംസ്കാരവും സംരക്ഷിക്കുക എന്നത് മതനിരപേക്ഷതയുടെ അടിസ്ഥാന ഘടകമായാണ് സർക്കാർ കാണുന്നത്. അടിസ്ഥാന മേഖലകളുടെ വികസനം ശക്തിപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ തുടരുമ്പോൾത്തന്നെ ഇത്തരം കാര്യങ്ങളിൽക്കൂടി ഊന്നൽ നൽകി ക്കൊണ്ടായിരിക്കും ഈ സർക്കാർ പ്രവർത്തിക്കുക. അതോടൊപ്പം ക്ഷേമ പ്രർത്തനങ്ങൾക്കും പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ഊന്നൽ നൽകുന്ന

സമീപനം മുന്നോട്ടുവയ്ക്കുക എന്നതാണ് സർക്കാരിന്റെ നയം. അത്തരം കാര്യങ്ങൾ മനസ്സിലാക്കാതെയാണ് നേരത്തെ പറഞ്ഞ രീതിയിലുള്ള ചില പ്രസ്താവനകൾ ഇവിടെ വന്നതെന്നാണ് കാണേണ്ടത്.

വരുന്ന അഞ്ച് വർഷംകൊണ്ട് കേരളത്തിലെ വ്യവസായ മേഖലയിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഫാർമസ്യൂട്ടിക്കൽ ഹബ്ബുകളിലൊന്നായി കേരളത്തെ മാറ്റാനും സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ കർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ നാളികേര സംഭരണത്തിനും സംസ്കരണത്തിനും നല്ല രീതിയിൽത്തന്നെ സഹകരണ മേഖലയെ ഉപയോഗപ്പെടുത്തും. ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായ മേഖലയിൽ ഒന്നര ലക്ഷം സംരംഭകരെക്കൂടി കൊണ്ടുവരാൻ നടപടി സ്വീകരിക്കും. ഈ മേഖലയിൽ 6 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തും. ഭൂരഹിതർക്ക് കിടപ്പാടം നൽകുന്ന പദ്ധതിയുടെ ഭാഗമായി അടുത്ത വർഷം ഒന്നര ലക്ഷം വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ മൊത്തം 5 ലക്ഷം വീടുകൾ അഞ്ച് വർഷംകൊണ്ട് നിർമ്മാണം പൂർത്തിയാക്കും. ലൈഫ് മിഷന്റെ ഭാഗമായുള്ള വീട് നിർമ്മാണത്തിന്റെ തുടർച്ചയായിട്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അതുപോലെതന്നെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പാർപ്പിടം ഉറപ്പുവരുത്തുകയും ജനസംഖ്യാനുപാതികമായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്യും. വയോജനങ്ങൾക്ക് പ്രത്യേകം പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞപ്പോൾ വിട്ടുപോയൊരു കാര്യമുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് 30 സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ) സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. അഫിലിയേറ്റഡ് കോളേജുകളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും കൂടുതൽ കോഴ്സുകൾ അനുവദിക്കുകയും ചെയ്യും. കുട്ടികൾക്ക് കളിക്കാൻ മികച്ച സ്ഥലങ്ങളില്ലെന്നുള്ളത് സംസ്ഥാനത്തിന്റെ വലിയൊരു പരിമിതിയാണ്. അതുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും നഗരങ്ങളിലും മികച്ച കളിസ്ഥലങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കും. നമ്മുടെ നാട്ടിലുള്ള നാടൻ കലകളുടെ സംരക്ഷണം ഉറപ്പുവരുത്തും. പശ്ചാത്തല സൗകര്യ വികസന പ്രവൃത്തികളുടെ ഭാഗമായി 60,000 കോടി രൂപയുടെ പദ്ധതികളാണ് ഈ അഞ്ച് വർഷംകൊണ്ട് പൂർത്തീകരിക്കുന്നത്. 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി അടുത്ത അഞ്ച് വർഷംകൊണ്ട് പൂർത്തിയാകും.

കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ ഭൂമി ഏറ്റെടുക്കേണ്ടതടക്കമുള്ള കാര്യങ്ങൾ ചെയ്ത് തെക്കുവടക്ക് ജലപാത പൂർണ്ണതയിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ലൈറ്റ് മെട്രോ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. തീരദേശ പാക്കേജ്, വയനാട് പാക്കേജ്, ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് തുടങ്ങിയവയെല്ലാം സമയബന്ധിതമായി നടപ്പാക്കും. കിഫ്ബിയുടെ കാര്യത്തിൽ ചിലർക്കെല്ലാം വല്ലാത്തൊരു അസഹ്യത വരുന്നതുകൊണ്ട് പറയുകയാണ്, നാടിന്റെ ഏറ്റവും പ്രധാന ഭാഗമായ കിഫ്ബിയെ നല്ല രീതിയിൽ സംരക്ഷിക്കും. നാടിന്റെ ശുചിത്വം പ്രധാനപ്പെട്ട കാര്യമാണ്, അതിൽ കുറച്ച് പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ നമ്മുടെ നാടിനാവശ്യമായ രീതിയിലുള്ള ശുചിത്വം വന്നുകഴിഞ്ഞിട്ടില്ല. അതുകൊണ്ട് നഗരങ്ങളായാലും ഗ്രാമങ്ങളായാലും പൂർണ്ണമായും ശുചിത്വ പ്രദേശമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. മുപ്പത് ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം നേരിട്ടെത്തിക്കുന്ന പരിപാടി ഈ ഘട്ടത്തിൽ നടപ്പാക്കും. വീട്ടമ്മമാർക്ക് പെൻഷൻ നൽകുകയെന്ന ഏറ്റവും പ്രധാനപ്പെട്ട പരിപാടിയും ഈ ഘട്ടത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ മിനിമം കൂലി 700 രൂപയായി വർദ്ധിപ്പിക്കുകയും ശിശു സൗഹൃദ പദ്ധതികൾ നടപ്പാക്കുകയും ചെയ്യും. ജി.എസ്.ടി. കൂടുതൽ വ്യാപാരി സൗഹൃദമാക്കാൻ കഴിയുന്നതെങ്ങനെയെന്ന് പരിശോധിക്കും. നമ്മുടെ നാട്ടിൽ ഒരാളും പട്ടിണി കിടക്കാൻ ഇടവരരുത്. അതുകൊണ്ട് ആരും പട്ടിണി കിടക്കാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റും. ഇവിടെ വലിയൊരു ദൗർഭാഗ്യകരമായ അവസ്ഥ വരുന്നുണ്ട്. ഒരു ഭാഗത്ത് ലൈഫ് മിഷനടക്കമുള്ള പദ്ധതികളിലുൾപ്പെടുത്തി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നു. എന്നാൽ വേറൊരു ഭാഗത്ത് വീട്ടിൽനിന്ന് ഇറക്കിവിടപ്പെടുന്ന ഒരുകൂട്ടം നിസ്സഹായരുണ്ട്; അവരെ സംരക്ഷിക്കുക എന്നത് പ്രധാനമാണ്. നിയമപരമായ നടപടികൾക്ക് തടസ്സമായൊന്നും ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വീട്ടിൽ താമസിക്കുന്നവരെ ഇറക്കിവിടുന്നുണ്ടെങ്കിൽ അവർക്ക് മിനിമം താമസ സൗകര്യമൊരുക്കണം. അതായത്, ഇറക്കിവിടുന്നവർ താമസ സൗകര്യം തയ്യാറാക്കിക്കൊടുക്കുന്നതിനുതകുന്ന നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കും. സാമൂഹ്യക്ഷേമ പെൻഷനുകൾ 2,500 രൂപയാക്കും. അഴിമതിയോട് വിട്ടുവീഴ്ചയൊന്നും ഉണ്ടാകുകയില്ല. കഴിഞ്ഞ സർക്കാർ കൃത്യമായും അത് നടപ്പാക്കിയിട്ടുള്ളത് എല്ലാവർക്കും ബോദ്ധ്യമായ കാര്യമാണ്. ഒരു തരത്തിലുള്ള അഴിമതിയും വച്ചുപൊറുപ്പിക്കില്ല, പൂർണ്ണമായും അഴിമതി നിർമ്മാർജ്ജനം ചെയ്യും. സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തിപ്പെടുത്തും. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ സംസ്ഥാനത്തെ ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സംസ്ഥാന സർക്കാർ സർവ്വീസിലെ ഒഴിവുകൾ

പൂർണ്ണമായും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യാനുള്ള സംവിധാനമൊരുക്കും. 'ഇ-വാഹന നയം' ആവിഷ്കരിച്ച് നടപ്പാക്കും. ശബരി റെയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് കടക്കും. തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനുകളുടെ നിർമ്മാണത്തിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ സംസാരിച്ചപ്പോൾ കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. മൃദുഹിന്ദുത്വം ആർക്കാണെന്ന് സഭയിൽ തലയെണ്ണി നോക്കിയാൽ അറിയാം എന്നൊരു വാദം അപ്പുറത്തുനിന്നും കേൾക്കാനിടയായി. അതിലെ ദുഃസൂചന വ്യക്തമാണല്ലോ? എൽ.ഡി.എഫ്. നിരയിൽ ഒരു മതവിഭാഗത്തിന്റെ ആളുകൾ കൂടുതലെന്നായിരിക്കും ഉദ്ദേശിച്ചിട്ടുണ്ടാവുക. അത് മൃദുഹിന്ദുത്വ രാഷ്ട്രീയ നിലപാടുമൂലം ഉണ്ടായതാണെന്ന് വരുത്താനാണല്ലോ ശ്രമിക്കുന്നത്. ഇത്തരത്തിലാണോ ഒരു പ്രചരണം നടത്തേണ്ടത്? ശരിക്കും ഇതാണ് വർഗ്ഗീയതയുടെ ഭാഗമായുള്ള പ്രചരണം. ഈ വഴി നിങ്ങളെ ഒരിടത്തും കൊണ്ടെത്തിക്കില്ല എന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. തെരഞ്ഞെടുക്കപ്പെട്ട് നിയമസഭയിലെത്തിയ ജനപ്രതിനിധികളെ ജാതിയും മതവും വേർതിരിച്ച് കാണുന്നത് എന്തൊരു മതേതരത്വമാണ്? ഇതാണോ ജവഹർലാൽ നെഹ്റു പഠിപ്പിച്ച മതേതരത്വം; ഇതാണോ ഗാന്ധിജി പഠിപ്പിച്ച സർവ്വധർമ്മ സമഭാവന. ഇതിൽ ഒന്നേയുള്ളൂ, സത്യം കാണാൻ കൂട്ടാക്കില്ല; തെറ്റ് തിരുത്താൻ തയ്യാറല്ല; വികലമായി ഇങ്ങനെ വാദിച്ചുകൊണ്ടിരിക്കും. അങ്ങനെയാണെങ്കിൽ നിങ്ങളെ കാലത്തിനുപോലും രക്ഷിക്കാനാകില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് നിങ്ങൾ എന്തൊരു ആത്മവിശ്വാസമായിരുന്നു പ്രകടിപ്പിച്ചിരുന്നത്; എന്തെല്ലാം പ്രചരണങ്ങളായിരുന്നു നടത്തിയിരുന്നത്; എന്താ ധരിച്ചത്, ഈ പറയുന്ന തരത്തിൽ ഒരു പടയെ ഒരുക്കിയാൽ, ആ പട ഏതൊക്കെയായിരുന്നെന്ന് എല്ലാവർക്കും അറിയാമല്ലോ; നിങ്ങളെ സഹായിക്കാൻ ബി.ജെ.പി.-യും ബി.ജെ.പി.-യുടെ ശ്രമത്തിലൂടെ കേന്ദ്ര അന്വേഷണ ഏജൻസികളും ഉണ്ടായിരുന്നല്ലോ. രാവിലെ ബി.ജെ.പി. നേതാവ് പറയും, വൈകുന്നേരം നിങ്ങൾ പറയും. അല്ലെങ്കിൽ രാവിലെ നിങ്ങൾ പറയും, വൈകുന്നേരം ബി.ജെ.പി. നേതാവ് പറയും. ഇങ്ങനെ ഒരേ കാര്യമായിരുന്നല്ലോ പറഞ്ഞുകൊണ്ടിരുന്നത്. അത് നിങ്ങളെ എവിടെയെത്തിച്ചു? ഒരു ഗവൺമെന്റ് രൂപീകരിക്കേണ്ടിവരുന്നെങ്കിലുള്ള ഒരുക്കങ്ങളിലേയ്ക്കടക്കം കടക്കാൻ നിങ്ങൾ തയ്യാറായല്ലോ; ആത്മവിശ്വാസത്തിന്റെ അങ്ങേയറ്റത്തല്ലേ നിങ്ങൾ എത്തിയിരുന്നത്. അത് നാടിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാതെയുള്ള ഒരു നിലപാടായിരുന്നു. എങ്ങനെയാണ് ഇത്തരമൊരു ആത്മവിശ്വാസം വന്നത്? യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം രണ്ട് മുന്നണികൾ

എന്ന നിലയിൽ, എൽ.ഡി.എഫ്. ആണ് മുന്നിലുള്ളതെന്ന് ആ ഘട്ടത്തിൽ ഏതൊരു നിഷ്പക്ഷമതിയും സമ്മതിക്കുന്ന കാര്യമായിരുന്നു. അത് മറന്നുകൊണ്ട് അല്ലെങ്കിൽ ആ വസ്തുതയെ നിരാകരിച്ചുകൊണ്ട് എങ്ങനെയാണ് ഇത്തരമൊരു നിലപാടിലേയ്ക്കെത്താൻ കോൺഗ്രസിന് കഴിഞ്ഞത്? അതിൽ ഒരു കാര്യം മാത്രമേയുള്ളൂ. പുറത്തുനിന്ന് സഹായം കിട്ടുമെന്ന കാര്യത്തിൽ നിങ്ങൾക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. അത് പ്രചരണരീതി പരിശോധിച്ചാൽ മനസ്സിലാകും. നേരത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ രാജ്യത്ത് ബി.ജെ.പി.-യെ ശക്തമായി നേരിടുന്ന പാർട്ടി കോൺഗ്രസാണെന്ന് പറഞ്ഞിരുന്നു.

2.00 P.M.]

രാജ്യത്ത് ബി.ജെ.പി.-യെ നേരിടുന്ന പാർട്ടി ഇവിടെ ബി.ജെ.പി.-ക്ക് എതിരായി ഒരക്ഷരമെങ്കിലും സംസാരിച്ചോ; എന്തുകൊണ്ടാണ് അത് സാധിക്കാതിരുന്നത്; ഒരു വലിയ തെരഞ്ഞെടുപ്പ് നേരിടുകയല്ലേ? ഇവിടെ സീറ്റ് പിടിക്കും, 45 സീറ്റുകൊണ്ട് ഭരിക്കും എന്നൊക്കെയാണല്ലോ ബി.ജെ.പി.-യും പറഞ്ഞുകൊണ്ടിരുന്നത്. അങ്ങനെയെല്ലാമുള്ള അവകാശവാദം പുറപ്പെടുവിക്കുമ്പോൾ ആ ബി.ജെ.പി.-ക്കെതിരെ ഒരക്ഷരം പോലും സംസാരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്? തദ്ദേശഭരണ, നിയമസഭാ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിലൊക്കെ കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്ന ഒരു പാർട്ടിയെയോ യു.ഡി.എഫ്.-നെയോ നമ്മൾ കണ്ടോ; എന്തുകൊണ്ടാണ് അതിന് കഴിയാതിരുന്നത്? കേന്ദ്ര സർക്കാരിന്റെ നയങ്ങളെ വിമർശിക്കേണ്ട ഒരുപാട് ഘട്ടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ഭാഗമായിത്തന്നെ ഉണ്ടായല്ലോ. അപ്പോഴൊക്കെ എന്തുകൊണ്ടാണ് മൗനംപാലിച്ചത്? നിങ്ങൾ കേന്ദ്ര ഏജൻസികളിലാണ് വലിയ വിശ്വാസം അർപ്പിച്ചത്. ആ കേന്ദ്ര ഏജൻസികളെ ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിനെത്തന്നെ അട്ടിമറിക്കുക എന്നതായിരുന്നു കണക്കുകൂട്ടൽ. അത്തരം കാര്യങ്ങൾക്ക് വലിയ തോതിൽ ഓശാന പാടുന്ന സ്ഥിതിയാണ് യു.ഡി.എഫ്. സ്വീകരിച്ചത്. അപ്പോൾ ബി.ജെ.പി.-ക്കെതിരെയും കേന്ദ്ര സർക്കാരിനെതിരെയും ഒരു കാര്യവും സംസാരിക്കാതിരിക്കുക; ഇതിന്റെ ഭാഗമായി യു.ഡി.എഫ്.-ബി.ജെ.പി. സഖ്യത്തിനുള്ള രാഷ്ട്രീയ പശ്ചാത്തലം നേരത്തെതന്നെ കോൺഗ്രസ് ഒരുക്കിവയ്ക്കുന്നുണ്ടായിരുന്നു. കോൺഗ്രസ് മാത്രമല്ല, യു.ഡി.എഫ്. തന്നെ അതിന്റെ ഭാഗമായിരുന്നു. അതുപോലെ രാജ്യത്ത് മുഖ്യശത്രു ബി.ജെ.പി.-യാണെങ്കിലും കേരളത്തിൽ ഇടതുപക്ഷമാണെന്ന വാദഗതിയുണ്ടായി. അത്തരത്തിലുള്ള പ്രചരണങ്ങൾ പോലും തങ്ങളുടെ അണികളിൽ പ്രചരിപ്പിക്കാൻ തയ്യാറാകുകയായിരുന്നു. അതോടൊപ്പം ഇടതുപക്ഷ നേതാക്കൾക്കുനേരെ നടത്തിയ വ്യക്തിപരമായ ആക്രമണങ്ങളും

വ്യക്തിഹത്യ നടത്താനുള്ള ദുഷ്പ്രചരണങ്ങളും എല്ലാ സീമകളും ലംഘിച്ചിരുന്നു. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഒരു കാര്യം കൃത്യമായി പറയുകയുണ്ടായി. എന്തിനാണ് നാം സൗഹൃദം കളയുന്നത് എന്നാണ് അദ്ദേഹം ചോദിച്ചത്; അദ്ദേഹത്തിന്റെ തന്നെ വാചകമാണ്. 'സൗഹൃദപരമായ നിലപാടല്ലേ വേണ്ടത്'; അത് ശരിയാണ്. അത് ഞങ്ങളോട് പറഞ്ഞതല്ലെന്നാണ് തോന്നുന്നത്. അത് പറയാൻ പാടില്ലാത്ത ഒരുപാട് വാക്കുകളും വാചകങ്ങളും പറഞ്ഞുകൊണ്ടിരുന്ന അപ്പുറത്തുള്ളവരോട് പറഞ്ഞതായിരിക്കും. എത്ര ഹീനമായ, നിന്ദ്യമായ ആക്രമണ രീതിയായിരുന്നു സ്വീകരിച്ചത് ? ഇടതുപക്ഷ നേതാക്കൾക്കുനേരെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒന്നിച്ചു നിന്നല്ലേ ആക്രമണം നടത്തിയത്? ഇടതുപക്ഷത്തിനെതിരെ ഒരു മഹാസഖ്യം എന്നൊരു പ്രതീതിയല്ലേ നിങ്ങൾ സൃഷ്ടിച്ചത്? അതിൽ മഹാ വിപ്ലവകാരികളെന്ന് അവകാശപ്പെടുന്നവർ യു.ഡി.എഫ്.-നെ സംരക്ഷിക്കാനുള്ള പുതിയ സിദ്ധാന്തങ്ങളുമായി രംഗത്ത് വരുന്നത് നമ്മൾ കണ്ടില്ലേ? ബി.ജെ.പി.-യുടെയും മഹാവിപ്ലവ സിദ്ധാന്തക്കാരുടെയും വോട്ടെല്ലാംകൂടി ഒന്നായി വന്നാൽ നിഷ്പ്രയാസം തങ്ങൾക്ക് ഭരണം കിട്ടുമെന്നാണ് കണക്കാക്കിയിരുന്നത്. അങ്ങനെ ജയിച്ചുവരാൻ കഴിയുമെന്നാണ് കണക്കാക്കിയത്. വോട്ടെടുപ്പ് ഫലം പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ വ്യക്തമായ ഒരു കാര്യമുണ്ട്. ബി.ജെ.പി.-യുടെ വോട്ടുകൾ വലിയ തോതിൽ മറിഞ്ഞില്ലായിരുന്നെങ്കിൽ യു.ഡി.എഫ്.-ന്റെ ഇപ്പോൾ കാണുന്ന അംഗസംഖ്യ ഇതിനെക്കാളും മോശമായ, വളരെ പരിതാപകരമായ അവസ്ഥയിലാകുമായിരുന്നു. പ്രതിപക്ഷ ബഞ്ചിൽ ഇരിക്കുന്ന പലരും ആ കസേരയിലുണ്ടാകുമായിരുന്നില്ലെന്നതാണ് വസ്തുത. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ, സ്ഥാനാർത്ഥികൾ ഉണ്ടായിരുന്ന 90 നിയോജകമണ്ഡലങ്ങളിൽ 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ബി.ജെ.പി.-ക്ക് വോട്ട് കുറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ വോട്ടർമാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും വോട്ടുകൾ കുറഞ്ഞു. അതായത് പുറമെ കാണുന്നതിനേക്കാൾ വലിയ വോട്ട് കച്ചവടം നടന്നിട്ടുണ്ടെന്നത് വ്യക്തമാണ്. കാരണം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം അവരുടെ ശക്തി വർദ്ധിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടാവുമല്ലോ; അത് കാണുന്നില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് ലഭിച്ച വോട്ടും കാണുന്നില്ല. ഇതിന്റെ ഭാഗമായി ചില സീറ്റുകളിൽ വിജയം നേടാനും പല മണ്ഡലങ്ങളിലും എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം കുറയ്ക്കാനും യു.ഡി.എഫ്.-ന് കഴിഞ്ഞുവെന്നത് വസ്തുതയാണ്. ബി.ജെ.പി.-യുടെ വോട്ട് കുറഞ്ഞ നിയോജകമണ്ഡലങ്ങൾ കാസർഗോഡ്-2, കണ്ണൂർ-5, വയനാട്-2, കോഴിക്കോട്-9, മലപ്പുറം-10, പാലക്കാട്-5, തൃശ്ശൂർ-7, എറണാകുളം-12, ഇടുക്കി-4, ആലപ്പുഴ-6,

കോട്ടയം-9, പത്തനംതിട്ട-4, കൊല്ലം-5, തിരുവനന്തപുരം-10 എന്നിങ്ങനെയാണ്. ഇതാണ് ആകെ വോട്ട് കുറഞ്ഞ നിയോജകമണ്ഡലങ്ങൾ. 2016-ലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് 3020670 വോട്ടായിരുന്നു ലഭിച്ചത്. ഇത്തവണ അത് 2594567 വോട്ടായി കുറഞ്ഞു. എന്നുപറഞ്ഞാൽ 426103 വോട്ടിന്റെ കുറവുണ്ടായി. വോട്ട് കുറഞ്ഞതിന്റെ എണ്ണം ജില്ല തിരിച്ച് വേണമെങ്കിൽ പരിശോധിക്കാം. കേരളത്തിലെ 14 ജില്ലകളിൽ 12 ജില്ലകളിലും ബി.ജെ.പി.-യുടെ വോട്ട് കുറയുകയാണ് ചെയ്തത്. ഒന്നിച്ചുനിന്ന് എൽ.ഡി.എഫ്. സർക്കാരിനെ എതിർക്കാൻ നേതൃത്വം നൽകിയവരുടെ വോട്ടുകൾ പരസ്പരം നൽകിയിട്ടുണ്ടാവു മെന്നത് എല്ലാവർക്കും മനസ്സിലാകുന്ന കാര്യമാണ്. 2016-ലെയും 2021-ലെയും തെരഞ്ഞെടുപ്പുകൾ താരതമ്യം ചെയ്താൽ വോട്ടിലുണ്ടായ കുറവ് കണ്ണൂർ-24541, കോഴിക്കോട്-15574, വയനാട്-14635, മലപ്പുറം-22810, തൃശ്ശൂർ-43732, എറണാകുളം-74248, ഇടുക്കി-54589, കോട്ടയം-86215, ആലപ്പുഴ-42355, പത്തനംതിട്ട-12048, കൊല്ലം-12338, തിരുവനന്തപുരം-44453 എന്നിങ്ങനെയാണ്. യു.ഡി.എഫ്.-ന്റെ വോട്ട് വലുതായി കുറഞ്ഞില്ലെന്ന് ചിലർ ചർച്ചയിൽ പറയുന്നതുകേട്ടു. ബി.ജെ.പി.-യുടെ 426103 വോട്ടുകൾകൂടി യു.ഡി.എഫ്.-ന്റെ അക്കൗണ്ടിൽ എത്തിയിട്ടുണ്ടാകുമെന്നാണ് അനുമാനിക്കേണ്ടത്. ഇങ്ങനെ വോട്ട് മറിച്ചതിന്റെ ഫലമായി പത്തോളം സീറ്റുകളിൽ യു.ഡി.എഫ്.-ന് വിജയമുണ്ടായി എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതില്ലായിരുന്നുവെങ്കിൽ യു.ഡി.എഫ്.-ന്റെ പതനം ഏറെ വലുതാകുമായിരുന്നു. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 9434413 വോട്ട് എൽ.ഡി.എഫ്.-ന് ലഭിച്ചു. യു.ഡി.എഫ്.-ന് 8208382 വോട്ടും ലഭിച്ചു. അതായത് എൽ.ഡി.എഫ്.-ന് യു.ഡി.എഫ്.-നെക്കാൾ 1226031 വോട്ട് കൂടുതൽ ലഭിച്ചു. 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ 43.35-ഉം 2021-ൽ 45.2-ഉം ആയിരുന്നു എൽ.ഡി.എഫ്.-ന്റെ വോട്ടിംഗ് ശതമാനം. അതേസമയം യു.ഡി.എഫ്.-ന് 2016-ൽ 38.79 ശതമാനവും 2021-ൽ 39.4 ശതമാനവുമാണ് ലഭിച്ചത്. 2016-ൽ ബി.ജെ.പി.-ക്ക് 15.01 ശതമാനവും 2021-ൽ 12.4 ശതമാനവുമാണ് ലഭിച്ചത്. ബി.ജെ.പി.-യുടെ വോട്ടിംഗ് ശതമാനത്തിൽ 2.61 ശതമാനത്തിന്റെ കുറവ് കാണുന്നുണ്ട്. അത് വോട്ട് കച്ചവടത്തിന്റെ ഭാഗമായി സ്വാഭാവികമായും യു.ഡി.എഫ്.-ന് പോയതാണെന്ന് അനുമാനിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുന്ന കണക്കനുസരിച്ച് സമർത്ഥിക്കാൻ ശ്രമിക്കുന്നത് ഞങ്ങൾക്ക് ബി.ജെ.പി.-യുടെ വോട്ട് ലഭിച്ചുവെന്നാണ്. അങ്ങയുടെ കണക്കുകൾ വ്യക്തമാക്കുന്നത് നിങ്ങൾക്ക് കൂടുതലായി ലഭിച്ച വോട്ടുകൾ ബി.ജെ.പി.-യുടേ താണെന്നാണ്. ദയവു ചെയ്ത് ഈ കണക്ക് അങ്ങയെപ്പോലുള്ള ഒരാൾ

അവതരിപ്പിക്കരുത്. അങ്ങയുടെ വാദംതന്നെ പൊളിയുന്ന രീതിയിലാണ് യഥാർത്ഥത്തിൽ കണക്കുകൾ പോകുന്നത്. ഈ കണക്കനുസരിച്ച് ഞങ്ങൾക്ക് ഒരു ശതമാനം വോട്ടാണ് കൂടുതൽ ലഭിച്ചത്. ബി.ജെ.പി.-ക്ക് എത്ര ശതമാനം വോട്ട് കുറഞ്ഞു; ആ വോട്ട് മുഴുവൻ നിങ്ങൾക്കാണ് ലഭിച്ചിരിക്കുന്നത്. എന്താണ് സംശയം, ഞങ്ങൾക്ക് ലഭിച്ചിട്ടില്ല. ഞങ്ങൾക്ക് ഒരു ശതമാനം വോട്ടാണ് കൂടുതലായി ലഭിച്ചത്. നിങ്ങൾക്കെത്ര കിട്ടി?

ശ്രീ. പിണറായി വിജയൻ: സർ, ബി.ജെ.പി.-യുടെ വോട്ട് ലഭിച്ചിട്ടും യു.ഡി.എഫ്.-ന് പത്ത് മണ്ഡലങ്ങളിൽ മാത്രമെ ജയിക്കാനായുള്ളൂ. പക്ഷേ മറ്റ് മണ്ഡലങ്ങളിൽ എൽ.ഡി.എഫ്.-ന്റെ ഭൂരിപക്ഷം കുറച്ച് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടാകും. ഇതെല്ലാമുണ്ടായിട്ടും അതിനെ മറികടന്ന് എൽ.ഡി.എഫ്. ജയിച്ചുവന്നുവെന്നതാണ് വസ്തുത. ബി.ജെ.പി.-യുടെ വോട്ടിന്റെ ബലത്തിൽ യു.ഡി.എഫ്. വിജയിച്ച ചില മണ്ഡലങ്ങൾ ഓർക്കുന്നത് നല്ലതാണ്. ആ കണക്ക് മാത്രമാണ് ഞാൻ പറയുന്നത്. സുൽത്താൻ ബത്തേരി- ബി.ജെ.പി.-ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിനെക്കാൾ 12722 വോട്ടുകൾ കുറഞ്ഞു; യു.ഡി.എഫ്. 11822 വോട്ടിന് വിജയിച്ചു. പെരുമ്പാവൂർ - ബി.ജെ.പി.-ക്ക് 4596 വോട്ടുകൾ കുറഞ്ഞു, യു.ഡി.എഫ്. 2889 വോട്ടിന് വിജയിച്ചു. കുണ്ടറ - ബി.ജെ.പി.-ക്ക് 14157 വോട്ടുകൾ കുറഞ്ഞു, യു.ഡി.എഫ്. 4,423 വോട്ടിന് വിജയിച്ചു. 5 വർഷം മുമ്പുള്ള നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുമായാണ് താരതമ്യം ചെയ്യുന്നത്. ഈ കണക്ക് അവർക്ക് കുറച്ച് പ്രയാസം ഉണ്ടാക്കുന്നതാണെന്ന് എനിക്കറിയാം. പക്ഷേ ഇത് പറയാതിരിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. ചാലക്കുടി നിയോജകമണ്ഡലത്തിൽ 1057 വോട്ടുകൾക്കാണ് യു.ഡി.എഫ്. വിജയിച്ചത്; അവിടെ ബി.ജെ.പി.-ക്ക് 8928 വോട്ടാണ് കുറഞ്ഞത്. കോവളം നിയോജകമണ്ഡലത്തിൽ 11,562 വോട്ടുകൾക്കാണ് യു.ഡി.എഫ്. വിജയിച്ചത്; ബി.ജെ.പി.-ക്ക് 12323 വോട്ടാണ് കുറഞ്ഞത്. കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ബി.ജെ.പി.-ക്ക് 5866 വോട്ടുകളാണ് കുറഞ്ഞത്. ഇവിടെയാണ് 4256 വോട്ടുകൾക്ക് യു.ഡി.എഫ്. വിജയിച്ചത്. അഞ്ച് വർഷം മുമ്പുള്ള വോട്ടല്ലല്ലോ. അതിനോടൊപ്പം ഈ അഞ്ച് വർഷം വോട്ട് വർദ്ധിപ്പിക്കാനല്ലേ അവർ ശ്രമിച്ചിട്ടുണ്ടാവുക. സാധാരണ നിലയ്ക്ക് ഇതിനെക്കാളും കുറവ് വന്നിട്ടുണ്ടാകുമെന്നാണ് അനുമാനിക്കേണ്ടത്. ഇതിന്റെ കൂടെ ബി.ജെ.പി. വോട്ടുകൾ യു.ഡി.എഫ്.-ന് ലഭിച്ചില്ലായിരുന്നുവെങ്കിൽ വലിയ തോതിലുള്ള പതനത്തിലേയ്ക്ക് യു.ഡി.എഫ്. എത്തുമായിരുന്നുവെന്നാണ് ഇതെല്ലാം കാണിക്കുന്നത്. വലിയ തോതിൽ വോട്ട് മറിച്ചിട്ടും എൽ.ഡി.എഫ്. വിജയിച്ച മണ്ഡലങ്ങൾ ഏറെയുണ്ട്. അതിന്റെയെല്ലാം ഉദാഹരണം ഇപ്പോൾ പറയാൻ സാധിക്കില്ല. തവനൂരിൽ

ബി.ജെ.പി.-ക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ 5887 വോട്ട് കുറവുണ്ട്. പക്ഷേ 2564 വോട്ടിനാണ് എൽ.ഡി.എഫ്. സ്ഥാനാർത്ഥി ഇവിടെ വിജയിച്ചത്. കുറ്റ്യാടിയിൽ ബി.ജെ.പി.-ക്ക് 3188 വോട്ടുകളുടെ കുറവുണ്ട്. എന്നിട്ടും എൽ.ഡി.എഫ്. സ്ഥാനാർത്ഥി 333 വോട്ടിന് വിജയിച്ചു. നിങ്ങളുടെ ഭാഗത്തേയ്ക്ക് വോട്ട് വന്നിട്ടും ഞങ്ങൾക്ക് ജയിക്കാൻ സാധിച്ച മണ്ഡലങ്ങളുടെ കണക്കാണ് ഞാൻ പറയുന്നത്. അതാണ് മനസ്സിലാക്കേണ്ടത്. കൊയിലാണ്ടിയിൽ 4532 വോട്ടുകളുടെ കുറവുവന്നു. കൊയിലാണ്ടിയിൽ നിന്ന് ജയിച്ചുവന്ന ബഹുമാന്യയായ അംഗം ഇവിടെ പറയുന്നത് കേട്ടില്ലേ, എന്തെല്ലാം തന്ത്രങ്ങളായിരുന്നു അവിടെ പ്രയോഗിച്ചിരുന്നത്, ഏതെല്ലാം തരത്തിലുള്ള അവിശുദ്ധ ബന്ധങ്ങളായിരുന്നു. അവിടെ 8472 വോട്ടിനാണ് എൽ.ഡി.എഫ്. വിജയിച്ചത്. ഇതാണ് കാണേണ്ടത്. വാമനാപുരത്ത് ബി.ജെ.പി.-ക്ക് 8353 വോട്ടുകളുടെ കുറവാണുണ്ടായത്. അതിനെയും മറികടന്നാണ് എൽ.ഡി.എഫ്. വിജയിച്ചത്. ഇങ്ങനെ നിരവധി നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. വോട്ട് മറിച്ചുകൊടുത്തു. അതിലൂടെയെല്ലാം തങ്ങൾ ജയിച്ചുവരാൻ പോകുന്നുവെന്നാണ് കണക്കാക്കിയത്. പക്ഷേ അതിനെ മറികടന്നുകൊണ്ട് എൽ.ഡി.എഫ്.-ന് ജയിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ആദ്യത്തെ കണക്കുകൂട്ടൽ തെറ്റിപ്പോയത്.

കേരളത്തിലെ കോൺഗ്രസും ബി.ജെ.പി.-യും തമ്മിലുള്ള കൂട്ടുകെട്ടിന് ദീർഘനാളത്തെ ചരിത്രമുണ്ട്. നമ്മൾ സാധാരണ പറയാറില്ലേ പഴയ വടകരയും ബേപ്പൂരുമെന്നൊക്കെ, അന്നേ തുടങ്ങിയതും പിന്നെ കണ്ടതുമെല്ലാം നമുക്ക് ഓർമ്മയുള്ള കാര്യമാണ്. എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും വോട്ട് മറിച്ചുകൊടുക്കുക എന്നൊരു ശൈലി ബി.ജെ.പി. സ്വീകരിക്കാറുണ്ട്. സി.പി.ഐ.(എം)-നോടുള്ള ശത്രുതയുടെ ഭാഗമായി അത് നല്ലതുപോലെ ഉപയോഗിച്ച് അങ്ങനെ ജയിച്ചുവരാനാണ് കോൺഗ്രസും യു.ഡി.എഫ്.-ഉം എല്ലാകാലത്തും ശ്രമിക്കുന്നത്. ബി.ജെ.പി.-യുമായുള്ള ഈ കൂട്ടുകെട്ടിലൂടെ വിജയം നേടാമെന്ന പ്രതീക്ഷയാണ് യു.ഡി.എഫ്.-നുണ്ടായിരുന്നത്. എന്നാൽ സെക്യുലർ ചിന്താഗതിക്കാരും നാടിന്റെ വികസന കാര്യത്തിൽ താത്പര്യമുള്ളവരും എൽ.ഡി.എഫ്.-നെ പിന്തുണയ്ക്കാൻ തയ്യാറായതോടെ യു.ഡി.എഫ്.-ന്റെ സ്വപ്നം തകർന്നുപോയി. നാട്ടിൽ വികസനം കൊണ്ടുവരുന്നതിനും മതനിരപേക്ഷത സംരക്ഷിക്കുന്നതിനും എൽ.ഡി.എഫ്. സ്വീകരിച്ച ശക്തമായ നിലപാടാണ് വിജയത്തിന് അടിസ്ഥാനമായി തീർന്നത്. ഒരു കാര്യം ഈ തെരഞ്ഞെടുപ്പ് വ്യക്തമാക്കിയിരിക്കുകയാണ്. വിവാദങ്ങളിൽ അഭിരമിക്കുന്നതിൽ പ്രതിപക്ഷവും പല മാധ്യമങ്ങളും താത്പര്യം കാണിച്ചു. ആ താത്പര്യമാണ് ജനഹിതമെന്നാണ് അവർ സ്വയം വിലയിരുത്തിയത്. അതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ വിജയമെന്ന സ്വപ്നവും കണ്ട് നടക്കുന്ന

നിലയാണുണ്ടായത്. ഒപ്പം ഒന്നായി നിൽക്കേണ്ട ജനതയെ ഭിന്നിപ്പിക്കുന്നതിനുള്ള തന്ത്രങ്ങളും പയറ്റിയതോടെ തങ്ങളെ വെല്ലാൻ ആരുമില്ലെന്നാണ് കരുതിയത്. നാടിനെ സ്നേഹിക്കുന്നവരും അനുഭവങ്ങളുള്ളവരുമായ ജനത നിങ്ങളുടെ തന്ത്രങ്ങളെയും മനക്കോട്ടകളെയും അതിജീവിച്ച് മുന്നേറി. ആ ജനതയുടെ മുന്നേറ്റമാണ് ഈ വിജയത്തിന് അടിസ്ഥാനമായിത്തീർന്നത്. ജനങ്ങളുടെ കരുത്തിനെ ഒരിക്കലും ചെറുതായി കാണരുത്. അതാണ് ഈ നാടിന്റെ കരുത്ത് എന്നത് വിസ്മരിക്കരുത്.

ഒരു ഭാഗത്ത് ബി.ജെ.പി.-യെ തലോടുമ്പോഴും മതനിരപേക്ഷ ശക്തികളുടെ വോട്ട് തേടുന്നതിന് പുതിയ തന്ത്രങ്ങൾ മുന്നോട്ടുവയ്ക്കാൻ നിങ്ങൾ ശ്രമിച്ചു; അതെന്തായിരുന്നു? യു.ഡി.എഫ്. പരാജയപ്പെട്ടുപോയാൽ കോൺഗ്രസ് തകരും. അത് ബി.ജെ.പി.-യുടെ വളർച്ചയ്ക്കിടയാക്കും. ഇത്തരമൊരു സിദ്ധാന്തം അവതരിപ്പിക്കാൻ നോക്കി. ...(ബഹളം)... ഇതുകേൾക്കുമ്പോൾ ചില വിഷമങ്ങളുണ്ടാകും. കേരളത്തിലെ ചില ജനവിഭാഗങ്ങളെ ഒന്നിച്ച് വാരാൻ കഴിയുമെന്ന ആലോചനയുടെ ഭാഗമായിട്ടായിരുന്നു ഇത്തരമൊരു വാദമുന്നയിച്ചത്, വെറുതെയല്ല. ഒരു ഭാഗത്ത് ബി.ജെ.പി.-യുടെ വോട്ട് ബി.ജെ.പി.-യുമായി സൗഹൃദത്തിലൂടെ സമ്പാദിക്കുക. മറുഭാഗത്ത് ഇത്തരമൊരു വാദഗതിയിലൂടെ മറ്റൊരു വിഭാഗത്തിന്റെ വോട്ട് സമ്പാദിക്കാൻ നിങ്ങൾ ശ്രമിച്ചു, ഇതാണ് നടന്നത്.

മി. സ്പീക്കർ: റണ്ണിംഗ് കമന്ററി വേണ്ട. രണ്ട് ഭാഗത്തുള്ളവരും റണ്ണിംഗ് കമന്ററി നടത്തരുത്.

ശ്രീ. പിണറായി വിജയൻ: സർ, തങ്ങൾക്ക് അധികാരം കിട്ടിയില്ലെങ്കിൽ ബി.ജെ.പി.-യിൽ പോകുമെന്ന് പറഞ്ഞ് ഈ നാട്ടിലെ മതേതര കാഴ്ചപ്പാടുള്ളവരെ ഭീഷണിപ്പെടുത്തുന്ന നാണംകെട്ട രാഷ്ട്രീയ നിലപാടിനാണ് നിങ്ങൾ നേതൃത്വം നൽകിയത്. ഇതൊക്കെ ഒരു പാർട്ടിയെന്ന നിലയിൽ അഭിമാനിക്കാൻ കഴിയുന്ന കാര്യമാണോ? നമ്മുടെ സംസ്ഥാനത്തുനിന്ന് തുടങ്ങുന്ന മാഹി പോണ്ടിച്ചേരിയുടെ ഭാഗമാണല്ലോ. പോണ്ടിച്ചേരിയിൽ നടന്ന കാര്യം എന്താണെന്ന് എല്ലാപേർക്കും അറിവുള്ളതാണല്ലോ; കോൺഗ്രസുകാർ ഒന്നിനുപുറകെ ഒന്നായി കാലുമാറുന്ന അവസ്ഥയല്ലേ അവിടെ കണ്ടത്. ഇത് ജയിച്ച കോൺഗ്രസ് നേതാക്കൾ, എം.പി.-മാർ ബി.ജെ.പി.-യിൽ ചേക്കേറിയ ചരിത്രമാണ്. അതൊക്കെ ദീർഘമായൊരു പട്ടികയല്ലേ. അതെല്ലാമറിയുന്ന ജനങ്ങൾക്ക് മുമ്പിലാണ് ഇത്തരമൊരു ഭീഷണിയുമായി യു.ഡി.എഫ്. വന്നതെന്നത് കേരള രാഷ്ട്രീയത്തിലെ വിരോധാഭാസമായിരുന്നു. എന്താണ് സംഭവിച്ചതെന്ന് തിരിച്ചറിയാനുള്ള ആത്മപരിശോധനയാണ് നിങ്ങൾ നടത്തേണ്ടത്. ഒരുകാലത്ത് കോൺഗ്രസ്

ഇന്ത്യയിലെ ഏറ്റവും വലിയ രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു. അതിനടിസ്ഥാനമായി വർത്തിച്ച ചില കാര്യങ്ങളുണ്ടായിരുന്നു. അതിപ്പോൾ നിങ്ങൾ കൊണ്ടുനടക്കുന്നുണ്ടോ? അത് നിങ്ങൾ ഓർക്കുന്നത് നല്ലതാണ്. സാമ്രാജ്യത്വ വിരുദ്ധത കോൺഗ്രസിന്റെ മുഖമുദ്രയായിരുന്നു. ലോകവേദികളിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അടക്കമുള്ള കോൺഗ്രസിന്റെ നേതാക്കൾ ഇന്ത്യയെ പ്രതിനിധീകരിച്ചുകൊണ്ട് സാമ്രാജ്യത്വ വിരുദ്ധ നിലപാടാണ് സ്വീകരിച്ചിരുന്നത്. പക്ഷേ ആ രീതി നിങ്ങൾ നേരത്തെ ഉപേക്ഷിച്ചില്ലേ? അമേരിക്കൻ സാമ്രാജ്യത്വം ഉൾപ്പെടെയുള്ളവരെയാണ് നിങ്ങൾ സഖ്യകക്ഷികളാക്കുന്നത്. അതിനല്ലേ നിങ്ങൾ നേതൃത്വം നൽകിയത്? ചേരിചേരാനയം ഫലത്തിലുപേക്ഷിച്ച് അമേരിക്കയുടെ 'ബി' ടീമായി മാറാനാണ് നിങ്ങൾ തയ്യാറായത്. നിങ്ങൾക്ക് പഴയ കോൺഗ്രസിന്റെ നയമുണ്ടോ; അതല്ലേ നിങ്ങൾ ചിന്തിക്കേണ്ടത്. ഇതൊക്കെ നിങ്ങളോട് പറഞ്ഞിട്ട് കാര്യമുണ്ടോ എന്നറിയില്ല. എന്നാലും നിങ്ങൾ ചിന്തിക്കണ്ടേ? സ്വാശ്രയത്തിലൂന്നി നിൽക്കുന്ന സമ്പദ്ഘടനയ്ക്കായി നിലകൊള്ളുന്നു വെന്ന കാഴ്ചപ്പാടായിരുന്നു കോൺഗ്രസിനെക്കുറിച്ച് പഴയ കാലത്ത് ജനങ്ങൾക്കുണ്ടായിരുന്നത്, ഇപ്പോഴല്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ കെട്ടിപ്പടുത്ത് മുന്നോട്ടുപോയത് അത്തരം കാഴ്ചപ്പാട് ജനങ്ങളിലുണ്ടാക്കുന്നതിനിടയാക്കി. അങ്ങനെ സ്വാശ്രയത്തിന്റെ വക്താക്കളായും നിങ്ങളെ ജനങ്ങൾ കണ്ടു. പക്ഷേ നിങ്ങളവിടെ നിന്നോ; കുറച്ച് കഴിഞ്ഞപ്പോൾ അത് നിങ്ങൾ ഉപേക്ഷിച്ചില്ലേ? പൊതുമേഖല വിറ്റുതുലയ്ക്കുന്നതിന് നിങ്ങളല്ലേ നേതൃത്വം നൽകിയത്? കോർപ്പറേറ്റുകൾക്ക് പരവതാനി വിരിച്ചതും നിങ്ങളല്ലേ? നേരത്തെയുള്ള നിലപാട് കയ്യൊഴിഞ്ഞ് പുതിയ നിലപാട് സ്വീകരിക്കാനല്ലേ നിങ്ങൾ തയ്യാറായത്? അതുപോലെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നവരെന്ന തോന്നൽ ഒരുകാലത്ത് ജനങ്ങൾക്ക് നിങ്ങളെക്കുറിച്ചുണ്ടായിരുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ ജനവിഭാഗങ്ങളും മതനിരപേക്ഷ ചിന്താഗതിക്കാരും നിങ്ങളെ പിന്തുണച്ചതിലൂടെ ഏറെക്കാലം രാജ്യം ഭരിക്കുന്നതിനും നിങ്ങൾക്ക് സാധിച്ചു. പക്ഷേ പിന്നീട് നിങ്ങൾ ബാബറി മസ്ജിദ് തകർക്കുന്നതിന് കൂട്ട് നിൽക്കുന്നു, മൃദുഹിന്ദുത്വ അജണ്ടകൾ സ്വീകരിക്കുന്നു. അങ്ങനെയൊക്കെ വന്നപ്പോൾ നിങ്ങളുടെ കൂടെയുണ്ടായിരുന്ന ജനവിഭാഗങ്ങൾതന്നെ നിങ്ങളെ കയ്യൊഴിഞ്ഞു. ജാതിമത ശക്തികളെ രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി പ്രീണിപ്പിക്കുന്ന നിങ്ങളുടെ നയം മതനിരപേക്ഷ ചിന്താഗതിക്കാരുടെ പിന്തുണ നഷ്ടമാക്കുന്നതിനാണ് ഇടയാക്കിയത്. ഇത് സമൂഹത്തെ ഏതെല്ലാം വിധത്തിൽ ധ്രുവീകരിക്കുന്നതിനിടയാക്കിയെന്ന് ആലോചിച്ചിട്ടുണ്ടോ? യഥാർത്ഥത്തിൽ സമൂഹത്തെ ധ്രുവീകരിക്കുന്നതിനല്ലേ ഇത് ഇടയാക്കിയത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് അഴിമതിവിരുദ്ധ രാഷ്ട്രീയം കോൺഗ്രസിന്റെ

പ്രതിച്ഛായകളിൽ ഒന്നായിരുന്നു. ഇപ്പോൾ അതൊന്നും ആരും ഓർക്കുന്നുണ്ടാകില്ലെങ്കിലും പറഞ്ഞുപോകുകയാണ്; പക്ഷേ അത് തുടർന്നു കൊണ്ടുപോകാതെ വേഗംതന്നെ ഉപേക്ഷിക്കുകയാണ് ചെയ്തത്. ബി.ജെ.പി.-ക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനുപകരം അവരുടെ രാഷ്ട്രീയ അജണ്ടകളുമായി താദാത്മ്യം പ്രാപിക്കാനും മത്സരിക്കാനുമാണ് നിങ്ങൾ ശ്രമിച്ചത്. അതും നിങ്ങളെ ദുർബ്ബലമാക്കി. ബി.ജെ.പി. പ്രതിനിധാനം ചെയ്യുന്നത് വർഗ്ഗീയതയാണ്. വർഗ്ഗീയതയോട് വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിച്ചുകൊണ്ടു മാത്രമെ ബി.ജെ.പി.-യെ എതിർക്കാൻ കഴിയൂ. ഈ രാജ്യത്തുയർന്നുവന്ന പ്രശ്നങ്ങൾക്ക് നിങ്ങൾ സ്വീകരിച്ച സമീപനം എത്രകണ്ട് വിശ്വാസ്യത ഉളവാക്കിയെന്നത് സ്വയം പരിശോധിക്കുന്നത് നല്ലതാണ്. സാമ്രാജ്യത്വ വിരുദ്ധത, മതനിരപേക്ഷത, സ്വാശ്രയത്വം, അഴിമതി വിരുദ്ധത തുടങ്ങിയ നിലപാടുകൾ കയ്യൊഴിഞ്ഞതോടെ ജനങ്ങൾക്ക് നിങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന സ്ഥിതിയായി. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷ ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്ന കാഴ്ചപ്പാടിൽ ഉറച്ചുനിൽക്കുന്നതിനിടയാക്കുന്ന രാഷ്ട്രീയമാണ് നിങ്ങൾ കയ്യൊഴിഞ്ഞത്. ഇതൊക്കെ തിരിച്ചുപിടിക്കാതെ കോൺഗ്രസിന് തിരിച്ചുവരവ് അസാദ്ധ്യമാകുമെന്ന് മനസ്സിലാക്കിയാൽ നല്ലത്. നിങ്ങൾ നന്നാവണമെന്ന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആരാണ് നിങ്ങളുടെ പ്രധാനപ്പെട്ട ശത്രുവെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ഇനിയെങ്കിലും തയ്യാറാകണം. കോൺഗ്രസിന്റെ ആഗോളവൽക്കരണ നയങ്ങൾക്കും മതനിരപേക്ഷത തകർക്കുന്ന സമീപനങ്ങൾക്കും ഞങ്ങൾ എതിരാണ്. അതേസമയം ബി.ജെ.പി. മുന്നോട്ടുവയ്ക്കുന്ന ഫാസിസ്റ്റ് അജണ്ടകളെ പ്രതിരോധിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതാണ് ഞങ്ങളുടെ നിലപാടെന്ന് നിങ്ങൾക്കറിയാം. ഒന്നാം യു.പി.എ. സർക്കാരിന് ഞങ്ങൾ പിന്തുണ നൽകിയത് നിങ്ങളെക്കുറിച്ച് എന്തെങ്കിലും തെറ്റിദ്ധാരണയുള്ളതുകൊണ്ടല്ല. ബി.ജെ.പി. അധികാരത്തിൽ വന്നുകൂടാ എന്ന രാഷ്ട്രീയ നിലപാടിന്റെ ഭാഗമായാണ് നിങ്ങൾക്ക് പിന്തുണ നൽകാൻ തയ്യാറായത്. ഇവിടെ രാഷ്ട്രീയ നയവും ജനങ്ങളുടെ ജീവിതവുമാണ് ഞങ്ങൾ ഏറ്റവും പ്രധാനമായി കണ്ടിരുന്നത്. നിങ്ങൾ അധികാരത്തിനു വേണ്ടിയുള്ള കുറുക്കുവഴികളാണ് അന്വേഷിച്ചു നടന്നത്. നിങ്ങൾ ഇടതുപക്ഷത്തെ തകർക്കുന്നതിന് ഏത് ശക്തിയുമായും കൂട്ടു പിടിക്കാൻ തയ്യാറായിരുന്നു. ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രങ്ങളായിരുന്ന സംസ്ഥാനങ്ങളെടുത്ത് പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ കഴിയും. ഈ തെരഞ്ഞെടുപ്പല്ല ഞാൻ പറയുന്നത്. പടിഞ്ഞാറൻ ബംഗാളിന്റെ പഴയ അവസ്ഥ ഓർത്താൽ മതി. എല്ലാവിധ ശക്തികളെയും കൂട്ടിച്ചേർത്തുകൊണ്ടായിരുന്ന

പടിഞ്ഞാറൻ ബംഗാളിൽ ഇടതുപക്ഷത്തെ തകർക്കാൻ നേരത്തെ നിങ്ങൾ മുന്നോട്ട് വന്നിരുന്നത്. ഇടതുപക്ഷത്തിന്റെ തകർച്ച ബംഗാളിനെ വർഗ്ഗീയതയുടെ കൊലക്കളമാക്കി മാറ്റി. മതസൗഹാർദ്ദത്തിന്റെ ഉജ്ജ്വല അദ്ധ്യായങ്ങൾ രചിച്ച വംഗനാട് ഇന്ന് വർഗ്ഗീയ ധ്രുവീകരണത്തിന്റെ നടുവിലായി. കോൺഗ്രസുകാർ ബി.ജെ.പി.-യിൽ കൂട്ടത്തോടെ ചേക്കേറിയപ്പോഴാണ് ത്രിപുരയിൽ ഇടതുപക്ഷത്തിന് അധികാരം നഷ്ടപ്പെട്ടത്. പറയുന്നത് കുറച്ച് വിഷമമുള്ള കാര്യമാണെങ്കിലും പറയാതിരിക്കാൻ പറ്റില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-യുടെ ശക്തികേന്ദ്രമായ പ്രദേശങ്ങളിൽ ശക്തമായ പോരാട്ടം നടത്താൻ ഉത്തരവാദപ്പെട്ടവരായ നിങ്ങളുടെ നേതാക്കൾ അതിന് ശ്രമിക്കാതെ മുന്നോട്ടുപോയ ചരിത്രം കേരള ജനത മറന്നിട്ടുണ്ടാവില്ല. ബി.ജെ.പി.-യെ പരാജയപ്പെടുത്തുന്നതിനേക്കാൾ ഇടതുപക്ഷത്തെ ദുർബ്ബലപ്പെടുത്താനായിരുന്നു അന്ന് മോഹം. നിങ്ങളുടെ താത്പര്യം അതായിരുന്നു. ചുവടുമാറ്റം ആപത്കരമാണെന്ന് അന്നേ ഞങ്ങൾ മുന്നറിയിപ്പ് നൽകിയതാണ്. ചിലരെ കുറച്ചുകാലത്തേയ്ക്ക് ചിലപ്പോൾ വഴിതെറ്റിക്കാനാകും. എന്നാൽ എല്ലാ കാലവും എല്ലാവരെയും വഴിതെറ്റിക്കാൻ സാധിക്കില്ലെന്ന് തിരിച്ചറിയുന്നത് നല്ലതാണ്. ഇടതുപക്ഷ ജനാധിപത്യ ശക്തികൾ വളർന്നുവന്നെങ്കിൽ മാത്രമെ ആഗോളവത്കരണ നയങ്ങൾക്കെതിരായ ജനപക്ഷ മതിലുകൾ രാജ്യത്ത് വളർന്നുവരികയുള്ളൂ. മതനിരപേക്ഷത സംരക്ഷിക്കുകയെന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. അത്തരത്തിൽ രാജ്യത്തിന് വഴികാട്ടുന്ന ഒന്നായി കേരളത്തിന്റെ വിജയം മാറുന്നുവെന്നതാണ് ഈ വിജയത്തിന്റെ പ്രത്യേകത. അഖിലേന്ത്യാ തലത്തിലേയ്ക്ക് ആ രാഷ്ട്രീയത്തെ കൂടുതൽ ശക്തമായി എത്തിക്കുകയെന്ന കടമകൂടി കേരളത്തിലെ ഇടതുപക്ഷത്തിന് ഏറ്റെടുക്കാനുണ്ട്. ആ കടമ ഏറ്റെടുത്ത് ഞങ്ങൾ മുന്നോട്ടുപോകുമെന്നാണ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കാനുള്ളത്. രാജ്യത്തെ രക്ഷിക്കുന്നതിനുള്ള മഹത്തായ സമരത്തിന്റെ കരുത്തുറ്റ സന്ദേശമായി ഈ തെരെഞ്ഞെടുപ്പ് വിജയം മാറിക്കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഉയർത്തിപ്പിടിച്ച നടപടികൾ ഈ സർക്കാർ തുടരുമെന്ന് ഒന്നുകൂടി ആവർത്തിക്കുകയാണ്. ജനകീയ താത്പര്യങ്ങൾ കൂടുതൽ കരുത്തോടെ സംരക്ഷിച്ച് മുന്നോട്ടുപോകുന്ന ഘട്ടത്തിൽ കൂടുതൽ ജനവിഭാഗങ്ങൾ ഇടതുപക്ഷത്തോട് അണിചേരും. ആ ജനമുന്നേറ്റത്തിൽ നിങ്ങളുടെ തെറ്റായ രാഷ്ട്രീയ നിലപാടുകളെല്ലാം കടപുഴകി വീഴുമെന്ന് ഓർക്കണം. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ സജീവ് ജോസഫ്, അൻവർ സാദത്ത്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. സിദ്ദിഖ്, സനീഷ്കുമാർ ജോസഫ്, ടി. ജെ. വിനോദ്,

ഐ. സി. ബാലകൃഷ്ണൻ, റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ് മാസ്റ്റർ, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, കെ. പി. എ. മജീദ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: വോട്ടിംഗ് ആരംഭിക്കുന്നതിനുമുൻപ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇ-നിയമസഭ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. വോട്ട് ചെയ്യുന്നതിന് ലഭ്യമാകുന്ന 40 സെക്കൻഡുകൾക്കുള്ളിൽ ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നിലെ കമ്പ്യൂട്ടർ സ്ക്രീനിൽ തെളിയുന്ന അതെ/വേണ്ട/വിട്ടുനിൽക്കുക എന്നിവയിൽ ഏതെങ്കിലുമൊരു ബട്ടൺ പ്രസ്സ് ചെയ്ത് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. തത്സമയം ബഹുമാനപ്പെട്ട അംഗങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിലും ചേംബറിനകത്തെ ഡിസ്പ്ലേ ബോർഡിലും ഇരിപ്പിടക്രമത്തിൽ തെളിയുന്ന ഡിസ്പ്ലേകളിലും നോക്കി വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം. ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം പരിചയപ്പെടാത്ത അംഗങ്ങളുള്ളതിനാൽ ആദ്യം മോക്ക് പോൾ നടത്താം.

(ബഹുമാനപ്പെട്ട അംഗങ്ങൾ ട്രയൽ വോട്ട് രേഖപ്പെടുത്തി.)

ട്രയൽ വോട്ടിംഗിനുശേഷം സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം യഥാർത്ഥ വോട്ട് രേഖപ്പെടുത്തി.

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. പ്രൊഫ. ആർ. ബിന്ദു
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീമതി ജെ. ചിഞ്ചുറാണി
16. ശ്രീ. പി. പി. ചിത്തരഞ്ജൻ
17. ശ്രീമതി ദെലീമ
18. ശ്രീ. കെ. ബി. ഗണേഷ് കുമാർ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ഡോ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല

24. ശ്രീ. ജി. എസ്. ജയലാൽ
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. യു. ജനീഷ് കുമാർ
27. ശ്രീ. ജോബ് മൈക്കിൾ
28. ശ്രീ. വി. ജോയി
29. ശ്രീ. ഒ. ആർ. കേളു
30. ശ്രീ. കെ. കൃഷ്ണൻകുട്ടി
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. കോവൂർ കുഞ്ഞുമോൻ
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
41. ശ്രീ. കെ. പി. മോഹനൻ
42. ശ്രീ. എ. സി. മൊയ്തീൻ
43. ശ്രീ. മുഹമ്മദ് മുഹസിൻ
44. ശ്രീ. എം. മുകേഷ്
45. ശ്രീ. സി. സി. മുകുന്ദൻ
46. ശ്രീ. ഡി. കെ. മുരളി
47. ശ്രീ. മുരളി പെരുനെല്ലി

48. ശ്രീ. പി. നന്ദകുമാർ
49. ശ്രീ. എം. നൗഷാദ്
50. ശ്രീ. എ. പ്രഭാകരൻ
51. ശ്രീ. പ്രമോദ് നാരായൺ
52. ശ്രീ. പി. പ്രസാദ്
53. ശ്രീ. വി. കെ. പ്രശാന്ത്
54. ശ്രീ. കെ. ഡി. പ്രസേനൻ
55. ശ്രീമതി യു. പ്രതിഭ
56. ശ്രീ. കെ. പ്രേംകുമാർ
57. ശ്രീ. കെ. രാധാകൃഷ്ണൻ
58. ശ്രീ. പി. ടി. എ. റഹീം
59. ശ്രീ. എ. രാജ
60. ശ്രീ. എം. രാജഗോപാലൻ
61. ശ്രീ. കെ. രാജൻ
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. കെ. എം. സച്ചിൻദേവ്
66. ശ്രീ. സജി ചെറിയാൻ
67. ശ്രീ. എച്ച്. സലാം
68. ശ്രീമതി ശാന്തകുമാരി കെ.
69. ശ്രീ. വി. ശശി
70. ശ്രീ. ഐ. ബി. സതീഷ്
71. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. എ. എൻ. ഷംസീർ
74. ശ്രീ. വി. ശിവൻകുട്ടി
75. ശ്രീ. വാഴൂർ സോമൻ
76. ശ്രീ. പി. വി. ശ്രീനിജിൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്
79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. പി. എസ്. സുപാൽ
82. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
84. ശ്രീ. തോമസ് കെ. തോമസ്
85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
86. ശ്രീ. വി. എൻ. വാസവൻ
87. ശ്രീമതി വീണാ ജോർജ്ജ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. പിണറായി വിജയൻ
90. ശ്രീ. എം. വിജിൻ
91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ശ്രീ. മാണി സി. കാപ്പൻ
18. ഡോ. മാത്യു കുഴൽനാടൻ
19. ശ്രീ. കുറുക്കോളി മൊയ്തീൻ
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. നജീബ് കാന്തപുരം
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീമതി കെ. കെ. രമ
27. ശ്രീ. സജീവ് ജോസഫ്

28. ശ്രീ. എൻ. ഷംസുദ്ദീൻ
29. ശ്രീ. സനീഷ്കുമാർ ജോസഫ്
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. ടി. സിദ്ദിഖ്
33. ശ്രീ. സണ്ണി ജോസഫ്
34. ശ്രീ. പി. ടി. തോമസ്
35. ശ്രീ. പി. ഉബൈദുള്ള
36. ശ്രീ. ടി. ജെ. വിനോദ്
37. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 91

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.42-ന് പിരിഞ്ഞു.)

## അനുബന്ധം I

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 18-1-2019-ലെ വിജ്ഞാപന പ്രകാരം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുകയുണ്ടായി. കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് ഈ വിജ്ഞാപനത്തിലെ ഇളവുകൾ ലഭിക്കുന്നതാണ്. ഇതുപ്രകാരം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യ കരട് തയ്യാറായിട്ടുണ്ട്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി ഇത് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർന്ന് പൊതുജനങ്ങളുടെ അഭിപ്രായം തേടുകയും ചെയ്യും. അതിനുശേഷം സംസ്ഥാന സർക്കാർ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കും. ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുമ്പോൾ മാത്രമെ മേൽപ്പറഞ്ഞ തരത്തിലുള്ള ഇളവുകൾ ലഭിക്കുകയുള്ളൂ.

ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളെ ഉൾപ്പെടുത്താൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. തീരദേശങ്ങളെയും സമുദ്ര പാരിസ്ഥിതിക പ്രവർത്തനങ്ങളെയും സംരക്ഷിക്കുക, തീരദേശ മലിനീകരണ നിയന്ത്രണം, അനുബന്ധ അടിസ്ഥാന സൗകര്യ വികസനം, തീരദേശ സമൂഹങ്ങളുടെ ഉപജീവന സംരക്ഷണം, സുസ്ഥിര വികസനം, ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന്റെ ശേഷി വികസിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

വേമ്പനാട് കായലിനായുള്ള പ്രത്യേക സമഗ്ര പദ്ധതിയിൽ സുസ്ഥിര വിനോദസഞ്ചാര പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, തനത് പരിസ്ഥിതി സംരക്ഷണ പദ്ധതികൾ, സാമുദ്രിക പദ്ധതികളും കായൽ പദ്ധതികളും നിലനിർത്തുന്ന ജല സംയോജനം സാധ്യമാക്കൽ, പാരിസ്ഥിതിക ഘടകങ്ങളിലുണ്ടാവുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ മുകൾഭാഗത്തുള്ള നീർത്തടവൃഷ്ടി പ്രദേശങ്ങളിലും താഴെയുള്ള ജലപ്രദേശങ്ങളിലും ഫലപ്രദമായ രീതിയിൽ നടപ്പാക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ മുഖാന്തരം പദ്ധതി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ആദ്യ വർഷത്തെ പ്രവർത്തനങ്ങൾക്കായി 140.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി തണ്ണീർത്തട അതോറിറ്റിക്കുവേണ്ടി വെസ്റ്റ്ലാൻഡ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലുമാണ്.

## അനുബന്ധം II

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) മേശപ്പുറത്തുവച്ച മറുപടി</u>

കേരളത്തിൽ കോവിഡ് ബാധിതരായ മുഴുവൻ രോഗികൾക്കും സൗജന്യ ചികിത്സ നൽകുക എന്നത് സംസ്ഥാന സർക്കാരിന്റെ നയപരമായ തീരുമാനമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യകാലങ്ങളിൽ സർക്കാർ ആശുപത്രികളിൽ മാത്രമായിരുന്നു കോവിഡ് ചികിത്സ ക്രമീകരിച്ചിരുന്നത്. എന്നാൽ കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കാൻ ഇടയുണ്ടെന്ന വിദഗ്ദ്ധരുടെ അഭിപ്രായത്തെത്തുടർന്ന് സർക്കാരിന്റെ കീഴിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ ആശുപത്രി സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കോവിഡ് രോഗികൾക്ക് സൗജന്യമായി ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ദ്രുതഗതിയിൽ തുടർ നടപടികൾ സ്വീകരിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) സ്വകാര്യ ആശുപത്രികളെക്കൂടി കോവിഡ് പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ നടപടിക്രമങ്ങൾ ആരംഭിച്ചു. ഇതിനായി സർക്കാർ, സ്വകാര്യ ആശുപത്രി പ്രതിനിധികളുമായി നിരവധി കൂടിയാലോചനാ യോഗങ്ങൾ നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്ന കോവിഡ് രോഗികൾക്ക് ചികിത്സാ സൗജന്യം ഉറപ്പുവരുത്തുന്നതിനായി കോവിഡ്-19 ചികിത്സാ പാക്കേജ് നിരക്ക് നിജപ്പെടുത്തുന്നതിന് സാധിച്ചു. ഇതിന്റെ ഫലമായി സർക്കാർ ആശുപത്രികളിൽ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതുമൂലമുണ്ടാകുന്ന തിരക്ക് ഒരളവുവരെ കുറച്ചുകൊണ്ടുവരാൻ സാധിച്ചു.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) ഹെൽത്ത് ബെനിഫിറ്റ് പാക്കേജ് 2.0 പരിഷ്കരിക്കുന്നതിനായും 'ഇൻഫെക്ഷ്യസ് ഡിസീസസ്' എന്ന സ്പെഷ്യാലിറ്റി ഉൾപ്പെടുത്തുന്നതിനായും SHA എക്സിക്യൂട്ടീവ് ഡയറക്ടർ നാഷണൽ ഹെൽത്ത് അതോറിറ്റിയോട് (NHA) ആവശ്യപ്പെട്ടു. ഇതിന്റെ ഭാഗമായി KASP ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിലും മാറ്റങ്ങൾ വരുത്തുകയുണ്ടായി. 6-7-2020-ലെ G.O.(Rt)No.1246/2020/H&FWD പ്രകാരം സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന കാസ്പ് ആനുകൂല്യത്തിന് അർഹരായവരും സർക്കാർ റഫർ ചെയ്യുന്നതുമായ രോഗികൾക്ക് കോവിഡ് 19 ചികിത്സയ്ക്കായി നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ജനറൽ വാർഡ് | 2,300 |
| എച്ച്.ഡി.യു. | 3,300 |
| ഐ.സി.യു. വെന്റിലേറ്റർ ഇല്ലാതെ | 6,500 |
| വെന്റിലേറ്റർ ഐ.സി.യു. | 11,500 |

കോവിഡ്-19 പരിശോധന നടത്തുന്നതിനായി നിലവിൽ നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ആർ.ടി.പി.സി.ആർ. ടെസ്റ്റ് | 500 |
| ആന്റിജൻ ടെസ്റ്റ് | 300 |
| ട്രൂനാറ്റ് ടെസ്റ്റ് | 1500 |
| GeneXpert | 2500 |

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി 263-ഓളം സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയ്ക്ക് മാത്രമായി എംപാനൽ ചെയ്തു. ഈ ആശുപത്രികളിലായി 12852 കിടക്കകൾ കോവിഡ്-19 ചികിത്സയ്ക്ക് മാത്രമായി കണ്ടെത്തി. കൂടാതെ 2094 ഐ.സി.യു. കിടക്കകളും 1035 വെന്റിലേറ്ററുകളും കോവിഡ് രോഗികൾക്ക് മാത്രമായി കണ്ടെത്തിയിട്ടുണ്ട്. നാളിതുവരെ സ്വകാര്യ ആശുപത്രിയിൽനിന്ന് കോവിഡ് ചികിത്സ നൽകിയ രോഗികളുടെ ആകെ എണ്ണം 49365 ആണ്. ഈയിനത്തിൽ 132.61 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്.

കോവിഡിന്റെ രണ്ടാം തരംഗത്തിൽ കേരളത്തിൽ പ്രതിദിന രോഗികളുടെ എണ്ണം 420000 വരെ ഉയരുകയുണ്ടായി. സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കായി നേരിട്ടെത്തുന്ന കോവിഡ് രോഗികളിൽനിന്ന് അനിയന്ത്രിതമായ ചികിത്സാനിരക്ക് ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം രോഗികളിൽനിന്ന് ഈടാക്കുന്ന ചികിത്സാനിരക്ക് നിജപ്പെടുത്തുന്നതിനായി സ്വകാര്യ ആശുപത്രി മാനേജ്മെന്റുകളുമായി പലയാവർത്തി കൂടിയാലോചന നടത്തി ചികിത്സാനിരക്ക് നിജപ്പെടുത്തി 10-5-2021-ലെ G.O. (Rt) No.1066/2021/H & FWD പ്രകാരം ഉത്തരവിറക്കി.

നിജപ്പെടുത്തിയ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ നിരക്ക് | എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ ലഭിക്കാത്ത ആശുപത്രികളിലെ നിരക്ക് |
|---|---|
| ജനറൽ വാർഡ് - Rs. 2,910 | ജനറൽ വാർഡ് - Rs. 2,645 |
| എച്ച്.ഡി.യു. - Rs. 4,175 | എച്ച്.ഡി.യു. - Rs. 3,795 |
| ഐ.സി.യു. - Rs. 8,580 | ഐ.സി.യു. - Rs. 7,800 |
| വെന്റിലേറ്റർ ഐ.സി.യു.- Rs. 15,180 | വെന്റിലേറ്റർ ഐ.സി.യു. -Rs.13,800 |

മേൽപ്പറഞ്ഞ ഉത്തരവിന് വിഭിന്നമായി ചികിത്സാനിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പരാതി നൽകുന്നതിനായി പരാതി പരിഹാര സംവിധാനം ഏർപ്പാടാക്കി. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട്, 2018 സെക്ഷൻ 14 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറാണ് ജില്ലാ പരാതി പരിഹാര ഓഫീസർ. പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്. ജില്ലാ മെഡിക്കൽ ഓഫീസർ, ഏതെങ്കിലും സ്വകാര്യ ആശുപത്രി അമിത ചാർജ് ഈടാക്കുന്നതായി കണ്ടെത്തിയാൽ എത്ര തുകയാണോ അമിത ചാർജ് ഈടാക്കിയത് അതിന്റെ പത്ത് മടങ്ങ് തുക പിഴയായി ഈടാക്കുന്നതാണ്. ഇതു കൂടാതെ പരാതി പരിഹാരത്തിനായി 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ & റഗുലേഷൻ) ആക്ട് സെക്ഷൻ 36, 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ചട്ടങ്ങൾ-ചട്ടം 30 പ്രകാരം സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ പരാതിപരിഹാര സംവിധാനത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി കേരളത്തിലെ വിവിധ പത്ര മാധ്യമങ്ങളിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്.

---